KOTTAYAM PUBLIC LIBRARY

Call No. M800 Acc. No. 14016

Author [illegible]

Title സ്നേഹരാഹിത്യം

8615

4016

# സ്നേഹരഹസ്യം

---

മഹോന്നത കർദ്ദിനാൾ ലെപ്പീസ്യർ തിരുമനസ്സിലെ
'The Mystery of Love' എന്ന ഇംഗ്ലീഷ്
ഗ്രന്ഥത്തിന്റെ ഭാഷാന്തരം.

പരിഭാഷകൻ
റവ. ഫാ. മാത്യു പള്ളിപ്പുറത്തുശേരി.

* NATIONAL BOOK STALL * BR. KOTTAYAM
SPCS LTD.

വില 12 അണ.

Printed at the St. Joseph's Press, Mannanam 1954

IMPRIMATUR.

† James Kalacherry,

Bp. of Changanacherry.

13- XI- '46.

# സമർപ്പണം

ആദിമശതാബ്ദങ്ങളിൽ നിലവിലിരുന്നതും പിന്നീടു മന്ദീഭവിച്ചതുമായ ദിവ്യകാരുണ്യ സ്വീകരണ സമ്പ്രദായത്തെ പുനഃസ്ഥാപിച്ച് തിരുസ്സഭയുടെ ആദ്ധ്യാത്മിക ചൈതന്യത്തെ പുനരുജ്ജീവിപ്പിക്കയാൽ വി. കുർബ്ബാനയുടെ പാപ്പായെന്നു പറയപ്പെടാവുന്ന പത്താം പീയൂസ് തിരുമനസ്സുകൊണ്ടു്, അമലോത്ഭവ പ്രഖ്യാപനത്തിന്റെ ശതാബ്ദജൂബിലി വത്സരത്തിലെ മരിയമാസമായ 1954 മെയ് 29-ാം നു- വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ടതിന്റെ സ്മാരകമായി ഈ ചെറുപുസ്തകത്തെ ആ മഹാത്മാവിന്റെ തൃപ്പാദങ്ങളിൽ വിനയപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

ഫാ. മാത്യു പള്ളിപ്പുറത്തുശേരി.

# പ്രസ്താവന

ഈ ചെറുപുസ്തകം The Mystery of Love എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൻെറ വിവൎത്തനമാണ്. അതിൻെറ രചയിതാവ് അത്യുന്നത കർദ്ദിനാൾ ലെപ്പിസ്യർ തിരുമനസ്സുകൊണ്ടാകുന്നു. വി. കുർബാനയാണ് ഇതിലെ പ്രതിപാദ്യവിഷയം. ഭാഷാന്തരം നിൎവ്വഹിച്ചിട്ടു വളരെ നാളായെങ്കിലും നേരത്തെ അതു പ്രസിദ്ധപ്പെടുത്താൻ സാഹചൎയ്യങ്ങൾ അനുകൂലിച്ചില്ല.

പരി. കന്യകാമറിയത്തിൻെറ അമലോത്ഭവ പ്രഖ്യാപനം നടന്നിട്ട് ഒരു ശതാബ്ദം പൂൎത്തിയാകുന്ന ജൂബിലിവത്സരമാണല്ലോ ഇത്. ആ വത്സലനാഥയുടെ ഏകജാതൻ സ്ഥാപിച്ച സ്നേഹസ്മാരകമായ വി. കുർബാനയെ വിഷയമാക്കിയുള്ള ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം പ്രസ്തുത ജൂബിലിസ്മാരകമായി ആ സ്നേഹനാഥ അഭിലഷിക്കുന്ന ഒരുപഹാരമായി ഞാൻ കരുതുന്നു.

ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിനു് എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ളവരെ എനിക്കു വിസ്മരിക്കാൻ നിവൃത്തിയില്ല. മംഗലപ്പുഴ സെമ്മിനാരി പ്രോഫസർ റവ. ഫാദർ സഖറിയാസ് സി. ഡി., വിദ്വാൻ റവ. ഫാദർ ജോൺ കുന്നപ്പള്ളി, റവ. ഫാ. സ്റ്റനിസ്ലാവോസ് ഞള്ളി, റവ. ഫാ. ഗ്രിഗരി തൈച്ചേരി ബി. എ. ബി. ററി., പി. എസ്. മാത്യു ബി. എ., ബി. ററി., റവ. ഫാ. ആൻസലം ററി. ഒ. സി. ഡി. എന്നിവരോടും വിശിഷ്യാ അനേക ഗ്രന്ഥങ്ങളുടെ രചയിതാവും അകത്തോലിക്കരുടെ മാനസാന്തരത്തിനായി അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്ന ആളുമായ വെ. റവ. ഫാ. തോമ്മസ് വടശേരി (L. D. Rome) അവർകളോടും എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

കൂടാതെ ഈ പുസ്തകം ഏറെറടുത്തു ഭാഗിയായി അച്ചടിച്ചു പ്രസിദ്ധീകരിക്കുന്ന മാന്നാനം സെൻറു ജോസഫ്സ് പ്രസ്സ് ഭാരവാഹികളോടും എൻെറ ഹൃദയംഗമമായ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു.

പരിഭാഷകൻ.

# അവതാരിക

വി. കുർബാന കത്തോലിക്കാ തിരുസ്സഭയുടെ ജീവനാഡിയും സകലവിധ ഭക്തകൃത്യങ്ങളുടെയും കേന്ദ്രവുമാകുന്നു. മഹത്തായ ഈ ക്രൂദാശയെ തിരുസഭയിൽനിന്നു നീക്കിക്കളഞ്ഞാൽ യാതൊരു ജീവചൈതന്യവും സഭയിൽ അവശേഷിക്കുകയില്ല.

ബ്രഹ്മാണ്ഡവും അതിമനോഹരവുമായ ദേവാലയങ്ങൾ നാം നിർമ്മിക്കുന്നതും, അവയുടെ അന്തർഭാഗം, പ്രത്യേകിച്ചു മദ്ബഹായും ബലിപീഠവും വിശേഷവിധമായി അലങ്കരിക്കുന്നതും വി. കുർബാനയുടെ മാഹാത്മ്യങ്ങളെയും അതുല പരിശുദ്ധിയെയും പരിഗണിച്ചാണ്. വി. കുർബാനയില്ലെങ്കിൽ ഇത്ര കമനീയമായ ദേവാലയങ്ങളോ, ബലിപീഠങ്ങളോ ആവശ്യമില്ല.

കുർബാനയെന്ന ദിവ്യക്രൂദാശയെ നീക്കിക്കളഞ്ഞ ചില പ്രോട്ടസ്റ്റൻറു സഭക്കാർ പാട്ടുകച്ചേരി, വിനോദപ്രകടനങ്ങൾ മുതലായവ നടത്തിയാണ് ഇക്കാലത്തു ദേവാലയങ്ങളിലേക്കു ആളുകളെ ആകർഷിച്ചുവരുന്നത്. എന്നാൽ അനുദിനം അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ സംബന്ധിച്ച് അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി ആബാലവൃദ്ധം ജനം കത്തോലിക്ക ദേവാലയങ്ങളിലേക്കു അതിരാവിലെ പോകുന്ന കാഴ്ച എവിടെയും കാണാവുന്നതാണ്. വലിയ പട്ടണങ്ങളിലും മററും പകൽ ഏതു സമയത്തും പ്രാർത്ഥനാനിരതമായ ഒരു ജനസഞ്ചയത്തെ ദേവാലയങ്ങളിൽ കാണ്മാൻ സാധിക്കുന്നതും പ്രസ്തുത ദേവാലയങ്ങളിൽ വി. കുർബാന എഴുന്നെള്ളിച്ചു വച്ചിരിക്കുന്നതിനാലത്രെ. തവണകളനുസരിച്ച് അഹോരാത്രം വി. കുർബാനയുടെ സന്നിധിയിൽ മുടങ്ങാതെ ആരാധന നടത്തിവരുന്ന ചിലസന്ന്യാസസഭകളും കത്തോലിക്കാ തിരുസ്സഭയിലുണ്ട്.

വി. കുർബാനയില്ലെങ്കിൽ പുരോഹിതന്മാരുടെ ആവശ്യമുണ്ടായിരിക്കയില്ല. ബലി അർപ്പിക്കുക, പാപങ്ങൾ മോചി

ക്കുക എന്നിവയാണല്ലോ പുരോഹിതന്മാരുടെ കർത്തവ്യങ്ങളിൽ പ്രധാനപ്പെട്ടവ. പുതിയ നിയമത്തിലെ ബലി വി. കുർബാന യാകുന്നു. വി. കുർബാനയില്ലെങ്കിൽ ബലി ഉണ്ടായിരിക്കയില്ല. പട്ടക്കാർ പാപമോചനം നല്കുന്നതിന്റെ പ്രധാനോദ്ദേശം യോഗ്യതാപൂർവ്വം ജനം വി. കുർബാന സ്വീകരിക്കാൻ ഒരുങ്ങുന്നതിനാണ്. വി. കുർബാനയില്ലെങ്കിൽ ഈ ഒരുക്കത്തിന്റെ ആവശ്യമില്ല.

മരിയസഖ്യം, വി. ഫ്രൻസിസ്സ്ലോസിന്റെ മൂന്നാംസഭ, തിരുഹൃദയഭക്തി, വിൻസെൻറു ദെപോൾ സംഘം, മരിയ സൈന്യം ആദിയായ ഭക്തസംഘങ്ങളെല്ലാം തദംഗങ്ങളെ ദൈവസ്നേഹത്തിലും തീക്ഷ്ണതയിലും കർത്തവ്യാനുഷ്ഠാനങ്ങളിലും നിലനിറുത്തിവരുന്നതു കൂടക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണത്താലത്രെ. ലോകമാകെയുള്ള ബഹുസഹസ്രം വൈദികർ, സന്യാസിനീസന്യാസിമാർ മുതലായവരെ വിചാരങ്ങളിൽപ്പോലും സംശുദ്ധരാക്കി പരിപൂർണ്ണ വിരക്ത ജീവിതം നയിക്കുന്നതിനു വേണ്ട ഉത്തേജനവും ദൈവാനുഗ്രഹവും അവർക്കു സദാ നല്കിക്കൊണ്ടിരിക്കുന്നതും "തെരഞ്ഞെടുക്കപ്പെട്ടവരുടെ ധാന്യവും വിരക്തരെ ഉല്ലാദിപ്പിക്കുന്ന ദ്രാക്ഷാരസവും" (സഖറി. 9. 17.) എന്ന പേരിൽ അറിയപ്പെടുന്ന വി. കുർബാനയാണ്. ചുരുക്കത്തിൽ വി. കുർബാനയില്ലെങ്കിൽ കത്തോലിക്കാ തിരുസ്സഭയിൽ പള്ളികളില്ല, പട്ടക്കാരില്ല, ബലിയില്ല, കുമ്പസാരമില്ല, ഭക്തസംഘടനകളില്ല, സന്യാസസഭകളില്ല, വിരക്തജീവിതമില്ല.

വി. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽനിന്നു നാം അറിയുന്നതുപോലെ തന്റെ തിരുശ്ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി മനുഷ്യർക്കു നല്കുമെന്നു നമ്മുടെ കർത്താവു നേരത്തേ വാഗ്ദാനം ചെയ്തിരുന്നു (യോഹ. 6. 52). എന്നാൽ ചില മാതാപിതാക്കന്മാർ മരണാസന്നരാകുമ്പോൾ, അതുവരെ ആരും അറിയാതെ ഭദ്രമായി അവർ സൂക്ഷിച്ചുവച്ചിട്ടുള്ള പണവും, സ്വർണ്ണാഭരണങ്ങളും സ്നേഹവാത്സല്യപൂർവ്വം മക്കൾക്കു കൊടുക്കുന്നതുപോലെ നമ്മുടെ ദിവ്യരക്ഷകനും തന്റെ മരണത്തിന്റെ തലേരാത്രിയിൽ നടത്തിയ അവസാനത്തേ അത്താഴത്തിൽവച്ചാണു വി. കുർബാനയെന്ന അനർഘനിക്ഷേപത്തെ തന്റെ വത്സല മക്കളായ നമുക്കു നല്കിയത്.

അവസാനത്തേ അത്താഴത്തേ സംബന്ധിച്ചുള്ള വിവരങ്ങൾ നല്കുന്നതിനു മുമ്പു വി. യോഹന്നാൻ ഇപ്രകാരം രേഖപ്പെടുത്തുന്നു:– "അവൻ ഈ ലോകത്തിലുള്ള തൻെറ ആളുകളെ സ്നേഹിച്ചു; അവസാനംവരെ അവരെ സ്നേഹിച്ചു" (യോഹ. 13, 1). ഈ വാക്യത്തിലെ "അവസാനംവരെ സ്നേഹിച്ചു" എന്ന പദപ്രയോഗത്തിനു "ദൈവപുത്രൻെറ ശക്തിയുടെ അവസാന പരിധിവരെ സ്നേഹിച്ചു" എന്ന അത്ഥമാണുള്ളതെന്നും, അനന്തമായ ആ സ്നേഹത്തെയാണു വി. കുർബാനയുടെ സ്ഥാപനത്തിൽ പ്രത്യക്ഷമാക്കിയിരിക്കുന്നതെന്നും ചില വേദപുസ്തക വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

നമ്മുടെ കത്താവു വി. കുർബാന വഴി തന്നെത്തന്നെ മനുഷ്യക്കു നല്കിയതിനാൽ മനുഷ്യരോടുള്ള അനന്തസ്നേഹം കാണിക്കുന്നതിന് ഇതിൽ ഉപരിയായി ഒന്നും ചെയ്യാനില്ല. ഇക്കാരണത്താൽ വി. ആഗസ്തീനോസ് ഭക്തിപരവശനായി ഇപ്രകാരം വിളിച്ചു പറയുന്നു:— "ദൈവം സവ്വശക്തനാണെങ്കിലും വി. കുർബാനയേക്കാൾ ഉപരിയായി എന്തെങ്കിലും നല്കുവാൻ അവിടുത്തേക്കു സാധിക്കുകയില്ല; ദൈവം അനന്ത ബുദ്ധിമാനാണെങ്കിലും വി. കുർബാനയേക്കാൾ ഉപരിയായ ഒരു ദാനം കണ്ടുപിടിക്കുന്നതിന് അവിടുത്തേക്കു അറിഞ്ഞുകൂടാ; ദൈവം സവ്വസമ്പന്നനാണെങ്കിലും വി. കുർബാനയെക്കാൾ വിലപിടിച്ച ഒരു നിക്ഷേപം നല്കുന്നതിന് അവിടുത്തേ പക്കലില്ല ... പറയുന്നതു് ഉചിതമെങ്കിൽ ഈ വിഷയത്തിൽ ദൈവം തന്നെത്തന്നെ ഒരു ധൂത്തനാക്കിത്തീത്തിരിക്കുന്നു!"

മനുഷ്യകുലത്തിന് ഏററവും വിലയേറിയതും സമൃദ്ധവുമായ അനുഗ്രഹങ്ങൾ നിരന്തരം വഷിച്ചുകൊണ്ടിരിക്കുന്ന ബലിയും, മനുഷ്യാത്മാക്കൾക്കു സാക്ഷാൽ ജീവനും ശക്തിയും ഓജസ്സും പ്രദാനം ചെയ്യുന്ന ആദ്ധ്യാത്മികാഹാരവുമാണു വി. കുർബാന. ഈ ലോകത്തിൽ ജീവിക്കുന്ന ഭക്താത്മാക്കളുടെ ആരാധനാവിഷയവും, സ്നേഹപാത്രവും, അഭയസ്ഥാനവും, ആശ്വാസകേന്ദ്രവുമാണു വി. കുർബാന. മരണാവസരത്തിലും തിരുപാഥേയം എന്ന നിലയിൽ വി. കുർബാനയാണ് മനുഷ്യാത്മാവിനെ ശക്തിപ്പെടുത്തി സ്വർഗ്ഗപ്രവേശനത്തിനു അർഹമാക്കിത്തീ

ക്കുന്നതു്. അവസാന വിധിദിവസം മനുഷ്യശരീരം മഹത്വത്തോടുകൂടി ഉയിത്തു സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നതിനു് ഇടയാക്കുന്നതും വി. കർബാനയത്രെ. "എൻെറ ശരീരം ഭക്ഷിക്കയും രക്തം പാനം ചെയ്കയും ചെയ്യുന്നവനോ അവനു നിത്യജീവൻ ഉണ്ടു്. അവസാന നാളിൽ അവനെ ഞാൻ ഉയിപ്പിക്കയും ചെയ്യും" (യോഹ. 6. 55). ഇപ്പോൾ അപ്പത്തിൻെറ അഗന്തുകങ്ങളിൽ മറഞ്ഞിരിക്കുന്നെങ്കിലും വിശ്വാസദൃഷ്ട്യാ നാം ദശിച്ചു് ആരാധിച്ചു സ്തുതിക്കുന്ന ഈ ദൈവസുതനെത്തന്നെയാണു സ്വർഗ്ഗത്തിൽ നാം അഭിമുഖമായി ദശിച്ചു് അനവരതം സ്തുതിച്ചു മഹത്വപ്പെടുത്തുവാൻ പോകുന്നതു്. ഇങ്ങനെ വി. കർബാന തിരുസ്സഭസ്ഥം സഭാംഗങ്ങൾക്കും സവ്വദാ സവ്വശഃ സവ്വസ്വമാത്രെ.

ഇത്രയ്ക്കു മഹത്തമമായ വി. കർബാനയോടുള്ള ഭക്തി കേരളീയ ക്രിസ്ത്യാനികളിൽ പരിപുഷ്ടിപ്പെടുത്തുന്നതിനു റവ. ഫാദർ മാത്യു പള്ളിപ്പുറത്തുശ്ശേരി അവർകൾ സദാ ജാഗരൂകനായിരിക്കുന്നതു് അദ്ദേഹത്തിനു തന്നെയും അതുപോലെ മറവുള്ളവക്കും എത്രയോ അനുഗ്രഹപ്രദമാണു്. "ദിവ്യകാരുണ്യഭക്തൻ" എന്ന പേരിൽ ഏതാനും വഷങ്ങൾക്കു മുമ്പു് ഇദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിന്ന് ഇതിനകം മൂന്നു പതിപ്പായതിൽനിന്നു് ഈ ഗ്രന്ഥകാരൻെറ പരിശ്രമങ്ങളെ സഹൃദയ ലോകം എത്രമാത്രം വിലമതിക്കുന്നുണ്ടെന്നും, ആ പുസ്തകം എത്രയോ ഭക്താത്മാക്കളെയാണു പുണ്യത്തിൻെറ ഉത്തുംഗശൃംഗത്തിലേക്കു ആനയിച്ചുകൊണ്ടിരിക്കുന്നതെന്നും മനസ്സിലാക്കാം. "സ്നേഹരഹസ്യം" എന്ന ഈ ഗ്രന്ഥവും വിഷയാനുക്രമണിയിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതുപോലെ വി. കർബാനയുടെ നാനാവശങ്ങളെപ്പററിയും പ്രതിപാദിക്കുന്നതും, ഭക്തിരസസ്യന്ദവുമായ ഒരു വിശിഷ്ട കൃതിയാണു്. കേരളീയക്കു സുപരിചിതനും, ഭക്തശിരോമണിയും, പ്രശസ്ത പണ്ഡിതനുമായ കർദ്ദിനാൾ ലെപ്പീസിയെ തിരുമേനിയാണു മൂലഗ്രന്ഥകാരൻ എന്നറിയുമ്പോൾ ഈ ഗ്രന്ഥത്തിൻെറ സ്വാരസ്യത്തെയും മാധുരീമഹിമകളെയുംപററി വിശേഷാൽ പറയേണ്ടതില്ല. മനോഹരവും സുലളിതവുമായ ഭാഷയിൽ ഈ ഗ്രന്ഥത്തെ വിവത്ത

നം ചെയ്ത റവ. ഫാദർ പള്ളിപ്പുറത്തുശ്ശേരി അവർകളെ ഹൃദയംഗമമായി അനുമോദിച്ചുകൊണ്ടും, ഗ്രന്ഥത്തിനു പ്രചുരപ്രചാരവും ഉല്ലിഷ്ടഫലങ്ങളും ആശംസിച്ചുകൊണ്ടും ഈ കൃതിയെ സപ്രശ്രയം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഭദ്രാസന ദേവാലയം,<br>
തിരുവല്ലാ<br>
29- 5- '54.

ഫാദർ തോമ്മസ് വടശ്ശേരി.

# സ്നേഹരഹസ്യം

## അദ്ധ്യായം 1

### വി. കുർബാന ദൈവത്തിനു മനുഷ്യവർഗ്ഗത്തോടുള്ള ശാശ്വതസ്നേഹത്തിന്റെ അടയാളമാകുന്നു.

ദൈവത്തേ സംബന്ധിച്ചിടത്തോളം ലോകസൃഷ്ടി നിഷ്കളങ്കമായ സ്നേഹത്തിന്റെ പ്രവൃത്തിയായിരുന്നു. എല്ലാറ്റിന്റേയും പരമനാഥനായ അവിടുത്തേയ്ക്കു തന്നെ സൗഭാഗ്യസമ്പൂർണ്ണനാക്കാൻ യാതൊരു ബാഹ്യവസ്തുവിന്റേയും ആവശ്യമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അവിടുന്നു തനിയേ സർവ്വവിധ ഭാഗ്യങ്ങളുടേയും ഉൽപ്പത്തിസ്ഥാനമാകുന്നു. അവിടുന്നു സകലത്തേയും സൃഷ്ടിക്കാനുള്ള കാരണം തന്റെ നന്മ മാത്രമാണ്. സൃഷ്ടികളിൽ ഓരോന്നിനേയും അതതിന്റെ പരിമിതമായ തോതിൽ തന്റെ പരിപൂർണ്ണതയിലും നിസ്സീമ സൗഭാഗ്യത്തിലും പങ്കെടുപ്പിക്കണമെന്ന് അവിടുന്നാഗ്രഹിച്ചു.

എന്നാൽ എല്ലാ സൃഷ്ടികളിലുംവെച്ച് ദൈവത്തിന്റെ കരുണയുടെ പ്രത്യേക പങ്കിനെ അർഹിക്കുന്നത് വിവേചനാശക്തിയുള്ള സൃഷ്ടികളാണ്. എന്തുകൊണ്ടെന്നാൽ അവക്കു മാത്രമേ സ്രഷ്ടാവിനേ അറിയുന്നതിനും അവിടുത്തേ സ്നേഹത്തിനനുരൂപമായി പ്രവർത്തിക്കുന്നതിനും ശക്തിയുള്ളു. അവരാകട്ടെ സ്രഷ്ടാവിന്റെ സ്വന്ത ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെടുകയും, ആരംഭം മുതൽക്കേ അതിസ്വാഭാവിക വരങ്ങളാൽ അലങ്കരിക്കപ്പെടുകയും ചെയ്തുവെന്ന മാലാകാമാരും മനുഷ്യരുമത്രെ. ഈ അതിസ്വാഭാവിക വരങ്ങൾ അവിടുത്തേ അറിഞ്ഞു സ്നേഹിക്കുന്നതിനും സ്വർഗ്ഗത്തിൽ അവിടത്തേ ആനന്ദത്തിൽ പങ്കുകൊള്ളുന്നതിനും അവരേ പ്രാപ്തരാക്കി.

നിർഭാഗ്യവശാൽ മാലാകാമാരും മനുഷ്യരും ദൈവേ

ഷ്ടത്തോടു പ്രത്യക്ഷത്തിൽ മത്സരിക്കയാൽ ആരംഭത്തിൽത്തന്നെ അവിടുത്തെ കഠിനമായി ദ്രോഹിച്ചു. എന്നാൽ ഈയൊരു വ്യത്യാസം മാത്രമുണ്ടു്. മാലാകാമാരിൽ ഒരു ക്ഞപൂഭാഗം മാത്രമേ സ്രഷ്ടാവിനോടു അവിശ്വസ്തത പ്രദശ്ശിപ്പിച്ചൊള്ളു. മനുഷ്യഗണമാകട്ടെ മുഴുവനും ആദ്യമനുഷ്യൻെറ പാപത്തിനവകാശികളായിത്തീൎന്നു. തന്മൂലം സകല മനുഷ്യരും ദൈവത്തിൻെറ കോപം സമ്പാദിക്കുന്നതിനിടയായി. അവിടുത്തെ നന്മകൊണ്ടല്ലായിരുന്നെങ്കിൽ എല്ലാവരും ഒന്നുപോലെ നിത്യമരണത്തിനു വിധിക്കപ്പെട്ടുമായിരുന്നു. പക്ഷേ അവിടുന്നു മനുഷ്യവൎഗ്ഗത്തെ രക്ഷിക്കുന്നതിനും, അതിനെ പൂൎവ്വമഹത്വത്തിലേയ്ക്കും, ആദ്യം ഏതിനായി അതു സൃഷ്ടിക്കപ്പെട്ടുവോ ആ സൗഭാഗ്യാവസ്ഥയിലേയ്ക്കും തിരിച്ചുകൊണ്ടുവരുന്നതിനു നിശ്ചയിച്ചു.

പാപത്തിൻെറ ബന്ധനത്തിൽനിന്നു വിമോചിച്ചു് സ്വൎഗ്ഗത്തിൻെറ പുത്രന്മാരും അവകാശികളുമെന്ന മഹൽസ്ഥാനത്തേയ്ക്കു നമ്മേ പുനഃസ്ഥാപിക്കാൻ കരുണയുണ്ടായതിൽ നമ്മുടെ സ്വൎഗ്ഗീയപിതാവിനോടു നാം എത്ര കൃതജ്ഞരായിരിക്കണം.

നരവംശത്തേ പാപക്കറയിൽനിന്നു വിശുദ്ധീകരിച്ചു് അതിൻെറ പൂൎവ്വപദവിയിലേയ്ക്കു തിരിച്ചുകൊണ്ടുവരുന്നതിനു ദൈവം നിശ്ചയിച്ച മാൎഗ്ഗം തന്നെപ്പോലെതന്നെ നിസ്സീമനും നിത്യനുമായ സ്വപുത്രനേ ഭൂമിയിലേയ്ക്കയയ്ക്കുകയെന്നതായിരുന്നു. ഇങ്ങനെ ചെയ്തതു് അവൻ നമ്മുടെ സ്വഭാവമെടുത്തു് നമ്മേപ്പോലെ യഥാൎത്ഥമനുഷ്യനായി നമ്മുടെ പാപം അൎഹിക്കുന്ന കടത്തേ സ്വയം വഹിച്ചുകൊണ്ടു് നമ്മേ രക്ഷിക്കുന്നതിനു വേണ്ടിയത്രെ.

ഇപ്രകാരമാണു് ഏത്രയും പരിശുദ്ധയും നിൎമ്മലയുമായ കന്യകയിൽനിന്നു് മനുഷ്യസ്വഭാവമെടുത്തു് വചനം മാംസമായിത്തീരാൻ ഇടയായതു്. മാംസമായ വചനം നമ്മേപ്പോലെ പീഡകൾ സഹിച്ചും അദ്ധ്വാനിച്ചും, നന്മകൾ ചെയ്തും, മനുഷ്യകുലത്തിനുവേണ്ടി സ്വൎഗ്ഗീയപിതാവിനോടു പ്രാൎത്ഥിച്ചും നമ്മുടെ ഇടയിൽ വസിച്ചു.

എന്നാൽ ദൈവമനുഷ്യൻെറ രക്തംചൊരിച്ചിലും കുരിശുമരണവും കൊണ്ടല്ലാതെ ലോകം വീണ്ടുരക്ഷിക്കപ്പെടരുതെന്നായിരുന്നു നിശ്ചയം. തന്മൂലം മാംസമായ വചനം കഠിനപീ

ഡയും കരിശുമരണവുംകൊണ്ട് പരമകാഷ്ഠയേ പ്രാപിച്ച ദുഃഖാരിഷ്ടതകൾക്ക് പൂൎണ്ണമനസ്സോടെ അധീനനായി.

ഇതു് പാപപ്പരിഹാരത്തിനുള്ള വലിയ ബലിയായിരുന്നു. ഇതിലേ ബലിവസ്തു ദൈവത്തിൻെറ യഥാൎത്ഥ നിത്യപുത്രൻതന്നെ. ഈ പുത്രൻ നമ്മുടെ സൎവ്വകടങ്ങളും വീട്ടികൊണ്ട് സ്വപിതാവിൻെറ നീതിപൂൎവ്വകമായ കോപത്തേ ശമിപ്പിക്കുന്നതിനു പൂൎണ്ണമനസ്സോടെ തന്നെത്തന്നെ സമൎപ്പിച്ചു. ഈ ബലി ദൈവദൃഷ്ടിയിൽ വളരെ പ്രസാദകരമായി. തൻമൂലം അവിടുന്നു നരവംശത്തേ തന്നോടുതന്നെ രമ്യപ്പെടുത്തി. മാത്രവുമല്ല നാം പാപത്താൽ നഷ്ടപ്പെടുത്തിക്കളഞ്ഞ കൃപാവരവും നിത്യസൗഭാഗ്യവും പ്രാപിക്കാവുന്ന അവസ്ഥയിലേയ്ക്കു നമ്മേ തിരിച്ചുകൊണ്ടുവരുന്നതിനും തിരുമനസ്സായി.

രക്ഷകനേ സംബന്ധിച്ചു പറയുന്നെങ്കിൽ, ദൈവം അവനെ മരിച്ചവരിൽനിന്നുയൎപ്പിക്കയും അവനു് എല്ലാററിലും ഉപരിയായ ഒരു നാമം കൊടുത്തു മഹത്വപ്പെടുത്തുകയും ചെയ്തു. മാധുൎയ്യം നിറഞ്ഞതും ആരാധനീയവുമായ ഈ നാമം— നാരകീയ ശക്തികൾക്കു ഭയാനകമായ ഈ നാമം— ദൈവദൂതരാൽ ആരാധിക്കപ്പെട്ടും, സകലരാലും സ്നേഹിക്കപ്പെട്ടും ബഹുമാനിക്കപ്പെട്ടും പോരുന്ന ഈ നാമം "ഈശോ എന്നതുതന്നെ. ഈ നാമശ്രവണത്തിൽ ആകാശത്തിലും ഭൂമിയിലും ഭൂമിക്കടിയിലുമുള്ള എല്ലാ മുഴങ്കാലുകളും മടങ്ങുന്നു. (പീലി. 2. 10.)

വചനത്തിൻെറ മനുഷ്യാവതാരവും, അവിടുത്തേ കഠിന പീഡാനുഭവവും, അവിടുന്നു നമുക്കുവേണ്ടി കുരിശിൽ സമൎപ്പിച്ച ബലിയും, അവിടുത്തേ മഹിമയേറിയ ഉത്ഥാനവും ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരുന്ന കാലത്തു് ദീൎഘദൎശി പറഞ്ഞിരിക്കുന്നപോലെ "വത്സരങ്ങളുടെ മദ്ധ്യേ" സംഭവിച്ചു. (ഹബ: 3. 2)

ഈ രഹസ്യങ്ങളെല്ലാം മനുഷ്യവൎഗ്ഗം മുഴുവൻേറയും രക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ളവയായിരുന്നു. തൻമൂലം അവ ആരംഭം മുതൽ ലോകാന്തംവരെ എല്ലാക്കാലത്തേയ്ക്കും വേണ്ടിയുള്ളവയായിരിക്കേണ്ടതാവശ്യമായിരുന്നു. പക്ഷേ വിവിധതരത്തിലാണെന്നേയുള്ളു.

ക്രിസ്തുവിനു മുമ്പുള്ള തലമുറകൾക്കുവേണ്ടി ഈ രഹസ്യങ്ങൾ പ്രവചനങ്ങളിൽ മാത്രമല്ല പഴയനിയമത്തിലേ ഏററം പ്രമുഖന്മാരായ ചിലരുടെ ജീവിതത്തിലും വെളിവാക്കിയിട്ടുണ്ടാ

യിരുന്നു. ഇപ്രകാരം മിശിഹായുടെ ജീവിതവും, പീഡാനുഭവവും, മരണവും ആബേൽ, ഇസഹാക്ക്, ഏറമ്യാ എന്നിവരിലും, ഗോത്രപിതാക്കന്മാരോ പരിശുദ്ധന്മാരോ ആയ മററാളുകളിലും പ്രതിബിംബിച്ചിരുന്നതായി കാണാം.

എന്നാൽ മിശിഹായ്ക്കു ശേഷമുള്ള തലമുറകൾക്കുവേണ്ടി പ്രസ്തുത രഹസ്യങ്ങളുടെ ഓർമ്മയും പ്രവർത്തനവും അവരുടെയിടയിൽ സജീവമായി സൂക്ഷിക്കുന്നതിനുവേണ്ടി ദൈവം ഏററം അത്ഭുതകരമായ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ഈ മാർഗ്ഗം തിരുസ്സഭയിലെ ഒരു കൂദാശയുടെ സ്ഥാപനമായിരുന്നു. ഈ കൂദാശയിൽ നമുക്കുവേണ്ടി സ്വജീവൻ ബലികഴിച്ച മിശിഹാതന്നെ ലോകാവസാനംവരെ നമ്മോടുകൂടെ വസിക്കണമെന്നും, താൻ കുരിശിൽ അർപ്പിച്ച ആത്മബലിയെ ശാശ്വതമാക്കണമെന്നും നിശ്ചയിച്ചു. മാത്രവുമല്ല സ്വശരീരവും രക്തവും നമുക്കു ഭക്ഷണപാനീയങ്ങളായിതന്നുകൊണ്ട് നമ്മെ ഓരോരുത്തരേയും താൻ കുരിശിൽവച്ചു നമുക്കായി പ്രാപിച്ച വിപുലമായ രക്ഷയിൽ പങ്കുകാരാക്കണമെന്നും നിശ്ചയിച്ചു.

ഈ കൂദാശ നമ്മുടെ കർത്താവീശോമിശിഹാ അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ സന്നിഹിതനായിരിക്കുന്ന വി. കുർബാനയല്ലാതെ മറെറാന്നുമല്ല. ഇതിൽ അവിടുന്നു തന്റെ പീഡാനുഭവത്തെ സദാ നമ്മേ അനുസ്മരിപ്പിക്കുയും, നമുക്കു നിരവധി അനുഗ്രഹങ്ങളെ പ്രദാനം ചെയ്കയും, ഭാവിമഹിമയുടെ ഉറപ്പു നൽകുകയും ചെയ്യുന്നു.

തൻമൂലം വി. കുർബാന ദൈവത്തിനു നരവംശത്തോടുള്ള സ്നേഹത്തിന്റെ ഒരു ചിഹ്നമാണ്. അതു നമുക്കു ദൈവവുമായുള്ള രമ്യതയുടെ ശാശ്വതമായ ഒരടയാളമത്രേ. നമ്മുടെ സ്വർഗ്ഗീയ പിതാവ് തന്റെ തെററിപ്പോയ മക്കൾക്ക് മാപ്പുകൊടുത്തിരിക്കുന്നുവെന്നും, ഇപ്പോൾ അവരേ സ്വമാർവ്വോടുചേർത്തുപിടിച്ച്കൊണ്ടിരിക്കുന്നു എന്നും ഉറപ്പു നൽകുന്നതിനായി അവിടുന്നു സ്ഥാപിച്ചിട്ടുള്ള സ്വർഗ്ഗീയ മഴവില്ലുമാകുന്നു ആ കൂദാശ.

ഓ! ദയയുടെ കർത്താവേ, ഇപ്രകാരം ഈ വി. കുർബാന സ്ഥാപിച്ചതിന് നിനക്കു ഞങ്ങൾ ഇപ്പോഴും എന്നേയ്ക്കുമായും

നന്ദി പറയുന്നു. ഇതു വഴിയായിട്ടാണല്ലോ നീ സദാ ഞങ്ങളുടെ മദ്ധ്യേ വസിക്കുന്നതു്. നിന്റെ സ്നേഹത്തിന്റെ ഈ കൂദാശയിൽ നീ പ്രദൎശിപ്പിച്ചിരിക്കുന്ന കാരുണ്യത്തേ ഞങ്ങൾ സദാ സ്മരിച്ചുകൊണ്ടു് ജീവിപ്പാൻ അനുഗ്രഹം ചെയ്യേണമേ.

# അദ്ധ്യായം 2

## ദിവ്യകാരുണ്യസ്ഥാപനത്തേക്കുറിച്ചു പഴയ നിയമത്തിലുള്ള മുന്നറിയിപ്പു്.

ദൈവം മനുഷ്യവൎഗ്ഗത്തിനു എന്തെങ്കിലും വലിയ ദാനങ്ങൾ നൽകുന്നതിനു തിരുമനസ്സാകുമ്പോൾ അവർ അവയേ പൂൎവ്വാധികം ഭക്തിയോടും ഫലത്തോടുംകൂടെ സ്വീകരിക്കുന്നതിന് അവരെ സന്നദ്ധരാക്കാൻവേണ്ടി അവയേക്കുറിച്ചു നേരത്തേ അറിയിക്കുക സാധാരണമാകുന്നു. ഇങ്ങനെ മിശിഹായുടെ മനുഷ്യാവതാരത്തേക്കുറിച്ചും, രക്ഷയുടെ പെട്ടകമായ തിരുസ്സഭയുടെ സ്ഥാപനത്തേ സംബന്ധിച്ചും പല രൂപകങ്ങളും പ്രവചനങ്ങളും വഴിയായി മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നു. തൻമൂലം ഋജുബുദ്ധികൾക്ക് ഈ പരമരഹസ്യങ്ങളേക്കുറിച്ചറിവാൻ അത്ര പ്രയാസമുണ്ടായിരുന്നില്ല.

വി. കുർബാനയുടെ സ്ഥാപനം സംബന്ധിച്ച ദീൎഘദൎശനങ്ങളിൽ ഒട്ടുംതന്നേ അവ്യക്തമായിട്ടല്ല പ്രസ്താവിച്ചിട്ടുള്ളതു്. പഴയനിയമത്തിലേ ചില പ്രത്യേക ചിഹ്നങ്ങളും ഇതിന്റെ ഛായയായിരുന്നു. ദീൎഘദൎശികളേ സംബന്ധിച്ചാണെങ്കിൽ ദാവീദുരാജാവ് ആനന്ദഭരിതനായി ഇപ്രകാരം പ്രകീൎത്തിക്കുന്നു. "കൎത്താവെന്നെ ഭരിക്കുന്നു. എനിക്കു യാതൊരു കുറവുമുണ്ടാകയില്ല. അവൻ എന്നെ ഒരു മേച്ചിൽ സ്ഥലത്താക്കി, ക്ഷീണംതീൎക്കുന്ന വെള്ളത്തിന്റെ സമീപം അവൻ എന്നെ വളൎത്തി" (22. 1–2.) ഇതുപോലെതന്നെ സക്കറിയായുടെ പുസ്തകത്തിൽ നാം ഇങ്ങനെ കാണുന്നു: "എന്തെന്നാൽ തിരഞ്ഞെടുക്കപ്പെട്ടവ

രുടെ ധാന്യവും, കന്യകകളെ ജനിപ്പിക്കുന്ന വീഞ്ഞുമല്ലാതെ അവൻെറ നല്ല വസ്തു എന്തു്; അവൻെറ അഴകുള്ള വസ്തു എന്തു്? (IX. 17) ഇവയേക്കാൾ വ്യക്തമായിട്ടാണു് മലാക്കി പ്രസ്താവിക്കുന്നതു്. "എന്തുകൊണ്ടെന്നാൽ സൂര്യോദയം മുതൽ അസ്തമയംവരെ എൻെറ നാമം പുറജാതികളുടെ ഇടയിൽ വലുതാകുന്നു. എന്നതന്നേയല്ല എല്ലാ സ്ഥലത്തും ബലിയുണ്ടായിരിക്കും, എൻെറ നാമത്തിനു് ഒരു ശുദ്ധ ബലി അർപ്പിക്കപ്പെടുകയും ചെയ്യുന്നു" (മലാ. 1, 11) ഇങ്ങനെ ആകാശത്തേയും ഭൂമിയേയും തമ്മിൽ സംഘടിപ്പിക്കുന്ന സ്നേഹത്തിൻെറ വലിയ രഹസ്യത്തേക്കുറിച്ചു പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിട്ടുള്ളതാണു്.

വി. കുർബാന പുതിയ നിയമത്തിലേ ഏക ബലിയാണെന്നുതന്നെയല്ല അതു നമ്മുടെ വിശുദ്ധീകരണത്തിനായി മിശിഹാ സ്ഥാപിച്ച അത്യുൽകൃഷ്ടമായ ഒരു കൂദാശകൂടെയാകുന്നു. ഈ രണ്ടു നിലയിലും ഇതിനു പൂർവ്വനിയമത്തിൽ പ്രതിഛായകളുണ്ടായിരുന്നു. ഇപ്രകാരമുള്ള പ്രതിഛായകളിൽ ചിലതിനേക്കുറിച്ചു സ്മരിക്കുന്നതു് ഈ വലിയ കൂദാശയുടെ നേർക്കുള്ള വിശ്വാസത്തേയും സ്നേഹത്തേയും നമ്മിൽ ഉജ്ജ്വലിപ്പിക്കുന്നതിനു പര്യാപ്തമാകാതിരിക്കയില്ല.

ഒരു ബലിയെന്ന നിലക്കു വി. കുർബാനയുടെ പ്രതിരൂപമായിരുന്നു ഇസഹാക്കിൻെറ ബലിയും ആണ്ടുതോറും സമർപ്പിക്കപ്പെട്ടിരുന്ന പെസഹാക്കുഞ്ഞാടും.

അബ്രാഹത്തിൻെറ ഏക വത്സലപുത്രനായ ഇസഹാക്കിനെ ഒരു മലമുകളിൽ ദഹനബലിയർപ്പിക്കണമെന്നു ദൈവം അയാളോടു കല്പിച്ചതായി നാം വേദപുസ്തകത്തിൽ വായിക്കുന്നുണ്ടു്. ആ വിശുദ്ധ ഗോത്രപിതാവു്, തകന്ന ഹൃദയത്തോടെയെങ്കിലും, ദൈവഹിതാനുസരണം ഏകസുതനെ പർവ്വതത്തിൻെറ മുകളിലേയ്ക്കാനയിച്ചു. നിർദ്ദിഷ്ടസ്ഥലത്തെത്തിയപ്പോൾ അയാൾ അവനെ ബന്ധിച്ചു് ബലിക്കു തയ്യാറാക്കിയിരുന്ന പീഠത്തിന്മേൽ കയററി. എന്നാൽ ഒരു മാലാഖ അബ്രാഹത്തെ തടഞ്ഞില്ലായിരുന്നെങ്കിൽ അയാൾ സ്വപുത്രനെ വധിക്കുമായിരുന്നെന്നുള്ളതു നിശ്ചയംതന്നെ.

ഇതു് നമ്മുടെ പാപപരിഹാരാർത്ഥം തൻെറ ഏകസുതനെ നമ്മുടെ സ്വർഗ്ഗീയപിതാവു് ബലിക്കായി പ്രദാനം ചെയ്തതിൻെറ ഒരു ഛായയാകുന്നു. ഇസഹാക്കിനെപ്പോലെ

മിശിഹാ യാതൊരു പ്രതിഷേധവും പ്രദശിപ്പിച്ചില്ല. പിന്നെയോ തൻെറ സ്വർഗ്ഗീയപിതാവിൻെറ കോപത്തേ ശമിപ്പിക്കുന്നതിന് സ്വമനസ്സാ മരണാധീനനായി. ഇതിനും പുറമെ അവിടുന്നു വി. കുർബാനയെന്ന ബലിയെ സ്ഥാപിച്ചു. അങ്ങനെ ചെയ്യുതു് ആ ബലി തൻെറ ആത്മബലിയുടെ സ്ഥാനം വഹിക്കുന്നതിനും അതിൻെറ ഓർമ്മയെ ലോകം മുഴുവൻെറയും രക്ഷയ്ക്കുവേണ്ടി കാലാന്തംവരെ കൊണ്ടാടുന്നതിനും, അതിൻെറ ഫലത്തെ ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടിയത്രെ.

ലോകാവസാനംവരെ നമ്മുടെ അൽത്താരകളിൽ കുരിശിലെ ബലിയുടെ ഓർമ്മ നിലനിറുത്തണമെന്നുള്ളതിൻെറ അടയാളമായി ആണ്ടുതോറും പെസഹാക്കാലത്തു് എല്ലാ ഇസ്രായേൽ ഭവനങ്ങളിലും പെസഹാക്കുഞ്ഞാടിനെ കൊന്നു ഭക്ഷിക്കണമെന്നു കല്പനയുണ്ടായിരുന്നു.

മിശിഹാ യഥാർത്ഥത്തിൽ "ലോകത്തിൻെറ പാപത്തെ ഹനിക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" തന്നെ. (യോഹ. 1.29) "ഒരു കുഞ്ഞാടുപോലെ അവിടുന്നു ബലിക്കായി കൊണ്ടുപോകപ്പെട്ടു" (ഏറ. 11, 19). "അവിടുന്ന് കളങ്കമില്ലാത്തതും നൈർമ്മല്യമുള്ളതുമായ കുഞ്ഞാടാകുന്നു" (1 പത്രോ. 1, 19). "ലോകത്തിൻെറ ആരംഭം മുതൽക്കേ ബലി കഴിക്കപ്പെട്ട കുഞ്ഞാടത്രെ അവിടുന്ന്." (വെളി. 13, 8.)

കള്ളദേവന്മാരെ ആരാധിക്കണമെന്നു നിർബന്ധിച്ച നിഷ്ഠുരന്മാരോട്, മിശിഹായേപ്രതി ജീവൻ പരിത്യജിക്കുന്നതിനു മുമ്പ് വി. അന്ത്രയോസ് പ്രസ്താവിച്ച വാക്യങ്ങൾ എത്ര മാധുർയ്യമുള്ളവയാണെന്നു നോക്കുക. "സർവ്വശക്തനായ ഏക സത്യദൈവത്തിന് ഞാൻ പ്രതിദിനം ബലി സമർപ്പിക്കുന്നതു് കാളയുടെ മാംസമോ കോലാടിൻെറ രക്തമോ അല്ല. പ്രത്യുത കറയില്ലാത്ത കുഞ്ഞാടിനേയത്രെ. യാഗം ചെയ്യപ്പെടുന്ന ഈ കുഞ്ഞാടിനെ വിശ്വാസികളെല്ലാവരും ഭക്ഷിച്ചശേഷവും അതു് പൂർണ്ണമായും സജീവമായും സ്ഥിതിചെയ്യുന്നു.

*   *   *   *

വി. കുർബാന പുതിയ നിയമത്തിലേ ഏക ബലിയാണെന്നു മാത്രമല്ല, അതു നമ്മുടെ ആത്മാവിനെ പരിപോഷിപ്പിക്കുന്നതിനും, നമ്മിൽ ദിവ്യവരപ്രസാദജീവനെ സംരക്ഷിക്കുന്നതിനുംവേണ്ടി മിശിഹാ സ്ഥാപിച്ച അത്യുൽകൃഷ്ടമായ ഒരു ക്രൂ

ദാശകൂടെയാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ നിലയിലും അതിനു പഴയ നിയമത്തിൽ പ്രതിഛായകളുണ്ടായിരുന്നു. ഇസ്രായേൽക്കാർ മരുഭൂമിയിൽ താമസിച്ച നാല്പതു സംവത്സരത്തേയ്ക്കു ദൈവം അവക്കു നൽകിയ മന്നാ ഈ വി. കർബാനയുടെ സാദൃശ്യമായിരുന്നു.

ആ വമ്പിച്ച ജനസമൂഹത്തിനു് മരുഭൂമിയിൽ മററു യാതൊരു ഭക്ഷണസാധനത്തിനും വഴിയുണ്ടായിരുന്നില്ല. തന്മൂലം നന്മസ്വരൂപനായ ദൈവം ആകാശത്തുനിന്നു് പ്രഭാതത്തിലെ മഞ്ഞിൻെറ സമ്പ്രദായത്തിൽ അത്ഭുതകരമായ ഭക്ഷണം വർഷിച്ചുകൊടുത്തു. ഈ അത്ഭുതം എല്ലാ ദിവസവും നവീകരിക്കപ്പെട്ടുകൊണ്ടാണിരുന്നതു്. സൂര്യൻെറ പ്രഥമ കിരണങ്ങൾകൊണ്ടു് ഉരുകിപ്പോകുന്ന മന്നാ മുഴുവൻ ഉദയത്തിനു മുമ്പുതന്നെ ശേഖരിക്കേണ്ടിയിരുന്നു. ഓരോരുത്തരും ശേഖരിക്കുന്നതു് തുല്യമായിട്ടാണു് കാണപ്പെട്ടതു്. കൂടുതൽ ശേഖരിക്കുന്നവക്കും ഒടുവിൽ മററുള്ളവരേപ്പോലെയേ ഉണ്ടായിരുന്നുള്ളു. കൂലിവേലകൾ അനുവദിക്കപ്പെട്ടിട്ടില്ലാത്ത സാബത്തു ദിവസത്തേയ്ക്കല്ലാതെ ഈ ഭക്ഷണം നേരത്തേ സംഭരിച്ചുവയ്ക്കാൻ പാടുണ്ടായിരുന്നില്ല. മന്നായ്ക്കു് ഒന്നാംതരം തേനും മാവുംകൂട്ടി കുഴച്ചതിൻെറ രുചിയായിരുന്നു. എങ്കിലും ഓരോരുത്തനും ആഗ്രഹിക്കുന്ന രുചി അവനവൻ ആസ്വദിക്കയും ചെയ്തിരുന്നു.

ഇപ്രകാരംതന്നെ ജീവിതമാകുന്ന ഘോരമരുഭൂമിയിൽകൂടി യാത്രചെയ്യുന്ന നമുക്കു് ആത്മപരിപോഷണത്തിനു പററിയ ഭക്ഷണം ഈ ഭൂമിയിലില്ലാത്തതിനാൽ അനന്തനന്മയായ ദൈവം എന്നും രാവിലെ നമ്മുടെ പരിപുഷ്ടിക്കും വിശ്രമത്തിനുമായി വി. കർബാനയെന്ന കൂദാശയിൽ അതിമാധുര്യമുള്ള ഒരു വിരുന്നു തയ്യാർ ചെയ്തിരിക്കുന്നു. ഈ വിരുന്നു നമ്മുടെ തീർത്ഥാടനം അവസാനിക്കുന്നതുവരെ നമുക്കനുഭവിക്കാം.

ഈ അമൂല്യഭക്ഷണം ധനവാനെന്നോ, ദരിദ്രനെന്നോ, അജ്ഞനെന്നോ അഭിജ്ഞനെന്നോ, ബാലനെന്നോ വൃദ്ധനെന്നോ, ഉള്ള യാതൊരു വ്യത്യാസവും കൂടാതെ എല്ലാവരും ഭക്ഷിച്ചും പാനം ചെയ്തും ആത്മീയ ജീവൻ പ്രാപിക്കണമെന്ന ഉദ്ദേശത്തോടെ രക്ഷകനായ മിശിഹാ നിസ്സീമസ്നേഹം കാരണത്താൽ പ്രദാനം ചെയ്തിട്ടുള്ള തൻെറ ശരീരവും രക്തവുമല്ലാതെ മററൊന്നുമല്ല.

ഈ സ്വർഗ്ഗീയ അപ്പത്തിൽ "സർവ്വവിധമായ ആസ്വാദ്യതയും ഹിതാനുസാരമായ സകല മാധുര്യവും" (Wisd. 16. 20) അടങ്ങിയിട്ടുണ്ട്. അതായത് ഓരോരുത്തരുടേയും വിശ്വാസവും ഭക്തിയും അനുസരിച്ച് സകല രഹസ്യങ്ങളുടേയും ആസ്വാദ്യത അതിനുണ്ട്. നമ്മുടെ ദിവ്യരക്ഷകനെ ശിശുവായിട്ടോ, പീഡകൾ അനുഭവിക്കുന്നവനായിട്ടോ, മഹിമയോടെ ഉത്ഥാനം ചെയ്യുന്നവനായിട്ടോ, ഏതുതരത്തിൽ സങ്കല്പിച്ചാലും ആ തരത്തിലെല്ലാം ഈ ദിവ്യകൂദാശ വിവിധമായ ആനന്ദം നമ്മിലുളവാക്കാതിരിക്കയില്ല.

അങ്ങനെതന്നെ ഭക്തിതീക്ഷ്ണതയുള്ളവർ ദിവ്യമായ ഉപവിയുടെ മാധുര്യവും, ബലഹീനന്മാർ ആത്മീയശക്തിയും, പൈശാചിക പരീക്ഷകൾക്കധീനരായവർ ദുരാശകൾക്കുള്ള പ്രത്യൌഷധവും, പുണ്യാഭിവൃദ്ധി ആഗ്രഹിക്കുന്നവർ എളിമ, ശുദ്ധത, സഹനശീലം മുതലായ സൽഗുണങ്ങളിൽ വർദ്ധിക്കുന്നതിനുള്ള മാർഗ്ഗവും ഈ കൂദാശയിൽ കണ്ടെത്തുന്നു.

ഓ! നമ്മുടെ മനസ്സാക്ഷിയുടെ ശുദ്ധതയും ഭക്തിയുടെ തീക്ഷ്ണതയും, ആത്മാവിന്റെ മന്നാ ആയ വി. കർബാന യോഗ്യതയോടെ കൂടെക്കൂടെ ഉൾക്കൊള്ളുന്നതിന് നമ്മെ അർഹരാക്കട്ടെ. ഈ ദിവ്യഭക്ഷണം ഇഹലോകത്തിൽ നമുക്കു ദിവ്യപ്രസാദവരവും, പരലോകത്തിൽ മഹിമയും പ്രാപിച്ചുതരാതിരിക്കയില്ല.

# അദ്ധ്യായം 3

## വി. കർബാനയ്ക്കുള്ള വിവിധനാമങ്ങൾ

വി. കർബാനയുടെ അതിരററ യോഗ്യതയും അത്ഭുതകരമായ ഫലവും വിശദീകരിക്കത്തക്കവണ്ണം അതിനനുയോജ്യമായ നാമങ്ങൾ കണ്ടുപിടിക്കുക അസാദ്ധ്യമാണ്. എന്തുകൊണ്ടെന്നാൽ ആ കൂദാശ അത്ര ഉൽകൃഷ്ടമായ ഒരു രഹസ്യമാകുന്നു. തൻമൂലം അതിന്റെ വിസ്മയനീയ പ്രകൃതിയും, അതിസ്വാഭാവി

കഗ്ഗുണങ്ങളും കൂടുതൽ വ്യക്തമാക്കുന്നതിനു പയ്യാപ്തമായ പല വിധ സംജ്ഞകൾ നൽകിക്കൊണ്ട് തിരുസ്സഭ ഈ കുറവിനെ പരിഹരിക്കാൻ ശ്രമിച്ചിരിക്കുന്നു. സ്നേഹത്തിൻെറ ഈ രഹസ്യത്തോടുള്ള ഭക്തി നമ്മിൽ പൂവ്വാധികം വദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ സംജ്ഞകളിൽ പ്രധാനപ്പെട്ടവയെക്കുറിച്ച് അല്പം പ്രസ്താവിക്കുന്നത് സന്ദഭോചിതമായിരിക്കും.

ആദ്യംതന്നെ, വിശുദ്ധ കുർബാന ഏഴു കൂദാശകളിലും വെച്ച് ഏററം മഹനീയമാണ്. ഇക്കാരണത്താലാണ് ഇതിനെ "വി. കൂദാശ" എന്നു അലങ്കാരേണ വിളിക്കുന്നത്. മററാറു കൂദാശകളും ഇതിനെ ലക്ഷീകരിച്ചുള്ളവയാകുന്നു. എങ്ങിനെയെന്നാൽ, ജ്ഞാനസ്നാനം മനുഷ്യനെ ഉത്ഭവപാപത്തിൽനിന്നു വിശുദ്ധീകരിച്ചുകൊണ്ടും, കുമ്പസാരം അവനു പാപവിമോചനം നൽകികൊണ്ടും, ദിവ്യകാരുണ്യസ്വീകരണത്തിനു യോഗ്യനാക്കിത്തീക്കുന്നു. സ്ഥൈയ്യലേപനം അവന് ആത്മശക്തി നൽകുകയും ഈ ലോകത്തിലെ പരീക്ഷകളുടെ മദ്ധ്യേ ദിവ്യകാരുണ്യമിശിഹായോടുള്ള വിശ്വസ്തതയ്ക്കു ഭംഗം വരാതിരിക്കുന്നതിന് അവനെ സഹായിക്കയും ചെയ്യുന്നു. അന്ത്യലേപനമാകട്ടെ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ സ്ഥിതിചെയ്യുന്ന രക്ഷകനെത്തന്നെ അവിടുത്തെ ന്യായാസനത്തിങ്കൽ സന്തോഷത്തോടെ ദശിക്കുന്നതിനു അവനെ തയ്യാറാക്കുകയത്രേ ചെയ്യുന്നത്. പട്ടംവഴിയായി വി. കുർബാന കൂദാശ ചെയ്യുന്നതിനും ജനങ്ങൾക്ക് ഭാഗിച്ചുകൊടുക്കുന്നതിനുമുള്ള അധികാരത്തെ പുരോഹിതന്മാക്ക് നൽകുന്നു. വിവാഹം സ്ഥാപിക്കപ്പെട്ടിട്ടുള്ളത് ദൈവത്തിനുവേണ്ടി സന്താനങ്ങളെ ഉൽപാദിപ്പിക്കണമെന്നും, അവർ ഈലോകത്തിൽ ഈ സ്വഗ്ഗീയ അപ്പംഭക്ഷിച്ച് പരലോകത്തിൽ മിശിഹായോടുകൂടെ നിത്യഭാഗ്യം അനുഭവിക്കണമെന്നുമുള്ള ഉദ്ദേശത്തോടെയാണ്.

ദൈവം മനുഷ്യക്കു നൽകിയിരിക്കുന്ന അനുഗ്രഹങ്ങളിൽ മനുഷ്യാവതാരം കഴിഞ്ഞാൽ ഏററം വലുതു് വി. കുർബാനയാണ്. ഇതു വഴിയായിട്ടാണ് മിശിഹാ സ്വശരീരവും രക്തവും നമുക്ക് ഭോജനവും പാനീയവുമായി നൽകിക്കൊണ്ട് ലോകാവസാനംവരെ നമ്മോടുകൂടെ വസിക്കുന്നത്. തൻമൂലം ഈ വി. കൂദാശ "ദിവ്യകാരുണ്യം" എന്നു സമുചിതമായി വിളിക്കപ്പെടുന്നു. ഇതിൻെറ അത്ഥം മനുഷ്യൻെറ രക്ഷയ്ക്കും വിശുദ്ധീകരണ

ത്തിനും വേണ്ടിയുള്ള ദൈവത്തിൻെറ കാരുണ്യപൂർവ്വകമായ ദാനമെന്നത്രേ. ഇതു് യഥാർത്ഥത്തിൽ സ്നേഹത്തിൻെറ കൂദാശയും ദൈവിക ഉപവിയുടെ രഹസ്യവുമാകുന്നു. ഇതിലത്രേ നമ്മുടെ സ്വർഗ്ഗീയ പിതാവു് അവിടുത്തെ "വിസ്മനീയമായ പ്രവൃത്തികളുടെ സ്മരണയെ" സ്ഥാപിച്ചിരിക്കുന്നതു്. ദൈവം തൻെറ ദിവ്യപുത്രൻെറ മാംസവും രക്തവും അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ മറച്ചുകൊണ്ടു് ഈ ദിവ്യകൂദാശയിൽ വിസ്മയനീയമായ സൃഷ്ടികർമ്മംതന്നെ പ്രതിദിനം നവീകരിച്ചുകൊണ്ടിരിക്കുന്നുവെന്നു പറയാം. ഒരേ സമയംതന്നെ മിശിഹായുടെ ശരീരം പലേ അൾത്താരകളിൽ സ്ഥിതി ചെയ്യുന്നതിനിടയാക്കിക്കൊണ്ടു്, താൻ അപ്പം വർദ്ധിപ്പിച്ച ആ അത്ഭുതംതന്നെ നവീകരിക്കയാണു് ചെയ്യുന്നതു്.

ദൈവം സദാ നമുക്കു് നൽകിക്കൊണ്ടിരിക്കുന്ന സമ്മാനങ്ങൾക്കും പ്രതിനന്ദി പ്രദർശിപ്പിക്കുന്നതിനു് ഏററം പര്യാപ്തമായ ഒരു മാർഗ്ഗമാണു് ഈ കൂദാശ. തൻമൂലം ഇതിനെ "യൂക്കറിസ്റ്റ്" അഥവാ "കൃതജ്ഞതയുടെ കൂദാശ" എന്നും വിളിക്കുന്നു.

ദൈവം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾക്കു് കൃതജ്ഞത പ്രദർശിപ്പിക്കണമെന്നുള്ളതു് നമ്മുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു. "എല്ലാക്കാര്യത്തിലും ദൈവത്തിനു നന്ദിപറയുക" (തെസലോണി 5–18) എന്നാണു വി. പൌലോസു് നമ്മെ അനുസ്മരിപ്പിക്കുന്നതു്. ഈ ചുമതല നിറവേററുന്നതിലേയ്ക്കു് സ്വർഗ്ഗീയ പിതാവിനു തൻെറ വത്സലപുത്രൻെറ ശരീരവും രക്തവും അടങ്ങിയിരിക്കുന്ന ഈ പരിശുദ്ധ കൂദാശയെ സമർപ്പിക്കുന്നതിനേക്കാൾ ഉത്തമമായ വേറൊരു മാർഗ്ഗമില്ലാ.

വി. കുർബാനയെ നമ്മുടെ ആത്മീയ ഭക്ഷണവും പാനീയവുമായിത്തരികയും, അതു നമ്മുടെ ആത്മാവിനെ പരിപോഷിപ്പിച്ചു ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനാൽ "മാലാകാമാരുടെ അപ്പം" എന്നും അതിനെ ന്യായപൂർവ്വം വിളിച്ചുവരുന്നു. മാലാകാമാർക്കു നമ്മെപ്പോലെ അതു ഭക്ഷിക്കാൻ സാധിക്കുമെന്നല്ല ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ അതു നമുക്കായി മാത്രം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണു്. എന്നാൽ അതിനെ മാലാകാമാരുടെ അപ്പമെന്നു വിളിക്കുന്നതു് അതു പരിപൂർണ്ണമായി സ്വർഗ്ഗീയമായതുകൊണ്ടും, അതു മനുഷ്യനെ അവൻെറ ഭൗമിക സ്വഭാവത്തിൽനിന്നുയർത്തി മാലാകാമാർക്കു തുല്യനാക്കുന്നതിനു് നി

ർദ്ദേശിക്കപ്പെട്ടിട്ടുള്ളതു നിമിത്തവുമാണ്. ഈ സ്വർഗ്ഗീയ അപ്പം ദൈവാലയത്തിൽവെച്ച് വിശ്വാസികൾക്ക് ഭാഗിച്ചുകൊടുക്കാവുള്ളതുകൊണ്ട് ഇതിനു് "ദിവ്യവിരുന്ന്" എന്നും പേരു ലഭിച്ചിരിക്കുന്നു.

ഇതിനും പുറമേ, നമ്മെപ്രതി പരിശുദ്ധ കന്യകയിൽനിന്നു ജനിയ്ക്കുകയും, ഭൂമിയിൽ അപ്പസ്തോലന്മാരോടുകൂടി വസിക്കുകയും ചെയ്തതിനുശേഷം, മരിച്ച് ഇപ്പോൾ മഹാ പ്രതാപവാനായി സ്വർഗ്ഗത്തിൽ വാഴുന്നവനും "മനുഷ്യപുത്രരോടുകൂടി വസിക്കുന്നതാണ് എന്റെ ആനന്ദം" എന്ന് അരുളിച്ചെയ്തിട്ടുള്ളവനുമായ മിശിഹാ തന്നെയാണ് ഈ ദിവ്യകൂദാശയിൽ സ്ഥിതിചെയ്യുന്നതെന്ന് വിശ്വാസം നമ്മെ പഠിപ്പിക്കുന്നതുകൊണ്ട് "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള "എമ്മാനുവേൽ" എന്ന നാമവും സമുചിതമായി വി. കർബാനയ്ക്കു നൽകിയിരിക്കുന്നു. അവിടുന്നു മനുഷ്യരോടുകൂടെ വസിക്കുന്നതു് അവരുടെ നിത്യതപത്തിലേയ്ക്കുള്ള യാത്രയിൽ കൂട്ടുകാരനായും, അവരുടെ സുഖദുഃഖാദികളിൽ പങ്കുകൊള്ളുന്ന സഖാവായും, കണ്ണുനീരിന്റെ ഈ താഴ്‌വരയിൽ അവരുടെ ആശ്വാസദായകനായും ആണ്.

ഓ! ഈ കൂദാശയിൽ തന്റെ ഔദാര്യത്തിന്റേയും നിസ്സീമസ്നേഹത്തിന്റേയും ചിഹ്നത്തെ പ്രദാനം ചെയ്തിരിക്കുന്ന നമ്മുടെ സ്വർഗ്ഗീയ പിതാവിനെ എത്രയധികം സ്തുതിക്കയും സ്നേഹിക്കയും ചെയ്യേണ്ടതാണ്!

---

# അദ്ധ്യായം 4

## വി. കർബാനയുടെ ദൈവിക ലക്ഷണങ്ങൾ.

ദൈവം സകലത്തേയും സൃഷ്ടിച്ചതു് തന്റെ കൂടുതൽ മഹത്വത്തെ ഉദ്ദേശിച്ചാണ്. അതായതു് തന്റെ ദിവ്യലക്ഷണങ്ങളുടെ ബാഹ്യപ്രകടനത്തിനു വേണ്ടിയാണ്. പ്രസ്തുത ലക്ഷണങ്ങൾ അവിടുത്തെ അസ്തിത്വത്തിൽനിന്നു വിഭിന്നമല്ലെങ്കിലും

നാം അവയെ അവിടുത്തെ അഗ്രാഹ്യമായ സത്തയേക്കുറിച്ച് കൂടുതൽ ജ്ഞാനം ലഭിക്കുന്നതിനുള്ള മാർഗ്ഗമായിട്ടു മനസ്സിലാക്കിപ്പോരുന്നു. ഈ ലക്ഷണങ്ങളിൽ ബോധജ്ഞാനം, നീതി, ശക്തി, നന്മ, എന്നീ നാലെണ്ണമാണ് സർവ്വപ്രധാനം. ഈ ദിവ്യലക്ഷണങ്ങൾ മനുഷ്യാവതാരം നീക്കിയാൽ വി. കുർബാനയിൽ എന്നതുപോലെ മറ്റൊന്നിലും അത്ര തെളിവായി കാണുന്നില്ല.

ആദ്യംതന്നെ, അതിശ്രേഷ്ഠമായ ഈ കൂദാശയിൽ ദിവ്യബോധജ്ഞാനം സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു. എങ്ങനെയെന്നാൽ ദൈവിക ബുദ്ധികൊണ്ടു മാത്രം കണ്ടുപിടിക്കാവുന്ന ഒന്നാണ് ഈ കൂദാശ. ശാസ്ത്രനിപുണന്മാർക്കോ, സങ്കല്പവിദഗ്ധന്മാരായ കവികൾക്കോ, മനുഷ്യശരീരം, അതേ, നരദൈവത്തിൻെറ ശരീരം, ഒരേ സമയംതന്നെ ഇത്രയധികം സ്ഥലങ്ങളിൽ– കൂദാശചെയ്യപ്പെട്ട ഓസ്തി എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം സന്നിഹിതമാവുക എന്നതിൻെറ സാദ്ധ്യതയേക്കുറിച്ചുപോലും വിചാരിക്കാൻ കഴിഞ്ഞിട്ടില്ല. വി. ലിഖിതത്തിലേ വാക്യംതന്നെ ഇവിടെ സന്ദർഭോചിതമായിരിക്കും. "കണ്ടാലും, ദൈവം നമ്മുടെ ജ്ഞാനത്തെ കവിയത്തക്കവണ്ണം വലിയവനാകുന്നു." (ജോബ്. 36; 26.)

ഇങ്ങനെ സർവ്വാത്ഭുതങ്ങളിലുംവെച്ചു ഏററം വിസ്മയനീയമായ ഇതു കണ്ടുപിടിച്ചുകൊണ്ടു ദൈവം, യഥാർത്ഥത്തിൽ താൻ ആയിരിക്കുന്നപോലെതന്നെ വിശ്വത്തിൻെറ വിദഗ്ധനായ ഏക സ്രഷ്ടാവും, തൻെറ വിപുലമായ സൃഷ്ടിയുടെ സർവ്വ നിയമങ്ങളും അറിഞ്ഞിരിക്കുന്നവനും ആകുന്നു എന്ന് സ്വയം സ്പഷ്ടമാക്കുന്നു.

ഓ! ഈ വി. കൂദാശയിൽ തൻെറ നിസ്സീമജ്ഞാനത്തിൻെറ ഇത്തരം അസാധാരണമായ തെളിവു നൽകിയിരിക്കുന്ന ആ പരമജ്ഞാനിയായ ദൈവത്തെ നമുക്കാരാധിക്കാം. ആ ജ്ഞാനം കൊണ്ടാണ് അവിടുന്നു നമ്മുടെ ജീവിതത്തിൻെറ സാഹചര്യങ്ങളെ നിർണ്ണയിക്കുന്നത്. തൻമൂലം നമുക്ക് അവിടുത്തേ പൈതൃകമായ നിയന്ത്രണത്തിനു വിനയപൂർവ്വം വിധേയമാവുകയും നമുക്കവേണ്ടിയുള്ള അവിടുത്തേ ബുദ്ധിപൂർവ്വകമായ ക്രമീകരണത്തെ താഴ്മയോടെ ആരാധിക്കയും ചെയ്യാം.

ദൈവത്തിൻെറ ജ്ഞാനംപോലെതന്നെ അവിടുത്തേ അളവററ നീതിയും വി. കുർബാനയിൽ അത്ഭുതകരമായവിധം പ്ര

ശോഭിക്കുന്നുണ്ട്. അവിടുന്ന് ആരോടും കടപ്പെട്ടവനല്ല. എങ്കിലും അവിടുന്നു നമ്മോട് എന്തെങ്കിലും വാഗ്ദാനം ചെയ്താൽ അക്ഷണം മുതൽ പ്രസ്തുത വാക്കു പാലിക്കുമെന്ന് നമുക്ക് ദൃഢമായി വിശ്വസിക്കാം.

നമ്മുടെ ദിവ്യരക്ഷകൻ ശിഷ്യന്മാരോട് ഞാൻ "നിങ്ങളോടുകൂടെ ലോകാവസാനംവരെ ഉണ്ടായിരിക്കും." (വി. മത്തായി, 28; 20.) എന്നു വാഗ്ദാനം ചെയ്തിരുന്നു. അതുപോലെ, യഹൂദജനത്തെ വിജനപ്രദേശത്തുവെച്ചു തീററി സംതൃപ്തരാക്കിയശേഷം അവരോടും, സ്വർഗ്ഗീയമായ ഒരു ഭക്ഷണവും പാനീയവും, അതായതു് സ്വന്തം ശരീരവും രക്തവുംതന്നെ അവിടുന്നു നൽകാൻ ഉദ്ദേശിച്ചിരിക്കുന്നതായി പ്രസ്താവിച്ചിരുന്നു.

ദൈവവും മനുഷ്യനും എന്ന നിലയ്ക്കാണ് മിശിഹാ ഈ വാഗ്ദാനം ചെയ്തതു്. ദൈവം എന്ന നിലയ്ക്കു് അവിടുത്തേയ്ക്കു് വിശ്വം മുഴുവൻെറമേലും കർതൃത്വമുണ്ട്. അവിടുത്തേ ആജ്ഞയെ അനുസരിക്കുന്നതിന് എല്ലാ സൃഷ്ടിയും കടപ്പെട്ടിരിക്കുന്നു. മനുഷ്യൻ എന്ന നിലയ്ക്കു് അവിടുത്തേ മനുഷ്യസ്വഭാവം പിതാവായ ദൈവത്തിൻെറ ഉപകരണമാണ്. ദൈവപിതാവ് തൻെറ ഉദ്ദേശനിവൃത്തിക്കായി അവിടുത്തെ ഉപയോഗപ്പെടുത്തി. അവിടുന്നു സാക്ഷാൽ ഈ രണ്ടു വാഗ്ദാനങ്ങളും അനുസരിച്ചു പ്രവർത്തിച്ചു. എങ്ങനെയെന്നാൽ, ആദ്യമായി അവിടുന്നു അപ്പവും വീഞ്ഞും സ്വന്തം ശരീരവും രക്തവുമായിപ്പകർത്തുന്നതിനുള്ള അധികാരം തൻെറ പ്രിയ അപ്പസ്തോലന്മാർക്കും അവർ വഴിയായി കത്തോലിക്കാ ലോകത്തിലേ സകല വൈദികർക്കും നൽകി. ഇപ്രകാരം അവിടുന്നു ലോകാവസാനംവരെ തിരുസ്സഭയ്ക്കു തൻെറ യഥാർത്ഥ സാന്നിദ്ധ്യത്തെ സമ്പാദിച്ചുകൊടുത്തു. രണ്ടാമതായി, അവിടുന്നു ഈ വിസ്മയനീയമായ മാററം നമ്മുടെ ശരീരസംരക്ഷണത്തിനായുള്ള സാധനങ്ങളുടെ സാദൃശ്യങ്ങളിൽ സംഭവിക്കണമെന്നു നിശ്ചയിച്ചുകൊണ്ടു് നമുക്ക് ഒരു ആത്മീയവിരുന്നു നൽകി. ഈ വിരുന്നിൽ നമ്മുടെ ഭക്ഷണവും പാനീയവുമായിരിക്കുന്നതു് അവിടുന്നുതന്നെയാണ്. ഇതു നമുക്ക് മരണംവരെ അനുഭവിക്കയും ചെയ്യാം. മനുഷ്യനോടു ചെയ്ത വാഗ്ദാനത്തെ എത്ര നീതിപൂർവ്വം അവിടുന്നു പാലിച്ചിരിക്കുന്നു എന്നു നോക്കുക!

അപ്പവും വീഞ്ഞും അത്ഭുതകരമായവിധം മിശിഹായുടെ ശരീരവും രക്തവുമായി മാറുന്നതിൽനിന്ന് ആ മാററുന്നയാളിന്

സാധനങ്ങളുടെ മൂലധാതുക്കളിന്മേൽ പരിപൂർണ്ണമായ ആധിപത്യമുണ്ടെന്നൂഹിക്കാമല്ലൊ. തൻമൂലം ഈ കൂദാശയിൽ ദൈവത്തിൻെറ നിസ്സീമശക്തിയും, അവിടുന്ന ലോകത്തെ സൃഷ്ടിച്ചപ്പോഴും, കാനായിലെ വിരുന്നിൽ മിശിഹാ വെള്ളം വീഞ്ഞാക്കിയപ്പോഴും വിശദമാക്കിയതിൽ കൂടുതൽ അവിടുന്ന പ്രദശിപ്പിച്ചിരിക്കുന്നു.

ഓ! എൻെറ ആത്മാവേ, ദൈവത്തിൻെറ അനന്തനീതിയേയും ശക്തിയേയും നീ വാഴ്ത്തുക. അവനിൽ നീ പൂർണ്ണമായി വിശ്വസിക്ക. എന്തുകൊണ്ടെന്നാൽ അവിടുന്ന അളവററ വിധം ജ്ഞാനിയായിരിക്കുന്നതുപോലെതന്നെ തൻെറ വാഗ്ദാനത്തെ പാലിക്കുന്നതിൽ വിശ്വസ്തനും അതിനെ നിവത്തിക്കുന്നതിനു ശക്തനുമാകുന്നു.

ബോധജ്ഞാനം, നീതി, ശക്തി എന്നീ ദിവ്യലക്ഷണങ്ങൾ ഈ കൂദാശയിൽ പ്രശോഭിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും ദിവ്യനന്മ ഇവയൊക്കേക്കാൾ ഉപരിയായി ഈ മഹാരഹസ്യത്തിൽ പരിലസിക്കുന്നുണ്ട്. പരിപൂർണ്ണനന്മയായവൻ താൻ സ്നേഹിക്കുന്നവക്കു തനിക്കുള്ളവ കൊടുത്തുകൊണ്ടുമാത്രം തൃപ്തനാകുന്നില്ല. പ്രത്യുത, തന്നെത്തന്നെ നൽകുന്നു. ദൈവം മനുഷ്യക്ക് ചെയ്തിരിക്കുന്നതെല്ലാം സാക്ഷാൽ മഹനീയംതന്നെ. എന്നാൽ വി. കർബാന അവയുടെ എല്ലാം മകുടമാണെന്നു ന്യായപൂർവ്വം പ്രസ്താവിക്കാം.

ആദ്യമായി, ദൈവം മനുഷ്യനെ, തന്നെ അറിയുന്നതിനും, സ്നേഹിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനും ശക്തി നൽകിക്കൊണ്ടു സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ഇങ്ങനെ അവിടുന്ന തന്നെത്തന്നെ അവനു അറിയിച്ചുകൊടുത്തു. പിന്നീട് അവന് അതിസ്വാഭാവികമായ ജീവിതം നൽകി. അതായതു് അവിടുത്തെ യഥാതഥം അറിയുന്നതിനും സവ്വശക്തിയോടുംകൂടി സ്നേഹിക്കുന്നതിനുംവേണ്ടി അവൻെറ മനസ്സിനെ പ്രകാശിപ്പിച്ചുകൊണ്ടു്, സ്വഭാവത്തിൽ ഒന്നും ആളിൽ മൂന്നും ആയിരിക്കുന്ന തന്നെത്തന്നെ അനുഭവിക്കുന്നതിനു പ്രാപ്തി നൽകി. എന്നാൽ നമ്മുടെ സ്വർഗ്ഗീയ പിതാവിൻെറ സ്നേഹത്തിന് ഇത്രം പോരെന്നു തോന്നിയിട്ടു തൻെറ ഏകപുത്രനെത്തന്നെ നമുക്കു നൽകി. ഈ പുത്രനാണ് തൻെറ പീഡാനുഭവവും മരണവും

വഴിയായി നമ്മുടെ രക്ഷകനാകാൻവേണ്ടി നമ്മേപ്പോലെ മനുഷ്യനായിത്തീൎന്നതു്.

എന്നാൽ സ്നേഹനിധിയായ മിശിഹാ തൻെറ ഉയിപ്പിനുശേഷം സ്വൎഗ്ഗാരോഹണം ചെയ്യേണ്ടതാവശ്യമായിരുന്നതിനാൽ നമ്മേ ഇവിടെ അനാഥരായി ഉപേക്ഷിക്കുന്നതിനു് ദൈവത്തിൻെറ വലിയ നന്മ അനുവദിച്ചില്ല. പ്രത്യുത, സ്നേഹലക്ഷണമായ ഒരു പുതിയ അത്ഭുതത്താൽ ദിവ്യരക്ഷകൻ നമ്മോടുകൂടെ പരിശുദ്ധ കുർബാനയിൽ വസിക്കണമെന്നും നമ്മുടെ ആത്മാവിൻെറ ഭക്ഷണമായിത്തീരണമെന്നും അവിടുന്നു വ്യവസ്ഥ ചെയ്തു.

ഓ! ഇത്ര കാരുണ്യവാനായ കത്താവിനോടു നാം സാക്ഷാൽ കൃതജ്ഞതയുള്ളവരായിരിക്കേണ്ടതല്ലയോ?

---

# അദ്ധ്യായം 5

## ദിവ്യകാരുണ്യസ്ഥാപനം.

മനുഷ്യാവതാരം കഴിഞ്ഞാൽ വി. കുർബാനയാകുന്നു ദൈവത്തിനു് മനുഷ്യരുടെ നേക്കുള്ള സ്നേഹത്തിൻെറ ഏററം വലിയ ഉറപ്പു്. തൻമൂലം ദിവ്യരക്ഷകൻ ഈ ദിവ്യക്രദാശയുടെ സ്ഥാപനത്തിൻെറ സാഹചയ്യത്തിൽ തൻെറ സ്നേഹത്തിൻെറ ലക്ഷണങ്ങളെ വദ്ധിപ്പിച്ചു.

നമ്മുടെ കത്താവു നൽകിയ ദാനത്തിൻെറ മാഹാത്മ്യത്തെ വളരെ വദ്ധിപ്പിക്കുന്ന ഒന്നാമത്തെ സാഹചയ്യം താൻ ഈ ദിവ്യക്രദാശ സ്ഥാപിച്ചതു് ലോകരക്ഷാത്ഥം സ്വജീവനെ പരിത്യജിക്കുന്നതിനുള്ള സമയം ആസന്നമായപ്പോളാണെന്നുള്ളതുതന്നെ. മാതാപിതാക്കന്മാർ തങ്ങളുടെ മരണാവസരത്തിൽ സന്താനങ്ങളെ ആശ്വസിപ്പിച്ചുകൊണ്ടും, തങ്ങൾ ഏററം താല്പയ്യമായി സൂക്ഷിച്ചുവച്ചിരിക്കുന്ന വസ്തുക്കളെ അവക്കു പ്രദാനം ചെയ്തുകൊണ്ടും സ്നേഹത്തിൻെറ പ്രത്യേക ലക്ഷണങ്ങൾ പ്രദശിപ്പിക്കാറുണ്ടല്ലോ.

നമ്മുടെ സ്നേഹനാഥനായ മിശിഹാ അന്തിമഭോജനത്തിൽ ദിവ്യകാരുണ്യം സ്ഥാപിച്ചപ്പോൾ ലോകത്തിനുവേണ്ടി സ്വജീവനെ ബലികഴിക്കുന്നതിനുള്ള സമയം ആസന്നമായെന്നു നല്ലവണ്ണം അറിഞ്ഞിരുന്നു. ഇങ്ങനെ "ലോകത്തിലായിരുന്ന തന്റെ സ്വന്തമായവരെ സ്നേഹിച്ചശേഷം അവസാനത്തോളം അവരെ സ്നേഹിച്ചു." (യോഹ. 13. 1.) തനിക്ക് അവർക്കായി നൽകാൻ പാടുള്ളതിൽ ഏററം വലിയ സ്നേഹലക്ഷണമായിരുന്നു ഈ കുദാശയുടെ സ്ഥാപനം. എന്തുകൊണ്ടെന്നാൽ അതിൽ തന്റെ ശരീരവും, രക്തവും, ആത്മാവും, ദൈവികത്വവും തന്നെയാണുള്ളത്. അത് വരാനിരിക്കുന്ന എല്ലാക്കാലത്തേയ്ക്കുമത്രേ. ഇപ്രകാരം തന്റെ പ്രിയ ശിഷ്യരെ അവരുടെ ഇടയിൽ നിരന്തരമായ സാന്നിദ്ധ്യം വാഗ്ദാനം ചെയ്തുകൊണ്ട് അവിടുന്ന് ആശ്വസിപ്പിച്ചു. ഇങ്ങനെ "സ്നേഹം മരണത്തെപ്പോലെ ശക്തിയുള്ളതാണെന്ന്" (പാട്ടു. പാട്ടു. 6.) അവിടുന്നു വെളിവാക്കി. എന്തുകൊണ്ടെന്നാൽ താൻ താമസംവിനാ സ്വശിഷ്യരിൽ ഒരുവനാൽ അന്യായമായി ഒററിക്കൊടുക്കപ്പെടുമെന്നും, അതിനുവേണ്ടി താൻ മരിക്കുന്നുവോ അവർ തന്നെത്തന്നെ വധിക്കുമെന്നും സംശയലേശമെന്ന്യേ അവിടുന്ന് അറിഞ്ഞിരുന്നു. എന്നാൽ തന്റെ വാഗ്ദാനത്തെ നിവർത്തിക്കുന്നതിൽനിന്ന് അവിടുത്തെ വിരമിപ്പിക്കാൻ യാതൊന്നിനും കഴിഞ്ഞില്ല.

മിശിഹായ്ക്കു മനുഷ്യരോടുണ്ടായിരുന്ന സ്നേഹം ശത്രുക്കളുടെ വിദ്വേഷത്തേക്കാൾ ശക്തിയേറിയതും അതിരുകടന്നതുമായിരുന്നു. അവർ അവിടുത്തെ കൊലപ്പെടുത്തിയത് യഥാർത്ഥത്തിൽ ഒരു വലിയ അപരാധമാണ്. എന്നാൽ താനാവട്ടെ അവർക്കു നിത്യം ഉപകരിക്കുന്നതിന് അവരോടുകൂടെ വസിക്കാൻവേണ്ടി ഏററം വലിയ അത്ഭുതങ്ങളിൽ ഒന്നിനെ പ്രവർത്തിച്ചു.

ദൈവം സർവ്വശക്തനാകയാൽ തനിക്ക് എന്തെങ്കിലും ചെയ്യുന്നതിനു യാതൊരു സൃഷ്ടിയുടേയും ആവശ്യം അശേഷമില്ല. എങ്കിലും തന്റെ നന്മനിമിത്തം അവിടുന്നു വിവേകബുദ്ധിയുള്ള ചില സൃഷ്ടികളെ തിരഞ്ഞെടുത്ത് അവർക്ക് സ്വശക്തി നൽകുകയും, അവർ തന്റെ കീഴിൽ തന്റെ ആയുധമെന്നവണ്ണം പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. ഇങ്ങനെയാണ് അവിടുന്നു വി. കുർബാനയെ സംബന്ധിച്ചു ചെയ്തിട്ടുള്ളത്. ഈ ദിവ്യകുദാശ വീണ്ടും കുദാശ ചെയ്യേണ്ട ആവശ്യം നേരിടാത്തവിധം

ഒരിക്കൽ എക്കാലത്തേയ്ക്കുമായി അവിടുത്തേയ്ക്ക് അതിനെ സ്ഥാപിക്കാമായിരുന്നു. എങ്കിലും "ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന വാക്കുകളാൽ ഈ അധികാരത്തേത്തന്നെ അവിടുന്ന് അപ്പസ്തോലന്മാൎക്കും അവർ വഴിയായി ലോകാവസാനംവരെയുള്ള എല്ലാ പുരോഹിതന്മാൎക്കും നൽകുന്നതിനു നിശ്ചയിച്ചു.

ഇപ്രകാരമാണ് ഔദാൎയ്യമൂൎത്തിയായ കൎത്താവ് കാലാന്തംവരെ വിശ്വാസികളുടെ ഭക്ഷണവും പാനീയവുമായിത്തീരാൻവേണ്ടി സ്വന്തം ശരീരവും രക്തവും തിരുസ്സഭയ്ക്കു പ്രദാനം ചെയ്തതു്. ഇതുകൊണ്ടു മാത്രം തൃപ്തനാകാതെ, കൂദാശ ചെയ്യുവാനുള്ള സ്വന്തം അധികാരംതന്നെ പുതിയനിയമത്തിലെ എല്ലാ ഭാവിവൈദികന്മാൎക്കും മരണശാസനംമൂലം അവിടുന്നു നൽകി. ഇക്കാരണത്താൽ അപ്പസ്തോലന്മാൎക്ക് മാത്രമല്ല, അവരുടെ എല്ലാ പിൻഗാമികൾക്കും വി. കുർബാന കൂദാശ ചെയ്യുന്നതിനേ സംബന്ധിച്ചിടത്തോളം മിശിഹായ്ക്കുള്ള അധികാരംതന്നെയാണുള്ളതു്. തൻമൂലം ഈ വിഷയത്തിൽ ഓരോ കത്തോലിക്കാ വൈദികനും വേറൊരു മിശിഹായാണെന്നു സമൎത്ഥിക്കാം.

.ആകയാൽ ഇത്ര വലിയ ഔദാൎയ്യത്തിനുവേണ്ടി നമ്മുടെ കൎത്താവിനോട്ട് നാം കൃതജ്ഞത പ്രകാശിപ്പിക്കയും, അവിടുത്തെ പൌരോഹിത്യത്തെ ആദരിക്കുന്നപോലെതന്നെ അവിടുത്തെ വൈദികരുടെ പൌരോഹിത്യമുദ്രയേയും ആദരിക്കുന്നതാണെന്നു ദൃഢപ്രതിജ്ഞ ചെയ്കയും വേണം.

* * * *

മിശിഹാ വി. കുർബാന സ്ഥാപിച്ചതു് തന്റെ മരണത്തിന്റെ തലേരാത്രിയിലാണെന്നും, അവിടുന്നു നിൎവ്വഹിച്ച കൃത്യംതന്നെ നിൎവ്വഹിക്കുന്നതിന് അപ്പസ്തോലന്മാൎക്കും പുരോഹിതന്മാൎക്കും അധികാരം നൽകിയെന്നുമുള്ളതിൽ നിന്നു മാത്രമല്ല തന്റെ സ്നേഹം വിശദമാകുന്നതു്. തന്റെ ശിഷ്യന്മാർ തന്നെ ഉപേക്ഷിക്കാനിരിക്കുന്നുവെന്നും, അതിൽ പ്രത്യേകിച്ചു് അവരിൽ ഒരാൾ തന്നെ ഒററിക്കൊടുക്കുവാൻ ഇരിക്കുന്നുവെന്നും താൻ നല്ലതുപോലെ അറിഞ്ഞിരുന്നിട്ടും പ്രസ്തുത കൂദാശ സ്ഥാപിച്ചതിൽനിന്ന് അവിടുത്തെ നിസ്സീമ സ്നേഹം സ്പഷ്ടമാകുന്നുണ്ടു്. മനുഷ്യസ്നേഹത്തിന്റെ അസ്ഥിരതയേയും, ഉദാരമതിയായ ഒരു സ്നേഹിതനു ലഭിക്കാവുന്ന കൃതഘ്നതയുടെ അഗാധതയേയും രക്ഷകന്റെ ജ്ഞാനദൃഷ്ടിക്കു ഗോചരീഭവിപ്പിച്ച

വ്യസനകരമായ ഈ മുന്നറിവ് തൻെറ ശിഷ്യന്മാരെ സ്നേഹിക്കുന്നതിൽനിന്നും, അവരെ നിത്യപുരോഹിതന്മാരാക്കിത്തീക്കുന്നതിൽനിന്നും മാധുര്യവാനായ ആ കത്താവിനെ നിരോധിച്ചില്ല. തന്നെയുമല്ല, അവരെ പുതിയ നിയമത്തിലെ പുരോഹിതന്മാരാക്കിയതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ സ്വന്തം ശരീരവും രക്തവും സ്വകരങ്ങളാൽ അവക്കു പ്രദാനം ചെയ്തുകൊണ്ട് അവരെ തൻെറ ജീവനിലും അസ്തിത്വത്തിലും പങ്കുകാരാക്കുന്നതിനും അവിടുന്നു തിരുമനസ്സായി.

എന്നാൽ, അപ്പോൾ സ്നേഹമൂത്തിയായ നമ്മുടെ ദിവ്യരക്ഷകൻ തൻെറ ശിഷ്യന്മാരുടെ അസ്ഥിരതയും കൃതഘ്നതയും മാത്രമല്ല ദൂരദശ്നം ചെയ്തിരുന്നതു്. പ്രത്യുത, സവ്വജ്ഞനായ അവിടുത്തെ ഏകവീക്ഷണത്താൽ ഭാവിതലമുറകളെയെല്ലാം കണ്ടുകൊണ്ട്, നിരീശ്വരന്മാരിൽനിന്നും, മന്ദപുണ്യരായ ക്രിസ്ത്യാനികളിൽനിന്നും സ്നേഹത്തിൻെറ കൂദാശയിൽ താൻ സഹിക്കേണ്ടിവരുമെന്ന അവമാനങ്ങൾ വ്യക്തമായി ഗ്രഹിച്ചിരുന്നു. എന്നാൽ ഇവയിലൊന്നിനും അതിസംപൂജ്യമായ ഈ കൂദാശയുടെ സ്ഥാപനത്തിൽനിന്നും അവിടുത്തെ വിരമിപ്പിക്കാൻ ശക്തിയുണ്ടായിരുന്നില്ല.

ദിവ്യകാരുണ്യസ്ഥാപനത്തിൻെറ ഈ സാഹചയ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതു് വളരെ നല്ലതുതന്നെ. ഇങ്ങനെ ചെയ്താൽ, ലോകാവസാനംവരെ ഈ കൂദാശയിൽ നമ്മോടുകൂടെ സ്ഥിതിചെയ്യുന്നതിനു നിശ്ചയിച്ച ദിവ്യരക്ഷകൻെറ അതിരററ സ്നേഹത്തെ ഒരു നല്ല കത്തോലിക്കൻ ഉപരിയായി വിലമതിക്കാതിരിക്കയില്ല.

---

# അദ്ധ്യായം 6

## "മിശിഹാ നമ്മോടുകൂടെ"

"കത്താവേ, ഞങ്ങളുടെകൂടെ താമസിക്കു; എന്തുകൊണ്ടെന്നാൽ സന്ധ്യയാകാറായിരിക്കുന്നു" (ലൂക്കാ 24; 29.)

ദൈവം പഴയനിയമകാലത്തു് യഹൂദന്മാക്ക് വാഗ്ദാന

ത്തിൻെറ പെട്ടകം നൽകിയിരുന്നു. അങ്ങനെ ചെയ്തുത് അവരെ മെസ്രേനിലെ അടിമത്തത്തിൽനിന്ന വിമോചിച്ച് വാഗ്ദാന ഭൂമിയിലേയ്ക്കു് ആനയിക്കുന്ന വിഷയത്തിൽ തനിക്കുണ്ടായിരുന്ന താല്പര്യത്തിൻെറ സ്മാരകമായി അതു് അവരോടുകൂടെ സ്ഥിതി ചെയ്യണമെന്നു കരുതിയാണ്. പ്രസ്തുത പെട്ടകത്തിൽ മന്നായും പ്രമാണപ്പലകകളും സൂക്ഷിക്കണമെന്ന് അവിടുന്ന് മൂശയോടു കല്പിച്ചിരുന്നു. അവർ മരുഭൂമിയിൽവെച്ചു നാല്പതു സംവത്സരത്തേയ്ക്കു് അത്ഭുതകരമായവിധം പരിപോഷിപ്പിക്കപ്പെട്ടതിനേയും, അവരുടെ സാന്മാർഗ്ഗികജീവിതത്തിനായി ദൈവത്തിൽനിന്നു പ്രമാണങ്ങൾ സ്വീകരിച്ചതിനേയും അവർ സദാ അനുസ്മരിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ കല്പിച്ചതു്.

എന്നാൽ പുതിയ നിയമത്തിലാകട്ടെ, ദൈവം തൻെറ സഭയ്ക്കു കേവലം സാധനങ്ങളെമാത്രം— അവ എത്രതന്നെ പരിശുദ്ധങ്ങളായിക്കൊള്ളട്ടെ— നൽകിയതുകൊണ്ടു തൃപ്തനായില്ല. തൻെറ വിശ്വാസികൾക്ക് വി. സുവിശേഷത്തെ പ്രദാനം ചെയ്തുകൊണ്ടും അവിടുന്നു തൃപ്തിപ്പെട്ടില്ല; പ്രത്യുത, തൻെറ ദിവ്യപുത്രൻതന്നെ സദാ നമ്മുടെ സക്രാരികളിൽ വസിക്കണമെന്നുകൂടി നിശ്ചയിച്ചു. ഇങ്ങനെ ചെയ്തുത് നാം ഈ പ്രവാസകാലത്തു് അവിടുത്തേ പക്കൽ ആശ്വാസം കണ്ടെത്തുന്നതിനും, ആവശ്യങ്ങളിൽ അവിടുത്തേ അഭയം പ്രാപിക്കുന്നതിനും, അവിടുന്നു സത്യമായി എഴുന്നെള്ളിയിരിക്കുന്ന തിരുവോസ്തി കാണുമ്പോൾ അവിടുന്നു നമ്മെ പഠിപ്പിച്ചിട്ടുള്ളതും നമുക്കുവേണ്ട സഹിച്ചിട്ടുള്ളതുമെല്ലാം സ്മരിക്കുന്നതിനും, നമ്മുടെ പരമകർത്താവെന്ന നിലയ്ക്കു് മഹത്വമുള്ളവനായ അവിടുന്നർഹിക്കുന്ന ആരാധന സമർപ്പിക്കുന്നതിനുംവേണ്ടിയാണ്.

നമ്മുടെ ഉത്തമ മിത്രവും, കൃപയുള്ള ദൈവവും, സ്നേഹമുള്ള നാഥനും, യജമാനനുമായ മിശിഹാ നമ്മുടെയിടയിൽ വസിക്കുന്ന മാത്രയിൽ പുണ്യാഭ്യാസം അതിൻെറ സർവ്വരൂപത്തിലും സുകരമായി ഭവിക്കുന്നു. നമ്മുടെ മദ്ധ്യേയുള്ള തൻെറ സാന്നിദ്ധ്യത്താൽ നമ്മുടെ പ്രിയമുള്ള "എമ്മാനുവേൽ" ദുഃഖങ്ങൾ ശമിപ്പിച്ചുകൊണ്ടും, നന്മ ചെയ്യാൻ നമ്മെ പ്രേരിപ്പിച്ചുകൊണ്ടും, തൻെറ പഠനങ്ങളുടെ സ്മരണ നമ്മിൽ സജീവമാക്കിക്കൊണ്ടും, സർവ്വത്തിൻെറയും സ്രഷ്ടാവായ ദൈവത്തിനനുയോ

ജ്യമായവിധം തന്നെ ആരാധിക്കുന്നതിന് നമ്മെ പ്രോത്സാഹിപ്പിച്ചുകൊണ്ടുമാണിരിക്കുന്നത്.

*        *        *        *

ദൈവം സർവ്വവ്യാപിയും സർവ്വജ്ഞനുമാണ്. എന്നിരുന്നാലും അവിടുന്ന് നമ്മുടെ ഗ്രഹണശക്തിക്കു മേല്പെട്ടവിധം കേവലം അരൂപനാണ്. അതുകൊണ്ട് അവിടുന്നു നമ്മുടെ സമീപെയുണ്ടെന്നും, നമുക്കു സ്നേഹപൂർവ്വം അവിടുത്തോടു സംഭാഷണം നടത്തുവാൻ സാധിക്കുമെന്നുമുള്ളത് ശരിയാണെന്നു വിശ്വസിക്കുവാൻ പ്രയാസമത്രെ. എന്നാൽ മനുഷ്യവേഷം ധരിച്ച ദിവ്യകർത്താവ് നമ്മുടെ മദ്ധ്യേ അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ വസിക്കുന്നുണ്ടെന്ന് അറിയുന്ന ക്ഷണം നമുക്കുണ്ടാകുന്ന ആശ്വാസം എത്ര വലുത്! എന്തുകൊണ്ടെന്നാൽ അവിടുന്ന് അപ്പസ്തോലന്മാരോടു സംഭാഷണം ചെയ്ത അവസരത്തിൽ അവരോട് എത്ര അടുത്തായിരുന്നോ അത്രതന്നേ നമ്മോടും അടുത്താണിരിക്കുന്നതെന്നു നാം അറിയുന്നു. അവിടുത്തെ വാക്കുകളിൽ ആശ്രയിച്ചുകൊണ്ടും അവിടുത്തോടു സ്നേഹപൂർവ്വം സംസാരിച്ചുകൊണ്ടും, ചുററുംകൂടിയ ജനക്കൂട്ടത്തെപ്പോലെ നമുക്കും അവിടുത്തേ സമീപിക്കാമെന്നറപ്പുണ്ട്.

മനുഷ്യൻ മുഖ്യമായി ഒരു സാമുദായിക ജീവിയാണ്. തൻമൂലം തനിയേ വസിക്കേണ്ടിവരുന്നതിനേക്കാൾ അവന്റെ പ്രകൃതിക്ക് സങ്കടകരമായി മറെറാന്നുമില്ല. ഒരു മനുഷ്യനു സംഭവിക്കാവുന്നതിൽ ഏററം വലിയ പീഡയാണ് ഏകാന്തവാസം. കൂട്ടുകാരില്ലാതെയിരിക്കുകയെന്നത് ജീവികളോടുള്ള സംഭാഷണത്തിൽനിന്നും വേർപെട്ടിരിക്കുകയെന്നതുതന്നെയാണല്ലോ. തനിക്കു വിശ്വാസപൂർവ്വം ആശ്രയിക്കുന്നതിനും, ദുഃഖാരിഷ്ടതകളെ ഹൃദയം തുറന്ന് അറിയിക്കുന്നതിനും യാതൊരുത്തരേയും ലഭിക്കാത്ത മനുഷ്യൻ എത്ര നിർഭാഗ്യൻ!

നമ്മുടെ ദിവ്യരക്ഷകനാകട്ടെ, നിസ്സീമസ്നേഹം കാരണത്താൽ ദുഃഖഭൂയിഷ്ഠമായ ഈ ഭൂമിയിൽ നാം നിരാലംബരായിരിക്കുന്നതിനു തിരുമനസ്സായില്ല. പ്രത്യുത, നമുക്കുവേണ്ടി സക്രാരികളിൽ— ചിലപ്പോൾ അവ അവിടുത്തേ മഹത്വത്തിനു തീരെ അനുയോജ്യമല്ലാത്തവതന്നേയായിരിക്കാം— വസിക്കുന്നതിനു നിശ്ചയിച്ചു. എന്നാൽ ഭൂമിയിൽ തനിക്കു യോജിച്ച ഒരു വാസസ്ഥലമില്ലെന്നുള്ള മുന്നറിവ് നമ്മോടുകൂടെ സദാ വസിക്കണമെ

ന്നുള്ള അവിടുത്തേ നിശ്ചയത്തെ, തടയുന്നതിന് മതിയായിരുന്നില്ല. അവിടുന്ന് ഇങ്ങനെ ചെയ്തത്, തന്റെ സാന്നിദ്ധ്യത്താൽ നമ്മെ സമാശ്വസിപ്പിക്കുന്നതിനും നമ്മുടെ ആവശ്യങ്ങളിലും ഞെരുക്കങ്ങളിലും ആശ്രയമായിത്തീരുന്നതിനും വേണ്ടിയാണ്. മാത്രമല്ല, നമുക്കുള്ള ക്ലേശങ്ങൾ മനസ്സിലാക്കി നമ്മുടെ മുറിവുകളിൽ തന്റെ സ്വർഗ്ഗീയാശ്വാസമാകുന്ന സുഗന്ധതൈലം ഒഴിക്കുന്നതിന് ശക്തിയുള്ള ഒരു സ്നേഹിതൻ ആവശ്യമാണെന്നും അവിടുന്നു അറിഞ്ഞിരുന്നു.

ദൈവമായിരിക്കയിൽ തന്നെ മനുഷ്യനുമായിരിക്കയും, നമ്മുടെ കഷ്ടാരിഷ്ടതകളിൽ സഹതപിക്കയും ചെയ്യുന്ന ഒരാളിന്റെ സാന്നിദ്ധ്യത്തെ നൽകുന്നതിനാൽ വി. കുർബാന നമ്മുടെ ശാശ്വതമായ ആശ്വാസകാരണംതന്നെ. ഇതിനുംപുറമേ, ഈ ദിവ്യക്കൂദാശ നമ്മേ മിശിഹാ ചെയ്തിട്ടുള്ളതും, സഹിച്ചിട്ടുള്ളതും, പഠിപ്പിച്ചിട്ടുള്ളതുമെല്ലാം സദാ അനുസ്മരിപ്പിച്ചുകൊണ്ടാണിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ ദിവ്യോസ്തിയിൽ സ്ഥിതിചെയ്യുന്ന മിശിഹാ പരിശുദ്ധ കന്യകാമറിയത്തിൽനിന്നും ജനിച്ച അത്ഭുതകരനായ ശിശുവും, ദേവാലയത്തിൽവെച്ചു വേദശാസ്ത്രജ്ഞന്മാരെ വിസ്മയിപ്പിച്ച ജ്ഞാനിയായ ബാലനും, രോഗികളെ സുഖമാക്കിയും, ദുഃഖിതരെ സമാശ്വസിപ്പിച്ചും, മോക്ഷവഴി പഠിപ്പിച്ചും ജീവിതം നയിച്ച മഹാ ദീർഘദർശിയും, ലോകപാപത്തിനുവേണ്ടി സ്വജീവനെ ബലികഴിച്ച ദൈവത്തിന്റെ മാധുര്യമുള്ള കുഞ്ഞാടും തന്നെയാകുന്നു. തിരുവോസ്തിയുടെ പരിശുദ്ധ സാദൃശ്യങ്ങളിൽ മറഞ്ഞാണെങ്കിലും അതിൽ യഥാർത്ഥമായി സന്നിധിചെയ്യുന്ന ദിവ്യരക്ഷകന്റെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട് അവിടുത്തേ വിവിധ സ്ഥിതിയേക്കുറിച്ചു ധ്യാനിക്കുന്നത് വിശ്വാസമുള്ള ഒരാൾക്ക് എത്ര ഉപകാരപ്രദം!

അവസാനമായി, ദിവ്യമഹത്വത്തിന് നാം ചെയ്‌വാൻ കടപ്പെട്ടിരിക്കുന്ന ആരാധനയെ പ്രദർശിപ്പിക്കുന്നതിനുള്ള എളുപ്പവഴികൂടിയാണ് വി. കുർബാന. ദൈവത്തെ സ്രഷ്ടാവും പരമനാഥനുമായി അംഗീകരിക്കുന്നതിനും, അവിടുത്തെ ആ നിലയിൽ ആരാധിക്കുന്നതിനും നാം സാക്ഷാൽ ചുമതലക്കാരാണല്ലോ. ഈ ദൈവം തന്നെയാണ് നമ്മോടേററം അ

ടുത്തു് അൽത്താരകളിൽ സ്ഥിതിചെയ്യുന്നതു്. തൻമൂലം അക്രുദാശയെ ആരാധിക്കുമ്പോൾ നാം കടപ്പെട്ടിരിക്കുന്നപ്രകാരം ലോകസ്രഷ്ടാവായ അവിടുത്തെത്തന്നെയാണ് ആരാധിക്കുന്നതെന്നുള്ള സംഗതിയാൽ നമ്മുടെ ചുമതലയുടെ നിർവ്വഹണം സുസാധ്യമായിത്തീരുന്നു.

---

## അദ്ധ്യായം 7

### വസ്തുഭേദം.

ദൈവം വിശ്വം മുഴുവന്റേയും സ്രഷ്ടാവും പരമനാഥനുമാണ്. ആകയാൽ അവിടുത്തേയ്ക്കു് പ്രകൃതിയുടെ സാധാരണ ഗതിയേ കവിഞ്ഞു് അത്ഭുതാവഹമായ ഫലങ്ങൾ ഉളവാക്കാൻ സാധിക്കുമെന്നു് വിശ്വസിക്കുന്നതിനു യാതൊരു വൈഷമ്യവുമില്ല. പ്രകൃതി അവിടുത്തെ കൈയിൽ യഥേഷ്ടം ഉപയോഗിക്കാവുന്ന ഒരുപകരണമാകുന്നു. തൻമൂലം വിശ്വത്തിന്റെ ശക്തികളെയെല്ലാം അതിലംഘിക്കുന്ന സംഭവങ്ങളായ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ദൈവത്തിനു സാധിക്കും. ഇത്തരം വിസ്മയനീയ സംഭവങ്ങൾ അവിടുന്നു തന്റെ അതിരററ കാരുണ്യത്താൽ മനുഷ്യവർഗ്ഗത്തിന്റെ ഗുണത്തെ ഉദ്ദേശിച്ച് ഉളവാക്കുക അപൂർവ്വമല്ല. ആകയാൽ അവിടുന്നു നമ്മെ നിത്യമായി സ്നേഹിക്കുകൊണ്ടു്, അപ്പവും വീഞ്ഞും, ക്രുദാശവചനങ്ങൾ ശബ്ദിക്കുന്ന ക്ഷണം, മിശിഹായുടെ സാക്ഷാൽ ശരീരവും രക്തവുമായിത്തീരണമെന്നു നിശ്ചയിച്ചതിൽ വിസ്മയിക്കേണ്ടതില്ല.

ഈ സ്നേഹമുള്ള രക്ഷകൻ കാനായിലെ കല്യാണവിരുന്നിൽവെച്ചു തന്റെ പരിശുദ്ധ ജനനിയുടെ അപേക്ഷപ്രകാരം വെള്ളം വീഞ്ഞാക്കിക്കൊണ്ടു് പ്രകൃതിഭൂതങ്ങളുടെമേലുള്ള തന്റെ അതിരററ ശക്തിയെ പ്രത്യക്ഷപ്പെടുത്തി. വി. കുർബാനയിലാകട്ടെ ഇതിനേക്കാൾ ഉപരിയായ ചില അത്ഭുതങ്ങളാണ് സംഭവിക്കുന്നതു്. എങ്ങനെയെന്നാൽ, കുർബാനയിൽ അപ്പവും വീഞ്ഞും അതുവരെ അസ്തിത്വമില്ലാതിരുന്ന ഒരു പുതിയ വസ്തുവായിട്ടല്ല, പിന്നെയോ, അപ്പോൾ അസ്തിത്വമുള്ള ഒരു വസ്തുവാ

യിട്ട്, അതായത്, മിശിഹായുടെ യഥാൎത്ഥ ശരീരമായിട്ട്— അതേ, ഇപ്പോൾ സ്വൎഗ്ഗത്തിൽ സ്ഥിതിചെയ്യുന്നതും, പല ദേവാലയങ്ങളിലും പല അൾത്താരകളിലും ഇപ്പോൾ സ്ഥിതിചെയ്യാനിടയുള്ളതുമായ അതേ ശരീരമായിട്ടത്രേ ഭേദപ്പെടുന്നത്. അത്ഭുതങ്ങളിൽ അത്ഭുതമായ ഇതിനെയാകുന്നു "വസ്തുഭേദം" എന്നു പറയുന്നത്. ഇതിനു തുല്യമായ വേറൊന്ന് സൃഷ്ടിക്കപ്പെട്ടിട്ടുള്ളയാതൊന്നിലുമില്ല.

ഇത്ര ഉന്നതനും, സൃഷ്ടി മുഴുവന്റെമേലും ഇത്ര വളരെ സ്വാധീനതയുള്ളവനുമായ നമ്മുടെ സ്വൎഗ്ഗീയപിതാവ് തന്റെ നിസ്സീമശക്തി പ്രയോഗിക്കുന്നത് നമ്മുടെ ഗുണത്തെ ഉദ്ദേശിച്ചു മാത്രമാണെന്നു ചിന്തിക്കുന്നത് എത്ര ആശ്വാസകരം! അകയാൽ നാം അവിടുത്തോടു നന്ദി പ്രദൎശിപ്പിക്കയും, ഈ വലിയ അനുഗ്രഹത്തിനുപകരം നമ്മുടെ സൎവ്വശക്തിയും അവിടുത്തെ ശുശ്രൂഷിക്കുന്നതിനും അവിടുത്തേ മഹിമയെ വൎദ്ധിപ്പിക്കുന്നതിനും മാത്രം വിനിയോഗിക്കുന്നതാണെന്നു നിശ്ചയിക്കയും വേണം.

* * * *

വസ്തുഭേദം എന്ന രഹസ്യത്താൽ അപ്പത്തിന്റേയും വീഞ്ഞിന്റേയും ഉപതിഷ്ഠത്തുകൾ (Substances) നേരിട്ടു ദിവ്യരക്ഷകന്റെ ശരീരവും രക്തവുമായി പകരുന്നു എന്നു മാത്രമല്ല, കൂദാശ ചെയ്തശേഷവും അവയുടെ ബാഹ്യപ്രകൃതികൾ അതേ സ്ഥിതിയിൽതന്നെ നിൽക്കുന്നു എന്നുകൂടെയും നാം മനസ്സിലാക്കണം. ഈ സാദൃശ്യങ്ങളും അഥവാ ബാഹ്യപ്രകൃതികളും പരിശുദ്ധമായവതന്നെ. എന്തുകൊണ്ടെന്നാൽ അവയും മിശിഹായുടെ ശരീരരക്തങ്ങളും ഒന്നിച്ചുചേൎന്നിരിക്കുന്നതാണ് വിശുദ്ധ കുർബാനയെന്നകൂദാശ.

നമ്മുടെ കൎത്താവിനു സ്വശരീരത്തെ അതിന്റെ സ്വതേയുള്ള ആകൃതിയിലും നിറത്തിലും വി. കുർബാനയിൽ പ്രദാനം ചെയ്യാമായിരുന്നു. എന്നാൽ അങ്ങനെ ചെയ്തിരുന്നെങ്കിൽ ദൃശ്യഛായയിൽ അവിടുത്തെ സ്വീകരിക്കാൻ നമുക്ക് അവജ്ഞയുണ്ടായേനെ. തൻമൂലം, നമ്മെ പരിപോഷിപ്പിക്കുന്നതിനും നമ്മുടെ ദാഹത്തെ ശമിപ്പിക്കുന്നതിനും പ്രകൃതിയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന വസ്തുക്കളുടെ രൂപങ്ങളിൽ അവിടുന്നു നമ്മുടെ ഭക്ഷണവും പാനീയവുമാകുന്നതിനു തിരുമനസ്സായി. ഇങ്ങനെ ചെയ്യുമ്പോൾ അവിടുന്നു നമ്മുടെ ബലഹീനതയ്ക്കനുസരണമായി

 14016.

എളിമപ്പെടുകയാണുണ്ടായത്. ഇപ്രകാരം നമ്മുടെ കർത്താവ്, ഇതുവരെയെങ്ങനെയൊ അങ്ങനെ, തൻെറ മക്കൾക്ക് ഏററം ഉപകരിക്കത്തക്കവിധം വിശിഷ്ടദാനങ്ങൾ നൽകുന്ന കരുണയുള്ള പിതാവാണെന്നു വിശദമാക്കുന്നു.

ഇതിനുംപുറമേ, കൂദാശ ചെയ്തശേഷവും അപ്പത്തിൻെറയും വീഞ്ഞിൻെറയും ബാഹ്യപ്രകൃതികൾ അതേ സ്ഥിതിയിൽ തന്നെ നിൽക്കണമെന്ന് നമ്മുടെ കർത്താവു നിശ്ചയിച്ചിരിക്കുന്നു. ഇതുകൊണ്ട് അവിടുന്നുദ്ദേശിക്കുന്നത് നമ്മുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നതിന് അവസരമുണ്ടാക്കിത്തരണമെന്നത്രെ. വിശ്വാസത്തിൻെറ വിഷയം അദൃശ്യവസ്തുക്കളാണല്ലൊ. കൂദാശ ചെയ്തശേഷവും നമ്മുടെ കണ്ണുകൾ അപ്പവും വീഞ്ഞും മാത്രമെ കാണുന്നുള്ളുവെങ്കിലും "ഇതെൻെറ ശരീരമാകുന്നു, ഇതെൻെറ രക്തമാകുന്നു" എന്നു മിശിഹാ പറഞ്ഞിട്ടുള്ളതിനാലും, അവിടുത്തെ വചനങ്ങൾക്ക് ഭംഗംവരാൻ പാടില്ലാത്തതുകൊണ്ടും, വി. കുർബാനയിൽ നമ്മുടെ കർത്താവിൻെറ ശരീരവും രക്തവും സത്യമായും യഥാർത്ഥമായും വാസ്തവികമായും സ്ഥിതിചെയ്യുന്നെന്നു നാം ദൃഢമായി വിശ്വസിക്കുന്നു.

ഇങ്ങനെ ഈ മഹനീയകൂദാശ ആത്മാവിൻെറ ഭക്ഷണവും പാനീയവുമാകുന്നുവെന്നതന്നെയല്ല, ഇതിൽ വിശ്വാസം എന്ന പുണ്യത്തെ പ്രായോഗികമാക്കിത്തീർക്കുന്നതിനുള്ള അവസരം കൂടി നമുക്കുണ്ട്. "വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് സാധിക്കുന്നതല്ല." (എബ്രായ 11. 6.)

* * * *

വസ്തുഭേദമെന്ന മഹാരഹസ്യം അതിപ്രധാനങ്ങളായ രണ്ടു പാഠങ്ങളാണു നമ്മെ പഠിപ്പിക്കുന്നത്. ഒന്നാമത്തേത്, അപ്പത്തിൻേറയും വീഞ്ഞിൻേറയും ഉപവസ്തുക്കൾ ദിവ്യരക്ഷകൻെറ ശരീരവും രക്തവുമായിത്തീരുന്നതുപോലെ നാമും പിതാവിൻെറ, "മഹത്വത്തിൻെറ പ്രഭയും തത്വത്തിൻെറ രൂപവുമായ" മിശിഹായേപ്പോലെ ആയിത്തീരുന്നതിന് പ്രയത്നിക്കണമെന്നുള്ളതാകുന്നു. വി. കുർബാന സ്ഥാപിച്ചതിൻെറ പ്രധാനമായ ഉദ്ദേശം ഇതുതന്നെ. അതായത്, ഈ കൂദാശയെ യോഗ്യതാപൂർവ്വം സ്വീകരിച്ചുകൊണ്ട് ദിവ്യരക്ഷകനു സ്വന്തമായിരിക്കുന്ന പരിപൂർണ്ണതകളേയും ജീവിതരീതിയേയും ക്രമശഃ നമ്മിൽ പ്രത്യക്ഷപ്പെടുത്തുന്നതിനിടയാക്കണമെന്നതുതന്നെ. വസ്തുഭേദം ദൈ

വിക ശക്തിയുടെ പ്രവൃത്തിയത്രേ. ഇപ്രകാരംതന്നെ നമ്മിലുള വാകുന്ന രൂപാന്തരവും വി. കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കമൂലം സമൃദ്ധിയായി ലഭിച്ചുകൊണ്ടിരിക്കുന്ന ആ ദിവ്യപ്രസാദ വരത്തിൻെറ പ്രവൃത്തിയായിരിക്കണം.

ആന്തരിക ജീവിതത്തിൻെറ പരിശീലനം വഴിയായി നമ്മുടെ ആത്മാവിൽ നിർവ്വഹിക്കപ്പെടുന്ന വലിയ പ്രവൃത്തിയെക്കുറിച്ചുള്ളതാകുന്നു പ്രാധാന്യമേറിയ രണ്ടാമത്തേ പാഠം. നമ്മുടെ ദിവ്യരക്ഷകൻ വി. കുർബാനയിൽ സാക്ഷാൽ സന്നിഹിതനാണ്. എന്നാൽ സാധാരണയുള്ള അപ്പവും കൂദാശ ചെയ്യപ്പെട്ട അപ്പവും തമ്മിൽ ബാഹ്യമായ യാതൊരു വ്യത്യാസവുമില്ലാത്തവിധം കൂദാശ ചെയ്യപ്പെട്ട അപ്പത്തിൻെറ ദിവ്യസാദൃശ്യങ്ങൾ ദിവ്യരക്ഷകനെ നമ്മുടെ ദൃഷ്ടിയിൽനിന്നു ഗോപനം ചെയ്തിരിക്കുന്നു. എങ്കിലും അവിടുന്നു എപ്രകാരം സ്വർഗ്ഗത്തിൽ സന്നിഹിതനായിരിക്കുന്നുവോ അപ്രകാരംതന്നെ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിലും സന്നിഹിതനാണ്. സ്വർഗ്ഗത്തിൽ അവിടുന്നു നയിക്കുന്ന ജീവിതംപോലെതന്നെയാണ് സക്രാരിയിലെ തൻെറ ജീവിതവും. അവിടെയും തനിക്ക് അതേ വിചാരങ്ങളും അതേ ആഗ്രഹങ്ങളും, അതേ സൗഭാഗ്യങ്ങളുമാണുള്ളത്.

ഇങ്ങനെ നാം, ലോകത്തിനറിഞ്ഞുകൂടാത്തതും, തൻമൂലം ലോകം വിലമതിക്കാത്തതുമായ ആന്തരിക ജീവിതത്തിൻെറ ചൈതന്യത്തെ നമ്മിൽ വളർത്തുന്നതിനു ശ്രമിക്കണം. ഇതത്രെ ദൈവത്തിനിഷ്ടകരം. ഇതു നമ്മുടെ ഹൃദയത്തിൻെറ വരനായ പരിശുദ്ധാത്മാവിയുമായുള്ള നിരന്തരവും, സ്നേഹസമന്വിതവും സുപരിചിതവുമായ സംസർഗ്ഗത്തിലത്രേ അടങ്ങിയിരിക്കുന്നത്.

---

## അദ്ധ്യായം 8

### വി. കുർബ്ബാനയിൽ മിശിഹാ മുഴുവനായും പൂർണ്ണനായും സ്ഥിതി ചെയ്യുന്നു.

വി. കുർബാനയുടെ സ്ഥാപനത്താൽ ദൈവം നമുക്ക് നൽകിയിരിക്കുന്ന ദാനം എത്ര വലുത്! ഇതു വേണ്ടതുപോലെ

മനസ്സിലാക്കണമെങ്കിൽ ദിവ്യരക്ഷകൻ എങ്ങനെയാണ് പ്രസ്തുത കൂദാശയിൽ സാക്ഷാൽ ശരീരത്തോടും, രക്തത്തോടും, ഏററം പരിശുദ്ധമായ ആത്മാവോടും, ദിവ്യത്വത്തോടുംകൂടെ സന്നിഹിതനായിരിക്കുന്നതെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ആദ്യമായി, വി. കുർബാനയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ കർത്താവിൻെറ ശരീരം സാക്ഷാൽ കന്യകാമറിയത്തിൽനിന്നു ജനിച്ചതും, നമുക്കുവേണ്ടി പീഡകൾ സഹിച്ചശേഷം അവസാനം കുരിശിൽ ബലിയർപ്പിക്കപ്പെട്ടതുമായ ആ നിർമ്മലശരീരംതന്നെയാണ്.

പ്രസ്തുത കൂദാശയിൽ സ്ഥിതിചെയ്യുന്ന രക്തം നമ്മുടെ പരിത്രാണത്തിൻെറ വിലയായിത്തീന്നതും, രക്ഷകൻെറ ഞരമ്പുകളിൽക്കൂടി ഓടിക്കൊണ്ടിരുന്നതുമായ രക്തംതന്നെയാകുന്നു. അത്, ഗദ്സമനിൽ പ്രാത്ഥിച്ചപ്പോഴും, കൽത്തൂണിൽ കെട്ടിയടിക്കപ്പെട്ടപ്പോഴും, മുൾമുടി ധരിപ്പിക്കപ്പെട്ടപ്പോഴും, ക്രൂശിക്കപ്പെട്ടപ്പോഴും ധാരാളമായി ചിന്തിയതും, പടയാളി വിലാവിൽ കുത്തിയപ്പോൾ പ്രവഹിച്ചതുമായ ആ നിർമ്മല രക്തത്തിൽനിന്ന് ഒട്ടുംതന്നെ വ്യത്യസ്തമല്ല.

വി. കുർബാനയിൽ മിശിഹായുടെ ശരീരവും രക്തവും മാത്രമല്ല ഉള്ളത്. അതിൽ പരിശുദ്ധ മറിയം അവിടുത്തെ ഗർഭംധരിച്ച ക്ഷണം അവിടുത്തേ ശരീരത്തിൽ നിവേശിതമായ ഏററം പരിശുദ്ധമായ ആത്മാവുംകൂടിയുണ്ട്. അതേ, ദൈവപ്രസാദവും ജ്ഞാനവും സത്യവും നിറഞ്ഞതും, നമ്മുടെ ഗുണത്തിനായിമാത്രം ജീവിച്ച സ്നേഹമുള്ളതും, അനുകമ്പാപൂർണ്ണവുമായ ആത്മാവുതന്നെ അതിലുണ്ട്.

മാത്രവുമല്ല, മിശിഹായെ പിതാവിനോടും പരിശുദ്ധാരൂപിയോടും സ്വഭാവത്തിൽ ഒന്നാക്കിത്തീക്കയും, യഥാത്ഥ മനുഷ്യനായിരിക്കുന്നതുപോലെ യഥാത്ഥ ദൈവവുമാക്കിത്തീക്കയും ചെയ്യുന്ന തൻെറ ദൈവികത്വവും പ്രസ്തുത കൂദാശയിൽ അടങ്ങിയിരിക്കുന്നു.

ഇക്കാരണത്താൽ വി. കുർബാന ഭൂമിയിൽ സാക്ഷാൽ സ്വർഗ്ഗമാണ്. അഥവാ, അത് ഭൂമിയോടു യോജിപ്പിച്ചിരിക്കുന്ന സ്വർഗ്ഗമാണ്. ഇത്, ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉപസ്ഥിതിയിൽ (Hypostatic union) ഗാഢമായി യോജിച്ച്, കൂദാശസാദൃശ്യങ്ങളുടെ കീഴിൽ യഥാത്ഥത്തിൽ സന്നിഹി

തനായിരിക്കുന്ന മിശിഹാ അവിഭക്തനായ ഏക ആളായിരിക്കുന്നതുപോലെയത്രേ.

*　　*　　*　　*

വി. കുർബാനയിൽ നാം യഥാർത്ഥമായി വിശ്വസിക്കുന്നെങ്കിൽ തിരുവോസ്തിയിൽ മിശിഹാ മുഴുവനായും പൂർണ്ണനായും, അതായത്, അവിടുത്തെ ശരീരത്തോടും രക്തത്തോടും ആത്മാവോടും ദൈവികത്വത്തോടുംകൂടെ സ്ഥിതി ചെയ്യുന്നു എന്ന് സമ്മതിച്ചേ മതിയാവൂ. മാത്രവുമല്ല, അവിടുന്നു മുഴുവനായും പൂർണ്ണനായും ഓരോ സാദൃശ്യത്തിലും, അതായത്, അപ്പത്തിൻെറ സാദൃശ്യത്തിലും വീഞ്ഞിൻെറ സാദൃശ്യത്തിലും, സന്നിഹിതനാണെന്നുകൂടി വിശ്വസിച്ചേതീരൂ.

കൂദാശവചനങ്ങളുടെ ശക്തിയാൽ അപ്പം നേരിട്ടു മിശിഹായുടെ ശരീരവും, വീഞ്ഞ് അവിടുത്തെ രക്തവുമായിപ്പകരുന്നു. എന്നാൽ ഒരു ശരീരം സജീവമായ മനുഷ്യശരീരമായിരിക്കുന്നതിന് അതിൽ രക്തം ആവശ്യമാണ്. മാത്രമല്ല, അതിന് ഒരു മനുഷ്യാത്മാവും വേണ്ടിയിരിക്കുന്നു. ഇതുപോലെതന്നെ രക്തം ജീവനുള്ള മനുഷ്യരക്തമായിരിക്കുന്നതിന് അത് ഒരു മനുഷ്യശരീരത്തിൻെറ ഞരമ്പുകളിൽക്കൂടെ ഓടിക്കൊണ്ടിരിക്കണം. കൂടാതെ, അത് ഒരു മനുഷ്യാത്മാവിനാൽ നിവേശിതവും ആയിരിക്കണം.

ഇപ്രകാരം, കൂദാശ ചെയ്തശേഷം സഹസ്ഥിതി (concomitance) വഴിയായി അപ്പത്തിൻെറ സാദൃശ്യത്തിൻകീഴ് മിശിഹായുടെ രക്തവും ആത്മാവും ഉള്ളതുപോലെതന്നെ വീഞ്ഞിൻെറ സാദൃശ്യത്തിൻകീഴ് അവിടുത്തെ ശരീരവും ആത്മാവും അടങ്ങിയിരിക്കുന്നു.

ഇതിനും പുറമേ, വചനമാകുന്ന ദൈവയാൾ മനുഷ്യാവതാരം ചെയ്തു ക്ഷണം ഉപസ്ഥിതിതേപന മിശിഹായുടെ ശരീരവും രക്തവും സ്വീകരിച്ചതിനാലും, ഒരിക്കൽ സ്വീകരിച്ചത് പിന്നെ ഒരിക്കലും ഉപേക്ഷിക്കാത്തതിനാലും രണ്ടു സാദൃശ്യങ്ങളിലും ദൈവികത്വവും അടങ്ങിയിട്ടുണ്ട്.

ഇതിൽനിന്ന് മനുഷ്യവർഗ്ഗത്തിൻെറ നന്മയെ സംബന്ധിച്ച കാര്യങ്ങളിൽ ദൈവത്തിൻെറ പ്രവർത്തനങ്ങൾ എത്ര വിസ്മയാവഹങ്ങളാണെന്നു കാണാമല്ലോ.

വി. കുർബാനയിൽ സന്നിഹിതനായ മിശിഹായുടെ അ

വിഭാജ്യതയെ സംബന്ധിച്ചുള്ള വേറൊരു രഹസ്യം ഇതാണ്. അതായത്, വൈദികൻ ദിവ്യോസ്തി വിഭജിക്കുമ്പോൾ നമ്മുടെ രക്ഷകൻെറ ശരീരം, വിഭജിക്കപ്പെടുന്നില്ല. പ്രത്യുത, വിഭാഗിക്കപ്പെട്ട അംശങ്ങൾ എത്രയുണ്ടോ അവ ഓരോന്നിലും മിശിഹാ മുഴുവനായും പൂർണ്ണനായും സ്ഥിതിചെയ്യുന്നു. ഇങ്ങനെ സംഭവിക്കുന്നതിൻെറ കാരണം ഏതെങ്കിലും ഒരു നിശ്ചിതവസ്തുവിൻെറ ഉപതിഷ്ഠത്ത് (substance) അതിൻെറ സംപതത്തിൻെറ (accident) കീഴ് നിൽക്കുന്നത് എങ്ങിനെയോ അങ്ങനെയാണ് മിശിഹായും അപ്പത്തിൻേറയും വീഞ്ഞിൻേറയും സംപതത്തിൻകീഴ് സ്ഥിതി ചെയ്യുന്നത് എന്നുള്ളതാണ്. കൂദാശചെയ്യുന്നതിനു മുൻപ് അപ്പത്തിൻെറ ഉപതിഷ്ഠത്ത് ഓസ്തിമുഴുവനിലും അതിൻെറ ഓരോ ഭാഗത്തും മുഴുവനായുണ്ട്. വസ്തുഭേദത്തിൽ അപ്പത്തിൻെറ മുഴുവൻ ഉപതിഷ്ഠത്തും മിശിഹായുടെ മുഴുവൻ ഉപതിഷ്ഠത്തായി പകരുന്നു. തൻമൂലം നമ്മുടെ ദിവ്യരക്ഷകൻ ഓസ്തി മുഴുവനിലും അതിൻെറ ഓരോ ഭാഗത്തും യഥാർത്ഥമായും പൂർണ്ണമായും സന്നിഹിതനായിരിക്കുന്നു. അതുകയാൽ കൂദാശ ചെയ്യപ്പെട്ട ഒരോസ്തി പലക്കായി ഭാഗിച്ചുകൊടുക്കുമ്പോൾ അവ സ്വീകരിക്കുന്ന ഓരോരുത്തനും ഓസ്തി മുഴുവൻ സ്വീകരിക്കുന്നവരോളംതന്നെ മിശിഹായെ പൂർണ്ണമായി സ്വീകരിക്കുന്നു.

ദിവ്യകാരുണ്യത്തിൽ സ്ഥിതിചെയ്യുന്ന മിശിഹായെ ഭാഗിക്കാൻ പാടില്ലാത്തതുപോലെതന്നെ നമുക്കു തന്നോടുള്ള സ്നേഹവും ഭാഗിക്കപ്പെടാത്തതായിരിക്കണമെന്ന ചിന്തയിലേയ്ക്കാണ് മേൽ പ്രസ്താവിച്ച സംഗതികൾ നമ്മെ ആനയിക്കുന്നത്. ഈ വലിയ രഹസ്യത്തിൽ ദൃഢമായി വിശ്വസിച്ച്, നമ്മുടെ മനസ്സിൻെറ അനുസരണത്തെ പ്രദർശിപ്പിച്ചതുകൊണ്ടുമാത്രം നാം സംതൃപ്തരായിക്കൂടാ. ശരീരത്താലെയുള്ള ആരാധന നൽകിയതുകൊണ്ടും നാം തൃപ്തിപ്പെടരുത്. പ്രത്യുത, മിശിഹാ വഴിയായും, മിശിഹായോടുകൂടെയും, മിശിഹായിലും അല്ലാതെ മറേറതെങ്കിലും സൃഷ്ടിയെ സ്നേഹിക്കാതെ, നമ്മുടെ ഭാഗിക്കപ്പെടാത്ത സ്നേഹത്തെക്കൂടെയും അവിടുത്തേയ്ക്കു നാം പ്രദാനം ചെയ്യണം.

# അദ്ധ്യായം 9

## വി. കർബ്ബാന മററെല്ലാക്കൂദാശകളിലും ശ്രേഷ്ഠമാകുന്നു.

വി. കർബ്ബാനയേക്കുറിച്ചു നമുക്കു തക്കതായ മതിപ്പുണ്ടാകണമെങ്കിൽ നാം അതിനെ പഴയനിയമത്തിലേയും പുതിയ നിയമത്തിലേയും കൂദാശകളോടു താരതമ്യപ്പെടുത്തി നോക്കണം.

ആദ്യംതന്നേ, പഴയനിയമത്തിലേ കൂദാശകളേ സംബന്ധിച്ചിടത്തോളം, വി. കർബ്ബാന അവയൊക്കെയിലും ശ്രേഷ്ഠമാകുന്നു. എന്തുകൊണ്ടെന്നാൽ ഈ കൂദാശയിൽ അതു സൂചിപ്പിക്കുന്ന ദൈവപ്രസാദവരം അത്യുത്തമമായവിധം അടങ്ങിയിട്ടുണ്ടു്. പഴയനിയമത്തിലേ കൂദാശകളാകട്ടെ ദൈവപ്രസാദവരസൂചകങ്ങളല്ലായിരുന്നു. പ്രത്യുത, അവ ദൈവപ്രസാദവരത്തിൻെറ പ്രതിരൂപങ്ങൾ (symbols) അഥവാ, വി. പൗലോസു് പറയുന്നതുപോലെ, അവയെ സ്വീകരിക്കുന്നവരെ നീതീകരിക്കുന്നതിനു് അശക്തങ്ങളായ "ബലം കുറഞ്ഞതും അപൂർണ്ണങ്ങളുമായ മാർഗ്ഗങ്ങൾ" മാത്രമായിരുന്നു. (ഗലാ 4. 9.)

പുതിയ നിയമത്തിലേ കൂദാശകളോടു താരതമ്യപ്പെടുത്തിയാലും വി. കർബ്ബാന അവയെയെല്ലാം മാഹാത്മ്യത്തിലും ഫലത്തിലും ഉല്ലംഘിക്കുന്നതായിക്കാണാം. മററു കൂദാശകൾ മനുഷ്യവർഗ്ഗത്തിൻെറ വിശുദ്ധീകരണത്തിനായി മിശിഹാ ഏർപ്പെടുത്തിയ ദിവ്യകർമ്മങ്ങൾ തന്നെ. എങ്കിലും അവ നമ്മുടെ ദിവ്യരക്ഷകൻെറ തിരുഹൃദയത്തിൽനിന്നുത്ഭവിക്കുന്ന ദിവ്യപ്രസാദമാകുന്ന ചെറുപുഴകൾപോലേ ആകുന്നുള്ളു. എന്നാൽ വി. കർബ്ബാനയിലാകട്ടെ സർവ്വവരപ്രസാദങ്ങളുടേയും മൂലകാരണംതന്നേ, അതായതു്, നമ്മുടെ രക്ഷകനും, ദൈവവും, സർവ്വസ്വവുമായ മിശിഹാതന്നെയാണുള്ളതു്. തൻമൂലം നദികൾക്കു് കടൽ എപ്രകാരമോ അപ്രകാരമാകുന്നു മററു കൂദാശകൾക്കു വി. കർബ്ബാന. നദികളിലേ ജലമാകട്ടെ അവ ഒഴുകുന്ന പ്രദേശങ്ങളെ മാത്രമേ ന

നസ്സുന്നൊള്ളു. ഒടുവിൽ അതു്, എവിടെനിന്നെടുക്കപ്പെട്ടുവോ അ കടലിൽത്തന്നെ ചെന്നുചേരുകയും ചെയ്യുന്നു.

ആകയാൽ വി. കുർബാനയിൽ നമ്മുടെ വിശുദ്ധീകരണത്തിൻെറയെല്ലാം കാരണമായ മിശിഹാ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യത്തിൻകീഴ് സ്ഥിതി ചെയ്യുന്നു എന്നുള്ള ന്യായത്താൽ അതിൽ സർവ്വവരപ്രസാദങ്ങളുടേയും മൂലവും, സർവ്വരക്ഷയുടേയും ഉൽപത്തിസ്ഥാനംതന്നെയും നമുക്കു സാക്ഷാൽ സിദ്ധിച്ചിരിക്കുന്നു. ഇക്കാരണത്താലാണു് പ്രസ്തുത കൂദാശ മററെല്ലാ കൂദാശകളുടേയും പരിപൂർണ്ണതകൾ അടക്കിക്കൊള്ളുന്നു എന്ന മട്ടിൽ "കൂദാശ," അഥവാ "ഏററം പരിശുദ്ധ കൂദാശ" എന്ന സാമാന്യനാമത്താൽ സംബോധന ചെയ്യപ്പെട്ടുപോരുന്നതു്. മററു കൂദാശകളും സ്വീകരിക്കാതിരുന്ന നമ്മുടെ കർത്താവുതന്നെ ഒടുവിലത്തെ അത്താഴത്തിൽ ഈ കൂദാശ സ്വീകരിച്ചതിൻെറ കാരണവും ഇതുതന്നെ. ദാതാവും ദത്തവസ്തുവും സകല വിശുദ്ധീകരണത്തിൻേറയും ഉത്ഭവസ്ഥാനവും അവിടുന്നു തന്നേയാണു്. പുരോഹിതൻ ഓസ്തിയും വീഞ്ഞും കൂദാശ ചെയ്യുമ്പോൾ സ്വന്തം വാക്കുകൾ ഉപയോഗിക്കാതെ, പ്രസ്തുത കൂദാശയിൽ ദിവ്യരക്ഷകൻെറ വരപ്രസാദസംപൂർണ്ണത അടങ്ങിയിരിക്കുന്നു എന്നു കാണിക്കാൻവേണ്ടി മിശിഹായുടെ വാക്കുകൾതന്നെ ഉപയോഗിക്കുന്നതിൻെറ കാരണം ഇതത്രേ.

ദൈവം അനന്തജ്ഞാനിയാണു്. എങ്കിലും വി. കുർബാനയേക്കാൾ ഉപരിയായ ഒരു ദാനം നമുക്കു തരുവാൻ തനിക്കു കഴിവില്ലായിരുന്നു. താൻ അനന്തനന്മയാണു് എന്നു വരികിലും നമ്മെ സമ്പന്നരാക്കുന്നതിനു് ഇതിൽക്കവിഞ്ഞു് എന്തെങ്കിലും കണ്ടുപിടിക്കാൻ തനിക്കു സാധിക്കുമായിരുന്നില്ല. താൻ സർവ്വശക്തനാണു്; എന്നിരുന്നാലും ഈ കൂദാശയെ അതിലംഘിക്കുന്ന മറെറാന്നിലും സ്ഥാപിക്കുവാൻ താൻ അപ്രാപ്തനായിരുന്നു. ഇപ്രകാരമാണു് ഈ കൂദാശയേക്കുറിച്ചു് ഒരു ഭക്തനായ ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നതു്. ഇതു സാക്ഷാൽ എത്ര മനോഹരം!

ദിവ്യകാരുണ്യം പുതിയ നിയമത്തിലെ മറെറല്ലാ കൂദാശകളേയുംകാൾ അത്യുൽകൃഷ്ടമാണെന്നു പറഞ്ഞുവല്ലോ. അതു് പ്രസ്തുത കൂദാശയിൽ സത്യദൈവവും സത്യമനുഷ്യനുമായ മിശി

ഹാതന്നെ സ്ഥിതി ചെയ്യുന്നു എന്നതുകൊണ്ടു മാത്രമല്ല, അതിനെ യഥായോഗ്യം സ്വീകരിക്കുന്നവർക്ക് അതു സമൃദ്ധിയായി ദിവ്യപ്രസാദവരം പ്രദാനം ചെയ്യുമെന്നുള്ളതുകൊണ്ടുകൂടെയാണ്. ദിവ്യപ്രസാദം എന്നതു് നമ്മുടെ ആത്മാവിനെ ദൈവതുല്യമാക്കി, ദിവ്യദീപ്തിയാൽ പ്രശോഭിപ്പിച്ച്, സർവ്വശക്തന്റെ ദൃഷ്ടിക്കു പ്രസാദവിഷയമാക്കി തീർക്കുന്ന ഒരു സ്വർഗ്ഗീയ ദാനമാകുന്നു.

വി. കുർബാന ആത്മാവിന്റെ അലങ്കാരമായി നൽകുന്ന ദിവ്യപ്രസാദവരം മററു കൂദാശകൾ നൽകുന്ന പ്രസാദവരത്തിൽനിന്നു സാരമായവിധം വ്യത്യസ്തമല്ല. എങ്കിലും അതു് കൂടുതൽ സമൃദ്ധിയുള്ളതാകുന്നു. എന്നുതന്നെയുമല്ല, ആത്മാവിനെ ഭൗമ്യവസ്തുക്കളിൽനിന്നുയർത്തി കൂടുതൽ അതിസ്വാഭാവികമാക്കിത്തീർക്കുന്നതിനുള്ള ഒരു പ്രത്യേക ശക്തിയും അതിനുണ്ടു്. നമ്മിൽ ആത്മീയ ജീവിതവർദ്ധനത്തിന് ഏററം വലിയ പ്രതിബന്ധമായി നില്ക്കുന്നതു ശരീരമാകുന്നു. അതു് അതിന്റെ മൃഗീയവാസനകളാലും നികൃഷ്ടാഭിലാഷങ്ങളാലും പലപ്പോഴും ആത്മാവിനെ ആകർഷിക്കയും, ഉന്നതതരമായ ആകാംക്ഷകളിൽനിന്നും, ദൈവവുമായുള്ള ഗാഢതരമായ ഐക്യത്തിൽനിന്നും അതിനെ തടയുകയും ചെയ്യുന്നു. “ഞാൻ നിർഭാഗ്യനാകുന്നു. മരണമുള്ള ഈ ശരീരത്തിൽനിന്നും ആർ എന്നെ വിമോചിക്കും” (റോമാ. 7. 24.) എന്നു പ്രലപിക്കുന്നതിനു വി. പൗലോസിനെ പ്രേരിപ്പിച്ചതു് ഇതല്ലാതെ മറെറാന്നുമല്ല.

വി. കുർബാനയിൽ മിശിഹായുടെ തിരുശ്ശരീരവും രക്തവുമെന്ന ആദ്ധ്യാത്മികവും ദൈവികവുമായ ഭക്ഷണമാണുള്ളതു്. അതു നമ്മുടെ ആത്മാക്കളെ ശുചീകരിക്കയും വിശുദ്ധീകരിക്കയും ചെയ്യുന്നു. അവയെ നമ്മുടെ പാപവാസനയുള്ള ജഡത്തിന്റെ അപൂർണ്ണതകളിൽനിന്നുയർത്തിക്കൊണ്ടും, പരിശുദ്ധനായ ദൈവവുമായി പരസ്പരസ്നേഹാവസ്ഥയിൽ സംസർഗ്ഗം ചെയ്യുന്നതിനുവേണ്ട യോഗ്യത അവയ്ക്കു നൽകിക്കൊണ്ടുമാണ് ആ കാര്യം അതു നിർവ്വഹിക്കുന്നതു്.

*   *   *   *

വി. കുർബാന പുതിയനിയമത്തിലെ കൂദാശകളിൽ ശ്രേ

ഷ്ടമാണെന്നു മുൻപു പ്രസ്താവിച്ചുവല്ലോ. ഇതിനും പുറമേ, കൂടെക്കൂടെ സ്വീകരിക്കാവുന്നതാണെന്നുള്ള കാരണത്താൽ അതു് ഏററം ഉപകാരപ്രദവുമാകുന്നു. മാമ്മോദീസാ, സ്ഥൈര്യലേപനം, പട്ടം മുതലായ കൂദാശകൾ ജീവിതത്തിൽ ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നവയാണു്. വിവാഹം, അന്ത്യലേപനം മുതലായവ പല പ്രാവശ്യം സ്വീകരിക്കാം. എങ്കിലും ചില വ്യവസ്ഥയിന്മേൽ മാത്രമേ പാടുള്ളു. എന്നാൽ വി. കുർബാനയും കുമ്പസാരവും ഓരോരുത്തരുടേയും ആഗ്രഹാനുസരണം എത്ര പ്രാവശ്യമെങ്കിലും സ്വീകരിക്കുന്നതിനു് തടസ്സമില്ല.

ചാവുദോഷത്തോടുകൂടിയവക്കു് വി. കുർബാന ഉൾക്കൊള്ളുന്നതിനു കുമ്പസാരം ഒഴിച്ചുകൂടാ. എന്നാൽ ചാവുദോഷമില്ലാത്തവക്കു് അതു ഫലപ്രദമായ ഒരൊരുക്കമായിരിക്കും. എങ്കിലും ദൈവപ്രസാദത്തിലിരിക്കുന്ന ഒരാൾ ദിവ്യകാരുണ്യമുൾക്കൊള്ളുന്ന ഓരോ പ്രാവശ്യവും കുമ്പസാരിക്കണമെന്നില്ല.

വി. കുർബാന സ്വീകരിക്കുന്നതു് ഇത്ര പ്രാവശ്യമേ ആകാവൂ എന്നു് അനന്തനന്മയായ മിശിഹാ ക്ലുപ്തപ്പെടുത്തിയിട്ടില്ല. അവിടുത്തെ ആഗ്രഹത്തെ വ്യാഖ്യാനിക്കാൻ അധികാരം സിദ്ധിച്ച തിരുസ്സഭയാകട്ടെ വിശ്വാസികളെ പ്രതിദിനം വിശുദ്ധകുർബാനയുൾക്കൊള്ളാൻ പ്രോത്സാഹിപ്പിക്കയാണു ചെയ്യുന്നതു്. അവരുടെ ജീവിതവും യഥാർത്ഥത്തിൽ ദിവ്യകാരുണ്യജീവിതമാകണമെന്നുള്ളതാണു് ഇതിൻെറ ഉദ്ദേശം. ഈ ഭക്ഷണം കൂടെക്കൂടെ അനുഭവിച്ചാൽ ആത്മാവു് അതിൻെറ വിചാരങ്ങളിലും, ആഗ്രഹങ്ങളിലും, ചാച്ചിലുകളിലും, പ്രവൃത്തികളിലും സ്വർഗ്ഗീയമായിത്തീരാതിരിപ്പാൻ നിവൃത്തിയില്ല. ഇപ്രകാരം "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല, മിശിഹാ എന്നിൽ ജീവിക്കുന്നു" (ഗലാ. 2. 2.) എന്നു വി. പൌലോസു് പറഞ്ഞിട്ടുള്ളതു് ഒരു കത്തോലിക്കനിൽ സാർത്ഥമാക്കാം.

---

# അദ്ധ്യായം 10.

## വി. കുർബാനയ്ക്കു നൽകേണ്ട ആരാധന.

ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ മ്ശിഹാ വി. കുർബാനയിൽ യഥാർത്ഥമായും സത്യമായും വാസ്ത വികമായും (Substantially) എഴുന്നെള്ളിയിരിക്കുന്നു. ഇക്കാര ണത്താൽ മിശിഹാ വീണ്ടും ഭൂമിയിൽ പ്രത്യക്ഷനായാൽ നാം അദ്ദേഹത്തെ ഏതുതരത്തിൽ ആരാധിക്കുമോ ആ തരത്തിൽത ന്നെ ഈ ദിവ്യകൂദാശയേയും ആരാധിക്കാൻ നമുക്കു കടമയുണ്ട്. നാം ദൈവത്തിനു നൽകുന്ന ആരാധനയ്ക്ക് ആഭ്യന്തരവും ബാ ഹ്യവുമായ ഏതെല്ലാം ലക്ഷണങ്ങൾ ഉണ്ടായിരിക്കുമോ അതേ ലക്ഷണങ്ങളോടുകൂടെത്തന്നെ വി. കുർബാനയേയും ആരാധി ക്കണം. ഇതു് അവിടത്തെ ഇഷ്ടമാണെന്ന് തിരുസ്സഭ സ്പഷ്ടമായി പഠിപ്പിക്കുന്നു. ദിവ്യകാരുണ്യത്തിൽ മിശിഹായ്ക്കു നൽകേണ്ട ആരാധനയെ സംബന്ധിച്ച കാര്യങ്ങളിൽ സഭയ്ക്ക് വളരെ നിർബന്ധം ഉണ്ട്. തൻമൂലം പ്രസ്തുതാരാധനയുടെ ബാഹ്യ ലക്ഷണങ്ങളെ വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവൾ ഒരിക്കലും ഉപേക്ഷ വിചാരിച്ചിട്ടില്ല.

ഇതിന്റെ ന്യായ്യതയെ തെളിയിക്കുന്നതിന് ദൈവം തന്നെ ഇതേസംബന്ധിച്ചുള്ള തന്റെ ആഗ്രഹത്തെ പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊ ണ്ടാണ് ഇതു സാധിച്ചിരിക്കുന്നതു് ചില സന്ദർഭങ്ങളിൽ അവിടു ന്ന് അത്ഭുതകരമായി പ്രത്യക്ഷപ്പെട്ടുകൊണ്ട് ഭക്തരായ ആരാ ധകന്മാരുടെ വിശ്വാസത്തെ അനുകൂലിച്ചിട്ടുള്ളതായികാണാം. ബലിയർപ്പിക്കുന്ന പുരോഹിതന്റെ കരങ്ങളിൽ ഓസ്തിക്കു പക രം പ്രഭയുള്ള ഒരു ശിശു കാണപ്പെടുക, ദിവ്യ അപ്പം ക്രൂശിക്ക പ്പെട്ട മിശിഹായുടെ രൂപം ധരിക്കുക, മുതലായ സംഭവങ്ങൾ ഇതിനുദാഹരണങ്ങളാണ്. ഈ കൂദാശയെ അവമാനിക്കുയോ, ഇതിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെ നിഷേധിക്കുയോ ചെയ്യുവരെ ദൈവം ചിലയവസരങ്ങളിൽ പെട്ടെന്നുള്ള മര ണത്താലും മററും കഠിനമായി ശിക്ഷിച്ച സംഭവങ്ങളുമുണ്ട്.

വി. കുർബാനയ്ക്കു നൽകുന്ന ആരാധനയെ സംബന്ധി

ച്ചിടത്തോളം, പ്രസ്തുതക്രൂദാശയുടെ ദിവ്യ സാദൃശ്യങ്ങൾ അഥവാ സംപതത്തുകൾ വാസ്തവത്തിൽ മിശിഹായല്ലെന്നു നമുക്കറിയാം. മിശിഹാ അവയിൽ മറഞ്ഞിരിപ്പുണ്ടെന്നുള്ളതു ശരിതന്നെ. എങ്കിലും പ്രസ്തുത സാദൃശ്യങ്ങളും നാം മിശിഹാക്കു നൽകുന്ന ആരാധനയുടെ പങ്കുപററുന്നു. എന്തുകൊണ്ടെന്നാൽ അവ അവിടുന്ന് നമ്മുടെ അൽത്താരകളിൽ സ്ഥിതിചെയ്യുന്നു എന്നതിൻെറ അടയാളമാണല്ലോ. വിശ്വാസത്താലും പ്രവൃത്തിയാലും വി. കുർബാനയെ പൂർണ്ണഹൃദയത്തോടെ ആരാധിക്കുന്നതിനു യത്നിക്കുന്ന കത്തോലിക്കൻ സാക്ഷാൽ ഭാഗ്യവാൻതന്നെ.

* * * *

വി. കുർബാനയെ നാം ബാഹ്യമായും ആഭ്യന്തരമായും ആരാധിക്കണം. ആദ്യമായിത്തന്നെ, ദിവ്യസാദൃശ്യങ്ങളിൽ മറഞ്ഞിരിക്കുന്ന രക്ഷകനെ നാം അവിടുത്തെ ദൈവികത്വത്തിലുള്ള വിശ്വാസത്തെ പ്രദർശിപ്പിച്ചുകൊണ്ടും, പരമസ്രഷ്ടാവെന്ന നിലക്കു അവിടുത്തേക്ക് നമ്മുടെ ഹൃദയത്തേയും, ജീവനേയും, ആത്മാവിനേയും, വിധേയമാക്കിക്കൊണ്ടുമാണ് ആരാധിക്കേണ്ടത്. ഇങ്ങനെ ചെയ്യുന്നതിനു നാം സാക്ഷാൽ വി. കുർബാന സ്ഥാപിച്ചിരിക്കുന്ന ദൈവാലയങ്ങളിലേക്കു പോകണമെന്നില്ല. പ്രത്യുത, ഈ ദിവ്യോസ്തി സ്ഥിതിചെയ്യുന്ന സ്ഥലത്തു മനസ്സുകൊണ്ടു പ്രവേശിച്ച്, ഹൃദയാന്തർഭാഗത്തുനിന്ന് വണക്കത്തിൻെറയും ആരാധനയുടേയും അഭിവന്ദനങ്ങളെ സമർപ്പിച്ചാൽ മതി. ഉദാഹരണമായി, "ദിവ്യകാരുണ്യത്തിൽ സത്യമായി എഴുന്നെള്ളിയിരിക്കുന്ന ദിവ്യരക്ഷകാ, ഞാൻ എല്ലാ ക്ഷണവും നിന്നെയാരാധിക്കുന്നു. എൻെറ ഹൃദയത്തേയും ശരീരത്തെയും ആത്മാവിനേയും എന്നല്ലാ എന്നെത്തന്നെ മുഴുവനും നിനക്കു പ്രതിഷ്ഠിക്കുന്നു. മരണപര്യന്തം നിന്നെ ശുശ്രൂഷിക്കുന്നതിനും, നിൻെറ സ്നേഹത്തിൽ മരിക്കുന്നതിനും എനിക്കു അനുഗ്രഹം നൽകേണമേ" എന്നു പ്രാർത്ഥിച്ചാൽ മതിയാകും.

ദൈവഭക്തിയിൽ ഏററം പ്രസാദകരമായ ആഭ്യന്തര ചൈതന്യമെന്ന അമൂല്യദാനത്തെ നമ്മിൽ ജീവനോടെ സൂക്ഷിക്കുന്നതിനുള്ള ഫലപ്രദമായ ഉൽകൃഷ്ടമാർഗ്ഗങ്ങളിൽ ഒന്നാകുന്നു കൂടെക്കൂടെയുള്ള ഇത്തരം ഉള്ളിനടുത്ത ആരാധന. ആത്മീയജീവിതത്തിൻെറ രഹസ്യം സാക്ഷാൽ ഈ ആന്തരിക ചൈതന്യത്തിലത്രേ അടങ്ങിയിരിക്കുന്നത്. ആത്മാവ് അതിൻെറ

ജ്ഞാനമണവാളനായ പരിശുദ്ധാത്മാവിയോടു സൗഹാർദ്ദമായി സംസർഗ്ഗം ചെയ്യുന്നതും, സുപരിചിതമായി സംഭാഷണം ചെയ്യുന്നതും ഇതിലത്രേ. "ദിവ്യസ്നേഹത്തിൻെറ കൂദാശ"യെന്നു സകാരണം വിളിക്കപ്പെടുന്ന അത്ഭുതദാനമായ വി. കുർബാനയെക്കുറിച്ചു ചിന്തിക്കയും അതിനെ മനസ്സുകൊണ്ടു ആരാധിക്കയും ചെയ്യുന്നതിനേക്കാൾ നമ്മുടെ ആത്മാവിനെ ദൈവത്തിൻപക്കലേയ്ക്കുയർത്തുന്നതിനു മറ്റെന്തിനു സാധിക്കും? ഈ ദിവ്യകൂദാശ ഉൾക്കൊള്ളാനുള്ള ആഗ്രഹത്തോടേ ചെയ്യുന്ന ആന്തരികമായ ഈ ആരാധന മനുഷ്യാവതാരത്തിൻെറ ഫലങ്ങളെ സ്വതേ നമുക്കു സുനിശ്ചിതമാക്കിത്തീർക്കുന്നു. വി. കുർബാനയാകട്ടെ മനുഷ്യാവതാരത്തിൻെറ തുടർച്ചയെന്നവണ്ണമാകുന്ന ഭൂമിയിൽ സ്ഥിതിചെയ്യുന്നതു്.

* * * *

നമ്മുടെ കർത്താവു ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്നതു് അദൃശ്യനായിട്ടാണെങ്കിലും ഒരു കൂദാശയിലെന്നവണ്ണമാണു്. അതായതു്, ശുദ്ധീകരണവരപ്രസാദത്തിൻെറ ബാഹ്യ ചിഹ്നത്തിലത്രേ. തൻമൂലം ഈ അത്യുന്നത കൂദാശയെ ഉള്ളിനടുത്തവിധം മാത്രം പോരാ ബാഹ്യലക്ഷണങ്ങളോടുകൂടെയും ആരാധിയ്ക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ലക്ഷണങ്ങളിൽ ചിലതു് ശരീരത്തിൻെറ പ്രവൃത്തികളിലാണടങ്ങിയിരിക്കുന്നതു്. ദൈവത്തിനുമാത്രം നാം നല്കാറുള്ളതരം സാഷ്ടാംഗപ്രണാമങ്ങളും ജാനുപ്രണാമങ്ങളും ഇവയ്ക്കുദാഹരണങ്ങളാകുന്നു. ലോകം മുഴുവൻെറമേലും നമ്മുടെ കർത്താവിനുള്ള പരമാധിപത്യത്തെ സാക്ഷ്യപ്പെടുത്തുന്നതിനായി നടത്തുന്ന വി. കുർബാനയുടെ പരസ്യപ്രദക്ഷിണങ്ങളും ഇവയിൽ ഉൾപ്പെടുന്നതാം. സർവ്വാരാധനയും മഹത്വവും അർഹിക്കുന്നവനായ ആകാശത്തിൻേറയും ഭൂമിയുടേയും നാഥൻ ദിവ്യോസ്തിയിൽ സത്യമായി എഴുന്നെള്ളിയിരിക്കുന്നു എന്നുള്ളതിൻെറ സാക്ഷ്യമായി അതിനെ അരുളിക്കായിൽ ആഘോഷപൂർവ്വം പരസ്യമായി സ്ഥാപിച്ചു പൂജിക്കുന്നതിൻെറ അർത്ഥവും ഇതുതന്നെ.

ദിവ്യസാദൃശ്യങ്ങളിൽ മറഞ്ഞിരിക്കുന്ന സ്നേഹമൂർത്തിയായ ദൈവത്തിൻെറ വാസസ്ഥലം അവിടുത്തെ സീമയററ മഹത്വത്തിനു് കഴിയുന്നിടത്തോളം അനുയോജ്യമായിരിക്കുന്നതി

ന്നവേണ്ടി വി. കുർബാനയുടെ സ്തുതിക്കായി ദൈവാലയങ്ങളും അൾത്താരകളും സക്രാരികളും മററും പണിയിക്കുന്നതും പ്രസ്തുത കൂദാശക്കു നൽകുന്ന ആരാധനയുടെ മററു ചില സൌകയ്യപ്രദമായ ചിഹ്നങ്ങളാകുന്നു. ദിവ്യകൂദാശയിൽ വസിക്കുന്ന മിശിഹായുടെ മഹത്വത്തെ ലാക്കാക്കി ഭക്തരായ വിശ്വാസികൾ ഓരോരോ കാലത്തായി ലോകമൊട്ടുക്കു പണികഴിപ്പിച്ചിട്ടുള്ള മഹനീയ ദേവാലയങ്ങളുടെ കാഴ്ച ഹാ! എത്ര ചേതോഹരം! സകലരുടേയും ഏററം വലിയ അത്ഭുതവിഷയമായി സദാ സ്ഥിതിചെയ്യുന്ന ആ കമനീയസ്മാരകസ്തംഭങ്ങൾ അതീതജനതക്കു ദിവ്യകാരുണ്യ കത്താവിൻെറ നേക്കുണ്ടായിരുന്ന അതിമാത്ര വിശ്വാസത്തിൻെറ ലക്ഷ്യമല്ലയോ? അതേസമയംതന്നെ അവ ഭാവി തലമുറകളോട്, വി. കുർബാനയിൽ രഹസ്യജീവിതം നയിക്കുന്ന മിശിഹായോടുള്ള വണക്കത്തിൻേറയും ആരാധനയുടേയും ചിഹ്നങ്ങൾ പ്രദശിപ്പിക്കുന്നതിൽ അവർ ഒട്ടും പിന്നോക്കമാകരുതെന്നുൽബോധിപ്പിക്കുന്ന ഉപദേഷ്ടാക്കൾക്കൂടെയാണെന്നുള്ളതിൽ എന്താണു സംശയം.

---

# അദ്ധ്യായം 11

## വി. കുർബാനയുടെ സ്ഥാപനത്തിൽ ദൈവമാതാവിൻെറ മാദ്ധ്യസ്ഥം

ദൈവം തൻെറ ഏകപുത്രനായ മിശിഹായെത്തന്നെ വി. കുർബാനയിൽ നമുക്കു നൽകുന്നതിനു നിശ്ചയിച്ചതിൻെറ കാരണം തൻെറ നന്മയൊന്നുമാത്രമാണ്. എന്നാൽ തൻെറ ഈ നിശ്ചയം പ്രവൃത്തിയിൽ വരുത്തുന്നതിൽ നമ്മുടെ ആശ്രയവും, മാധുയ്യവും, ശരണവുമായ പരിശുദ്ധ കന്യകാമറിയത്തിൻെറ മാദ്ധ്യസ്ഥം അവിടുന്നു സന്തോഷത്തോടെ സ്വീകരിച്ചു എന്നതിന് സംശയമില്ല. ഈ അമ്മവഴിയായിട്ടത്രേ നമ്മുടെ കത്താവിൽനിന്നു സകല അനുഗ്രഹങ്ങളും നമ്മിൽ വന്നുചേരുന്നത്. അമൂല്യമായ ഈ കൂദാശയുടെ സ്ഥാപനത്തിനു നാം

ആ നാഥയുടെ മാദ്ധ്യസ്ഥത്തോടു കടപ്പെട്ടവരാകുന്നു. ഈ സത്യ ത്തെക്കുറിച്ചുള്ള ചിന്ത സാക്ഷാൽ ആശ്വാസകരംതന്നെ.

ആദ്യമായി, ഏററം അത്ഭുതകരവും ആശ്വാസപ്രദവു മായ ഈ ദാനം നമുക്കു നൽകുന്നതിന് നമ്മുടെ ദിവ്യ നാഥ സ്വപുത്രനോടഭ്യൎത്ഥിച്ചതായി കരുതാം. ഇതിൽനിന്ന് അവളുടെ പ്രാൎത്ഥന സാക്ഷാൽ ദൈവപരിപാലനയുടെ ഗതിയെ വ്യത്യാസപ്പെടുത്തുമെന്നല്ല, പ്രത്യുത, ദൈവം ലോക ത്തിൽ അത്ഭുതങ്ങൾ പ്രവൎത്തിക്കുമ്പോൾ ചിലയവസരങ്ങളിൽ സൃഷ്ടികളുടെ സഹകരണം സ്വീകരിക്കാറുണ്ടെന്നുമാത്രം ഗ്രഹി ച്ചാൽമതി. തന്മൂലം തന്റെ വത്സലമാതാവിന്റെ പ്രാൎത്ഥന കളും ദിവ്യകാരുണ്യസ്ഥാപനവിഷയത്തിൽ പ്രേരകമായിരിക്കണ മെന്നു അവിടുന്നു നിശ്ചയിച്ചിരുന്നു.

നമ്മുടെ ദിവ്യനാഥയാകട്ടെ ഈ ദിവ്യക്രൂദാശയുടെ സ്ഥാപനത്തേയും അതിന്റെ സ്വഭാവത്തേയുംകുറിച്ചു നേരത്തെ തന്നെ പരിശുദ്ധാത്മാവിയാൽ ആന്തരികമായി പ്രബോധിതയാ യിരുന്നു. ആകയാൽ അവൾ മനുഷ്യരുടെ അയോഗ്യതയും കൃതഘ്നതയും അവഗണിച്ചുകൊണ്ട് ലോകത്തിനു സ്നേഹത്തി ന്റെ ഈ അച്ചാരം നൽകുന്നതിന് സ്വപുത്രനോടഭ്യൎത്ഥിച്ചു. അവൾ ഇതു നിൎവ്വഹിച്ചതു് ആകാശങ്ങളിലിരിക്കുന്ന നമസ്കാര ത്തിൽ "ഞങ്ങളുടെ അന്നന്നുള്ള അപ്പം ഞങ്ങൾക്കിന്നുതരിക" എന്നു നാം ചൊല്ലുന്ന ഭാഗം ഉച്ചരിച്ചപ്പോഴാണ്. എങ്ങനെ യെന്നാൽ ഈ ജപത്തിൽ നാം അപേക്ഷിക്കുന്നതു് ശരീരത്തി ന്റെ അപ്പം മാത്രമല്ല, ആത്മാവിന്റെ അപ്പം, പ്രത്യേകിച്ച് മാലാകാമാരുടെ ഭോജനമായ വി. കുർബാനയെന്ന ആ അത്യുൽ കൃഷ്ടമായ അപ്പംകൂടിയാകുന്നു.

വീണ്ടും, കാനായിലെ വിവാഹവിരുന്നിൽവെച്ച് "അ വൎക്കു വീഞ്ഞില്ലാ" എന്നുപറഞ്ഞുകൊണ്ടു വെള്ളം വീഞ്ഞാക്കിയ ആ പ്രഥമാത്ഭുതം പ്രവൎത്തിക്കുന്നതിനു നമ്മുടെ കൎത്താവിനോട് അവൾ അപേക്ഷിച്ചല്ലോ. ആ സന്ദർഭത്തിൽ നമ്മുടെ നാ ഥയുടെ മനോദൃഷ്ടി അവൎക്കു തികയാതെ വന്ന ഭൗതികസാധന ത്തെ അതിലംഘിക്കുന്നതായിരുന്നു. കന്യകകളെ ഉൽപ്പാദിപ്പിക്കു ന്നതും, തന്റെ ഏകപുത്രന്റെ ഞരമ്പുകളിൽക്കൂടി ഓടിക്കൊ ണ്ടിരിക്കുന്നതും, നീരുറവസ്സുവേണ്ടി നെടുവീൎപ്പിടുന്ന സംഖ്യയററ ജനാവലിയുടെ വിശ്രാന്തിക്കായി ദിവ്യമേശയുടെ പക്കൽ ഒരി

ക്കൽ പകൻകൊടുക്കാനിരുന്നതുമായ ആ സ്വർഗ്ഗീയ ദ്രാക്ഷാരസത്തേക്കുറിച്ചാണ് അവൾ അപ്പോൾ ചിന്തിച്ചത്.

*     *     *     *

ദിവ്യകാരുണ്യത്തെ സംബന്ധിച്ചുള്ള ദൈവത്തിൻെറ ഉദ്ദേശം പ്രവൎത്തിയിൽ വരുത്തുന്നതിനെ ലക്ഷ്യമാക്കി നമ്മുടെ ദിവ്യനാഥ സമൎപ്പിച്ച പ്രാൎത്ഥനകളും യാചനകളും കാരണത്താൽ മാത്രമല്ല ഈ ദിവ്യ ക്രദാശയുടെ സ്ഥാപനത്തിൽ നാം അവളോടു കടപ്പെട്ടിരിക്കുന്നത്. പ്രധാനമായി സ്വമാതാവിനെത്തന്നെ ഉദ്ദേശിച്ചാണ് അപ്പവും വീഞ്ഞും സ്വന്തം ശരീരവും രക്തവുമായി മാറുന്ന ആ അത്ഭുതപ്രവൃത്തി മിശിഹാ നിൎവ്വഹിച്ചതെന്നു പറയാം.

മിശിഹായ്ക്കു സ്വമാതാവിനോടുള്ള സ്നേഹം പൂൎണ്ണമായി ഗ്രഹിക്കാൻ നമുക്കു ശക്തിയില്ല. അവിടുന്ന് അവളെ സ്നേഹിച്ചത് ഒരു വത്സലപുത്രൻ തൻെറ മാതാവിനെ സ്നേഹിക്കുന്ന നിലയിൽ മാത്രമല്ല, പ്രത്യുത, പരിശുദ്ധാരൂപി അവളുടെ ആത്മാവിനലങ്കാരമായി നൽകിയ പ്രകൃതിയുടേയും ദിവ്യപ്രസാദവരത്തിൻേറയും അത്ഭുതകരമായ ദാനങ്ങൾകൊണ്ടുകൂടെയാണ്. തന്മൂലം അവിടുന്നു മനുഷ്യസ്വഭാവം സ്വീകരിച്ചതാരിൽനിന്നോ അവൾക്കുതന്നെത്തന്നെ മുഴുവൻ പ്രദാനംചെയ്യുന്നതിനാഗ്രഹിച്ചു. ആകയാൽ മിശിഹാ വി. കുർബാന സ്ഥാപിക്കുന്നതിനു നിശ്ചയിച്ചപ്പോൾ തന്നോടുള്ള അപാരമായ സ്നേഹവും, അവളുടെ ആത്മാവിൻെറ സ്വൎഗ്ഗീയശോഭയും കാരണത്താൽ തൻെറ ഓൎമ്മയിലുണ്ടായിരുന്ന ആദ്യത്തെ ആൾ മറിയമായിരുന്നു. ഏതു വ്യവസ്ഥിതിയിലും ആദ്യത്തേതു് പിന്നീടുള്ളവയ്ക്കു കാരണമാണെന്നു ഒരുവിധത്തിൽ പറയാം. തന്മൂലം മിശിഹാ, തൻെറ പരിശുദ്ധ ശരീരവും രക്തവും അനുഭവിക്കാൻ നമ്മെ അനുവദിക്കുന്നതിനു ദയവായതിൽ നാം പരിശുദ്ധമറിയത്തോടു കടപ്പെട്ടവരാണ്.

ഏതൽ കാരണത്താൽ, ആദരണീയമായ ഒരു പാരമ്പര്യത്തിൽ നിന്നു നാം അറിയുന്നപോലെ, പരിശുദ്ധകന്യകാമറിയം അന്തിമഭോജനത്തിൽവെച്ചു വി. കുർബാന സ്വീകരിച്ചെങ്കിൽ അതേക്കുറിച്ചു നാം വിസ്മയിക്കേണ്ടതില്ല. ദിവ്യരക്ഷകൻെറ സ്വൎഗ്ഗാരോഹണത്തിനുശേഷം അവൾ അവിടത്തെ

പ്രിയ ശിഷ്യനിൽനിന്നും പ്രതിദിനം മാലാകാമാരുടെ ഈ അപ്പം ഭക്ഷിച്ചിരുന്നെങ്കിൽ അതേക്കുറിച്ചും നാം അത്ഭുതപ്പെടാനില്ല. ഇതിൽനിന്നും അവളും വി. കുർബാനയും തമ്മിലുള്ള ബന്ധം വാസ്തവത്തിൽ വളരെ ഗാഢമായ ഒന്നാണെന്നു സിദ്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൾ വഴിയായിട്ടാണല്ലൊ ഈ സ്വർഗ്ഗീയദാനം നമ്മിലേയ്ക്കു വന്നിരിക്കുന്നതു്.

*    *    *    *

വി. കുർബാനയുടെ സ്ഥാപനത്തെക്കുറിച്ചുള്ള ദൈവത്തിൻെറ നിശ്ചയത്തെ നിവർത്തിയ്ക്കുന്നതിൽ മഹിമയുള്ളവളും അമലോത്ഭവയുമായ കന്യകാമറിയം തൻെറ മാദ്ധ്യസ്ഥത്തെ ഉപയോഗപ്പെടുത്തി. പ്രസ്തുത കൂദാശയുടെ സ്ഥാപനത്തിനു പ്രധാന കാരണക്കാരിയും അവൾതന്നെ. ഇവയ്ക്കും പുറമേ സ്നേഹത്തിൻെറ ഈ കൂദാശയുമായി അവൾക്കു വേറൊരുബന്ധം കൂടിയുണ്ടു്. അതു്, തൻെറ ഭക്തന്മാരെ ഈ കൂദാശ കൂടെക്കൂടെ സ്വീകരിക്കുന്നതിനു അവൾ സാധാരണ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നതുതന്നെ. ദൈവമാതാവിനെ തീക്ഷ്ണമായി സ്നേഹിക്കുന്ന ഒരാൾ വി. കുർബാനയുടെ പക്കലേയ്ക്കു സ്വഭാവേനയെന്നപോലെ ആ നായികയാൽ ആനയിക്കപ്പെടുന്നതായിട്ടാണു കണ്ടുവരുന്നതു്.

മിശിഹായുടെ പക്കൽ ചെല്ലുന്നതിനുള്ള ഏററം ഹ്രസ്വവും സുനിശ്ചിതവുമായ മാർഗ്ഗം യഥാർത്ഥത്തിൽ പരിശുദ്ധ മറിയമാകുന്നു. അവൾ ജീവിക്കുന്നതു തനിക്കായിട്ടല്ല. പ്രത്യുത, സ്വപുത്രനുവേണ്ടിയാണു്. അതുകൊണ്ടു് ഹൃദയപൂർവ്വകമായ ഭക്തിയോടെ അവളുടെ പക്കലേയ്ക്കു തിരിയുന്നവരെ തൻെറ ഏകജാതനായ മിശിഹായുടെ അടുക്കലേയ്ക്കു നയിക്കുന്നതു് മഹിമയായിട്ടാണു് അവൾ കരുതുക.

മറിയത്തിനു് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന പ്രകീർത്തിതങ്ങളായ മിക്ക പുണ്യാലയങ്ങളിലും സംഭവിക്കുന്നതു് ഇതിനുത്തമ സാക്ഷ്യമാണു്. അവിടെ ഭക്തജനങ്ങൾ കൂടുമ്പോൾ അവർക്കു ഒരു പ്രത്യേകചിന്ത, അഥവാ, ജീവൻെറ അപ്പം യോഗ്യതാപൂർവ്വം സ്വീകരിക്കണമെന്ന ഏകാഗ്രഹം മാത്രമുള്ളതായിക്കാണാം. മറിയമാകട്ടെ മിശിഹായ്ക്കു സ്ഥലമനുവദിക്കാനെന്നവണ്ണം പിന്മാ

റുകയാണു ചെയ്യുന്നതു്. അവളുടെ മാതൃസഹജമായ കരുണയും, സ്നേഹപൂർണ്ണമായ നന്മയും, പാപിയെ അവളുടെ പ്രാർത്ഥനാല യങ്ങളിലേയ്ക്കു് ആകർഷിക്കുന്നു. അവിടെ ചെല്ലുമ്പോൾ അവനു ദൈവവുമായി രമ്യപ്പെട്ടു ജീവൻെറ അപ്പം ഭക്ഷിക്കേണ്ട ആ വശ്യം തോന്നാതിരിക്കുകയില്ല. ഇതെല്ലാം മറിയത്തിൻെറ രഹസ്യപ്രേരണയുടെ ഫലമാണു്. ഏക കാര്യത്തെക്കുറിച്ചു മാത്ര മാണു അവളുടെ ആകാംക്ഷ: ആ കാര്യം വി. കുർബാന വഴിയായി തന്നെത്തന്നെ നമുക്കു നൽകണമെന്നുള്ള മിശിഹാ യുടെ ആഗ്രഹത്തെ മനുഷ്യർ നിവൃത്തിയാക്കണമെന്നതത്രെ.

ആരാധനയ്ക്കായി വി. കുർബാന പരസ്യമായി സ്ഥാപി ച്ചിരിക്കുമ്പോൾ പരിശുദ്ധ മറിയത്തിൻെറ ബഹുമാനാർത്ഥം സ്തു തിപ്പുകൾ പാടുന്നതിനെ തിരുസ്സഭ പ്രോത്സാഹിപ്പിക്കുന്നതിൽ ഒട്ടും തന്നെ വിസ്മയിപ്പാനില്ല. എന്തുകൊണ്ടെന്നാൽ, സ്നേഹത്തിൻെറ അടയാളമായ ഈ കൂദാശ നമുക്കു ലഭിച്ചതു മറിയം വഴിയായി ട്ടാണെന്നു പറഞ്ഞുവല്ലൊ. ഇതുപോലെതന്നെ, കൂദാശയാകുന്ന തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്ന മിശിഹായുടെ പക്കലേയ്ക്കു നമ്മെ നയിക്കുന്നതിനും നാം അവളോടു പ്രാർത്ഥിക്കേണ്ടതാ വശ്യമാണെന്നു നമ്മേ മനസ്സിലാക്കാൻവേണ്ടിയാണു് ഇപ്രകാ രം ചെയ്യുന്നതു്.

---

# അദ്ധ്യായം 12

---

## കത്തോലിക്കാ പൗരോഹിത്യത്തിൻെറ മാഹാത്മ്യം.

നമ്മുടെ കർത്താവു് അതിരററ കാരുണ്യത്താൽ വി. കുർ ബാനയിൽ ലോകാവസാനംവരെ നമ്മോടുകൂടെ വസിക്കണ മെന്നു നിശ്ചയിച്ചു. ആകയാൽ അവിടുന്നു് "എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്വിൻ" (ലൂക്കാ 22. 19) എന്ന വചനങ്ങ ളാൽ ദിവ്യോസ്സി കൂദാശചെയ്യുന്നതിനു് തനിക്കുണ്ടായിരുന്ന അധികാരത്തെത്തന്നെ അപ്പസ്തോലന്മാർക്കും അവരുടെ അനുഗാ മികൾക്കും നൽകി. ഇങ്ങനെ അവിടുന്നു കത്തോലിക്കാ പൗ

രോഹിത്യത്തെ സ്ഥാപിച്ചു. ഈ പൌരോഹിത്യം വി. കർബാന യോടുകൂടെത്തന്നെ അവിടുന്നു സ്ഥാപിച്ചിട്ടുള്ള അതിമനോഹര മായ സ്ഥാപനമാകുന്നു.

പഴയനിയമത്തിലും ദൈവത്താൽ നിയുക്തരായ വൈ ദികന്മാർ ഉണ്ടായിരുന്നു. പക്ഷേ അവക്കു ബലിവസ്തുക്കളുടെ ഉപതിഷ്ടത്തുകളെ മാററുന്നതിനോ, മനുഷ്യക്കു അതീസ്വാഭാ വിക വരപ്രസാദം പ്രദാനം ചെയ്യുന്നതിനോ ശക്തിയുണ്ടായി രുന്നില്ല. അവക്കു സാധിച്ചിരുന്നതു് മൂശയാൽ വിധിക്കപ്പെട്ടി രുന്ന ബലികൾ ദൈവത്തിനു സമപ്പിക്കയും അതോടൊന്നിച്ചു നിർദ്ദിഷ്ട പ്രാത്ഥനകൾ നടത്തുകയും, ജനങ്ങളെ പ്രമാണങ്ങ ളും നിയമങ്ങളും പഠിപ്പിക്കയും ചെയ്ക എന്നതായിരുന്നു. ബുദ്ധി യില്ലാത്ത മൃഗങ്ങളെ ദഹനബലിയപ്പിക്കുന്നതിനേക്കാൾ ഉൽകൃ ഷ്ടമായി എന്തെങ്കിലും ദൈവത്തിനു നൽകുവാൻ അവക്കു കഴി വുണ്ടായിരുന്നില്ല.

പുതിയനിയമത്തിലെ പുരോഹിതനാകട്ടെ, മിശിഹാ നിശ്ചയിച്ച വചനങ്ങൾ ഉപയോഗിച്ചുകൊണ്ടു്, അന്തിമഭോ ജനത്തിൽ അവിടുന്നു ചെയ്ത ആ പ്രവൃത്തിതന്നെ ചെയ്യുന്ന തിനു്, അതായതു്, അവിടുത്തെ ശരീരവും രക്തവും കൂദാശ ചെയ്യുന്നതിനു്, സാധിക്കും. അതിനാൽ അയാൾ ദൈവിക സവ്വവല്ലഭത്വത്തിൽ പങ്കുകാരനാകുന്നതിനു ശക്തി ലഭിച്ചവന ത്രേ. ഇതിനും പുറമേ, അയാൾ ഈ ദിവ്യദാനം വിശ്വാ സികൾക്കു വീതിച്ചുകൊടുക്കുന്നതിനു് അധികാരപ്പെടുത്തപ്പെട്ട വനാണു്. ഇക്കാരണത്താൽ അവർ ഈ ദിവ്യകൂദാശയെ യോ ഗ്യതയോടെ സമീപിച്ചു് അതിൽനിന്നും വരപ്രസാദത്തിൻെറ ബീജത്തേയും നിത്യജീവൻെറ അച്ചാരത്തേയും പ്രാപിക്കുന്ന തിനുവേണ്ടി അവരുടെ പാപങ്ങളെ മോചി ക്കുന്നതിനുള്ള അധികാരവും അയാൾക്കു സിദ്ധിച്ചിട്ടുണ്ടു്. ഹാ! മാലാകാമാക്കുപോലുമില്ലാത്ത ശക്തി ലഭിച്ചിരിക്കുന്ന വൈ ദികരുടെ സ്ഥാനം എത്ര വലുതു്!! ശരിയായവിധം പട്ടമേററിട്ടു ള്ള വൈദികന്മാക്കു മാത്രമേ മിശിഹായുടെ ശരീരം കൂദാശ ചെയ്യുന്നതിനധികാരമുള്ളൂ. എന്തുകൊണ്ടെന്നാൽ അവരാണു് ദൈവത്താൽ നിയമിതരായിട്ടുള്ള ശുശ്രൂഷികൾ. മനുഷ്യരുടെ വിശുദ്ധീകരണത്തിനുവേണ്ടി അവിടുന്നു സ്വന്തം ശക്തിയെ പ്രദാനം ചെയ്തിട്ടുള്ളതും അവക്കത്രേ. ഏതന്മൂലം ഒരു വൈദി

കൻ പൂജയപ്പിക്കുമ്പോൾ അയാൾ ദൈവത്തെ മഹത്വപ്പെടുത്തുകയും മാലാകാമാരെ സന്തോഷിപ്പിക്കയും, തിരുസ്സഭയെ ഉൽകൃഷ്ടപ്പെടുത്തുകയും, ജീവിച്ചിരിക്കുന്നവരെ സഹായിക്കയും, മരിച്ചവക്ക് ആശ്വാസം നൽകുകയും, എല്ലാ നന്മകളിലും തന്നെ ത്തന്നെ പങ്കുകാരനാക്കിത്തീക്കുകയുമാകുന്നു ചെയ്യുന്നത്.

* * * *

കത്തോലിക്കാ പൗരോഹിത്യത്തിൻെറ ഉദ്ദേശം മിശിഹായുടെ ജോലിതന്നെ തുടന്നുകൊണ്ടു പോകുകയത്രേ. അവിടുത്തേ ജോലി ആത്മാക്കളെ ദൈവത്തിൻെറ സ്വഭാവത്തിൽ പങ്കുകാരാക്കിക്കൊണ്ട് അവയെ രക്ഷിക്കയെന്നതായിരുന്നു. തന്മൂലം കത്തോലിക്കാ പൌരോഹിത്യത്തിനു നമ്മുടെ ദിവ്യരക്ഷകൻെറ പൌരോഹിത്യത്തിനുണ്ടായിരുന്ന ലക്ഷണങ്ങൾതന്നെയാണുള്ളത്. മിശിഹാ പ്രസ്തുതസ്ഥാനം വഹിച്ചത് സ്വമേധയാ അല്ലായിരുന്നു. പ്രത്യുത, ദൈവമാണ് അവിടുത്തേ നമ്മുടെ പുരോഹിതനും "നാം ഏററു പറയുന്ന മേല്പട്ടക്കാരനും" (എബ്രായ. 3, 1) ആയി നിശ്ചയിച്ചത്. ഇതാണ് അവിടുത്തേ പൗരോഹിത്യത്തിൻെറ ഒന്നാമത്തെ ലക്ഷണം. ഇതുപോലെതന്നേ പുതിയനിയമത്തിലേ പുരോഹിതനും ദൈവത്താൽ നിയമിതനായിരിക്കണം. പഴയനിയമത്തിലാകട്ടെ പൗരോഹിത്യം ചില പ്രത്യേക കുടുംബങ്ങളിൽ പരമ്പരാഗതമായിരുന്നു. എന്നാൽ ഇന്ന് അതുപോരാ. ഇന്നു സാമൂഹികമായ ദൈവവിളിയല്ല, വ്യക്തിപരമായ വിളിയാണാവശ്യം. ദിവ്യരക്ഷകൻെറ മാംസവും രക്തവും ക്രൂദാശ ചെയ്യുകയും, മനുഷ്യരെ ദൈവത്തോടു രമ്യപ്പെടുത്തുകയും ചെയ്യുകയെന്ന മഹത്തായ ഉദ്യോഗം കാരണത്താലാണ് ഇതാവശ്യമായിത്തീന്നിരിക്കുന്നത്.

മിശിഹായുടെ പൗരോഹിത്യത്തിൻെറ വേറൊരു വിശേഷലക്ഷണം, "മൽക്കിസെദേക്കിൻെറ സാദൃശ്യത്തിൽ നീ എന്നെന്നേയ്ക്കും ഒരു പുരോഹിതനാകുന്നു" (സങ്കീ; 109–4) എന്ന സങ്കീത്തന വാക്യമനുസരിച്ച് അത് എന്നും നിലനിൽക്കുമെന്നുള്ളതാണ്. മിശിഹായ്ക്കു തൻെറ പൗരോഹിത്യമുദ്ര ഒരലങ്കാരമെന്നവണ്ണം എന്നും ഉണ്ടായിരിക്കും. ഇതുപോലെതന്നെ പുതിയനിയമത്തിലെ വൈദികനും, ആ സ്ഥാനത്തിന് താൻ എത്രതന്നേ അയോഗ്യനായിതീന്നാലും, തൻെറ ആത്മാവിൽ പതിഞ്ഞിട്ടുള്ള

ദൈവികമുദ്ര ഒരിക്കലും മാഞ്ഞുപോകുന്നില്ല. അവൻ തൻെറ ദിവ്യ യജമാനനെ കഠിനമായ നന്ദിഹീനതയാൽ പരസ്യമായി ഉപേക്ഷിച്ചാൽത്തന്നെയും മിശിഹായുടെ തിരുശ്ശരീരവും രക്തവും കൂദാശചെയ്യുന്നതിനുള്ള അധികാരം അവനിൽനിന്ന് ഒരിക്കലും എടുക്കപ്പെടുന്നതല്ല.

വീണ്ടും, മിശിഹായുടെ പൗരോഹിത്യത്തിൻെറ പ്രഥമോദ്ദേശം തന്നെത്തന്നെ കുരിശിൽ ബലിയർപ്പിക്കുക എന്നതായിരുന്നു. ഇതുപോലെതന്നെ കത്തോലിക്കാ പൗരോഹിത്യവും ഒരു വൈദികൻ സ്വന്തം ആഗ്രഹങ്ങളേയും, വാസനകളേയും, തന്നെത്തന്നെയും, ദൈവത്തിനു സമർപ്പിക്കേണ്ട ആ ദിവ്യബലിയോടു ഗാഢമായി അനുബന്ധിക്കപ്പെട്ടിട്ടുള്ളതാകുന്നു. അകയാൽ വൈദികൻ "വേറൊരു മിശിഹാ" ആണെന്നു പറയുന്നതു യഥാർത്ഥംതന്നേ.

* * * *

കത്തോലിക്കാ പൗരോഹിത്യം മിശിഹായുടെ പൗരോഹിത്യത്തിൻെറ അംശഭാഗിത്വവും അതിൻെറ തുടർച്ചയുമാണ്. ഇക്കാരണത്താൽ മിശിഹായുടെ അരൂപിയുള്ള വിശ്വാസികൾക്ക് വൈദികരോട്ട് അവിടുത്തേ നേർക്കുള്ളതുപോലെതന്നേയുള്ള പ്രത്യേകാദരവും ബഹുമാനവും ഉണ്ടായിരിക്കും. ഈ സംഗതിയിൽ അവർ വൈദികൻെറ ആളിനെയല്ല, പ്രത്യുത, അദ്ദേഹത്തിനു സിദ്ധിച്ചിരിക്കുന്ന ഉദ്യോഗത്തെയാകുന്നു കൂടുതൽ പരിഗണിക്കുക. തൻമൂലം ആളിൻെറ അയോഗ്യത അയാളുടെ ദിവ്യമുദ്രയെ അവഗണിക്കുന്നതിനോ അവമാനിക്കുന്നതിനോ തക്ക കാരണമല്ല.

വീണ്ടും കത്തോലിക്കാ പൗരോഹിത്യം കൂടാതെ മതത്തിൻെറ ബാഹ്യപ്രകടനങ്ങൾ അസാദ്ധ്യമാണ്. അകയാൽ പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളി വർദ്ധിപ്പിക്കേണ്ടതു് ഓരോ നല്ല കത്തോലിക്കൻെറയും ചുമതലയാകുന്നു. ഇതു് ദൈവവിളിയുണ്ടെന്നുതോന്നുന്ന യുവാക്കന്മാരെ പ്രോത്സാഹിപ്പിച്ചുകൊണ്ടോ, അവർ കഴിക്കേണ്ട സുദീർഘവും വിഷമകരവുമായ പരിശീലനത്തിൽ അവരെ സഹായിച്ചുകൊണ്ടോ സാധിക്കാം.

ഇക്കാരണത്താൽതന്നെ വൈദികവിദ്യാർത്ഥികളെ പരി

ശീലിപ്പിക്കുന്നതിനും, അവരെ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുന്നതിനും, പുണ്യം അഭ്യസിപ്പിക്കുന്നതിനും, മിശിഹായുടെ മാതൃകയ്ക്കൊത്തവണ്ണം ആക്കിത്തീർക്കുന്നതിനും, ശ്രമിക്കുന്നതു് സാക്ഷാൽ സ്തുത്യർഹമാകുന്നു.

# അദ്ധ്യായം 13

## വി. കുർബാന ദിവ്യപ്രസാദവരത്തിന്റെ വററാത്ത ഉറവയാകുന്നു.

"രക്ഷയുടെ ഉറവയിൽനിന്നും നീ സന്തോഷത്തോടെ ജലം കോരിയെടുക്കും" (സങ്കീ. 12, 13)

ഈ ജീവിതത്തിൽ ദിവ്യപ്രസാദവരത്തോളം വിലയുള്ളതായി മറെറാന്നുമില്ല. അതു നമ്മെ ദൈവത്തിന്റെ ദത്തുപുത്രരും, മിശിഹായുടെ സഹോദരരും, സ്വർഗ്ഗത്തിനവകാശികളുമാക്കിത്തീർക്കുന്നു. അതു ശോഭയുള്ള ഒരു പ്രകാശംപോലെയാണ്. അതു് ആത്മാവിൽ പ്രവേശിച്ചു്, അതിൽ വ്യാപിച്ചു് അതിനെ ദൈവത്തോടു സാദൃശ്യമുള്ളതും പരിശുദ്ധ ത്രിത്വത്തിന് പ്രസാദമുള്ളതുമാക്കുന്നു. ഈ ദിവ്യപ്രസാദം നമ്മുടെ ആത്മാവിനു് ഏററം സമൃദ്ധിയായി ലഭിക്കുന്നതിനുള്ള സുഗമവും വിശിഷ്ടവുമായ മാർഗ്ഗമാണ് വി. കുർബാന.

ദിവ്യപ്രസാദസ്വീകരണത്തിന് പ്രതിബന്ധമൊന്നുമില്ലാത്ത ആത്മാവിന് വി. കുർബാന അതിനെ പ്രദാനം ചെയ്യുന്നതു് സ്വശക്തിയാലാണെന്ന്, അഥവാ, ശാസ്ത്രീയമായി പറയുന്നപക്ഷം കൃതകർമ്മണാ ആണെന്നുള്ളതു് (ex opere operato) വിശ്വാസസത്യമാണ്. ഒരാൾ ദിവ്യോസ്തി സ്വീകരിക്കുന്ന മാത്രയിൽ അതു് അയാളിൽ ദിവ്യപ്രസാദവരത്തേയും, ദൈവത്തോടുള്ള സവിശേഷമായ സ്നേഹത്തേയും വർദ്ധിപ്പിക്കുന്നു. ഈ ദിവ്യപ്രസാദവരമാണ് ഭൂമിയിലെ നമ്മുടെ ഏററം വലിയ നിക്ഷേ

പം. സ്വർഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി കാണുന്നതിനു നമ്മെ അർഹരാക്കിത്തീർക്കുന്നതും ഇതുതന്നെ. ഈ ലോകത്തിൽ നമുക്കുള്ള ദൈവപ്രസാദവരത്തിൻെറ തോതനുസരിച്ചായിരിക്കും പരലോകത്തിലെ നമ്മുടെ നിത്യമഹിമയും.

ഒരുവൻ വി. കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനും, തദനുയോജ്യമായ ഭക്തിവികാരങ്ങൾ തന്നിൽ ഉളവാക്കുന്നതിനും ശ്രമിക്കുമ്പോൾ മുൻപറഞ്ഞവ കുറേക്കൂടെ യഥാർത്ഥമായി ഭവിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ, ആത്മാവിനെ സ്നേഹിക്കുന്ന ദൈവവും, പ്രസ്തുത സ്നേഹത്തിനനുരൂപമായി പ്രവർത്തിക്കാനാഗ്രഹിക്കുന്ന ആത്മാവും തമ്മിലുണ്ടാകുന്ന ചേർച്ച പരിപൂർണ്ണമത്രേ. ആത്മാവിൻെറ ജീവൻ അടങ്ങിയിരിക്കുന്നതു ദൈവസ്നേഹത്തിലാണ്. തന്മൂലം ദിവ്യകാരുണ്യസ്വീകരണം ആത്മാവിനു ജീവൻെറ ഉറവയായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ "അവക്ക് ജീവനുണ്ടാകുന്നതിന്, അതു ധാരാളമായുണ്ടാകുന്നതിനാണ് ഞാൻ വന്നിരിക്കുന്നത്" (യോഹ. 10, 10) എന്നും "എന്നെ ഭക്ഷിക്കുന്നവൻ ഞാൻവഴിയായി ജീവിക്കും," (യോഹ. 6, 58) എന്നും മിശിഹാതന്നെ അരുളിച്ചെയ്തിട്ടുണ്ട്. "നിങ്ങൾ മനുഷ്യപുത്രൻെറ മാംസം ഭക്ഷിക്കയും അവൻെറ രക്തം പാനം ചെയ്കയും ചെയ്യാത്തപക്ഷം നിങ്ങളിൽ ജീവനുണ്ടായിരിക്കയില്ല," (യോഹ. 6 54) എന്നു പറഞ്ഞിരിക്കുന്നതും ഇക്കാരണത്താൽ തന്നെ. ഓ! മിശിഹായുടെ ശരീരവും രക്തവും യഥായോഗ്യം സ്വീകരിക്കുന്നവൻ എത്ര അനുഗൃഹീതൻ! "അവൻ ഒരിക്കലും മരണം ആസ്വാദിക്കയില്ല." (യോഹ. 8, 52)

* * * *

ഈ ജീവിതത്തിൽ മനുഷ്യനെ അലങ്കരിക്കുവാൻ ദൈവത്തിന് വിശുദ്ധീകരണ വരപ്രസാദത്തെക്കാൾ ഉൽകൃഷ്ടമായി ഒന്നുമില്ല. അത് ആത്മാവിൻെറ വെറും ഒരു ഭൂഷണം മാത്രമല്ല; അതിനെ അതിസ്വാഭാവിക പുണ്യങ്ങൾ സദാ അനുഗമിച്ചുകൊണ്ടിരിക്കും. ഇവയാണ് നമ്മുടെ രക്ഷയ്ക്കു കാരണമായി നിൽക്കുന്ന ദൈവികപ്രവർത്തനങ്ങളുടെ ഹേതുക്കൾ. ഇപ്രകാരം ദൈവികപുണ്യമായ ഉപവിയും, പ്രധാനപുണ്യങ്ങളായ വിവേകം, നീതി, ആത്മശക്തി, മിതത്വം എന്നിവയും ശുദ്ധീകരവര

പ്രസാദത്തോടുകൂടെത്തന്നെ ആത്മാവിൽ നിവേശിതമാകുന്നു. ഈ സാഗ്ഗീയദാനമാകട്ടെ, വിശ്വാസത്തേയും ശരണത്തേയും വിശുദ്ധീകരിക്കുന്നു. അങ്ങനെ ഒരു ക്രിസ്ത്യാനി ദൈവത്തിൽ, കേവലം ഒരന്യനിലെന്നപോലെയല്ല, പ്രത്യുത, നമ്മുടെ അന്തരാവകാശമായിത്തീരേണ്ട ഒരുററ സ്നേഹിതനിലെന്നപോലെ വിശ്വസിക്കുവാനും ശരണപ്പെടുവാനും അതു് സംഗതിയാക്കുകയും ചെയ്യുന്നു.

ദിവ്യകാരുണ്യസ്വീകരണംവഴിയായി വരപ്രസാദവർദ്ധനത്തോടുകൂടെത്തന്നെ ഈ അതിസ്വാഭാവിക പുണ്യങ്ങൾ നമ്മിൽ ബലം പ്രാപിക്കുന്നു. ഈ പുണ്യങ്ങളാണു് മിശിഹായുടെ ജീവിതംതന്നെ നയിക്കുന്നതിനു നമ്മെ പ്രാപ്തരാക്കുന്നതു്. ആദ്യംതന്നെ, ആത്മാവു് വിശ്വാസത്തിൻെറ പ്രഭയാൽ പ്രകാശിതമായി, ദൈവം വെളിപ്പെടുത്തിയിട്ടുള്ളവയെല്ലാം ദൃഢമായി വിശ്വസിക്കുന്നു; വിശിഷ്യ, ഈ ദിവ്യകൂദാശയിലെ നമ്മുടെ ദിവ്യരക്ഷകൻെറ യഥാർത്ഥ സാന്നിദ്ധ്യത്തിൽ വിശ്വസിക്കുന്നു. അതു് അവിടുത്തെ നന്മയിൽ ദൃഢമായി ശരണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു് സ്നേഹത്തിൻെറ ഇത്ര വലിയ ലക്ഷണങ്ങൾ നൽകിയിരിക്കുന്നതുപോലെതന്നേ നമ്മുടെ എല്ലാ ആവശ്യങ്ങളിലും നമ്മെ സഹായിക്കുമെന്നു് അതിനു് നിശ്ചയമുണ്ടു്. വിശിഷ്യ, അതു് ദിവ്യസ്നേഹത്താൽ സ്വയം എരിയുന്നതായി അതിനനുഭവപ്പെടുന്നു. എന്തുകൊണ്ടെന്നാൽ തന്നെത്തന്നെ പരിപൂർണ്ണമായി ആ വാത്സല്യമുള്ള രക്ഷകനു നൽകിക്കൊണ്ടു മാത്രമെ അവിടുത്തെ നിസ്സീമസ്നേഹത്തിനനുരൂപമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്നു് അതിനറിയാം.

ഇതുപോലെതന്നെ, യോഗ്യതാപൂർവ്വം വി. കുർബാന ഉൾക്കൊള്ളുന്ന ഒരാൾ മറെറല്ലാ അതിസ്വാഭാവികപുണ്യങ്ങളുടെയും പരിശീലനത്തിൽ നിഷ്പ്രയാസം അഭിവൃദ്ധി പ്രാപിക്കുന്നു. കത്തോലിക്കാജീവിതം സവിശേഷം സമ്പന്നമായിത്തീരുന്നതു് ഇതുവഴിയായിട്ടത്രേ. എന്തുകൊണ്ടെന്നാൽ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു് ലൗകികമായ ധീരകൃത്യങ്ങൾ ചെയ്യുകയോ, വളരെ ധനം സമ്പാദിക്കുകയോ, ബഹുമതികളും സ്ഥാനമാനങ്ങളും നേടുകയോ അല്ല ആവശ്യം. പ്രത്യുത, വിശ്വാസത്തിൻെറ ചൈതന്യത്താൽ നിയന്ത്രിക്കപ്പെടുന്നതും, സൽപ്രവൃത്തികളാൽ സമ്പന്നവുമായ ഒരു ജീവിതം നയിക്കുക, അതായതു്, വി. കുർ

ബാന യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതുവഴിയായി സംഭവിക്കുന്ന യഥാർത്ഥമായ ആദ്ധ്യാത്മികജീവിതമാണാവശ്യം. വേദപുസ്തകം ദൈവികബോധജ്ഞാനത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളതുതന്നെ നമുക്കു ദിവ്യകാരുണ്യസ്വീകരണത്തെക്കുറിച്ചും പറയാം. "അതോടുകൂടെ സർവ്വനന്മകളും എനിക്കു ലഭിച്ചു." (സുജ്ഞാനം 7, 11).

* * * *

വി. കുർബാന സ്വീകരിക്കുന്നതുവഴിയായി നമ്മുടെ ആത്മാവിൽ വർദ്ധിക്കുന്ന പുണ്യങ്ങളുടെ കൂട്ടത്തിൽ രണ്ടെണ്ണം പ്രത്യേകം പ്രസ്താവയോഗ്യമാണ്. ശാന്തതയും, എളിമയും, ഇവയാകുന്നു നമ്മുടെ ദിവ്യരക്ഷകനിൽ സ്വാഭാവികമായി ശോഭിച്ചിരുന്ന രണ്ടു പുണ്യങ്ങൾ. "നിങ്ങൾ എന്നിൽ നിന്ന് പഠിപ്പിൻ, എന്തുകൊണ്ടെന്നാൽ ഞാൻ ശാന്തനും ഹൃദയതാഴ്മയുള്ളവനുമാകുന്നു" (മത്തായി. 11, 29.) എന്ന് അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലൊ.

വി. കുർബാന യഥാർത്ഥത്തിൽ നമ്മുടെ കർത്താവിനു നമ്മോടുള്ള അതിരററ ഉപവിയുടെ അച്ചാരവും അവിടുത്തെ വിസ്മയകരമായ എളിമയുടെ അടയാളവുമാകുന്നു. ഒരു വശത്തുകൂടി നോക്കുമ്പോൾ അതു് നമുക്ക് തരാൻ പാടുണ്ടായിരുന്നതിൽ ഏററം വലിയ ദാനമാണ്. എന്തുകൊണ്ടെന്നാൽ ഈ കൂദാശയിൽ അടങ്ങിയിരിക്കുന്നതു് മിശിഹാതന്നെയാണ്. അവിടുന്നു മുഴുവനായും പൂർണ്ണനായും അതിൽ സ്ഥിതിചെയ്യുന്നു. മറെറാരു വശത്തുകൂടി നോക്കുമ്പോൾ, നമ്മുടെ ഇടയിലുള്ള രക്ഷകന്റെ രഹസ്യവാസവും, സ്നേഹത്തിന്റെ സക്രാരിയിൽ അവിടുന്നു പ്രത്യക്ഷത്തിൽ നയിക്കുന്ന വിനീതജീവിതവും നമ്മെ അനുസ്മരിപ്പിക്കുന്നതു്, അത്ഭുതംപോലും ചെയ്യുന്നതിനേക്കാൾ താൻ കൂടുതൽ വിലമതിക്കുന്ന ഒരു സംഗതിയുണ്ടെന്നാണ്. അതു് "ഹൃദയംകൊണ്ടു രഹസ്യജീവിതം നയിക്കുന്നതല്ലാതെ മറെറാന്നുമല്ല." (1 പത്രോസ്. 3, 4)

ആകയാൽ നമ്മുടെ സ്നേഹമുള്ള രക്ഷകൻ കൂദാശവഴിയായി നമ്മുടെ ആത്മാവിൽ എഴുന്നെള്ളിവരുകയിൽ അവിടുന്ന് അതിനെ തന്റെ ഏററം പരിശുദ്ധ ഹൃദയത്തോടു കൂടുതൽ തുല്യതയുള്ളതാക്കിത്തീർക്കുകയെന്നതു് സ്വാഭാവികമത്രെ. വിശിഷ്യാ, ഈ വിസ്മയനീയമായ മാററം നമ്മിൽ വരുത്തണ

മെന്ന് നാം തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുകകൂടി ചെയ്യുന്നെങ്കിൽ അതു കൂടുതൽ സഫലമാകുന്നു. വി. കുർബാന നമ്മുടെ ആത്മാവിൽ അത്ഭുതകരമായ ഫലം ചെയ്യുന്നുണ്ടെന്നുള്ളതിന്റെ ഉത്തമസാക്ഷ്യമാകുന്നു അതിനെ കൂടെക്കൂടെ ഉൾക്കൊള്ളുന്നവർ ശാന്തതയിലും എളിമയിലും നമ്മുടെ കർത്താവിനോടു തുല്യതയുള്ളവരാകാൻ ശ്രമിച്ചുകൊണ്ടിരിക്കുമെന്നുള്ളതു്. ഇതിനേക്കാൾ അവിടുത്തെ പരിശുദ്ധ ഹൃദയത്തിന് പ്രസാദകരമായും മറ്റൊന്നുമില്ല.

---

# അദ്ധ്യായം 14

---

## ദിവ്യകാരുണ്യസ്വീകരണം വിശ്വാസം, ശരണം, ഉപവി എന്ന പുണ്യങ്ങളെ വർദ്ധിപ്പിക്കുന്നു.

ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം വിശ്വാസം, ശരണം, ഉപവി എന്ന മൂന്നു ദൈവിക പുണ്യങ്ങളുടെ പരിശീലനത്തിലാണ് അടങ്ങിയിരിക്കുന്നതെന്നു പറയാം. ഈ പുണ്യങ്ങൾവഴിയായി ഒരുവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നു; പാവനവും സമാധാനപരവുമായ ജീവിതം നയിക്കുന്നു; നിത്യഭാഗ്യപ്രാപ്തി സുനിശ്ചിതമാക്കുന്നതിന് പുണ്യയോഗ്യതകളെ സുഭിക്ഷമായി സമ്പാദിച്ചു വയ്ക്കുന്നു. വി. കുർബാനയെ ഒരാൾ യോഗ്യതാപൂർവ്വം സ്വീകരിക്കുന്നെങ്കിൽ അതിന് അയാൾ വിശ്വാസത്തിന്റെയും, ശരണത്തിന്റേയും, സ്നേഹത്തിന്റെയും യഥാർത്ഥമായ ജീവിതം നയിക്കുന്നതിനിടയാക്കാനുള്ള വിസ്മയാവഹമായ ശക്തിയുണ്ടു്.

ആദ്യംതന്നെ, ദിവ്യകാരുണ്യസ്വീകരണം ആത്മാവിൽ വിശ്വാസത്തിന്റെ ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ ഉൽകൃഷ്ടകൂദാശ സാക്ഷാൽ വിശ്വാസത്തിന്റെ രഹസ്യമാണ്. പ. ത്രിത്വം, മനുഷ്യാവതാരം, നരപരി

ത്രാണം, അത്ഭുതങ്ങൾ, പുനരുത്ഥാനം, നിത്യജീവിതം എന്നിവയെ സംബന്ധിച്ച് നാം വിശ്വസിക്കണമെന്ന തിരുസ്സഭ പഠിപ്പിക്കുന്ന സകലത്തിന്റെയും സംഗ്രഹമാകുന്ന ഈ ക്രൂദാശ. ഈ മഹാസത്യങ്ങളെല്ലാം തെളിവായിട്ടോ, നിഗൂഢമായിട്ടോ, ഈ പരിശുദ്ധ ക്രൂദാശയിൽ അടങ്ങിയിട്ടുണ്ട്. തന്മൂലം അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ മിശിഹായുടെ യഥാർത്ഥ ശരീരവും രക്തവുമാണ് സ്വീകരിക്കുന്നതെന്നു ദൃഢമായി വിശ്വസിക്കുന്ന ഒരാൾ തദ്വാരാ പരിപൂർണ്ണമായ കത്തോലിക്ക വിശ്വാസത്തേയത്രേ പ്രകടിപ്പിക്കുന്നത്.

നമ്മുടെ കർത്താവ് ഈ പുണ്യത്തെ എത്രയധികം വിലമതിസ്സുന്നുവെന്നു ഗ്രഹിക്കുന്നതിന് അവിടുന്നു അതിനെ ആ ശതാധിപനിലും, കാനാനായ സ്ത്രീയിലും എത്രയധികം പ്രശംസിച്ചുവെന്നും, ലോകാവസാനനാളുകളിൽ അവിശ്വാസം മനുഷ്യഹൃദയങ്ങളിൽ ഇഴഞ്ഞുകയറുമെന്നു അവിടുന്ന് എത്ര ദുഃഖാധിക്യത്തോടെയാണ് പ്രസ്താവിച്ചതെന്നും അനുസ്മരിച്ചാൽമതി. ആകയാൽ നമുക്കു വിശ്വാസമെന്ന പുണ്യത്തെ വളരെ വിലമതിക്കയും, വി. കുർബാന കൂടെക്കൂടെ സ്വീകരിച്ചുകൊണ്ടു പ്രസ്തുത് പുണ്യം നമ്മിൽ വദ്ധിപ്പിക്കയും ചെയ്യാം.

* * * * * * *

വിശ്വാസം നമ്മുടെ നീതീകരണത്തിന്റെ മൂലവും അടിസ്ഥാനവുമാണെങ്കിൽ, ശരണം അഥവാ അതിസ്വാഭാവികങ്ങളായ ഭാവിനന്മകളെക്കുറിച്ചുള്ള പ്രതീക്ഷ നമ്മെ ഭൂമിയിൽനിന്നുയർത്തി ആദ്ധ്യാത്മികസമരത്തിൽ പരിരക്ഷിക്കുന്ന ഒന്നാകുന്നു. അതു് ഈ ജീവിതത്തിലും ഭാവിജീവിതത്തിലും നാം ദൈവകാരുണ്യത്തിൽനിന്നു് പ്രതീക്ഷിക്കുന്ന അവൎണ്ണനീയനന്മകളെല്ലാം നമുക്കു സ്വന്തമായതുപോലെതന്നെ കാണിച്ചുതരുന്നു.

ശരണമെന്ന പുണ്യത്തിന്റെ പ്രാധാന്യം വേണ്ടപോലെ മനസ്സിലാക്കുന്നതിനു നിരാശയെന്ന ദുർഗ്ഗുണത്തിന്റെ വല്ലപ്പം ആലോചിച്ചാൽ മതി. നിരാശ, പാപങ്ങളിൽവെച്ച് ഏററം ഘനമേറിയതല്ലായിരിക്കാം. എങ്കിലും ജീവിതത്തിന്റെ ബഹുവിധ വിഷമങ്ങളിൽ ആത്മാവിനെ ആശ്വസിപ്പിക്കുന്നതിനു പര്യാപ്തങ്ങളായ മാർഗ്ഗങ്ങളെല്ലാം നഷ്ടപ്പെടുത്തിക്കളയുന്ന

എന്ന കാരണത്താൽ അതു് ആത്മാവിൻെറ ഉൽഗതിക്ക് ഏററം ഹാനികരമാകുന്നു.

ദൈവത്തിലുള്ള ശരണം മുഴുവൻ നഷ്ടപ്പെടുകയും, അവിടുത്തേ പരിപാലനയിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന മനുഷ്യൻെറ അവസ്ഥ എത്ര പരിതാപകരം! അവനു സ്വന്തം ശക്തിയും, യഥാർത്ഥഭാഗ്യം പ്രദാനം ചെയ്യുന്നതിനു് പ്രാപ്തിയില്ലാത്ത ദുഃഖസമ്പൂർണ്ണമായ ഈ ലോകവുമല്ലാതെ മററു യാതൊരാലംബവുമുണ്ടായിരിക്കയില്ല. തന്മൂലം, അവൻ ധാർമ്മികമായ അധഃപതനാവസ്ഥയിൽ ജീവിക്കേണ്ടതാവശ്യമായിത്തീരുന്നു. ഇതു് നിത്യശിക്ഷയ്ക്കധീനരായവരെ പീഡിപ്പിക്കുന്ന ഘോരനൈരാശ്യത്തിൻെറ പ്രതിബിംബം മാത്രമാണു്.

ശരണമെന്ന പുണ്യമില്ലാത്ത ഒരാളിൻെറ പരിതാപകര സ്ഥിതി വി. പൌലോസ് വർണ്ണിക്കുന്നതു് എത്ര സ്തോഭജനകമായ വാക്കുകളിലാണെന്നു നോക്കുക. ഈ പുണ്യമില്ലാത്തവൻ "മിശിഹായെ കൂടാതെയുള്ളവനും, ഇസ്രായേലിൻെറ നടപടിയോടു സംബന്ധമില്ലാത്തവനും, വാഗ്ദാനത്തിൻെറ നിയമത്തിനു് അന്യനും, പ്രത്യാശയില്ലാത്തവനും ലോകത്തിൽ നിരീശ്വരനുമാകുന്നു." (അപ്പേ. 2, 12.) എന്നാൽ ജീവിതമാകുന്ന യാത്രചെയ്യുന്നവനു് അതിസ്വാഭാവിക ശരണത്തോടുകൂടെ ആയുഷ്ക്കാലം കഴിച്ചുകൂട്ടുന്നതിനുള്ള സാക്ഷാൽ പ്രബലവും സുസ്ഥിരവുമായ പ്രേരകശക്തിയാണു് വി. കുർബാന. എന്തുകൊണ്ടെന്നാൽ ദൈവസന്നിധിയിൽ നമ്മുടെ ഏകമദ്ധ്യസ്ഥനും, ഈ ലോകയാത്രയ്ക്കുശേഷം സ്വർഗ്ഗത്തിൽ അനുഭവിക്കാമെന്നു് നാം പ്രതീക്ഷിക്കുന്ന അതിരററ നന്മയുമായ മിശിഹായാകുന്നു ഈ കൂദാശയിൽ അവനുള്ളതു്. ദൈവം തൻെറ വാഗ്ദാനത്തെ പാലിക്കാതിരിക്കുമെന്നോ? ഒരിക്കലുമില്ല. എന്തുകൊണ്ടെന്നാൽ അവിടുന്നുതന്നേയാണു് നമ്മുടെ മദ്ധ്യേ വസിക്കുന്നതിനും, നമ്മുടെ ഭക്ഷണവും പാനീയവുമായിത്തീരുന്നതിനും വേണ്ടി മനുഷ്യനായി പിറന്ന സ്വപുത്രനേത്തന്നെ നമുക്കു നൽകിയിരിക്കുന്നതു്.

ആകയാൽ നാം ദൈവത്തിൻെറ വാഗ്ദാനങ്ങളോടു വിശ്വസ്തരായിരിക്കുമെങ്കിൽ അവിടുന്നു് ഈലോകത്തിൽ നമുക്കു ദിവ്യപ്രസാദവും പരലോകത്തിൽ മഹിമയും പ്രദാനം ചെയ്യുമെന്നു യഥാർത്ഥത്തിൽ ദൃഢമായി ശരണപ്പെ

ടാം. വി. കർബാനയിൽ നമുക്ക സാക്ഷാൽ "ഭാവിനന്മയുടെ അച്ചാരം" നൽകപ്പെട്ടിരിക്കുന്നു.

*    *    *    *    *

ഉപവിയാണ് ക്രിസ്തീയ പുണ്യത്തിൻെറ പരിപൂൎണ്ണത. അതു സൎവ്വപുണ്യങ്ങളുടേയും രാജ്ഞിയാകുന്നു. വിശ്വാസത്തേയും ശരണത്തേയുംകാൾ അതു് ഉൽകൃഷ്ടംതന്നേ. അതു ദൈവത്തിനേററം പ്രസാദമുള്ളതാണ്. ഉപവികാരണത്താലാണ് അവിടുന്നു സ്വൎഗ്ഗത്തിൽനിന്നു വന്നതു്. ആ പുണ്യം എന്താണെന്നും അതെന്തിനെ സൂചിപ്പിക്കുന്നുവെന്നും ദൃഷ്ടാന്തത്താൽ നമ്മെ മനസ്സിലാക്കണമെന്നുള്ളതായിരുന്നു അവിടുത്തെ വരവിൻെറ ഉദ്ദേശം.

ഈ പുണ്യത്തിൽ രണ്ടു പ്രമാണങ്ങളാണടങ്ങിയിട്ടുള്ളതു്. ഒന്നാമത്തേതു് ദൈവത്തെ സംബന്ധിച്ചതാകുന്നു. അവിടുത്തെ പൂൎണ്ണഹൃദയത്തോടും, പൂൎണ്ണാത്മാവോടും പൂൎണ്ണമനസ്സോടും കൂടെ സ്നേഹിക്കണമെന്നതാകുന്നു അതു്. രണ്ടാമത്തേ പ്രമാണം നമ്മുടെ അയൽക്കാരെ സംബന്ധിച്ചതാകുന്നു. നമ്മേപ്പോലെതന്നെ അവരേയും നാം സ്നേഹിക്കണമെന്നതാണ് അതിൻെറ നിൎദ്ദേശം.

ദൈവത്തോടും മനുഷ്യരോടുമുള്ള ഉപവിയെ സംബന്ധിച്ച പ്രമാണം അനുസരിക്കുക അത്ര സുസ്സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ദുഷ്ടമായ സ്വഭാവം ദൈവികമഹിമയേയും അയൽക്കാരൻെറ ഉൽക്കൎഷത്തേയുംകാൾ സദാ സ്വഗുണത്തെ തേടുന്നതിലേയ്ക്കാണു ചാഞ്ഞിരിക്കുന്നതു്.

എന്നാൽ ദിവ്യപ്രസാദവരത്തിൻെറ സഹായത്താൽ, വിശിഷ്യ, വി. കർബാനയിൽ നമുക്ക നൽകപ്പെടുന്ന ദിവ്യപ്രസാദത്തിൻെറ സഹായത്താൽ, ഈ ചുമതലയുടെ നിൎവ്വഹണം സാക്ഷാൽ ലഘുവായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ, ഈ ദിവ്യക്രൂദാശതന്നെ മിശിഹാ ഈ ഭൂമിയിൽ ഇടുവാൻ വന്നതും, കത്തിയെരിവാൻ അവിടുന്നു് അതിയായി ആഗ്രഹിച്ചതുമായ അഗ്നിയുടെ ഒരു പൊരിയാകുന്നു. (ലൂ. 12. 49.) തന്മൂലം, ഒരു വലിയ തീജ്ജ്വാലയുടെ സമീപെ നിൽക്കയും, അതേസമയം അതിൻെറ ചൂടു് അനുഭവിക്കാതിരിക്കയും ചെയ്ക അസാദ്ധ്യമായിരിക്കുന്നതുപോലെതന്നെ ഭക്തിയോടേ ദിവ്യകാരുണ്യം സ്വീകരി

ക്കയും അതേസമയം ആത്മാവു ദൈവസ്നേഹത്താലും പരസ്നേഹത്താലും എരിയുന്നതായി അനുഭവപ്പെടാതിരിക്കയും ചെയ്യുക അസാദ്ധ്യമാണ്.

കൂടാതെയും, ഈ ദിവ്യക്രൂദാശ സ്ഥാപിക്കുന്നതിനു നമ്മുടെ ദിവ്യരക്ഷകനെ പ്രേരിപ്പിച്ചതു് ദൈവത്തോടും മനുഷ്യരോടുമുള്ള അവിടുത്തെ ഉപവിയാണ്. ഈ സംഗതിയേക്കുറിച്ചുള്ള സ്മരണ നമ്മുടെ പരമനന്മയായ ദൈവത്തോട് തദനുയോജ്യമായ ഉപവിയുടെ വികാരങ്ങളേയും, നമ്മേപ്പോലെ സ്വർഗ്ഗഭാഗ്യത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഇതരന്മാരോട് ക്ഷമാപൂർവ്വകമായ സ്നേഹത്തേയും നമ്മിൽ ജനിപ്പിക്കാതിരിക്കയില്ല.

ഓ! ദിവ്യനാഥാ, നീയും പിതാവും ഒന്നായിരിക്കുന്നതുപോലെ സകല ക്രിസ്ത്യാനികളുടേയും ഹൃദയങ്ങൾ നിന്നോടൊന്നായിരിക്കുന്നതിനുവേണ്ടി അവയെ പരിപൂർണ്ണമായ ഉപവിയുടെ ശൃംഖലയാൽ യോജിപ്പിക്കുന്നതിന് സ്നേഹത്തിൻെറ ഈ ക്രൂദാശ സ്ഥാപിച്ചതിനേക്കുറിച്ചു നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

---

# അദ്ധ്യായം 15

## വി. കുർബാന ഉപവിയുടെ തീക്ഷ്ണതയെ നമ്മിൽ സജീവമായി പാലിക്കുന്നതിനുള്ള മാർഗ്ഗമാകുന്നു.

ദൈവം മനുഷ്യർക്കു നൽകിയിട്ടുള്ള ദാനങ്ങളിൽ ഏററം വിലപിടിച്ചതാണ് ഉപവി എന്നതിനു സംശയമില്ല. ഈ പുണ്യം നമ്മുടെ ഹൃദയത്തേയും സ്വർഗ്ഗീയ പിതാവിൻെറ ഹൃദയത്തേയും തമ്മിൽ രണ്ടും ഒന്നായിത്തീരത്തക്കവണ്ണം അത്ര ഗാഢമായി സംഘടിപ്പിക്കുന്നു എന്നു പറയാം. എന്നാൽ നമ്മുടെ ആത്മാവിൽ ഉപവിയുണ്ടെങ്കിലും അതു പലപ്പോഴും നിർജ്ജീവമായിട്ടാണ് സ്ഥിതി ചെയ്യുന്നതു്. തന്മൂലം സജീവമായ ഉപവി നമ്മിൽ ഉൽപാദിപ്പിക്കാനിടയുള്ള വിസ്മയാവഹമായ യോഗ്യത

കൾ നമുക്ക നഷ്ടപ്പെട്ടുപോകുന്നു. ഇതുകൊണ്ടാണ് ഈ സ്വർഗ്ഗീയദാനം നമ്മിൽ നിഷ്കൃഷ്ടയോടെ സൂക്ഷിച്ചാൽമാത്രം പോരാ, പ്രത്യുത, സമത്ഥനായ ഒരു വ്യാപാരി പണം കൈകാര്യം ചെയ്യുന്നതുപോലെ നാം അതിനെ പ്രവൎത്ത്യുൻമുഖമാക്കിത്തീക്കുകൂടി വേണമെന്നുപദേശിക്കുന്നത്. ഒരാത്മാവ് ഉപവിയുടെ തീക്ഷ്ണതയിൽ ജീവിക്കുന്നു എന്നു പറയുമ്പോൾ നാം മനസ്സിലാക്കേണ്ടതു് ഇതത്രേ.

ഈ ദിവ്യ തീക്ഷ്ണതയെ നമ്മിൽ ജീവനോടെ നിലനിൎത്തുന്നതിനു്, അഥവാ, വി. പൗലോസ് പറയുന്നതുപോലെ നമ്മെ "അരൂപിയിൽ ശുഷ്കാന്തിയുള്ളവരാക്കുന്നതിനു"ള്ള (റോമാ. 12. 11.) മാൎഗ്ഗങ്ങളിൽ ഏററം ഫലപ്രദമായതാണ് വി. കുർബാന. ഇതു് പലേ കാരണങ്ങളാലാകുന്നു. ഈ കൂദാശ ദൈവം നമുക്ക പ്രദാനം ചെയ്തിട്ടുള്ള നന്മകളെയെല്ലാം സദാ നമ്മെ വിശദമായി അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് ഒന്നാമത്തേ കാരണം. ഒരാൾ നമുക്ക ചെയ്തിട്ടുള്ള ഔദാൎയ്യങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ നമുക്ക് അയാളോടു പ്രതിസ്നേഹം പ്രദശിപ്പിക്കണമെന്നു തോന്നാതിരിപ്പാൻ നിവൃത്തിയില്ലല്ലോ.

വി. കുർബാന സ്വതേ ദൈവം നമുക്ക സ്നേഹപൂൎവ്വം ചെയ്തിരിക്കുന്ന നന്മയുടെയെല്ലാം സംഗ്രഹമാണ്. മാത്രമല്ല, അതു് മനുഷ്യവൎഗ്ഗത്തിനുവേണ്ടി അവിടന്ന് ഓരോ കാലത്തു പ്രവൎത്തിച്ചിട്ടുള്ള സകലത്തേയും നമ്മെ അനുസ്മരിപ്പിക്കയും ചെയ്യുന്നു. അവിടന്നു മരുഭൂമിയിൽവച്ചു സ്വന്തജനമായ ഇസ്രായേൽക്കാരെ എങ്ങനെ അത്ഭുതകരമായവിധം പരിപോഷിപ്പിച്ചു എന്ന് അതു നമ്മോടു പറയുന്നു. അന്ന് അവർ ഭക്ഷിച്ച മന്നാ ഈ വി. കുർബാനയുടെ സാദൃശ്യം മാത്രമായിരുന്നല്ലോ. നമ്മുടെ ദിവ്യരക്ഷകൻ എപ്രകാരം നമുക്കവേണ്ടി അനിൎവ്വചനീയമായ പീഡകൾ സഹിച്ചുവെന്നു വി. കുർബാന നമ്മെ ഓൎമ്മപ്പെടുത്തുന്നു. മിശിഹായുടെ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും സ്മരണയായിട്ടാണല്ലൊ ഈ ദിവ്യകൂദാശ സ്ഥാപിച്ചതു്. ഈ കൂദാശ സ്വൎഗ്ഗരാജ്യത്തിൽ നമുക്ക സിദ്ധിക്കാവുന്ന നിത്യസൗഭാഗ്യത്തെക്കുറിച്ചുള്ള പ്രത്യാശ നമുക്ക നൽകിക്കൊണ്ടു് നമ്മെ സന്തോഷഭരിതരാക്കുന്നു. എന്തുകൊണ്ടെന്നാൽ വി. കുർബാന ഭാവിമഹിമയുടെ ഒരച്ചാരമത്രേ. ആ! ഈ കൂദാശയുടെ നേൎക്കുള്ള ഭക്തി ദൈവം നമുക്കവേണ്ടി ചെയ്തിട്ടുള്ളതെല്ലാം ആത്മാവിനെ

ഓർമ്മപ്പെടുത്തുകയും, അങ്ങനെ അതിൽ ദൈവിക സ്നേഹത്തിൻെറ അമൂല്യജ്വാലയെ യഥാർത്ഥത്തിൽ സജീവമാക്കിത്തീർക്കയും ചെയ്യാതിരിക്കയില്ല.

* * * *

വി. കുർബാന ഉപവിയുടെ തീക്ഷ്ണതയെ നമ്മിൽ സദാ സജീവമാക്കുന്നതു് ദൈവത്തിൻെറ അനുഗ്രഹങ്ങളെ നമ്മെ പ്രബലമായി അനുസ്മരിപ്പിച്ചുകൊണ്ടു മാത്രമല്ല, പ്രത്യുത, പതിവായി ദിവ്യസന്നിധിയിൽ വസിക്കുന്നതിനു നമ്മേ യോഗ്യരാക്കിക്കൊണ്ടുകൂടെയാണ്. ദൈവസന്നിധിയിൽ ജീവിക്കയും വ്യാപരിക്കയും ചെയ്കയെന്നതു പരിപൂർണ്ണനായിരിക്ക എന്നതുതന്നെ. "എൻെറ മുമ്പിൽ നീ വ്യാപരിക്ക, അങ്ങനെ പരിപൂർണ്ണനായിരിക്ക" (ഉല്പത്തി 17–1) എന്നു ദൈവം തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലൊ.

ദൈവം നമ്മെ കാണുക മാത്രമല്ല, നമ്മിൽ വസിക്കകൂടി ചെയ്യുന്നു. നാം എവിടെപ്പോയാലും അവിടുന്നു നമ്മോടുകൂടെയുണ്ട്. നാം പ്രവർത്തിക്കുന്നതെല്ലാം അവിടത്തേയ്ക്കു പൂർണ്ണമായി അറിയാം. നമ്മുടെ ഏററം നിഗൂഢമായ വിചാരങ്ങൾ പോലും, അവയെ മദ്ധ്യാഹ്നത്തിൽ പ്രത്യക്ഷപ്പെടുത്തിയാലെന്നപോലെ അവിടത്തേയ്ക്കു അത്ര വിശദമത്രേ. ഈവക സംഗതികൾ ചിന്തിക്കുമ്പോൾ തിന്മ പ്രവർത്തിയ്ക്കാതിരിക്കുന്നതിനു മാത്രമല്ല നന്മ ചെയ്യുന്നതിനുകൂടി നാം ശക്തിപൂർവ്വം പ്രേരിപ്പിക്കപ്പെടുന്നതായി യഥാർത്ഥത്തിൽ അനുഭവപ്പെടാതിരിക്കയില്ല. വിശിഷ്യാ, നമ്മെ അതുല്യമായി സ്നേഹിക്കുന്ന ഏററം ദയാലുവായ ഒരു പിതാവാണ് ദൈവമെന്നു നമുക്കറിയാം. തന്മൂലം അവിടത്തേ സാന്നിദ്ധ്യത്തേക്കുറിച്ചുള്ള വിചാരം സർവ്വാത്മനാ അവിടത്തേ സ്നേഹിക്കുന്നതിനു നമുക്കു ശക്തിമത്തായ പ്രേരകമായിരിക്കാനേ തരമുള്ളൂ.

ഈ ഭൂമിയിലേ ദൈവസാന്നിദ്ധ്യത്തെ നമ്മേ അനുസ്മരിപ്പിക്കുന്നതിനുള്ള ഏററം മഹത്തായ ഒരു മാർഗ്ഗമാകുന്നു വി. കുർബാന. എന്തുകൊണ്ടെന്നാൽ ക്രൂദാശയാകുന്ന തിരശ്ശീലയ്ക്കുള്ളിൽ സത്യദൈവവും സത്യമനുഷ്യനുമായ മിശിഹാ യഥാർത്ഥത്തിൽ സന്നിഹിതനത്രേ. അവിടുന്നു സാക്ഷാൽ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള "എമ്മാനുവേൽ" ആകുന്നു. ഹസ്സനി

മ്മിതമായ ദേവാലയങ്ങളിൽ വസിക്കുന്നതിന് അവിടുന്ന് അവജ്ഞ ഭാവിക്കുന്നില്ല. മാത്രവുമല്ല എത്ര അൽത്താരകളിൽ ബലി സമപ്പിക്കുന്നുവോ അവിടെയെല്ലാം, അഥവാ, ദിവ്യസാദൃശ്യങ്ങൾ സൂക്ഷിച്ചുവയ്ക്കുന്ന സക്രാരികൾ എത്രയുണ്ടോ അത്രയും സ്ഥലങ്ങളിൽ, അവിടുന്നു നമ്മോടുള്ള സ്നേഹത്തെപ്രതി തന്റെ സാന്നിദ്ധ്യത്തെ ഗുണീഭവിപ്പിക്കുന്നു.

ദൃഢവിശ്വാസമുള്ള ഒരു ക്രിസ്ത്യാനിക്ക് ഹൃദയംകൊണ്ടെങ്കിലും ദിവസത്തിൽ പല പ്രാവശ്യം ദിവ്യകാരുണ്യം സ്ഥിതിചെയ്യുന്ന ഏതെങ്കിലും ഒരൽത്താരയുടെ പക്കൽ പ്രവേശിക്കുന്നതിനും, അങ്ങനെ ദിവ്യസാന്നിദ്ധ്യത്തിലുള്ള വിശ്വാസത്തെ നവീകരിക്കുന്നതിനും, ദിവ്യനാഥനെ ആരാധിക്കുന്നതിനും, സാക്ഷാലുള്ള ആദ്ധ്യാത്മികജീവിതം നയിക്കുന്നതിനു വേണ്ട വരങ്ങൾ യാചിക്കുന്നതിനും സൗകര്യപ്പെടത്തക്കവണ്ണം അവന്റെ ദിനചര്യ ക്രമപ്പെടുത്താൻ നിഷ്പ്രയാസം സാധിക്കും. ദിവ്യകാരുണ്യത്തിലേ നമ്മുടെ കത്താവിന്റെ സാന്നിദ്ധ്യത്തേക്കുറിച്ചുള്ള സ്മരണ നമ്മുടെ ഹൃദയത്തിൽ ദിവ്യസ്നേഹത്തിന്റെ തീക്ഷ്ണതയേ ഉജ്ജ്വലിപ്പിക്കുന്നതിന് എത്ര പര്യാപ്തമായ മാർഗ്ഗമാകുന്നു!

*    *    *    *

ഈ ജീവിതത്തിൽ ദിവ്യസ്നേഹത്തിന്റെ തീക്ഷ്ണത നമ്മിൽ നിലനിൎത്തുന്നതിനു വലിയ പ്രതിബന്ധമായി നിൽക്കുന്നതു് നമ്മെ സവ്വത്ര ആവരണം ചെയ്യുന്ന വിഷമതകളും കഷ്ടതകളുമാകുന്നു. ജീവിതം സുഗമമായിരിക്കയും, സവ്വസംഗതികളും നമ്മുടെ ഹിതാനുസരണം സംഭവിക്കയും ചെയ്യുമ്പോൾ ആത്മാവിനെ ദൈവത്തിന്റെ പക്കലേയ്ക്കുയത്താൻ വളരെ എളുപ്പമുണ്ടു്. എന്നാൽ അനത്ഥങ്ങളും ആകുലചിന്തകളും നമ്മേ പീഡിപ്പിക്കുമ്പോൾ നാം പെട്ടെന്നു നിരാശപ്പെടുകയും, നമ്മുടെ സ്നേഹത്തിന്റെയെല്ലാം ഏക വിഷയമായിരിക്കേണ്ട അവിടത്തേ വിസ്മരിച്ചുകളകയും ചെയ്യുന്നു. അപ്പോൾ ദൈവത്തിന്റെ നന്മയും, നമ്മേക്കുറിച്ചുള്ള അവിടത്തേ പൈതൃകമായ ശ്രദ്ധയും നാം സ്മരിക്കുന്നില്ല. മാത്രമല്ല, അവിടുന്നു ചെയ്തു ഉപകാരങ്ങളുടെ ഓമ്മ നമ്മുടെ മനസ്സിൽനിന്നു മാഞ്ഞുപോകയും ദൈവം ഇല്ലാ എന്ന മട്ടിൽതന്നെ നാം ജീവിക്കയും ചെയ്യുന്നു.

എന്നാൽ ജീവിതത്തിലുണ്ടാകുന്ന ആകുലചിന്തകളും, വിരുദ്ധതകളും സന്തോഷപൂർവ്വം സഹിക്കുന്നതിനും, തന്മൂലം ഉപവിയുടെ തീക്ഷ്ണത നമ്മിൽ നിലനിർത്തുന്നതിനുമുള്ള മാർഗ്ഗമാണ് വി. കുർബാന. അദൃശ്യമായി, ദിവ്യസാദൃശ്യങ്ങളിൽ സ്ഥിതി ചെയ്യുന്ന കർത്താവുതന്നെ നമുക്കവേണ്ടി സഹിച്ചവയേക്കുറിച്ചുള്ള ഓർമ്മ, ക്ഷമയോടും വിശ്വാസത്തോടുംകൂടെ ജീവിതത്തിലെ വിവിധപരീക്ഷകൾ സഹിക്കുന്നതിനു നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

ഫ്രീശന്മാരുടെ കപടസമ്പ്രദായങ്ങളോ, യഹൂദന്മാരുടെ ഉഗ്രകോപമോ, സ്വശിഷ്യരുടെ അവിശ്വസ്തതയോ മന്ദതയോ, സ്വർഗ്ഗീയപിതാവിനേയും മനുഷ്യവർഗ്ഗത്തേയും സമ്പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നതിൽനിന്ന് മിശിഹായെ തടഞ്ഞില്ല. ഇതുപോലെതന്നെ ഒരു ക്രിസ്ത്യാനിയും ദിവ്യകാരുണ്യത്തിൽ സന്നിഹിതനാണെന്നു താൻ വിശ്വസിക്കയും, വിശ്വാസപൂർവ്വം താൻ സഹായമപേക്ഷിക്കയും ചെയ്യുന്ന ഈ സ്നേഹമുള്ള രക്ഷകൻെറ മാതൃകയാൽ പ്രേരിതനായി, ജീവിതാനർത്ഥങ്ങളെ അവഗണിച്ചുകൊണ്ട്, ആത്മാവിൻെറ സർവ്വശക്തികളും പ്രയോഗിച്ച് ദൈവത്തെ സ്നേഹിക്കാതിരിക്കയില്ല. "പല വെള്ളങ്ങൾക്കും ഉപവിയെ ശമിപ്പിക്കുന്നതിനാകട്ടെ, ജലപ്രളയത്തിന് അതിനെ മൂടിക്കളയുന്നതിനാകട്ടെ കഴിഞ്ഞില്ല." (കൊറി. 8. 7,)

---

## അദ്ധ്യായം 16

### വി. കുർബ്ബാന പാപത്തിന് പ്രത്യൗഷധമാകുന്നു.

ഒരു മനുഷ്യന് ഈ ലോകത്തിൽ സംഭവിക്കാവുന്നതിൽ ഏററം വലിയ തിന്മയാകുന്നു പാപം. അതു ഘനമേറിയതാണെങ്കിൽ അവനിലുള്ള ദിവ്യപ്രസാദവരത്തെ നഷ്ടപ്പെടുത്തി അവനെ നിത്യശിക്ഷയ്ക്കർഹനാക്കുന്നു. ലഘുവായതാണെങ്കിൽ ഉപവിയുടെ തീക്ഷ്ണതയെ മന്ദീഭവിപ്പിച്ച്, ആത്മാവിനെ മരണ

കരമായ വീഴ്ചകൾക്കു തയ്യാറാക്കുന്നു. അതുകയാൽ ദൈവത്തെ കഠിനമായി ദ്രോഹിക്കയും നിസ്സാരകുററങ്ങളാൽ അവിടത്തേ,ക്കു ഹൃദയവേദന വരുത്തുകയും ചെയ്യുന്നതിനെ തടയുന്നതിനുപയുക്തമായ മാർഗ്ഗം പ്രദാനം ചെയ്തു ദൈവത്തോടു നാം എത്ര കൃതജ്ഞതയുള്ളവരായിരിക്കണം. ഈ മാർഗ്ഗം സാക്ഷാൽ വി. കുർബാനയല്ലാതെ മററൊന്നുമല്ല. നാം ദൈവദ്രോഹത്തിൻെറ ഉത്ഭവത്തേയും, സ്വഭാവത്തേയും, ഫലത്തേയുംകുറിച്ചു ചിന്തിക്കുന്നുവെങ്കിൽ വി. കുർബാന പാപത്തിൻെറ പ്രത്യൗഷധമാകുന്നുവെന്നു സുവ്യക്തമാകും.

ആദ്യംതന്നെ, പാപത്തിൻെറ ഉത്ഭവം അമിതമായ സ്വസ്നേഹത്തിൽ നിന്നാണ്. ഈ സ്നേഹം സ്വലാഭത്തെ ഉദ്ദേശിച്ചു ദൈവത്തോടുള്ള ചുമതലകൾ വിസ്മരിക്കുന്നതിനും, അവിടത്തേ പ്രമാണങ്ങളെ അവഗണിക്കുന്നതിനും, കാരണമാക്കുന്നു. വി. കുർബാനയാകട്ടെ നേരേമറിച്ച്, "തൻെറ ഏക ജാതനെ നൽകത്തക്കവണ്ണം ലോകത്തെ അത്രയ്ക്കു സ്നേഹിച്ച" ദൈവത്തിൻെറ അതിരററ ഔദാര്യഫലമായ നിഷ്കളങ്ക ദാനമാണ്. (യോ. 3. 16)

രണ്ടാമതായി, പാപത്തിൻെറ സ്വഭാവം ദൈവത്തെ ആത്മാവിൽനിന്നു മാററി നിറുത്തുകയെന്നതാണ്. ചാവുദോഷം പൂർണ്ണമായിട്ടും പാപദോഷം അപൂർണ്ണമായിട്ടും ദൈവത്തെ ആത്മാവിൽനിന്നു വേർപെടുത്തുന്നു. എന്നാൽ ആത്മാവിനെ ദൈവത്തോടു സംയോജിപ്പിക്കയെന്നതാണ് വി. കുർബാനയുടെ പ്രത്യേക ഫലം. ഈ ക്രദാശ ഇതു നിർവ്വഹിക്കുന്നതു് നിശ്ശബ്ദമായ ഈ ഐക്യത്തെ ഹനിക്കുന്ന എല്ലാററിനേയും ഉപേക്ഷിക്കുന്നതിനിടയാക്കിക്കൊണ്ടും, സാക്ഷാൽ ഏകനന്മയായ ദൈവത്തെ ഗാഢതരമായി ആശ്രയിക്കുന്നതിനു നിർബന്ധിച്ചുകൊണ്ടുമാണ്. "കർത്താവിനോടു ചേരുന്നവൻ അവനോടുകൂടെ ഒരാത്മാവാകുന്നു" എന്നാണ് വി. പൗലോസിൻെറ പ്രസ്താവന. (1 cor. 6. 17.)

അവസാനമായി പാപത്തിൻെറ ഫലം ആദ്ധ്യാത്മിക മരണമാണ്. ഇതുമൂലം ആത്മാവിനു യാതൊരു സൽപ്രവൃത്തിയുമില്ലാതായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ ചാവുദോഷം ആത്മാവിനെ ജീവൻെറ വൃക്ഷത്തിൽനിന്നും മുറിച്ചു മാററിക്കളകയും വരപ്രസാദത്തിൻെറ ഉറവയിൽനിന്നു യാതൊരു ശക്തിയും ലഭിക്കാത്തതാക്കിത്തീർക്കയുമത്രേ ചെയ്യുന്നതു്. തന്മൂലം അതിൻെറ

ഫലങ്ങളെല്ലാം നിർജ്ജീവങ്ങൾ തന്നെ. പാപദോഷമാകട്ടെ ആത്മാവിൽ ദിവ്യപ്രസാദവരം നഷ്ടമാക്കുന്നില്ല. എങ്കിലും അതും ദൈവത്തോടുള്ള ദ്രോഹമാണെന്നുള്ള കാരണത്താൽ, ഉപവിയുടെ പ്രേരണയാൽ ചെയ്യപ്പെട്ടമ്പോൾ നമ്മുടെ പ്രവൃത്തികൾക്കുണ്ടാകാവുന്ന പുണ്യയോഗ്യതയ്ക്കു ഭംഗം വരുത്തുന്നു. എന്നാൽ വി. കുർബാന ആത്മാവിനു ജീവൻ നൽകുക മാത്രമല്ല, ആദ്ധ്യാത്മിക മണ്ഡലത്തിലുള്ള അതിൻെറ പ്രവൎത്തനശക്തിയെ ത്വരിതപ്പെടുത്തുകയും ജീവൻേറയും രക്ഷയുടേയും സമൃദ്ധമായ ഫലങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്ന സാക്ഷാത്തായ അമൂല്യവേരാകുന്നു.

*   *   *   *

വി. കുർബാന ചാവുദോഷത്തിനും പാവദോഷത്തിനും പ്രത്യൗഷധമാണെന്നുള്ളതു് അതിൻെറ ഒരു പ്രത്യേക ഗുണവിശേഷമാണ്. ആദ്യംതന്നെ, അതു ചാവുദോഷത്തിനു പ്രത്യൗഷധമാകുന്നു. എങ്ങനെയെന്നാൽ ഈ ക്രൂദാശ പ്രസൂത ദോഷത്തെ ഉപേക്ഷിക്കുന്നതിനു വേണ്ട ദൈവാനുഗ്രഹം പ്രദാനം ചെയ്യുന്നു. അതായതു്, ദൈവപ്രമാണങ്ങളേയും പുണ്യത്തേയും സംബന്ധിച്ച ബുദ്ധിയെ പ്രകാശിപ്പിച്ചുകൊണ്ടും, ദിവ്യമഹത്വത്തിനു യോജിച്ചതുമാത്രം പ്രവൎത്തിക്കുന്നതിനു മനസ്സിനു ശക്തി നൽകിക്കൊണ്ടും, ഒരു ക്രിസ്ത്യാനിക്കു ചേൎന്നവിധം ക്രമാനുസൃതവും പാവനവുമായ ജീവിതം നയിക്കുന്നതിനു അതു് ഒരുവനെ സഹായിക്കുന്നു. വിശിഷ്യാ, വി. കുർബാനയ്ക്കു നമ്മുടെ ആശാപാശങ്ങളെ നിയന്ത്രിക്കുന്നതിനും ഭരിക്കുന്നതിനുമുള്ള വിസ്മയാവഹമായ ശക്തികൂടെയുണ്ടു്. എങ്ങനെയെന്നാൽ അതു നല്ല ആഗ്രഹങ്ങളെ നല്ല വഴിയിൽക്കൂടെ നയിക്കുകയും, ക്രമവിരുദ്ധമായവയെ ആത്മനാശം നേരിടാതിരിപ്പാൻവേണ്ടി അമൎത്തുകയും ചെയ്യുന്നു. നമ്മുടെ ആശകളെ യഥോചിതം സുബോധത്തിൻെറ നിർദ്ദേശങ്ങൾക്കധീനമാക്കുമ്പോൾ അവ പുണ്യസമ്പാദനത്തിനുള്ള ശക്തിയേറിയ ഉപകരണങ്ങളായി ഭവിക്കും. യഥേഷ്ടം വിട്ടുകൊടുക്കുകയാണെങ്കിൽ അവ വന്യമൃഗങ്ങളെപ്പോലെ എല്ലാ ദുഷ്കൃത്യങ്ങൾക്കുമായി വിഭ്രാന്തിയോടെ പാഞ്ഞുതുടങ്ങുകയും, മനുഷ്യനു മരണകരമായ നാശം വരുത്തിക്കൂട്ടുകയും ചെയ്യും. എന്നാൽ നമ്മുടെ ആശകളുടെ തീവ്രത കുറച്ചു് അവയെ പുണ്യമാൎഗ്ഗത്തിലൂടെ ആനയിക്കുകയും തദ്വാരാ ദുർമോഹാഗ്നിയെ ശമിപ്പിച്ചു്,

ശുദ്ധവും പവിത്രവുമായ ആഗ്രഹങ്ങൾ ഉളവാക്കി ആത്മാവിൽ സൽക്കർമ്മങ്ങൾക്കായുള്ള വാസന ജനിപ്പിക്കയുമത്രേ വി. കുർബാന ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ അതു് സാക്ഷാൽ "തിരഞ്ഞെടുക്കപ്പെട്ടവരുടെ ധാന്യവും, കന്യകകളെ മുളപ്പിക്കുന്ന ദ്രാക്ഷാരസവും" ആകുന്നു. (സഖറി. 9. 17.) ഇപ്രകാരം ദുരിച്ഛകളെ അമർത്തിക്കൊണ്ടും അവയെ നന്മയിലേക്കു തിരിച്ചുകൊണ്ടും വി. കുർബാന ചാവുദോഷത്തിൽനിന്നു നമ്മെ സംരക്ഷിക്കുന്നു.

മാത്രമല്ല, ഈ ദിവ്യകൂദാശ സ്വതേ ഏററം വലിയ പരിശുദ്ധതയ്ക്കു ഹേതുവാണു്. എങ്ങനെയെന്നാൽ നമ്മുടെ ആത്മാവിൽ ഓർമ്മക്കുറവാൽ വല്ല ചാവുദോഷവും ഒളിഞ്ഞുകിടപ്പുണ്ടെങ്കിൽ അക്കാരണത്താൽതന്നെ അതിൻെറ മാലിന്യത്തെ, അഗ്നി സകല വൃത്തിഹീനതയും നശിപ്പിക്കുന്നതുപോലെ നശിപ്പിച്ചു് ദിവ്യപ്രസാദവും ദൈവസ്നേഹവും തിരിച്ചുകൊടുക്കുന്നു. അന്ധകാരവും പ്രകാശവും ഒരുമിച്ചു സ്ഥിതി ചെയ്കയില്ലല്ലോ. വി. കുർബാന സാക്ഷാൽ തിരുസ്സഭയാകുന്ന പറുദീസായുടെ മദ്ധ്യത്തിൽ നില്ക്കുന്ന ജീവൻെറ വൃക്ഷംതന്നെ. എന്തുകൊണ്ടെന്നാൽ അതിൻെറ ഫലം അനുഭവിക്കുന്നവരെ നാശത്തിൽനിന്നു രക്ഷിക്കാനുള്ള ശക്തി അതിനുണ്ടു്.

* * * *

വി. കുർബാന ചാവുദോഷത്തിനു മാത്രമല്ല പ്രത്യൗഷധമായിരിക്കുന്നതു്. പ്രത്യുത, നാം പലപ്പോഴും വീഴാറുള്ള പാവദോഷങ്ങളിൽനിന്നുകൂടെയും അതു നമ്മെ രക്ഷിക്കുന്നു. നാം കൂടെക്കൂടെ പാവദോഷത്തിൽ വീഴുന്നതിൻെറ കാരണം നമ്മുടെ ഉപവിയുടെ മാന്ദ്യവും, സ്വാഭിപ്രായങ്ങളോടുള്ള അമിതമായ പ്രതിപത്തിയും, ഈ ലോകവസ്തുക്കളോടുള്ള അതിരുകവിഞ്ഞ അടുപ്പവുമാണല്ലോ.

എന്നാൽ വി. കുർബാന നമ്മിൽ ദിവ്യസ്നേഹാഗ്നിയെ ഉജ്ജ്വലിപ്പിച്ചുകൊണ്ടു്, പരമനന്മയും പരിപൂർണ്ണസ്നേഹത്തിനർഹനുമായ ദൈവത്തെ ദ്രോഹിക്കാനുള്ള വിചാരത്തിൽനിന്നുകൂടെയും നൈസർഗ്ഗികമായി നമ്മെ വിരമിപ്പിക്കുന്നു. വാസ്തവത്തിൽ ഈ സ്നേഹാഗ്നിയാൽ കത്തിയെരിയുന്ന ഒരാത്മാവിനു് ഒരാഗ്രഹം മാത്രമേ ഉണ്ടായിരിക്കയുള്ളൂ. അതായതു്, വിചാരത്താ

ലും പ്രവൃത്തിയാലും ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ളതുത ന്നെ. അതിന് ഒരു ഭയം മാത്രമെ ഉണ്ടായിരിക്കയുള്ളൂ. അത് ഇത്ര വാത്സല്യമുള്ള പിതാവും വിശ്വപ്നസ്നേഹിതനുമായ ദൈ വത്തിന് അപ്രിയം വരുത്തുന്നതിനിടയാകുമോ എന്നതായിരിക്കും.

വീണ്ടും, വി. കുർബാനയുടെ സ്വീകരണം വഴിയായി നാം മിശിഹായിലും, മിശിഹാ നമ്മിലും വസിക്കുന്നു. അതു പോലെ ഈ സ്വർഗ്ഗീയ ഭക്ഷണത്താലും പാനീയത്താലും പരി പോഷിപ്പിക്കപ്പെടുന്ന ആത്മാവ് സ്വഭാവേന സ്വന്തം ഇഷ്ടത്തെ ദൈവേഷ്ടത്തോടു ഐക്യമുള്ളതാക്കിത്തീർക്കുന്നു. തന്മൂലം ദൈവ ത്തിന്റെ ആഗ്രഹംതന്നെയായിരിക്കും അതിന്റേയും ആഗ്രഹം. ദൈവം ആഗ്രഹിക്കുന്നതു മുഴുവൻ അതാഗ്രഹിക്കുന്നു. ദൈവം ആഗ്രഹിക്കുന്നതുമാത്രം അതും ആഗ്രഹിക്കുന്നു. "നിന്റെ ഇഷ്ടം നിറവേറുന്നതിന് എന്നെ പഠിപ്പിക്കുക; എന്തുകൊണ്ടെന്നാൽ നീ എന്റെ ദൈവമാകുന്നു" (സങ്കീ. cxlii-12) എന്നായിരി ക്കും അതിന്റെ പ്രാർത്ഥന. പാപമെന്നതു ദൈവേഷ്ടത്തിനു വി രുദ്ധമായി വിചാരിക്കയോ, സംസാരിക്കയോ, പ്രവർത്തിക്കയോ ചെയ്യുന്നതാണല്ലോ. പാവദോഷവും ഇതുതന്നെ. ആകയാൽ വി. കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കുന്നവൻ സ്വന്തം ഇ ഷ്ടത്തെ ദൈവത്തിന്റെ പരിശുദ്ധതമമായ ഇഷ്ടത്തോട് ഐ ക്യമുള്ളതാക്കിത്തീർക്കുന്നതിനു ശ്രമിക്കുന്നു എന്ന കാരണത്താൽ ത ന്നെ പാവദോഷങ്ങളേയും ഉപേക്ഷിച്ചേ തീരൂ.

മുമ്പു പറഞ്ഞപോലെ ഈലോകവസ്തുക്കളോടുള്ള ന്യായ രഹിതമായ പ്രതിപത്തിയാണ് പാവദോഷത്തിന്റെ വേറൊരു കാരണം. ഇതും ദൈവികാനുഗ്രഹങ്ങളുടെ സംപൂർണ്ണതയടങ്ങി യിരിക്കുന്ന വി. കുർബാന വഴിയായി പരിഹരിക്കപ്പെടുന്നു. തന്മൂ ലം ഈ ക്രമാശ അടുക്കലടുക്കൽ സ്വീകരിക്കുന്നവന്റെ സംഭാ ഷണം വി. പൗലോസ് പറയുന്നപ്രകാരം സ്വർഗ്ഗത്തിലെന്നപോ ലെയായിരിക്കും.

# അദ്ധ്യായം 17

## വി. കർബാന ആത്മാവിൽ ചെയ്യുന്ന വിസ്മയകരമായ ഫലം.

ഒരു ക്രിസ്ത്യാനിയുടെ ആത്മീയ ജീവിതം അവൻെറ ശാരീരികജീവിതത്തോടു തുല്യതയുള്ളതാകുന്നു. നമ്മുടെ ശരീരം അതിൻെറ സാക്ഷാലുള്ള ആരോഗ്യത്തോടും ഉന്മേഷത്തോടുംകൂടിയിരിക്കുന്നതിനും, അതു ക്രമേണ വളൎന്നു് പരിപൂൎണ്ണ ദൃഢത പ്രാപിക്കുന്നതിനും നാം പ്രതിദിനം ഭക്ഷണപാനീയങ്ങൾ അനുഭവിച്ചേ മതിയാവൂ. ഇത്തരത്തിലാണു് അതിൻെറ ഘടന. ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ അവിടത്തേ പൈതൃകമായ സംരക്ഷണയിൽ പ്രത്യേകവിധം സ്ഥിതിചെയ്യുന്നവനാകുന്നു. അവിടുന്നു്, അതിരററ ഔദാര്യത്തിൻെറ ഫലമായി ഇത്ര വളരെ മനുഷ്യരുടെ ഉപജീവനത്തിനാവശ്യമായ സകലതും ഭൂമിയിൽ മുളപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. "കൎത്താവേ, സകലരുടേയും നയനങ്ങൾ നിന്നെ പ്രതീക്ഷിക്കുന്നു. നീയത്രേ യഥാകാലം അവൎക്കു് ഭക്ഷണം നൽകുന്നതു്. നീ കൈ വിടൎത്തി എല്ലാ ജീവികളേയും നിൻെറ അനുഗ്രഹത്താൽ നിറയ്ക്കുന്നു." (സങ്കീ. 144. 15)

ഇത്രയേറെ ജനങ്ങളുടെ ശാരീരികാവശ്യങ്ങളെ പ്രതിദിനം സാധിച്ചുകൊണ്ടു പോരുന്ന ദൈവത്തിൻെറ ഔദാൎയ്യം സാക്ഷാൽ വലുതുതന്നെ. ഇതുമൂലം അവിടന്നു് ഈ ബ്രഹ്മാണ്ഡകടാഹത്തിൻെറ സൎവ്വശക്തനായ കൎത്താവാണെന്നു സ്വയം പ്രത്യക്ഷപ്പെടുത്തുകയാണു് ചെയ്യുന്നതു്. മാത്രമല്ല, അവിടന്നു സ്വസന്താനങ്ങളിൽ ഒരുവനേയും ഉപേക്ഷിക്കാതെ എല്ലാവരേയും അറിഞ്ഞു സ്നേഹിച്ചു ഓരോരുത്തൎക്കും ആവശ്യമായ ഭക്ഷണപാനീയങ്ങൾ ദയാപൂൎവ്വം പ്രദാനം ചെയ്യുന്ന അതികാരുണികനായ പിതാവാണെന്നുകൂടെയും വിശദമാക്കുന്നു.

എന്നാൽ മനുഷ്യരോടുള്ള ദൈവത്തിൻെറ വാത്സല്യപൂൎണ്ണമായ കൃപ അവൻെറ ആത്മാവിനെ സംബന്ധിച്ചിടത്തോളം ഇതിൽ ഒട്ടും കുറവല്ല. നമ്മുടെ ആത്മാവിനു ജീവൻ നൽകുന്ന

ദൈവികംഘടകമാകുന്ന ദിവ്യപ്രസാദവരം. ഇതു് ആത്മാവിനെ മരണത്തിൽനിന്നു രക്ഷിക്കുന്നു. തന്നെയുമല്ല, ദിവ്യപരിപാലനയുടെ നിർദ്ദേശങ്ങളാൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഉപവിയുടെ പരിപൂർണ്ണത പ്രാപിക്കുന്നതുവരെ അതു് ദൈവസ്നേഹത്തിൽ വളരുന്നതിനു് ഇടയാക്കുകയും ചെയ്യുന്നു.

വരപ്രസാദമാകുന്ന ജീവൻ നമ്മിൽ നിലനിത്തുന്നതിനും, തന്മൂലം നമുക്കു നിത്യഭാഗ്യം പ്രാപിച്ചുതരുന്ന പുണ്യപ്രവൃത്തികൾ നമ്മേക്കൊണ്ടു ചെയ്യിക്കുന്നതിനും, ദൈവം കരുതലോടെ സ്ഥാപിച്ചിട്ടുള്ള സ്വാഭാവാതീതമായ ഉപകരണമാണു് കുർബാന. നമ്മുടെ ആത്മാവിൽ ഇതു പ്രവത്തിക്കുന്നതു് ഏററം വിസ്മയനീയമായ വിധത്തിലത്രേ. എങ്ങനെയെന്നാൽ, പാപമെന്ന പ്രതിബന്ധമില്ലാത്ത ആത്മാവിൽ ഈ കൂദാശ ദിവ്യപ്രസാദവരത്തെ സ്വശക്തിയാൽ (Ex opere operato) ഉളവാക്കുന്നു. മററു പ്രകാരത്തിൽ പറഞ്ഞാൽ നമ്മുടെ ഉള്ളിലെ ഈ കൂദാശ വസ്തുക്കളുടെ സാന്നിദ്ധ്യം തന്നെ സ്വതവേ നമ്മേ ദൈവത്തിനു കൂടുതൽ പ്രസാദമുള്ളവരാക്കിത്തീത്തുകൊണ്ടു നമ്മിലുള്ള ദിവ്യപ്രസാദവരത്തെ വദ്ധിപ്പിക്കുന്നു.

ശരീരം ഒരു നിശ്ചിതപ്രായം കഴിഞ്ഞാൽ പിന്നെ ഒട്ടും വളരുന്നില്ല. എന്നാൽ ദിവ്യപ്രസാദവരത്തിൻെറ വളർച്ചയാകട്ടെ ഇത്ര കൊല്ലത്തേയ്ക്കെന്നു ക്ലിപ്തമല്ല. അതു നമ്മുടെ ജീവിതകാലം മുഴവൻ വളൎന്നുകൊണ്ടിരിക്കും. ഈ കൂദാശ സാക്ഷാൽ ജീവൻെറ അപ്പംതന്നെ. അതിൻെറ ഫലം, അനുദിനം അനുഭവിക്കുന്നവർ സാക്ഷാൽ ഭാഗ്യവാന്മാരുമാകുന്നു.

* * * *

മനുഷ്യൻ ഈലോകത്തിൽ ബഹുവിധ പ്രലോഭനങ്ങളാൽ ആവൃതനാണു്. അവനു ദൈവത്തിൻെറ പ്രത്യേകാനുഗ്രഹം കൂടാതെ അല്പകാലത്തേയ്ക്കുപോലും ചില അപൂർണ്ണതകൾക്കോ പാപദോഷങ്ങൾക്കോ അധീനനാകാതിരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ സദാ ഉണൎന്നുകൂടിയിരിക്കയെന്നതു് അസാദ്ധ്യമാകുന്നു. തന്നെയുമല്ല, ഒരു പാപം നീക്കാൻ ശ്രമിക്കുമ്പോൾ വേറൊന്നിൽ വീണുപോകുന്നതും അസാധാരണമല്ല. “നീതിമാൻ ഏഴു പ്രാവശ്യം പിഴയ്ക്കുന്നു” (Prove 24. 16.) എന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു് ഇക്കാരണത്താലത്രേ. ഈ അപൂർണ്ണതകൾ നിസ്സാരങ്ങളായിരിക്കാം; എങ്കിലും അ

നേകം ചെറുരോഗങ്ങൾപോലെയാകുന്നു. അവ നമ്മുടെ ആത്മാവിനു ബലക്ഷയം വരുത്തുകയും ഒരു നല്ല ക്രിസ്ത്യാനിയിൽ ഉണ്ടായിരിക്കേണ്ട പുണ്യയോഗ്യതയുടെ സമൃദ്ധമായ വിളവു നൽകുന്നതിൽനിന്ന് അതിനെ തടയുകയും ചെയ്യുന്നു.

എന്നാൽ ഈ അപൂർണ്ണതകൾക്കും നിസ്സാരകുററങ്ങൾക്കും, തൻമൂലം ഉളവാകുന്ന ആത്മീയ ദൗർബല്യത്തിനും പററിയ പ്രത്യൗഷധമാണ് വി. കുർബാന. അതു നമ്മുടെ ആന്തരീകശക്തികളെയെല്ലാം സുഖസ്ഥിതിയിലിരിക്കുന്ന ഒരാൾ അനുഭവിക്കുന്ന പരിപൂർണ്ണമായ ഉന്മേഷാവസ്ഥയിലേക്കു തിരിയെ കൊണ്ടുവരുന്നു. അങ്ങനെ ഈ ക്രൂദാശ ഏററം ശക്തിയുള്ള ഒരൗഷധംപോലെ ആത്മാവിൻെറ പൂർണ്ണമായ ആരോഗ്യത്തെ അതിനു തിരിച്ചു നൽകുന്നു.

ആദ്യംതന്നെ, അതു മനസ്സിൻെറ സകല സംശയത്തേയും ലാഘവത്തേയും നീക്കിക്കൊണ്ട്, ദൈവിക രഹസ്യങ്ങളേക്കുറിച്ചു നമ്മിൽ വിശദമായ ബോധം ഉളവാക്കുന്നു. അനന്തരം അതു് ഉദ്ദേശശുദ്ധിയുള്ള ക്രിസ്ത്യാനികളെ പലപ്പോഴും പീഡിപ്പിക്കുന്നതും ആദ്ധ്യാത്മിക ജീവിതത്തിൻെറ സാക്ഷാലുള്ള വളർച്ചയ്ക്കു ബാധകമായി നിൽക്കുന്നതുമായ ചിന്താകുലതയെ ചിതറിച്ചുകളയുന്നു. അതായതു്, യഥാർത്ഥത്തിൽ ദൈവത്തിൻെറ ഇഷ്ടന്മാരായിട്ടാണോ സ്ഥിതിചെയ്യുന്നതെന്നുള്ള അവരുടെ സംശയത്തെ ദൂരീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ ശുദ്ധമായ ഉദ്ദേശത്തോടെ വി. കുർബാനയെ സ്വീകരിക്കുന്ന ഒരാൾക്ക്, അവൻ യഥാർത്ഥത്തിൽ ദൈവേഷ്ടപ്രസാദത്തിലാണ് സ്ഥിതി ചെയ്യുന്നതെന്നു ന്യായപൂർവ്വം ധൈര്യപ്പെടാം. അവസാനമായി, വി. കുർബാന മനസ്സിനെ ശക്തിപ്പെടുത്തുകയും ആദ്ധ്യാത്മിക യുദ്ധത്തിനായി അതിനെ ആയുധമണിയിക്കുയും ചെയ്യുന്നു. തന്മൂലം ഒരു വിശ്വാസി ദിവ്യകാരുണ്യം സ്വീകരിച്ചശേഷം ഒരു പുതിയ മനുഷ്യനായിത്തീരുന്നു. അഥവാ, വി. ക്രിസോസ്റ്റോമ്മോസ് പറയുന്നതുപോലെ, ലോകം, പിശാചു്, ശരീരം എന്നിവയോടു പോരാടുന്നതിന് ഒരു സിംഹത്തെപ്പോലെ തയ്യാറാകുന്നു. ഈ വിധമാണ് ഈ ദിവ്യക്രൂദാശ വീണ്ടും നമ്മെ പൂർണ്ണാരോഗ്യാവസ്ഥയിലെത്തിക്കുന്നതു്.

*   *   *   *

വി. കുർബാന യഥാർത്ഥത്തിൽ നമ്മുടെ ആത്മാവിൻെറ

ഭക്ഷണംതന്നെ. എന്തുകൊണ്ടെന്നാൽ അതു നമ്മിൽ ദിവ്യപ്രസാദവരത്തെ സംരക്ഷിക്കയും, അതിനെ വദ്ധിപ്പിക്കയും, നമ്മുടെ ബലഹീനതയെ പരിഹരിക്കയും ചെയ്യുന്നു. മാത്രമല്ല, സ്വൎഗ്ഗീയ സാന്ത്വനങ്ങളാൽ ഹൃദയത്തേയും മനസ്സിനേയും നിറസ്സുകുടി ചെയ്യുന്നു. പ്രവാസത്തിന്റേയും അരിഷ്ടതയുടേയും ഈ ഭൂമിയിൽ ആദ്ധ്യാത്മിക സമരത്തിൽ നമ്മെ പരിരക്ഷിക്കുന്നതിനും, ജീവിതത്തിന്റെ ഏകോദ്ദേശമായ നിത്യരക്ഷയുടെ സംഗതി നാം വിസ്മരിക്കാതിരിക്കുന്നതിനും, ചില ആശ്വാസങ്ങൾ അഥവാ ആനന്ദങ്ങൾ നമുക്കാവശ്യമാണ്. പക്ഷേ, ഇതിനു മാനുഷികമായ ആനന്ദങ്ങളൊട്ടും പൎയ്യാപ്തമല്ല. അവസ്സ നമ്മുടെ ദുഃഖങ്ങളെ അല്പനേരത്തേയ്ക്കു ലഘൂകരിക്കാൻ സാധിച്ചേക്കാം. എന്നാൽ മതത്തിനുമാത്രം പ്രദാനം ചെയ്യാൻ കഴിയുന്ന അതിസ്വാഭാവിക സാന്ത്വനങ്ങൾ ഇല്ലെങ്കിൽ നാം ക്ഷണേന നിരാശയ്ക്കധീനരായിത്തീരാനിടയുണ്ട്.

എന്നാൽ മിശിഹാ വി. കുർബാനയിൽ നമ്മുടെ മദ്ധ്യേ വസിക്കുന്നുണ്ടെന്നുള്ള ഓൎമ്മ ഹാവായുടെ ബഹിഷ്കൃത സന്താനങ്ങളായ നമുക്കു വളരെ ആശ്വാസകാരണമത്രേ. ഇതിനും പുറമേ, അവിടുന്നുതന്നെ ദയയുടെ സിംഹാസനമായ സക്രാരിയിൽ നിന്നോ, വി. മേശയിൽനിന്നോ സ്വൎഗ്ഗീയാശ്വാസത്തിന്റെ മാധുൎയ്യമുള്ള പ്രചോദനങ്ങളെ നമ്മുടെ ആത്മാവിൽ നിവേശിപ്പിച്ചുകൊണ്ടാണിരിക്കുന്നത്. ഇതു നമ്മുടെ കുരിശുകൾ സന്തോഷപൂൎവ്വം വഹിക്കുന്നതിനും, നിത്യസമ്മാനത്തെ പ്രതീക്ഷിക്കുന്നതിനും നമുക്കു പ്രാപ്തി നൽകത്തക്കതുതന്നെ.

പക്ഷേ, അതിസ്വാഭാവികവും ശാശ്വതവുമായ ഈ ആനന്ദം അനുഭവിക്കുന്നതിനു നാം ഈ ദിവ്യക്രൂദാശയിൽ ദൃഢമായി വിശ്വസിക്കയും അതിനെ തീക്ഷ്ണതാപൂൎവ്വം സ്നേഹിക്കയും ചെയ്യേ മതിയാവൂ. എന്തുകൊണ്ടെന്നാൽ ഈ പ്രത്യേക വരം സജീവ വിശ്വാസത്തിന്റേയും യഥാൎത്ഥ ഉപവിയുടേയും നേരിട്ടുള്ള ഫലമാകുന്നു. ഇക്കാരണത്താലാണ് ഒരു പ്രത്യേകമായ ഒരുക്കത്തിന്റെ ആവശ്യം. ഇതുവഴിയായി മിശിഹാ നമ്മുടെ ഇടയിൽ സന്നിഹിതനാണെന്നുള്ള വിശ്വാസം ഒരു കത്തോലിക്കനിൽ ഉണർവുള്ളതായി ഭവിക്കുന്നു; ദൈവത്തോടും മനുഷ്യരോടുമുള്ള ഉപവി തീക്ഷ്ണതയുള്ളതായും തീരുന്നു.

# അദ്ധ്യായം 18

## വി. കുർബ്ബാന തിരുസ്സഭയുടെ ജീവനാകുന്നു.

നമ്മുടെ ദിവ്യരക്ഷകൻ യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ വി. കുർബാനയുടെ സ്ഥാപനത്തേപ്പററി പ്രസ്താവിക്കുന്നുണ്ട്. അതിൽ അവിടുന്നു വീണ്ടും വീണ്ടും നിഷ്കർഷിക്കുന്നത് തന്റെ ശരീരം ഭക്ഷിക്കുകയും, തന്റെ രക്തം പാനം ചെയ്കയും ചെയ്യുകിൽ മാത്രമേ മനുഷ്യനു ജീവനുണ്ടായിരിക്കയുള്ളൂ എന്നത്രേ. ഈ ദിവ്യക്രുദാശ വാസ്തവത്തിൽ തിരുസ്സഭയുടേയും അതിലേ ഓരോ അംഗത്തിന്റേയും ജീവനാകുന്നു.

ആദ്യമായി, വി. കുർബാന തിരുസ്സഭയുടെ ജീവനാണ്. എന്തുകൊണ്ടെന്നാൽ "ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്തായി. 28. 20.) എന്നുള്ള മിശിഹായുടെ വാഗ്ദാനമനുസരിച്ച് അവിടുന്നു സദാ നമ്മുടെ മദ്ധ്യേ വസിക്കുന്നതായി നമുക്കു കാണാം. ഇതാകുന്നു കത്തോലിക്കാ സഭയും അതിൽനിന്നു ഭിന്നിച്ചുപോയ പ്രോട്ടസ്റ്റന്റ് സഭകളും തമ്മിലുള്ള ഒരു വ്യത്യാസം. പ്രസ്തുത സഭകൾ തായ്ത്തടിയിൽനിന്നു വെട്ടിമാററപ്പെട്ട ശുഷ്കിച്ച ശാഖകൾ പോലെയാണ്. അവ അഗ്നിയിലിടപ്പെടുന്നതിനു മാത്രമേ ഉപകരിക്കയുള്ളൂ. ഈ ഭിന്നവകുപ്പുകാർക്ക് തങ്ങളെ നയിക്കുന്നതിനും, വിശ്വാസത്തിന്റേയും ക്രിസ്തീയ സ്നേഹത്തിന്റേയും ചൈതന്യത്തെ തങ്ങളിൽ നിവേശിപ്പിക്കുന്നതിനും, ജീവനുള്ള ഒരു തലവൻ ഇല്ല. കത്തോലിക്കാ സഭയ്ക്കോ എന്നാൽ തന്റെ ദിവ്യമണവാളനായ മിശിഹായുടെ ആശ്വാസപ്രദമായ സാന്നിദ്ധ്യം സദാ തന്റെ മദ്ധ്യേയുണ്ട്. അവിടുന്നു തന്റെ സ്നേഹത്തിന്റെ സക്രാരിയിൽ ഇരുന്നുകൊണ്ട് അവളെ സംരക്ഷിക്കയും, അവളുടെ അഭ്യുന്നതിയ്ക്കായി നിരന്തരം പ്രാർത്ഥിക്കയും, അവളുടെ സന്താനങ്ങളെ സമാശ്വസിപ്പിക്കയും, അവസാനത്തിൽ വിജയം പ്രാപിക്കുമെന്നുറപ്പു പറഞ്ഞുകൊണ്ട് അവരെ നിത്യരക്ഷയ്ക്കായുള്ള യുദ്ധത്തിനു ധൈര്യപ്പെടുത്തുകയും ചെയ്യുന്നു.

സക്രാരികളിലെ മിശിഹായുടെ യഥാർത്ഥവും നിരന്തരവുമായ സാന്നിദ്ധ്യം അവിടുത്തേയ്ക്കു നമ്മോടുള്ള സ്നേഹത്തിന്റെ

ഏററം വിശിഷ്ടലക്ഷ്യമായിക്കരുതാം. എന്തുകൊണ്ടെന്നാൽ അവിടുന്നു സ്വർഗ്ഗത്തിൽ പരിപൂർണ്ണ സൗഭാഗ്യനായിരുന്നിട്ടും അതൊന്നും ഗൗനിക്കാതെ നമ്മേപ്രതി നമ്മേപ്പോലെതന്നെ ഒരു വഴിയാത്രക്കാരനാകാൻ തിരുമനസ്സായിരിക്കുന്നു. "നീ എന്തുകൊണ്ടു ദേശത്തു് ഒരു അപരിചിതനേപ്പോലെയും വസതി തേടുന്ന പഥികനേപ്പോലെയും ആയിരിക്കും.'' (Ter. 14. 8.)

* * * *

വി. കുർബാന നമ്മുടെ കർത്താവിൻെറ സാന്നിദ്ധ്യം നമ്മോടുകൂടെയുണ്ടെന്നുള്ളതിൻെറ ഒരു ചാരമാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. അതുകൊണ്ടു മാത്രമല്ല അതു തിരുസ്സഭയുടെ ജീവനായിരിക്കുന്നതു്. പ്രത്യുത, ഭൂമിയിൽ സദാ ചെയ്യപ്പെടുന്ന പുണ്യത്തിൻേറയും, ഉപവിയുടേയും, അതിരററ ഔദാര്യത്തിൻേറയും അത്യുൽകൃഷ്ടമായ പ്രവൃത്തികൾക്കു് ഉത്തേജജനകമായ ഹേതുവാകകൊണ്ടുകൂടെയാകുന്നു.

വി. കുർബാനയിലേ നമ്മുടെ ദിവ്യരക്ഷകനോടുള്ള സ്നേഹം കാരണം ഉദ്ഭൂതമായിട്ടുള്ള വിവിധങ്ങളായ ഔദാര്യപ്രവത്തനങ്ങൾ സാക്ഷാൽ വിസ്മയകരംതന്നെ. ലോകത്തിലുള്ള ഏതുതരം ക്ലേശിതരേയും സഹായിക്കുന്നതിനു തിരുസ്സഭയ്ക്കു ധമ്മസ്ഥാപനങ്ങളുണ്ടു്. സാധുക്കളേയും, രോഗികളേയും, നിസ്സഹായരായ ശിശുക്കളേയും, വൃദ്ധന്മാരേയും, അനാഥരേയും വാത്സല്യപൂർവ്വം സംരക്ഷിച്ചുപോരുന്ന ആതുരശാലകളെ ലോകത്തിൻെറ ഏതുഭാഗത്തും നമുക്കു കാണാം. മനോദൗർബല്യത്തേയും, സന്മാർഗ്ഗഭ്രംശത്തേയും, മററെല്ലാത്തരം പീഡകളേയും ക്രിസ്തീയ ഉപവി സമയോചിതമായ സുഖസൗകര്യങ്ങളാലും പ്രതിവിധികളാലും പരിഹരിച്ചുകൊണ്ടാണിരിക്കുന്നതു്.

എന്നാൽ ഈ ഉപവി പ്രവൃത്തികൾക്കെല്ലാം പ്രേരകമായി നിൽക്കുന്നതു വി. കുർബാനയല്ലാതെ മറെറന്താണു്? അതായതു്, തന്നെ ഉജ്ജീവിപ്പിക്കുന്ന നിസ്സീമമായ ഉപവിയുടെ ചൈതന്യത്തെത്തന്നെ തൻെറ വിശ്വസ്ത ശിഷ്യരിലും നിവേശിപ്പിക്കുന്ന ദിവ്യകാരുണ്യ മിശിഹായുടെ പ്രേരണാശക്തിയല്ലാതെ മറെറന്താണു്? ഈ പരസ്നേഹം അഥവാ ഉപവിയത്രേ "മിശിഹായുടെ ഉപവി ഞങ്ങളെ പ്രേരിപ്പിക്കുന്നു" (2 കൊറി. 5. 14.) എന്നു പ്രസ്താവിച്ചപ്പോൾ വി. പൗലോസ് ഉദ്ദേശിച്ചതു്. ക

ത്തോലിക്കസഭയാകുന്ന മനോഹരമായ ഉദ്യാനത്തിൽ വികസി ക്കുന്ന എല്ലാ ഉപവി പ്രവൃത്തികളുടേയും ജീവൻ സാക്ഷാൽ വി. കുർബാനതന്നെ.

*     *     *     *

വി. കുർബാന തിരുസ്സഭ മുഴുവന്റേയും ജീവനാകുന്നു. അതു് അവളുടെ സംരക്ഷണയിൽ പരിലസിക്കുന്ന മഹത്തര ങ്ങളായ ധാർമ്മികപ്രവൃത്തികളെ ഉജ്ജീവിപ്പിച്ചുകൊണ്ടാണിരിക്കു ന്നതു്. ഇതുപോലെതന്നെ പ്രസ്തുത ക്രദാശ അതിനെ തങ്ങളുടെ വിചാരത്തിന്റേയും സ്നേഹത്തിന്റേയും കേന്ദ്രമാക്കുന്നതിനു ശ്രമി ക്കുന്ന ഓരോ വ്യക്തിയുടേയും ജീവനത്രേ.

നമ്മുടെ ദിവ്യരക്ഷകൻതന്നെ ഇതു താഴെക്കാണുന്ന വാ ക്കുകളിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. "സത്യം സത്യമായി നിങ്ങളോടു ഞാൻ പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനു് നി ത്യജീവനുണ്ടു്. ഞാൻ ജീവന്റെ അപ്പമാകുന്നു. നിങ്ങളുടെ പി താക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു. എങ്കിലും അവർ മരിച്ചു. ഇതോ, ഇതിൽനിന്നു ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേ ണ്ടതിന്നായി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു. സ്വർഗ്ഗ ത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അ പ്പത്തിൽനിന്നു് ആരെങ്കിലും ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീ വിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ ശരീരമാകുന്നു." (യോഹ. 47. 52)

എന്നാൽ ദിവ്യകാരുണ്യ അപ്പവും സാധാരണ അപ്പവും തമ്മിൽ ഈ വലിയ വ്യത്യാസമുണ്ടു്. എന്തെന്നാൽ സാധാരണ അപ്പം അതിനെ ഭക്ഷിക്കുന്ന ആളിന്റെ ശരീരമായിത്തീരുന്നു. ദിവ്യകാരുണ്യ അപ്പമാകട്ടെ അതു ഭക്ഷിക്കുന്ന ആളിനെ അതി ന്റെ സ്വന്തം സ്വഭാവത്തിലാക്കിത്തീർക്കുന്നു. അയായതു്, നമ്മു ടെ ദിവ്യരക്ഷകന്റെ സ്വഭാവത്തിൽതന്നെ. അതു് അവനെ "ദിവ്യസ്വഭാവത്തിൽ പങ്കുകാരനാക്കുവാൻ വേണ്ടി" അവനു മി ശിഹായുടെ സ്വന്തം ജീവനും, ചൈതന്യവും, യോഗ്യതകളും, വികാരങ്ങളും, ആഗ്രഹങ്ങളും തന്നെ നൽകുന്നു. (2. പത്രോ. 1, 4) "അതോടുകൂടെ എല്ലാ നന്മകളും നമുക്കു ലഭിച്ചിരിക്കു ന്നു" (ബോധ. 7. 11.) എന്നു് യഥാർത്ഥത്തിൽ നമുക്കു വി. കുർബാനയേക്കുറിച്ചു പറയാം.

# അദ്ധ്യായം 19

## വി. കുർബ്ബാന പരിശുദ്ധ ജീവിതത്തിന്റേയും ഭാഗ്യമരണത്തിന്റേയും, മഹിമയേറിയ ഉയിർപ്പിന്റേയും അച്ചാരമാകുന്നു.

പഴയനിയമത്തിൽ നാം തോബിയാസിനേപ്പററി ഇപ്രകാരം വായിക്കുന്നുണ്ടല്ലോ. അയാൾക്കു വിദൂരസ്ഥനായ ഒരു ചാർച്ചക്കാരനിൽനിന്നു കുറെപ്പണം കിട്ടാനുണ്ടായിരുന്നു. അതു വാങ്ങുന്നതിന് അയാൾ സ്വപുത്രനായ ചെറിയ തോബിയാസിനെ അയയ്ക്കാൻ നിശ്ചയിച്ചു. ആ യുവാവ് തന്റെ ദീഘയാത്രയിൽ കൂട്ടുകാരനായി ഒരാളെ അന്വേഷിക്കാൻ പുറത്തേയ്ക്കിറങ്ങിയ ക്ഷണം, തന്നെ അനുഗമിക്കുന്നതിനു സന്നദ്ധനായി നിൽക്കുന്ന ഒരു യുവാവിനെ കണ്ടുമുട്ടി. പണം കിട്ടാനുള്ള സ്ഥലത്തേയ്ക്കു അവനെ സസുഖം കൂട്ടിക്കൊണ്ടുപോകാമെന്നും, അവിടെനിന്നും തിരിയെ ഭവനത്തിൽ കൊണ്ടുവന്നാക്കാമെന്നും ആ കൂട്ടുകാരൻ അവനുറപ്പു നൽകി. മനുഷ്യരൂപത്തിൽ കാണപ്പെട്ട പ്രസ്തുത യുവാവ് റപ്പായേൽ മാലാഖാ ആയിരുന്നു. ആ ദൈവദൂതൻ ചെറിയ തോബിയാസിന് ഏററം നിശ്ചയമുള്ള ഒരു വഴികാട്ടിയും, സ്നേഹമുള്ള ഒരു സഖാവുമാണെന്നു സ്വയം പ്രത്യക്ഷമാക്കി. എങ്ങിനെയെന്നാൽ അവൻ പ്രസ്തുത യുവാവിന്റെ ദീഘയാത്രയിൽ മാർഗ്ഗദർശിയായിരുന്നതിനും പുറമേ അവനെ ഒരു വലിയ മത്സ്യത്തിൽനിന്നു രക്ഷിക്കയും അവന്റെ ഭാര്യയായ സാറായിൽനിന്നു പിശാചിനെ ഇറക്കുകയും, വൃദ്ധനായ വലിയ തോബിയാസിന്റെ കണ്ണുകൾക്കു കാഴ്ച നൽകുകയും ചെയ്തു.

മനോഹരമായ ഈ ചരിത്രഭാഗം വി. കുർബ്ബാനയും നാമും തമ്മിലുള്ള ബന്ധത്തിന്റെ ഒരുത്തമ സാദൃശ്യമാകുന്നു. വി. കുർബ്ബാനയിൽ സ്ഥിതി ചെയ്യുന്ന മിശിഹാ സാക്ഷാൽ നമ്മുടെ സ്വർഗ്ഗീയ റപ്പായേലാണ്. അവിടുന്നു നമ്മെ ജീവിതത്തിന്റെ ദുർഘടമാർഗ്ഗങ്ങളിൽകൂടി നയിക്കയും, പൈശാചിക ശത്രുവിന്റെ കണികളിൽനിന്നു രക്ഷിക്കയും, പാപത്താൽ നമുക്കു

നഷ്ടപ്പെട്ട സ്വർഗ്ഗരാജ്യത്തിലേക്ക് സുരക്ഷിതം തിരിച്ചാക്കുകയും ചെയ്യുന്നു.

വി. കുർബാന നമ്മുടെ ആത്മാവിൽ ചെയ്യുന്ന ഉപകാരപ്രദമായ പ്രവൃത്തി നമ്മുടെ ജീവിതയാത്രയേയും, നാം ദൈവതിരുമുമ്പിൽ ഹാജരാകേണ്ടിവരുന്ന ആ അവസാന സമയത്തേയും, നമ്മുടെ സൗഭാഗ്യകരമായ ഉയിർപ്പിനേയും സംബന്ധിക്കുന്നവയാണ്.

ആദ്യമായി, വി. കുർബാന ഈ ഭൗമിക തീർത്ഥാടനത്തിൽ നമ്മെ നയിക്കുന്ന പ്രകാശമാകുന്നു. അത് ക്ഷോഭിച്ചിരിക്കുന്ന സമുദ്രത്തിൽ അത്യദ്ധ്വാനം ചെയ്യുന്ന നാവികന് തുറമുഖത്തേയ്ക്കു വഴികാണിച്ചുകൊടുക്കുന്ന ദീപസ്തംഭമാണ്. അത് വൻകാട്ടിൽക്കൂടി സഞ്ചരിക്കുന്ന പഥികൻെറ വഴിയടയാളമത്രേ. പുറങ്കടലിൽ യാത്രചെയ്യുന്ന കപ്പിത്താന് മാർഗ്ഗനിർദ്ദേശം ചെയ്യുന്ന വടക്കുനോക്കിയാകുന്നു അത്. അത് എല്ലാ വശത്തുനിന്നും നമുക്കു നേരിടുന്ന അപകടങ്ങൾക്കെതിരായുള്ള അഭയസ്ഥാനവുമാകുന്നു. ഒരു കത്തോലിക്കനു വി. കുർബാനയോടു യഥാർത്ഥമായ ഭക്തിയുണ്ടായിരുന്നാൽ അവനു ക്ലേശഭൂയിഷ്ഠമായ ഈ ജീവിതത്തിലെ വിവിധാനർത്ഥങ്ങളെ യാതൊരപകടവും കൂടാതെ തരണം ചെയ്യാമെന്നതു നിശ്ചയംതന്നെ.

* * * *

വി. കുർബാന ജീവിതകാലത്തു നമ്മുടെ സ്വർഗ്ഗീയ യാത്രാഭക്ഷണമാണെങ്കിൽ, മരണസമയത്തു പ്രത്യേകിച്ച് അത് അങ്ങനെതന്നെയായിരിക്കും. അപ്പോഴാണല്ലോ നാം സമയത്തിൽനിന്നും നിത്യതയിലേക്കും, ലൗകിക പ്രലോഭനങ്ങളിൽനിന്നു നിത്യസമ്മാനത്തിലേയ്ക്കുമുള്ള വഴിയാത്ര ആരംഭിക്കുന്നത്. അപ്പോഴാകുന്നു പിശാചിൻെറ കണികളെ ജയിക്കുന്നതിനുള്ള വിശേഷസഹായം നമുക്കാവശ്യമായിരിക്കുന്നത്.

നമ്മുടെ അതിപ്രധാനമായ യാത്രയിൽ നമ്മേത്തന്നെ സജ്ജീകരിക്കുന്നതിനും വി. കുർബാനയ്ക്കു എന്തുമാത്രം ശക്തിയുണ്ടെന്നു കാണിക്കുന്ന ഒരു നല്ല ദൃഷ്ടാന്തമുണ്ട്. അത് ദൈവത്തിൻെറ മലയായ ഹോറേബിലേയ്ക്കുള്ള ഏലിയാസിൻെറ യാത്രയത്രേ.

ഒരിക്കൽ ഏലിയാസ് ദീർഘദർശി, ഇസബേൽ രാജ്ഞി തന്നെ കൊല്ലാനിരിക്കുന്നെന്നറിഞ്ഞു ഭയപ്പെട്ട് മരുഭൂമിയിൽക്കൂടി

ഒരു ദിവസത്തെ യാത്ര ചെയ്തു. ഒടുവിൽ അയാൾ അവിടെ ഒരു യൂണിപ്പർ വൃക്ഷത്തിൻെറ ചുവട്ടിൽ ഇരുന്നുകൊണ്ട് തന്നെ മരിപ്പിക്കയാണ് നല്ലതെന്നു പ്രാർത്ഥിച്ചു. അതു കഴിഞ്ഞ് അയാൾ കിടന്നു നല്ലതുപോലെ ഉറങ്ങി. ഉറക്കത്തിൽ ഒരു ദൈവദൂതൻ അയാളെ തൊട്ടുകൊണ്ട് ഇങ്ങനെ പറഞ്ഞു. "ഉണർന്നിരുന്നു തിന്നുക." ഏലിയാസ് ഉണർന്നു നോക്കി. അപ്പോൾ അയാളുടെ തലയ്ക്കൽ ഒരു അടയും, ഒരു പാത്രത്തിൽ കുറെ വെള്ളവും ഇരിക്കുന്നതു കണ്ടു. അയാൾ അട തിന്നു, വെള്ളം കുടിച്ചു, വീണ്ടും ഉറക്കം തുടങ്ങി. രണ്ടാമതും ഒരു ദൈവദൂതൻ അയാളെ തൊട്ടുകൊണ്ട് "ഉണർന്നിരുന്നു ഭക്ഷിക്ക. എന്തുകൊണ്ടെന്നാൽ നിനക്കിനിയും അധികദൂരം യാത്ര ചെയ്യാനുണ്ട്" എന്നു പറഞ്ഞു. ഏലിയാസു പിന്നെയും ഉണർന്നു ഭക്ഷിക്കയും കുടിക്കയും ചെയ്തു ശേഷം അതിൻെറ ശക്തിയാൽ നാല്പതു രാവും നാല്പതു പകലും നടന്നു ദൈവത്തിൻെറ പർവ്വതമായ ഹോറേബിൽ ചെന്നെത്തി. (3. രാജാ. 19. 3.)

വി. കർബാനയുടേയും ഫലം ഇതുതന്നെ. അതിനെ ജീവിതകാലത്തു പലപ്പോഴും, മരണസമയത്തു പ്രത്യേകിച്ചും, അനുഭവിക്കുന്ന യാത്രക്കാരനെ അതു ശക്തിപ്പെടുത്തുകയും, ദൈവത്തിൻെറ മലയിൽ അവസാന വിധി പ്രസ്താവിക്കാനിരിക്കുന്ന പരമ വിധിയാളൻെറ മുൻപിൽ ധൈര്യത്തോടെ നിൽക്കുന്നതിനു സന്നദ്ധനാക്കുയും ചെയ്യുന്നു.

* * * *

വി. കർബാന കണ്ണുനീരിൻെറ ഈ താഴ്‌വരയിൽ നമ്മുടെ വിശ്വാസസഹായവും, മരണവേളയിൽ ആശ്വാസത്തിൻേറയും ശരണത്തിൻേറയും പാഥേയവും, ആണല്ലൊ. അതുപോലെ തന്നെ അതു നമ്മുടെ പുനരുത്ഥാനത്തിൻെറ സുനിശ്ചിതമായ അച്ചാരവുമാകുന്നു. നമ്മുടെ കർത്താവുതന്നെ ഈ സംഗതി നമ്മോട് ഉറപ്പു പറഞ്ഞിട്ടുണ്ട്. "എൻെറ മാംസം ഭക്ഷിക്കയും, രക്തം പാനം ചെയ്കയും ചെയ്യുന്നവനു നിത്യജീവനുണ്ട്. ഒടുക്കത്തേ ദിവസം ഞാൻ അവനെ ഉയിർപ്പിക്കും." (യോഹ. 6. 55) ലോകാവസാനത്തിൽ മാലാകാമാർ കുഴൽ വിളിക്കുമ്പോൾ, "നന്മയാകട്ടെ, തിന്മയാകട്ടെ, ഓരോരുത്തൻ ചെയ്തിട്ടുള്ളതിനു തൻെറ ശരീരത്തിൽ പ്രതിഫലം പ്രാപിക്കുവാനായി മിശിഹായു

ടെ ന്യായാസനത്തിൻ മുമ്പാകെ നിൽക്കുന്നതിനു വേണ്ടി എല്ലാവരും ഉയിർക്കേണ്ടിയിരിക്കുന്നു.'' (2. കൊറി. 5. 10.) ഇതു വിശ്വാസസത്യമാണ്. മിശിഹായുടെ ഉയിപ്പ്, കാലാവസാനത്തിൽ സംഭവിക്കാനിരിക്കുന്ന പുനരുത്ഥാനത്തിൻെറ ഉപകരണകാരണമായിരിക്കും.

എന്നാൽ നിത്യജീവിതത്തിനായുള്ള നീതിമാന്മാരുടെ ഉയിപ്പ് വി. കുർബാനയുടെ ശക്തി വഴിയായിട്ടാണ് സംഭവിക്കുന്നത്. ഇതുകൊണ്ടാണ് ഈ ക്രൂദാശയെ ഭാവിമഹിമയുടെ അച്ചാരമെന്നു വിളിച്ചുവരുന്നത്. ഈ ദിവ്യക്രൂദാശയുടെ സാക്ഷാലുള്ള സ്വീകരണം നിത്യജീവിതത്തിലേയ്ക്കുള്ള ഉയിപ്പിനു് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നല്ല ഇതിൽനിന്നു ഗ്രഹിക്കേണ്ടതു്. പ്രത്യുത, സൗഭാഗ്യസമ്പൂർണ്ണമായ ഉയിപ്പ് എന്ന ദിവ്യദാനം നീതിമാന്മാർക്കു വിശുദ്ധ കുർബാനയിലടങ്ങിയിരിക്കുന്ന ദിവ്യപ്രസാദവരത്തിൻെറ ശക്തിയാൽ നൽകപ്പെടും എന്നത്രേ. കാരണം, വരപ്രസാദത്തെ നൽകുന്ന ദൈവസ്ഥാപിതമായ മാർഗ്ഗമാണല്ലോ ഈ വലിയ ക്രൂദാശ.

ആകയാൽ എന്നേയ്ക്കും സർവ്വസ്തുതികളും ഈ ദിവ്യക്രൂദാശയ്ക്കു നൽകേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇതു നമ്മുടെ ജീവനും ആരോഗ്യവും പുനരുത്ഥാനവുമായ മിശിഹായുടെ ക്രൂദാശയാണ്. നാം രക്ഷിക്കപ്പെട്ടതും സ്വതന്ത്രരാക്കപ്പെട്ടതും ഈ ആൾ വഴിയായിട്ടത്രേ.

---

## അദ്ധ്യായം 20

### വി. കുർബ്ബാന സ്വീകരിക്കാൻ ആത്മാവിൽ ചെയ്യേണ്ട ഒരുക്കം.

വി. കുർബാന അതു സ്വീകരിക്കുന്ന ആളിൽ സ്വശക്ത്യാ വിശുദ്ധീകരണ ദൈവവരപ്രസാദം ഉളവാക്കുന്നു എന്നതു് ഒരു വിശ്വാസസത്യമാണ്. എന്നാൽ ഈ ദൈവപ്രസാദവരസ്വീകരണത്തിനു് ആത്മാവിൽ യാതൊരു പ്രതിബന്ധവും ഉണ്ടാ

യിരുന്നുകൂടാ. പ്രതിബന്ധം ചാവുദോഷമാകുന്നു. അതില്ലാത്ത ആത്മാവിൽ വി. കുർബാന ദൈവപ്രസാദവരം ഉളവാക്കുന്നു ണ്ടെങ്കിലും അതു് ഈ കൂദാശ സ്വീകരിക്കുന്ന ആളിൻെറ ഒരു ക്കത്തെ ആശ്രയിച്ചു കൂടിയും കുറഞ്ഞുമിരിക്കും. ഒരുക്കം വലുതാണെങ്കിൽ ആത്മാവിലേക്കുള്ള പ്രസാദവരത്തിൻെറ പ്രവാഹവും വലുതായിരിക്കും. ഈ ഒരുക്കത്തിൽ ചിലതു വിദൂരമായതും, ചിലതു സമീപസ്ഥമായതും, മററു ചിലതു പതിവായുള്ളതും, വേറെ ചിലതു് അപ്പൊഴപ്പോഴുള്ളതുമാകുന്നു.

വിദൂരമായ ഒരുക്കം ദൈവപ്രസാദവരത്തിൽ ജീവിക്കുന്നതിലാണടങ്ങിയിരിക്കുന്നതു്. അതായതു്, വി. കുർബാന സ്വീകരിക്കാൻ പോകുന്ന ആളിൽ യാതൊരു ചാവുദോഷവും ഇല്ലാതിരിക്കണം. ഉണ്ടെങ്കിൽ പാപസങ്കീർത്തനത്താൽ അതിനു മോചനം പ്രാപിച്ചേ മതിയാവൂ. ഇതുതന്നെയാകുന്നു വി. പൗലോസ് കോറന്ത്യാക്കാർക്കുള്ള ലേഖനത്തിൽ സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നതു്. "ഒരുവൻ തന്നെത്തന്നെ ശോധന ചെയ്കയും, അങ്ങനെ ഈ അപ്പത്തിൽനിന്നു ഭക്ഷിക്കയും, കാസായിൽനിന്നു പാനം ചെയ്കയും ചെയ്യട്ടേ." (1. കൊറി. 11. 28)

ദിവ്യമേശ സർവ്വവിധ നിർമ്മലതയുടേയും പരിശുദ്ധതയുടേയും മേശയാകുന്നു. അശുദ്ധ ഹൃദയത്തോടെ അതിനെ സമീപിക്കുന്നതു് സാക്ഷാൽ വലിയ സാഹസമാണ്. ചാവുദോഷത്താൽ പിശാചിൻെറ അടിമയായിത്തീർന്നിരിക്കുന്ന ആത്മാവിലേയ്ക്കു സർവ്വമഹിമയുടേയും രാജാവിനെ സ്വീകരിക്കുന്നതും മനുഷ്യപുത്രനേയും അവിടുത്തേ കഠിന പീഡാനുഭവങ്ങളേയും ഹാസ്യവിഷയമാക്കുന്നതും യഥാർത്ഥത്തിൽ മഹാ പാതകംതന്നെ. എന്തുകൊണ്ടെന്നാൽ അവിടുന്നു പീഡകൾ സഹിച്ചതും മരണം അനുഭവിച്ചതും സാക്ഷാൽ പാപത്തെ നശിപ്പിക്കുന്നതിനും, പിശാചിൻെറ രാജ്യത്തെ ഉന്മൂലനം ചെയ്യുന്നതിനും വേണ്ടിയാണല്ലോ.

ദൈവപ്രസാദവരത്തിൻെറ ജീവിതം നയിക്കുക എന്നതു് ആദ്ധ്യാത്മികമായി വി. കുർബാന ഉൾക്കൊള്ളുക എന്നു പിതാക്കന്മാർ പറയുന്നതു തന്നെയാകുന്നു. ഇതു പ്രസ്തുത കൂദാശയുടെ യഥാർത്ഥ സ്വീകരണത്തിനനുയോജ്യമായ ഒരുക്കമായി മിശിഹായുടെ മാംസവും രക്തവും ആഗ്രഹത്താലെ ഭക്ഷിക്കയും പാനം

ചെയ്കയും ചെയ്യുന്നതിലടങ്ങിയിരിക്കുന്നു. ഇങ്ങനെ, പ്രസാദവരത്തിൻെറ പ്രേരണയാൽ ദിവ്യവും പരിശുദ്ധവുമായ ഒരു ജീവിതം നയിക്കുകയാകുന്നു വി. കുർബാന ഫലപ്രദമായി സ്വീകരിക്കുന്നതിനുള്ള വിദൂരമായ ഒന്നാമത്തേ ഒരുക്കം.

* * * *

ഇതിനും പുറമേ, ദിവ്യകാരുണ്യസ്വീകരണത്തിൽനിന്ന് ഏററം വലിയ ഫലം പ്രാപിക്കണമെന്നുദ്ദേശിക്കുന്ന ഒരാൾ പ്രധാനമായി മൂന്നു പുണ്യം പരിശീലിക്കണം. ഇവ ദൈവസാന്നിദ്ധ്യത്തിലുള്ള വിശ്വാസവും, ആത്മാവിൻേറയും ശരീരത്തിൻേറയും നിർമ്മലതയും, അയൽക്കാരോടുള്ള ഉപവിയുമാണ്.

വിശ്വാസത്തേ സംബന്ധിച്ചിടത്തോളം ആ പുണ്യം നമ്മുടെ ദിവ്യരക്ഷകൻ എത്രയധികം വിലമതിച്ചു എന്ന് ആശതാധിപനേയും കനാനായക്കാരി സ്ത്രീയേയും അവിടുന്നു പ്രശംസിച്ചതിൽനിന്നു നമുക്കു മനസ്സിലാക്കാം. ദിവ്യസാദൃശ്യങ്ങളിലുള്ള മിശിഹായുടെ യഥാർത്ഥ സാന്നിദ്ധ്യം നമ്മുടെ ബുദ്ധിശക്തിയെ അതിലംഘിക്കുന്ന ഒരു സത്യമാകുന്നു. തന്മൂലം ഈ രഹസ്യത്തിലുള്ള വിശ്വാസം ദൈവത്തിന് ഏററം പ്രസാദകരവും, തദ്വാരാ, നമുക്കു ദിവ്യപ്രസാദവരത്തെ സമൃദ്ധിയായി പ്രദാനം ചെയ്യുന്നതിന് അവിടുത്തേക്കു മനസ്സു വരുത്തുന്നതുമാണ്. ആകയാൽ ഈ കൂദാശയിൽനിന്നു വലിയ ആത്മീയ ഫലം അനുഭവിക്കുന്നതിനാഗ്രഹിക്കുന്ന ഒരാൾ ദൈവസാന്നിദ്ധ്യത്തിലുള്ള അവൻെറ വിശ്വാസത്തെ കൂടെക്കൂടെ നവീകരിക്കുന്നതിനു ശ്രമിക്കണം. ഇതു് നാഴികമണിയടിക്കുന്ന ഓരോ സമയത്തോ, അഥവാ, അതുപോലുള്ള ഏതെങ്കിലും നിശ്ചിതസമയങ്ങളിലോ ചെയ്യാവുന്നതാണ്.

ഹൃദയവും ശരീരവും അശുദ്ധമാകാതിരിക്കുന്നതിനുവേണ്ടി ചെയ്യുന്ന പ്രത്യേക ശ്രദ്ധയും ഈ ദിവ്യകൂദാശയുടെ വരപ്രസാദങ്ങളെ അവയുടെ പരിപൂർണ്ണതയിൽ പ്രാപിക്കുന്നതിനാവശ്യമായ ഒരു വ്യവസ്ഥയത്രേ. എന്തുകൊണ്ടെന്നാൽ ഈ വി. കുർബാന സാക്ഷാൽ നിഷ്കളങ്കമായ പരിശുദ്ധതയുടെ കൂദാശയാണല്ലോ. ദൈവത്തിൻെറ നിർമ്മലകുഞ്ഞാടും, പവിത്രാത്മാവിൻെറ ശക്തിയാൽ സകല കന്യകകളിലും ശ്രേഷ്ഠയായ മറിയത്തിൻെറ പാവനതമമായ ഉദരത്തിൽ ജനിച്ചവനുമായ മിശി

ഹായുടെ ഏററം വിശുദ്ധ മാംസവും രക്തവുമാണ് അതിലടങ്ങിയിരിക്കുന്നതു്. ആകയാൽ ഈ ക്രൂദാശയിൽനിന്നു ദിവ്യപ്രസാദത്തിൻെറ സമൃദ്ധതയെ പ്രാപിക്കാൻ ആഗ്രഹിക്കുന്നവൻ ദുർവിചാരങ്ങളെ നീക്കി, ജഡികമായ എല്ലാ പ്രലോഭനങ്ങളേയും ധീരതയോടെ എതിരിടുന്നതിനു ശ്രമിക്കേണ്ടതാവശ്യമാകുന്നു.

ഈ ക്രൂദാശ മിശിഹായ്ക്കു നമ്മോടുള്ള അതിരററ സ്നേഹത്തിൻെറ ക്രൂദാശയാണ്. തന്മൂലം ഹൃദയത്തിൽ അയൽക്കാരോടുള്ള ഉപവി എന്ന മനോഹരകുസുമം വളർത്തുന്നതിനുദ്യമിക്കുന്നവർക്കു മാത്രമേ ഇതിൽനിന്ന നിത്യരക്ഷയ്ക്കുതകുന്ന ബഹുലമായ ഫലം പ്രാപിക്കാൻ സാധിക്കയുള്ളു. അതായതു്, തങ്ങൾക്കു നന്മ ഭവിക്കണമെന്നാഗ്രഹിക്കുന്നതുപോലെതന്നെ മററുള്ളവക്കും നന്മ വരണമെന്നാഗ്രഹിക്കയും, അവർ ചെയ്തുപോയ ഏതു ദ്രോഹവും സ്വമനസാ ഔദാര്യപൂർവ്വം ക്ഷമിക്കയും ചെയ്യുന്നവക്കേ ആ ഫലം സിദ്ധിക്കയുള്ളു.

* * * *

വിദൂരമായ ഈ ഒരുക്കത്തിനും പുറമേ ഈ ദിവ്യക്രൂദാശയിൽനിന്നു നിവൃത്തിയുള്ളിടത്തോളം വലിയ ഫലം പ്രാപിക്കുന്നതിന് അതു സ്വീകരിക്കുന്നതിനല്പം മുൻപു് ചില പ്രത്യേക പ്രകരണങ്ങൾകൂടി ചെയ്യണം. ഇങ്ങനെ ചെയ്യുന്നതു് ആത്മാവിൽ ദിവ്യാതിഥിക്ക് അനുയോജ്യമായ വാസസ്ഥലം ഒരുക്കുന്നതിനും, അതേസമയംതന്നെ അനുഗ്രഹദാതാവായ അവിടുത്തെ സന്നിധിയിൽനിന്ന് അസംഖ്യം വരങ്ങൾ പ്രാപിക്കുന്നതിനും വേണ്ടിയത്രേ.

ആകയാൽ ഒരു യഥാർത്ഥ കത്തോലിക്കൻ, ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനു മുമ്പ് വിശ്വാസത്തിൻേറയും, ശരണത്തിൻേറയും, സ്നേഹത്തിൻേറയും, അനുതാപത്തിൻേറയും, പ്രകരണങ്ങളും അതോടുകൂടെ സന്ദർഭോചിതമെന്നു തോന്നുന്ന ചില ജപങ്ങളും ചെയ്യാൻ ഒരിക്കലും മടിക്കരുതു്.

എന്നാൽ പ്രത്യേകിച്ചു് ഈ ക്രൂദാശ സ്വീകരിക്കാൻ ആത്മാവിനു് അതിതീക്ഷ്ണമായ ആഗ്രഹമുണ്ടായിരിക്കയും ദീർഘദശിയോടുകൂടെ "എൻെറ ദൈവമേ, നീ എൻെറ സഹായനും രക്ഷകനും ആകുന്നു. നീ ഉദാസീനത കാണിക്കല്ലേ." (സങ്കീ. 39. 18.) എന്നു ജപിക്കയും വേണം. എന്തുകൊണ്ടെന്നാൽ ശാ

രീരികമായ വിശപ്പ് ആഹാരത്തെ ദഹിപ്പിക്കുന്നതിനും, അതിലടങ്ങിയിരിക്കുന്ന സകല പോഷകാംശങ്ങളേയും ഉപയോഗപ്പെടുത്തുന്നതിനും ഏററം ആവശ്യമായിരിക്കുന്നപോലെതന്നെ ആത്മാവിൻെറ ഈ ദിവ്യമന്നാ സ്വീകരിക്കുന്നതിനുള്ള അതിതീവ്രമായ ആഗ്രഹം അതിൽനിന്നു സകല കൃപാവരവും പ്രാപിക്കുന്നതിനുള്ള ഏററം പററിയ മാർഗ്ഗമാകുന്നു. ഈ കൃപാവരങ്ങളുടെയെല്ലാം ഉപകരണകാരണമാണല്ലോ ഈ ക്രൂദാശ.

ഒരു ക്രിസ്ത്യാനി യഥാർത്ഥത്തിൽ വി. കുർബാനയെ തൻെറ ജീവിതത്തിൻെറ കേന്ദ്രമാക്കുയും, നമ്മുടെ ദിവ്യാതിഥി അവിടുത്തേ സ്ഥിരവാസസ്ഥലമാക്കിയിരിക്കുന്ന സ്നേഹത്തിൻെറ പാററവിലേയ്ക്കു മനസ്സു കൊണ്ടുചെല്ലുകയും, ഈ ദിവ്യക്രൂദാശയുടെ സ്വീകരണം വഴിയായി ലഭിക്കുന്ന മഹാദാനത്തെ വേണ്ടതുപോലെ മനസ്സിലാക്കുയും ചെയ്യുന്നെങ്കിൽ നിശ്ചയമായും അവൻ ആ ക്രൂദാശ ഉൾക്കൊള്ളണമെന്നുള്ള ആഗ്രഹത്തിൽ പതിവായി ജീവിക്കാതിരിക്കയില്ല. ഈ ആഗ്രഹം കൂടുതൽ ദൈവികദാനങ്ങൾ പ്രാപിക്കുന്നതിന് അവൻെറ ആത്മാവിനെ യോഗ്യതയുള്ളതാക്കുന്നു. "നിൻെറ വായ് നീ നന്നായി തുറക്കുക. ഞാൻ അതിനെ നിറയ്ക്കും" എന്നത്രേ സങ്കീർത്തനവാക്യം. (സങ്കീ. 80.11.)

---

## അദ്ധ്യായം 21

### ദിവ്യകാരുണ്യ സ്വീകരണത്തിനുശേഷം കൃതജ്ഞത പ്രദർശിപ്പിക്കേണ്ടതിനെ സംബന്ധിച്ച്.

ദൈവത്തിനും മനുഷ്യനും വളരെ പ്രസാദമുള്ളതും, മനസ്സിൻേറയും ഹൃദയത്തിൻേറയും ഉൽകൃഷ്ടതയെ ഏററം വിശദമാക്കുന്നതുമായ പുണ്യങ്ങളിൽ ഒന്നാകുന്നു സ്വീകരിച്ച ഉപകാരങ്ങൾക്കു കൃതജ്ഞത പ്രദർശിപ്പിക്കയെന്നതു്. ദൈവത്തേ സംബന്ധിച്ചെടത്തോളം നമ്മുടെ ഭാഗത്തുനിന്ന് ഇതു് ഒഴിച്ചുകൂടാൻ

വഹിയാത്ത ഒരു ചുമതലയത്രേ. ഇതു മനുഷ്യവൎഗ്ഗത്തിൽപെട്ട ഏവനേയും ബാധിക്കുന്നതാകുന്നു. എന്തുകൊണ്ടെന്നാൽ നമുക്കുള്ളതെല്ലാം അവിടുത്തേ ഔദാൎയ്യമുള്ള കരങ്ങളിൽ നിന്നാണു ലഭിച്ചിട്ടുള്ളതു്. ഇതുതന്നെയാണു് നാം സദാ കൃതജ്ഞതയുള്ളവരായിരിക്കണമെന്നു വി. അപ്പസ്തോലൻ നമ്മെ അനുസ്മരിപ്പിക്കുന്നതിന്റെ കാരണം.

ദൈവത്തിന്റെ എല്ലാ ദാനങ്ങളിലുംവച്ചു ശ്രേഷ്ഠമായതു് വി. കുർബാനയാകുന്നു. തൻമൂലം ഈ മഹനീയ കൃദാശയെ സന്ദൎശിക്കുന്നതിനു ഭാഗ്യം ലഭിക്കുമ്പോഴൊക്കെ അവിടുത്തേക്കു യഥായോഗ്യം നന്ദി പറവാൻ നാം ഉപേക്ഷ വിചാരിച്ചുകൂടാ. ആകയാൽ ഈ ചുമതല നിൎവ്വഹിക്കേണ്ട വിധത്തേക്കുറിച്ചു ചിന്തിക്കുന്നതു് പ്രധാനപ്പെട്ട ഒരു സംഗതിയത്രേ.

ആദ്യമായി, നാം ദിവ്യകാരുണ്യ സ്വീകരണം കഴിഞ്ഞാലുടൻതന്നെ നമ്മുടെ കൎത്താവിനോടുള്ള കൃതജ്ഞതാസൂചകമായ സജീവ നിരൂപണകളെ മനസ്സിൽ വരുത്തണം. എന്തുകൊണ്ടെന്നാൽ അവിടുന്നു തന്നെത്തന്നെ മുഴുവനും നമുക്കു തരുവാൻ തക്ക കരുണ പ്രകടിപ്പിച്ചല്ലോ. മാത്രവുമല്ല, നാം തന്നിലും താൻ നമ്മിലും വസിക്കണമെന്നല്ലാതെ അവിടുന്നു മറെറാന്നും അത്ര ആഗ്രഹിക്കുന്നുമില്ല. എന്നാൽ ഹൃദയപൂൎവ്വകമായ ഈ കൃതജ്ഞതയോടുകൂടി ദൈവത്തിന്റെ അനന്തനന്മയേക്കുറിച്ചുള്ള വലിയ മതിപ്പിന്റേയും നിഷ്കളങ്കമായ ആരാധനയുടേയും, സഹൃദയമായ സ്നേഹത്തിന്റേയും വിചാരങ്ങളേയും നാം ചേൎക്കണം.

എന്നാൽ നമ്മുടെ ഹൃദയങ്ങളിൽ സന്നിഹിതനായിരിക്കുന്ന മിശിഹായോടു നമുക്കേററം അത്യാവശ്യമെന്നു തോന്നുന്ന അനുഗ്രഹങ്ങൾ അപേക്ഷിക്കുന്ന കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. വിശിഷ്യാ, സാക്ഷാത്തായ എളിമയും, ഭേദം വരാത്ത ക്ഷമയും, മിശിഹാതന്നെ ജീവിതകാലത്തിലും, വിശേഷിച്ചു കഠിന പീഡാനുഭവവേളയിലും അനേകം ദൃഷ്ടാന്തങ്ങളാൽ കാണിച്ചു തന്നിട്ടുള്ള അതിരററ ഉപവിയും ലഭിക്കുന്നതിനു നാം പ്രാൎത്ഥിക്കണം. നമ്മുടെ സ്നേഹിതന്മാരുടേയും, സംബന്ധികളുടേയും തിരുസ്സഭയുടേയും ആവശ്യങ്ങളെ വിസ്മരിച്ചുകൂടാ. ദിവ്യകാരുണ്യ കൎത്താവിനോടു വളരെ കാൎയ്യങ്ങൾ ചോദിച്ചു്, അവിടുത്തേ അലട്ടുന്നതിനേക്കുറിച്ചു നാം ഭയപ്പെടണ്ടാ. എന്തുകൊണ്ടെന്നാൽ അവിടുത്തേ കരുണയ്ക്കു യാതൊരതിരുമില്ല. മാത്രമല്ല, നാം

ചോദിക്കാൻ ധൈര്യപ്പെടുന്നതുതന്നെ നമുക്ക അവിടുത്തേ നന്മയിലുള്ള വിശ്വാസത്തിൻെറ ഒരു ലക്ഷണമാണ്. നാം അപേക്ഷിക്കുന്ന കാര്യം സാധിക്കുന്നതിനുള്ള സുനിശ്ചിതമായ ഒരു മാർഗ്ഗവുമാകുന്നു അതു്.

*          *          *          *

ദൈവം വി. കുർബാനയിൽ നമുക്ക തന്നിരിക്കുന്ന ദാനമായ തൻെറ സുതൻെറ യഥാർത്ഥശരീരത്തേയും രക്തത്തേയും സാക്ഷാൽ വിലമതിക്കുന്ന ഒരു വിശ്വാസി ദിവ്യകാരുണ്യ സ്വീകരണത്തിനുശേഷം മാത്രം അവിടുത്തേയ്ക്കു കൃതജ്ഞത പ്രദർശിപ്പിച്ചതുകൊണ്ടു തൃപ്തനാകുന്നില്ല. പ്രത്യുത, അയാൾ സ്വീകരിച്ച വലിയ അനുഗ്രഹത്തെ പലപ്പോഴും സ്മരിക്കുന്നു. ദിവ്യകൃദാശയുടെ വരപ്രസാദം തൻെറ ആത്മാവിൽ നിലനിൽക്കുന്നുണ്ടെന്നു് അവനറിയാം. അതുകൊണ്ടു് അവൻ രാവിലെ സ്വീകരിച്ച പരിശുദ്ധ വിരുന്നിനേക്കുറിച്ചു ദിവസത്തിൽ പല പ്രാവശ്യം ഓർക്കുന്നതിനു ശ്രമിക്കയും, ആ പ്രത്യേകാനുഗ്രഹത്തേക്കുറിച്ചു് ഹൃദയംകൊണ്ടു വീണ്ടും ദിവ്യകർത്താവിനു നന്ദി പ്രദർശിപ്പിക്കയും ചെയ്യാതിരിക്കയില്ല. ചുരുക്കിപ്പറഞ്ഞാൽ വി. കുർബാനയേക്കുറിച്ചുള്ള സ്മരണ അവൻെറ ജീവിതത്തിൻെറ പ്രധാന വിഷയമാക്കിക്കൊണ്ടു അവൻ ഒരു ദിവ്യകാരുണ്യാന്തരീക്ഷത്തിൽ വസിക്കുന്നതിനു ശ്രമിക്കുന്നു.

മാത്രവുമല്ല, മിശിഹായെ നാം കൃദാശയ്ക്കടുത്തവിധം സ്വീകരിക്കുന്നതിനോളം അവിടുത്തേ പ്രസാദിപ്പിക്കുന്ന മറ്റൊന്നുമില്ലെന്നു് ഒരു കത്തോലിക്കനറിയാം. തൻമൂലം, വി. കുർബാനയാകുന്ന ഈ വലിയ ദാനത്തോടു വേണ്ടത്ര മതിപ്പുള്ള ഒരു വിശ്വാസി നിവൃത്തിയുള്ളപ്പോഴെല്ലാം ദിവ്യമേശയെ സമീപിക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്യാതിരിക്കയില്ല. ഇങ്ങനെ അവൻ അടുത്ത ദിവ്യകാരുണ്യസ്വീകരണം, കഴിഞ്ഞതിൻെറ കൃതജ്ഞതാപ്രകടനമാക്കിത്തീർക്കുന്നു.

വി. കുർബാന ദൈവത്തിൻെറ അത്യുൽകൃഷ്ടദാനമാണു്. അതിനേ നിന്ദിക്കുന്നതിനേക്കാൾ അവിടുത്തേയ്ക്കു വിരോധമുള്ള മറ്റൊന്നില്ല. ഇതിൻെറ ഒരു ദൃഷ്ടാന്തമാകുന്നു ഒരു ധനികൻ അനേകംപേരെ ഒരു വലിയ അത്താഴത്തിനു ക്ഷണിച്ച ഉപമയിൽ അടങ്ങിയിരിക്കുന്നതു്. വിരുന്നിനു ക്ഷണിക്കപ്പെട്ടവരെല്ലാം ഓരോ ഒഴിവു കഴിവു പറഞ്ഞു പിന്മാറി. ഇതു് ആ

ധനികനു വളരെ അതൃപ്തി വരുത്തി. അയാൾ വേലക്കാരെ തെരുവുകളിലേയ്ക്കും പട്ടണത്തിലെ ഊടുവഴികളിലേയ്ക്കും അയച്ചു സാധുക്കളേയും, ബലഹീനരേയും, അന്ധരേയും, മുടന്തരേയും കൂട്ടിക്കൊണ്ടുവരുന്നതിനാജ്ഞാപിച്ചു. എന്നാൽ ആദ്യം ക്ഷണിക്കപ്പെട്ടവരിലാർക്കുംതന്നെ ആ അത്താഴമനുഭവിക്കാനിടയായില്ല.

ദിവ്യകാരുണ്യമേശയിൽ നിന്നകന്നു നിൽക്കുന്നത് ദൈവത്തോടുള്ള നികൃഷ്ടമായ കൃതഘ്നതയുടെ ഒരു പ്രകടനമാണ്. അതുപോലെതന്നെ നിവൃത്തിയുള്ളപ്പോഴെല്ലാം അതിനെ സ്വീകരിക്കണമെന്നു നിശ്ചയം ചെയ്യുന്നത് ഇത്ര മഹത്തായ കൂദാശ സ്ഥാപിച്ചതേക്കുറിച്ച് ദിവ്യരക്ഷകനോടു നമുക്കു പ്രകടിപ്പിക്കാൻ പാടുള്ള കൃതജ്ഞതയുടെ ഏറ്റം വലിയ ലക്ഷ്യവുമാകുന്നു.

* * * *

സ്നേഹിതനു തൃപ്തികേടു വരുത്തുന്ന യാതൊന്നും ചെയ്യാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കുന്നതാണ് സാക്ഷാൽ മൈത്രിയുടെ ലക്ഷണം. ആകയാൽ വി. കുർബാനയെന്ന വലിയ ദാനത്തേക്കുറിച്ചു നമ്മുടെ ദിവ്യകർത്താവിൻെറ നേർക്കു കൃതജ്ഞതയുള്ളവനായി അവിടുത്തെ സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുവാൻ ആഗ്രഹിക്കുന്ന ഒരാൾ പ്രസ്തുത കൂദാശയുടെ സ്വീകരണത്തിനു ശേഷം തൻെറ നടപടിദൂഷ്യങ്ങളെ, പ്രത്യേകിച്ച് ഈ കൂദാശയുടെ പ്രകൃതിക്കു പ്രസ്പഷ്ടമേ വിരുദ്ധമായവയെ, വിട്ടുപേക്ഷിക്കാൻ ശ്രമിക്കുയെന്നത് സ്വാഭാവികമത്രേ. ആദ്യമായി, വി. കുർബാനയെന്ന കൂദാശ വിശ്വാസം സംബന്ധിച്ച ഒരു രഹസ്യമാകുന്നു. രണ്ടാമതായി, അത് ശുദ്ധതയുടെ ഉല്പത്തിസ്ഥാനമാണ്. മൂന്നാമതായി, അത് അതിരുകവിഞ്ഞ സ്നേഹത്തിൻെറ അച്ചാരമത്രേ. ആകയാൽ ഈ ദിവ്യ വിരുന്നിനു സ്വീകരിക്കപ്പെട്ടിട്ടുള്ള ഒരുവൻ തൻെറ വിശ്വാസത്തെ ക്ഷയിപ്പിക്കുന്നതും, ആത്മശുദ്ധതയെ മലിനപ്പെടുത്തുന്നതും, ഉപവിയുടെ തീവ്രതയെ ലഘുവാക്കുന്നതുമായ എല്ലാററിനേയും ഉപേക്ഷിക്കുന്നതാണെന്നു ദൃഢനിശ്ചയം ചെയ്യേണ്ടിയിരിക്കുന്നു.

ആദ്യംതന്നെ, വിശ്വാസം "ശരണപ്പെടേണ്ട കാര്യങ്ങളുടെ സാരവും, കാണപ്പെടാത്തവയുടെ തെളിവുമാകുന്നു." (എബ്രായ. 11. 1.) എന്നും, "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കയില്ല." (എബ്രായ. 11. 6) എന്നും ചിന്തിച്ചുകൊണ്ട് വി. കുർബാനയിലെ മിശിഹായുടെ യഥാർത്ഥസാന്നി

ദ്ധ്യത്താൽ അനുഗ്രഹിക്കപ്പെട്ടിട്ടുള്ള ഒരാൾ തന്റെ വിശ്വാസത്തെ അപകടത്തിലാക്കുന്ന എല്ലാത്തരം വായനയും സംസാരവും ശ്രദ്ധാപൂർവ്വം ഉപേക്ഷിക്കാതിരിക്കയില്ല. അതുപോലെതന്നെ കത്തോലിക്കസഭ നമ്മേ പഠിപ്പിക്കുന്ന വിശ്വാസരഹസ്യങ്ങളെക്കുറിച്ചുണ്ടാകുന്ന എല്ലാ സംശയങ്ങളും പൈശാചിക ശത്രുവിന്റെ പ്രവൃത്തിയായി കരുതി അവൻ അവയെ ദൂരത്താക്കുന്നു.

വീണ്ടും, സർവ്വപരിശുദ്ധതയുടേയും മൂലമായ മിശിഹാതന്നിൽ സത്യസാന്നിദ്ധ്യം ചെയ്യുന്നതിന്റെ ഓർമ്മയ്ക്കായി ഒരു യഥാർത്ഥ കത്തോലിക്കൻ തന്റെ മനസ്സിനെ ദുർവിചാരങ്ങളിൽനിന്നും, ഹൃദയത്തെ ദുരാഗ്രഹങ്ങളിൽനിന്നും, ശരീരത്തെ അതിന്റെ ശുദ്ധതയെ വിദൂരമായിട്ടെങ്കിലും ഹനിക്കുന്ന സകല ഹേതുക്കളിൽനിന്നും, സ്വാതന്ത്ര്യമായി സൂക്ഷിക്കുന്നതിനും ശ്രമിക്കാതിരിക്കയില്ല.

അവസാനമായി, മിശിഹാ ഈ കുർബാന സ്ഥാപിച്ചത് തന്നെ ഒററിക്കൊടുക്കുവാനിരുന്ന രാത്രിയിലാണല്ലോ എന്നോർത്തുകൊണ്ട്, അവിടുത്തെ വിശ്വസ്ത ശിഷ്യർ സഹോദരസ്നേഹത്തെ അതിരുകവിഞ്ഞവിധം പരിശീലിക്കുന്നതിൽ നിഷ്ഠയുള്ളവരായിരിക്കും. "സാഹോദര്യത്തിന്റെ ഉപവി അവരിൽ ഭംഗം കൂടാതെ നിലനിൽക്കുന്നതിന്" (എബ്രാ. 13. 1.) അവർ സ്നേഹപൂർവ്വകമായ ഒരേ ആലിംഗനത്താൽ ശത്രുവിനേയും മിത്രത്തേയും, ധനവാനേയും നിർദ്ധനനേയും, അജ്ഞനേയും അഭിജ്ഞനേയും ഒരുമിച്ചാശ്ലേഷിക്കുന്നു.

---

# അദ്ധ്യായം 22

## വി. കുർബ്ബാനയെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമാക്കണം.

നമ്മുടെ ദിവ്യരക്ഷകൻ അന്തിമഭോജനത്തിനുശേഷം, അതായത് സ്വശരീരവും രക്തവുമാകുന്ന കുർബാന സ്ഥാപിക്കയും, അതു പ്രിയ ശിഷ്യന്മാർക്ക് ഭാഗിച്ചുകൊടുക്കയും ചെയ്തശേഷം,

അവക്ക് അതി സാരഗർഭമായ ഒരുപദേശം നൽകി. ഈ ഉപദേശത്തിൽ അവിടുന്ന് അവരെ ആന്തരികവും ആത്മീയവുമായ ജീവിതത്തിൻെറ സവ്വരഹസ്യങ്ങളും പഠിപ്പിച്ചു. ഈ കൂദാശയുടെ സ്ഥാപനത്താൽ പ്രത്യേകവിധം ഉദ്ദേശിച്ചിരിക്കുന്നത് ആത്മീയജീവിതത്തിൻെറ അഭിവൃദ്ധിയാണല്ലോ. അവിടുത്തെ ദിവ്യോപദേശത്തിൻെറ ഉള്ളടക്കം മുഴുവൻ ഇപ്രകാരം ചുരുക്കിയെഴുതാം: "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നു. നിങ്ങൾ എൻെറ സ്നേഹത്തിൽ വസിപ്പിൻ." (യോഹ. 15. 9.)

വി. കുർബാന മിശിഹായ്ക്കു നമ്മോടുള്ള സ്നേഹത്തിൻെറ കൂദാശയാകുന്നു. ആകയാൽ നമ്മുടെ ദിവ്യരക്ഷകൻെറ സ്നേഹത്തിൽ വസിക്കയെന്നത് ഈ കൂദാശയെക്കുറിച്ചു ചിന്തിച്ചുകൊണ്ടും, അതിനെ സ്നേഹിച്ചുകൊണ്ടും, ആരാധിച്ചുകൊണ്ടും, ജീവിക്കയെന്നതുതന്നെ. ചുരുക്കിപ്പറഞ്ഞാൽ നമ്മിൽ ആദ്ധ്യാത്മികജീവിതത്തെ വളത്താനുള്ള സുഗമവും പ്രായോഗികവുമായ മാഗ്ഗത്തെ നാം കാംക്ഷിക്കുന്നെങ്കിൽ ഈ കൂദാശയെ നമ്മുടെ വിചാരത്തിൻേറയും, സ്നേഹത്തിൻേറയും, ആരാധനയുടേയും കേന്ദ്രമാക്കണം.

ദിവ്യകാരുണ്യപരമായ ഒരു ജീവിതം നയിക്കുന്നതിനാവശ്യമായ ഒന്നാമത്തെ സംഗതി ഈ കൂദാശയെ സംബന്ധിച്ച സത്യങ്ങളെക്കുറിച്ചുള്ള നല്ല ജ്ഞാനമാകുന്നു. തന്മൂലം വി. കുർബാനയെ ജീവിതത്തിൻെറ കേന്ദ്രമാക്കണമെന്നുദ്ദേശിക്കുന്ന ഒരാൾ ദിവ്യസാദൃശ്യങ്ങളിലുള്ള മിശിഹായുടെ യഥാത്ഥസാന്നിധ്യത്തേക്കുറിച്ചു സാധാരണ രീതിയിൽ വിശ്വസിച്ചതുകൊണ്ടുമാത്രം തൃപ്തനായിക്കൂടാ. പ്രത്യുത, ഈ വിഷയത്തേ സംബന്ധിച്ച കത്തോലിക്ക ദൈവശാസ്ത്രത്തിൻെറ ഉപദേശത്തെ അസ്പദമാക്കി ഉൽകൃഷ്ടവും ആശ്വാസദായകവുമായ ആ രഹസ്യത്തെ പഠിച്ചറിയുന്നതിനുകൂടി ശ്രമിക്കണം.

ശരിയായവിധം പട്ടമേററിട്ടുള്ള പുരോഹിതൻെറ വാക്കുകളാൽ അപ്പത്തിൻേറയും വീഞ്ഞിൻേറയും ഉപതിഷ്ഠത്തുകളെ ഇപ്പോൾ സ്വഗ്ഗത്തിൽ വാഴുന്ന മിശിഹായുടെ ശരീരവും രക്തവുമായി മാററുകയെന്നത് ദൈവത്തിൻെറ ശക്തിയിൽ കവിഞ്ഞതല്ലെന്ന് അയാൾ ചിന്തിക്കട്ടെ. ഒരു ചെറിയ അപ്പത്തിൻേറയും അല്പം വീഞ്ഞിൻേറയും പരിമിതവും വിനീതവുമായ സാദൃശ്യ

ങ്ങളിൽ പൂർണ്ണവളർച്ചയിലെത്തിയ ഒരു മനുഷ്യശരീരത്തെ സന്നിഹിതമാക്കുക ദൈവത്തിന് അസാദ്ധ്യമല്ലെന്നും, മൃത്വവസ്തുക്കൾ വഴിയായി അമൂർത്ത്വവസ്തുവായ ആത്മാവിനെ വിശുദ്ധീകരിച്ച്, അതിനെ വരപ്രസാദത്തിൻേറയും പുണ്യത്തിൻേറയും ജീവിതം നയിക്കുന്നതാക്കിത്തീർക്കാൻ അവിടത്തേയ്ക്കു കഴിയുമെന്നും അവൻ മനസ്സിലാക്കട്ടെ. ഈ കൂദാശയെക്കുറിച്ചുള്ള അറിവിൻെറതോതനുസരിച്ചായിരിക്കും അതിനോടുള്ള ഭക്തിയും മതിപ്പും എന്നുള്ളതിനു സംശയമില്ല.

* * * *

യഥാർത്ഥമായ ദിവ്യകാരുണ്യജീവിതം നയിക്കുന്നതിന് ഈ വലിയ കൂദാശയേക്കുറിച്ചു പലപ്പോഴും ചിന്തിക്കയോ, ഈ അത്ഭുതരഹസ്യത്തേ സംബന്ധിച്ച തത്വങ്ങൾ പഠിക്കയൊ മാത്രം ചെയ്താൽ പോരാ. പ്രത്യുത, നമ്മുടെ ഉള്ളിൽ ദിവ്യകാരുണ്യകർത്താവിൻെറ നേർക്കുള്ള ഹൃദയംഗമമായ സ്നേഹത്തിൻെറ വിചാരങ്ങളെ പരിപോഷിപ്പിച്ചു പോരേണ്ടതും ആവശ്യമത്രെ. ഈ വിചാരങ്ങളെ പിന്നീട്ട പ്രത്യേക ഭക്തികൃത്യങ്ങളുടെ രൂപത്തിലാക്കിത്തീർക്കണം. അവ ഈ ദിവ്യകൂദാശയോടു നമുക്കുള്ള വിശ്വാസത്തിൻേറയും സ്നേഹത്തിൻേറയും ബാഹ്യപ്രകടനവും അവയുടെ നൂതനമായ ഒരു പ്രേരകവും ആകാതിരിക്കയില്ല.

ഈ ഭക്തിപ്രകടനങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നതു് പ്രതിദിനം ദിവ്യപൂജ കാണുക എന്നതും, കൂടെക്കൂടെ, അല്ലാ, പ്രതിദിനം വി. കുർബാന ഉൾക്കൊള്ളുന്നതുമാകുന്നു. ആദിമ ക്രിസ്ത്യാനികൾ ഈ പതിവു ഭംഗം കൂടാതെ തുടൎന്നുകൊണ്ടാണിരുന്നതു്. ഇതിനെപ്പററി തിരുസ്സഭ അടുത്ത കാലത്തു വിശ്വാസികളോടു ശക്തിയായി ഉപദേശിച്ചിട്ടുമുണ്ടു്. ഈ ശ്രേഷ്ഠകൃത്യം കൂടുതൽ ഭംഗിയായി നിൎവ്വഹിക്കുന്നതിനു തപഃശാസ്ത്രജ്ഞന്മാർ ഉപദേശിച്ചു തന്നിട്ടുള്ള മാൎഗ്ഗം അനുകരിക്കുന്നതു നന്നായിരിക്കും. അതു മറെറാന്നുമല്ല. ദിവസത്തെ രണ്ടായി ഭാഗിക്കണം. ഇതിൽ ആദ്യത്തേതു് വി. കുർബാന ഉൾക്കൊണ്ടതിനു ശേഷമുള്ള സമയമാണ്. ദൈവം ഈ കൂദാശ വഴിയായി തന്നെത്തന്നെ നമുക്കു തന്നുകൊണ്ടു ചെയ്തിരിക്കുന്ന വലിയ അനുഗ്രഹത്തിനു നന്ദി പ്രദൎശിപ്പിക്കുന്നതിനു വേണം ഈ ഭാഗം ചെലവഴിക്കുവാൻ. രണ്ടാം ഭാഗത്തെ പിറേറന്നുള്ള ദിവ്യകാരുണ്യസ്വീകരണത്തിൻെറ പ്രതീക്ഷയ്ക്കും ഒരുക്കവുമായി വിനിയോഗിക്കണം.

കൂടെക്കൂടെ, അഥവാ, എന്നും കുർബാന കാണുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതു കഴിഞ്ഞാൽ പിന്നെ പ്രധാനമായ സൽകൃത്യം ആദ്ധ്യാത്മികമായ, അഥവാ, മനസ്സുകൊണ്ടുള്ള ദിവ്യകാരുണ്യസ്വീകരണമത്രേ. ഇതു ദൈവദൃഷ്ടിയിൽ ഏററം പ്രസാദജനകവും ഒരുവന്ന് ഇഷ്ടമുള്ളപ്പോഴൊക്കെ നടത്താവുന്നതുമാകുന്നു. ഈ ഭക്തികൃത്യം ചെയ്യാനുള്ള എളുപ്പവും, അതിൽനിന്നുളവാകുന്ന സമൃദ്ധിയായ ഫലങ്ങളും കൂടെക്കൂടെ അതു ചെയ്യുന്നതിന്ന് നമ്മെ പ്രേരിപ്പിക്കേണ്ടതാണ്.

ഫലപ്രദമായവിധം മനസ്സുകൊണ്ടു വി. കുർബാന ഉൾക്കൊള്ളുന്നതിന്ന് വരപ്രസാദത്തിൽ സ്ഥിതി ചെയ്കയും, ദൈവസാന്നിദ്ധ്യത്തിലുള്ള വിശ്വാസത്തിൻേറയും, ദൈവനന്മയിലുള്ള ശരണത്തിൻേറയും, ദിവ്യരക്ഷകനോടുള്ള സ്നേഹത്തിൻേറയും നിരൂപണകളെ മനസ്സിൽ വരുത്തുകയും ചെയ്യണം. ഇതോടുകൂടി അവിടത്തെ സ്വീകരിക്കാനുള്ള ശക്തിയായ ആഗ്രഹമുണ്ടായിരിക്കണം. അപ്പോൾ മാധുര്യമുള്ള ദിവ്യരക്ഷകൻ യഥാർത്ഥത്തിൽ നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളിവരുന്നു. ഇതിൽനിന്നു മുമ്പേതന്നെ അവിടുത്തേ സാന്നിദ്ധ്യം അതിലില്ലായിരുന്നു എന്നല്ല, പ്രത്യുത, അനുഗ്രഹദാതാവായ അവിടുന്നു പ്രത്യേക ദാനങ്ങളോടുകൂടെ തൻെറ സാന്നിദ്ധ്യത്തെ അതിൽ ഉറപ്പിക്കുന്നു എന്നത്രേ മനസ്സിലാക്കേണ്ടതു്. അവസാനമായി, ദിവ്യകാരുണ്യചൈതന്യത്താൽ നിറഞ്ഞിരിക്കുന്ന ഒരാൾ ദേവാലയത്തിൽ സന്നിഹിതനായിരിക്കുന്ന നമ്മുടെ ദിവ്യാതിഥിയെ ഇടയ്ക്കിടയ്ക്കു സന്ദർശിക്കാതിരിക്കയില്ല. ഈ സന്ദർശനം ആദ്ധ്യാത്മികമായി, അഥവാ, മനസ്സുകൊണ്ടു നടത്താം. ഇതിന്ന് അവിടുന്ന് എഴുന്നള്ളി വസിക്കുന്ന സക്രാരിയുടെ പക്കലേയ്ക്കു ഹൃദയവും മനസ്സും തിരിച്ചാൽ മതി. ഭക്തിതീക്ഷ്ണതയുള്ള ഒരു വിശ്വാസിയ്ക്കു ശാരീരികമായും ദേവാലയത്തിൽ പ്രവേശിച്ചു തൻെറ ദിവ്യനാഥനെ സന്ദർശിക്കാം.

സ്നേഹം സാക്ഷാൽ ഉത്സാഹശീലമുള്ളതാകുന്നു. തന്മൂലം വി. കുർബാനയേക്കുറിച്ചുള്ള ചിന്തയാൽ മതിമറന്നിരിക്കുന്ന ഒരാത്മാവിന്ന് അതിൻെറ ശക്തിയേറിയ സ്നേഹത്തേയും കൃതജ്ഞതാപൂർവ്വകമായ ആരാധനയേയും പ്രകടിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ അത്ര വിഷമമില്ല.

* * * *

ദിവ്യകാരുണ്യസ്ഥാപനത്താൽ ദൈവം നൽകിയിട്ടുള്ള

ദാനത്തെ ശരിയായി വിലമതിക്കയും, അതിനെ ജീവിതത്തിൻെറ കേന്ദ്രമാക്കിത്തീക്കയും ചെയ്യുന്ന ഒരാൾ ഈ ക്രൂദാശയെ സംബന്ധിച്ച ഭക്തികൃത്യങ്ങൾ തന്നെത്താൻ പരിശീലിക്കുന്നതുകൊണ്ടുമാത്രം തൃപ്തിയടയുന്നില്ല. അവൻ മററുള്ളവരേയും ഈ ക്രൂദാശയെ അറിയുന്നതിനും, സ്നേഹിക്കുന്നതിനും, ആരാധിക്കുന്നതിനുമായി ആകഷിക്കും. ചുരുക്കിപ്പറഞ്ഞാൽ അവൻ വി. കുർബാനയുടെ ഒരപ്പസ്തോലനായിത്തീരുന്നു. ഇതിനുള്ള മാൎഗ്ഗങ്ങളും അവനുണ്ടായിരിക്കും.

ചിലപ്പോഴെല്ലാം അവൻ അറിവില്ലാത്തവരെ, നമുക്ക് ഈ ക്രൂദാശയിൽ എത്ര വലിയ നിക്ഷേപമാണുള്ളതെന്നു പഠിപ്പിക്കാൻ കിട്ടുന്ന അവസരം ഉപയോഗപ്പെടുത്തുന്നു. മററു ചിലപ്പോൾ അവൻ സംഭാഷണമദ്ധ്യേ കൗശലത്തിൽ ദിവ്യക്രൂദാശയേക്കുറിച്ച് സംസാരവിഷയമാക്കിക്കൊണ്ട് അങ്ങനേയും തൻെറ ഭക്തിജ്വാലയെ മററുള്ളവരിലേയ്ക്കു പ്രവേശിപ്പിക്കുന്നു. നമ്മുടെ കൎത്താവിനേററം ഇഷ്ടമുള്ളവരായ കൊച്ചുകുട്ടികളെ ആദ്യകുർബാന കൈക്കൊള്ളാനൊരുക്കുന്നതിനും, മരണാസന്നരെ തൃപ്പാഥേയം യോഗ്യതാപൂൎവ്വം സ്വീകരിക്കുന്നതിനു തയ്യാറാക്കുന്നതിനും അവൻ ഉത്സാഹിക്കാതിരിക്കുന്നില്ല.

മനോഹരവും രക്ഷാകരവുമായ ഈ ഭക്തി പ്രചരിപ്പിക്കുന്നതിനുള്ള വേറൊരു മാൎഗ്ഗമാകുന്നു ഈ ക്രൂദാശയെ സംബന്ധിച്ച പുസ്തകങ്ങൾ രചിക്കുന്നതും, ബലിപീഠങ്ങൾ പണിയിക്കുന്നതും, അവയെ അലങ്കരിക്കുന്നതും.

രൂപത വകയായോ, രാജ്യക്കാരുടെ വകയായോ, സാൎവ്വത്രികമായോ, ദിവ്യകാരുണ്യകോൺഗ്രസ്സുകൾ നടത്തുന്നതും വിജയകരമായ മറെറാരു മാൎഗ്ഗമാണ്. ഇങ്ങനെയുള്ള സഭകളിൽ, ദിവ്യസാദൃശ്യങ്ങളിൽ മറഞ്ഞിരിക്കുന്ന സ്നേഹരാജനു പരസ്യാരാധന നൽകുന്നതിനു വളരെപ്പേർ കൂട്ടുകയും, അവർ പൊതുവിൽ നടത്തുന്ന സ്തുതികീൎത്തനങ്ങൾ ശ്രവിക്കയും, തിരുസ്സഭയ്ക്കും സമുദായത്തിനുംവേണ്ടി ചെയ്യുന്ന പൊതുപ്രാൎത്ഥനകളിൽ സംബന്ധിക്കയുമാണു ചെയ്യുന്നത്. വി. കുർബാനയിലേ നമ്മുടെ കൎത്താവിനെ യഥാൎത്ഥത്തിൽ സ്നേഹിക്കുന്ന ഒരുവനു് അവിടത്തേ ഭക്തി പ്രചരിപ്പിക്കുന്നതിനനുയോജ്യമായ മാൎഗ്ഗങ്ങൾ കൈവരാതിരിക്കയില്ല.

# അദ്ധ്യായം 23

## വി. കുർബാന തിരുസ്സഭയിൽ ഐക്യത്തിൻെറ അച്ചാരമാകുന്നു.

ദൈവം ലോകത്തേ സൃഷ്ടിച്ചപ്പോൾ അതിനു നൽകിയ ഒരു വലിയ നിയമമാകുന്നു ഐക്യം. അവിടുന്നുതന്നെ ആളിൽ വിഭിന്നനെങ്കിലും സ്വഭാവത്തിലും, ജ്ഞാനത്തിലും നന്മയിലും, ശക്തിയിലും ഒന്നാകുന്നു. ഇതുപോലെ ഒരു വലിയ മനുഷ്യകുലവും, മനുഷ്യവർഗ്ഗത്തിന് ഏകരക്ഷകനും, സകലക്കും സുരക്ഷിതവും മഹത്തരവുമായ ഒരു പേടകത്തിലെന്നപോലെ രക്ഷ കണ്ടെത്തുന്നതിന് ഏക സഭയും ഉണ്ടായിരിക്കണമെന്ന് അവിടുന്നു നിശ്ചയിച്ചു. എന്നാൽ ഈ ഐക്യത്തിൻെറ ഒരു പ്രതിബിംബമെന്നവണ്ണം ദൈവം സർവ്വസൃഷ്ടികളിലും സ്ഥാപിച്ചിരിക്കുന്ന ഐക്യത്തിന് രണ്ടു വിധത്തിലുള്ള ഫലമാണുള്ളത്. ഒന്നാമതായി, അതു മനുഷ്യവർഗ്ഗത്തെ ദൈവത്തോടു ബന്ധിക്കുന്നു. രണ്ടാമതായി, അത് ഭൂമുഖത്തു ചിന്നിച്ചിതറിക്കിടക്കുന്ന മനുഷ്യവംശത്തിലെ വ്യക്തികളെ എല്ലാം പരസ്പരം ബന്ധിക്കുന്നു. എന്നാൽ ദൈവം നിശ്ചയിച്ചിരിക്കുന്ന ഈ ഐക്യത്തിൻെറ അച്ചാരമാകുന്നു വി. കുർബാന എന്ന കൂദാശ.

ആദ്യമായി, വി. കുർബാന ബലിയെന്ന നിലക്കും കൂദാശയെന്ന നിലക്കും മനുഷ്യവർഗ്ഗത്തിനു ദൈവവുമായുള്ള ഐക്യത്തിൻെറ അച്ചാരമാകുന്നു. ബലി എന്ന നിലക്കു് കുർബാന മിശിഹാ കുരിശിന്മേൽ അർപ്പിച്ച അതേ ബലിതന്നെയാണ്. ആ ബലി ദൈവമഹത്വത്തിനേററം പ്രസാദമുള്ളതായിരുന്നതിനാൽ പാപാധീനമായ മനുഷ്യവർഗ്ഗത്തെ ദൈവത്തോടു പരിപൂർണ്ണമായി പുനരൈക്യപ്പെടുത്തുന്നതിന് പര്യാപ്തമായിരുന്നു. വി. കുർബാന കൂദാശയെന്ന നിലക്കു്, നമ്മുടെ ആത്മാവിനെ വിശുദ്ധീകരിക്കുന്നതിനും അതിനെ മഹത്വമുള്ളവനായ ദൈവത്തിനേററം ഇഷ്ടമുള്ളതാക്കിത്തീർക്കുന്നതിനുംവേണ്ടി ദിവ്യരക്ഷകൻ സ്ഥാപിച്ച ഇന്ദ്രിയഗോചരമായ ഒരടയാളമാണ്.

വി. കുർബാന ദൈവത്തിനർപ്പിക്കപ്പെടുന്ന ഏററം പ്ര

സാദകരമായ ബലിയും പുതിയ നിയമത്തിലേ ഒരു ക്രദാശയു മാകകൊണ്ടു് അതു വഴിയായി മനുഷ്യൻ ദൈവത്തിൻെറ പുത്രസ്ഥാനത്തിനു പങ്കുകാരനാക്കപ്പെട്ടിരിക്കുന്നു. അവൻ സ്രഷ്ടാവിൻെറ സ്നേഹിതനായി ഭവിക്കയും, അങ്ങനെ ആരംഭത്തിൽ ഉദ്ദേശിച്ചിരിക്കുന്നതും, എന്നാൽ പാപത്താൽ നഷ്ടമാക്കിക്കളഞ്ഞതുമായ സ്നേഹത്തിൻേറയും മൈത്രിയുടേയും ഐക്യത്തിലേക്ക് അവൻ തിരിച്ചാക്കപ്പെടുകയും ചെയ്യുന്നു. ആകയാൽ ദൈവം ഭൂമിയുമായുള്ള തൻെറ ഉടമ്പടിയുടെ ലക്ഷ്യമായി മേഘങ്ങളിൽ സ്ഥാപിച്ച മഴവില്ലിനു തുല്യമാകുന്നു ഈ ക്രദാശ. ഈ സാക്ഷി യചിഹ്നം അവിടത്തേ ദിവ്യമഹത്വത്തിനേററം പ്രസാദകരമാകയാൽ അതേപ്രതി മനുഷ്യവർഗ്ഗത്തിൻെറ അടിസ്ഥൂടിയുള്ള അപരാധം അർഹിക്കുന്ന ശിക്ഷകൾ അതിനു നൽകാതെ തൻെറ കരത്തേ താൻ പിൻവലിച്ചു കളയുന്നു.

*  *  *  *

വി. കുർബാന മനുഷ്യക്ക് ദൈവത്തോടുള്ള ഐക്യത്തിൻെറ അച്ചാരമാണെന്നു പ്രസ്താവിച്ചുവല്ലൊ. അതു മനുഷ്യരെ പരസ്പരം ബന്ധിക്കുകയും, അങ്ങനെ എല്ലാവരേയും മിശിഹായുടെ കുടുംബത്തിലേ അംഗങ്ങളാക്കി തീക്കയും ചെയ്യുന്ന പരിശുദ്ധവും ബലമുള്ളതുമായ ഒരു പാശംകൂടിയാകുന്നു. മനുഷ്യകുലത്തിനു ദൈവം ഉദ്ദേശിച്ചിട്ടുള്ള ഐക്യത്തെ ഭേദിക്കുന്നതു് അതിമോഹം, വിഷയാസക്തി, അഹങ്കാരം, ദുസ്സ്വാതന്ത്ര്യം മുതലായ ദുർഗ്ഗുണങ്ങളാണ്. എന്നാൽ വി. കുർബാന ഇവയ്ക്കെല്ലാം പററിയ പ്രത്യൗഷധം തന്നെ, സംശയമില്ല.

ആദ്യമായി, മനുഷ്യഹൃദയങ്ങളെ പലപ്പോഴും ഭിന്നിപ്പിക്കുന്നതു ഭൗമികലാഭേച്ഛയാണ്. ഭൂമിയിലേ ഒരേ സ്വത്തു് ഒരേ സമയത്തു പലരുടേതായിരിക്കാൻ പാടില്ലാ. തൻമൂലം അതു ക്ഷണേന ഭിന്നതയ്ക്കും കലഹത്തിനും കാരണമായിത്തീരുന്നു. ഇങ്ങനെ രാജ്യക്കാർ രാജ്യക്കാർക്കെതിരായി പ്രവിശ്യകൾ കൈവശപ്പെടുത്താൻ യുദ്ധം ചെയ്യുന്നതായി നമുക്കറിയാം. എന്നാൽ വി. കുർബാനയിലാകട്ടെ അതിരററവിധം "ധനവാനായിരിക്കേ നമ്മേപ്രതി നിർദ്ധനനായിത്തീന്ന" (2. കൊറി. 8. 9.) ആളാണ് നമുക്കുള്ളതു്. അവിടുന്നു പുൽത്തൊട്ടിയിലെ വൈക്കോൽ വരെയും ഗാഗുൽത്തായിലെ നഗ്നതവരെയും ദരിദ്രനായി. ഇങ്ങ

ന്നെ ഉത്ഭവപാപത്തിൻെറ ഫലമായി ഉണ്ടായിട്ടുള്ളതും, മനുഷ്യരേയും ജാതികളേയും പരസ്പരം കലഹിപ്പിക്കുന്നതുമായ അത്യാഗ്രഹത്തിൻെറ മനഃസ്ഥിതിയേ ത്യജിക്കേണ്ടതെങ്ങനെയെന്നു അവിടുന്നു നമ്മേ പഠിപ്പിച്ചിരിക്കുന്നു.

അടുത്തതായി, വിഷയേച്ഛ എന്ന ദുർഗ്ഗുണം ജഡിക സുഖങ്ങൾക്കായുള്ള അശുദ്ധമായ ആഗ്രഹങ്ങളെ മനുഷ്യഹൃദയങ്ങളിൽ ഉളവാക്കിക്കൊണ്ട് കലഹം, അസൂയ, വിദ്വേഷം മുതലായവയ്ക്കു ഹേതുവായിത്തീരുന്നു. രക്തച്ചൊരിച്ചിലും കൊലപാതകവുമാണ് ഇവയുടെ അവസാനം. മിശിഹായുടെ നിർമ്മലമായ ശരീരവും രക്തവും അടങ്ങിയിരിക്കുന്ന വി. കുർബാനയാകട്ടെ അതുൾക്കൊള്ളുന്നവരെ അവിടത്തേ നിർമ്മല ജീവിതത്തിൽ ഓഹരിക്കാരാക്കുകയും അങ്ങനെ ആത്മാവിൽ ഉപവിയുടെ ഭരണത്തിനു പ്രതിബന്ധമായി നില്ക്കുന്ന എല്ലാത്തിനേയും നശിപ്പിക്കുകയും ചെയ്യുന്നു.

അവസാനമായി, മനുഷ്യസമുദായത്തിൽ ഭിന്നത ഉണ്ടാക്കുന്ന വലിയ ഹേതുക്കളിലൊന്നാണ് അനുസരണയുടെ നിയമത്തിൽനിന്നു വിമുക്തി നേടുവാൻ ചെയ്യുന്ന യത്നം. തൻമൂലം അരാജകമനോഭാവവും വ്യക്തികൾ തമ്മിൽ പരസ്പര കലഹവും ഉത്ഭൂതമാകുന്നു. എന്നാൽ ഈ വലിയ തിന്മയ്ക്കും പ്രത്യൗഷധം വി. കുർബാനയിൽ കാണാൻ സാധിക്കും. അത്, "മരണത്തോളം — കുരിശുമരണത്തോളം കീഴ്വഴങ്ങിയ" (ഫിലി. 2. 8) മിശിഹായുടെ ഉത്തമദൃഷ്ടാന്തമല്ലാതെ മററൊന്നുമല്ല.

ഹാ! വി. കുർബാനയെ സമ്പൂർണ്ണതരമായി മനസ്സിലാക്കുകയും, സ്നേഹിക്കുകയും, കൂടുതൽ സാർവ്വത്രികമായി സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിൽ മനുഷ്യവംശത്തിൻെറ ബന്ധം എത്ര ചൊവ്വാകുമായിരുന്നു! സമുദായത്തിൻെറ അവസ്ഥ "ഒരു ഹൃദയവും ഒരാത്മാവും" (നട. 4. 32) എന്ന നിലയ്ക്കു ജീവിച്ചിരുന്ന ആദിമ ക്രിസ്ത്യാനികളുടേതുപോലെ എങ്ങനെ രൂപാന്തരപ്പെട്ടുമായിരുന്നു!

*   *   *   *

ദിവ്യോസ്തി ലോകത്തിൽ ഉളവാക്കുകയും നിലനിർത്തുകയും ചെയ്തുകൊണ്ടുപോരുന്ന ഐക്യത്തിൻെറ ചിഹ്നം ദൈവസ്ഥാപനത്താൽ തന്നെ വി. കുർബാനയുടെ കർമ്മസാധനങ്ങളായ അപ്പത്തിലും വീഞ്ഞിലും നമുക്കു കാണാം. ഈ കർമ്മസാ

ധനങ്ങളാണല്ലോ പുരോഹിതൻെറ വചനങ്ങളാൽ ദിവ്യരക്ഷകൻെറ യഥാൎത്ഥ ശരീരവും രക്തവുമായിപ്പകരുന്നതു്.

അപ്പമുണ്ടാക്കുന്നതു്, പല കോതമ്പുമണികൾ പൊടിച്ചു കൂട്ടിയാണ്. പല മുന്തിരിപ്പഴങ്ങൾ ഒന്നിച്ചു പിഴിഞ്ഞാണ് മനുഷ്യഹൃദയത്തെ ആനന്ദിപ്പിക്കുന്ന വിശിഷ്ട പാനീയമായ വീഞ്ഞുണ്ടാക്കുന്നതു്. ഇതിൽ നമ്മുടെ "പാപങ്ങളെപ്രതി പീഡിപ്പിക്കപ്പെട്ട" (സങ്കീ. 53. 5) കത്താവിൻെറ വ്യാകുലസമ്പൂൎണ്ണമായ പീഡാനുഭവത്തെ ശക്തിയായി അനുസ്മരിപ്പിക്കുന്ന സംഭവമാണു നമുക്കുള്ളതു്. പ്രത്യേകിച്ചു്, ഈ കൂദാശ സ്വീകരിക്കുന്നവർ ദൈവത്തോടും പരസ്പരവും എങ്ങനെ ഉപവിയിൽ ഒന്നായിരിക്കണമെന്നു പ്രസ്തുത കൂദാശ വസ്തുക്കൾ നമ്മേ മനസ്സിലാക്കുന്നു.

ഇപ്രകാരം വി. കുർബാന, വിപുലമായ മനുഷ്യവംശത്തിലെ വ്യക്തികളെ ഒന്നായി ബന്ധിച്ചു്, അതിൻെറ അദൃശ്യതലവനായ മിശിഹായോടും ദൃശ്യതലവനായ മാൎപ്പാപ്പായോടും ചേൎക്കുന്ന ശക്തിയേറിയതും മാധുൎയ്യമുള്ളതുമായ ഒരു പാശമായിത്തീരുന്നു. വി. കുർബാന മിശിഹായുടെ യഥാൎത്ഥ ശരീരത്തെ അടക്കിക്കൊള്ളുന്നതുപോലെ തന്നെ അതു് അവിടുത്തെ പരിശുദ്ധതമമായ രക്തത്താൽ പുനർജാതമായ മനുഷ്യകുലമെന്ന സ്വന്തം നിഗൂഢശരീരത്തിൻെറ ഛായക്കൂടിയാണ്. എല്ലാവൎക്കും ഒന്നുപോലെ നൽകപ്പെട്ടിരിക്കുന്ന ഈ സ്വൎഗ്ഗീയ അപ്പം വിശ്വാസികളെ കത്തോലിക്കാ മതത്തിൻെറ ഒരേ വിശ്വാസപ്രമാണംതന്നെ ഒരേ സമയം പാടുന്നതിനുത്സാഹിപ്പിക്കയും, അവരുടെ ഹൃദയങ്ങളിൽ ദൈവസ്നേഹത്തിൻെറ ഒരേ ജ്വാലയേയും, സ്വൎഗ്ഗീയ ശരണത്തിൻെറ ഒരേ ആദൎശത്തേയും ഉളവാക്കയും ചെയ്യുന്നു. "ഒരേ അരൂപിയിൽ ഞങ്ങൾ പാനം ചെയ്യുന്നതിനിടയാക്കിയിരിക്കുന്നു." (1. കൊറി. 12. 13.)

# അദ്ധ്യായം 24

## വി. കുർബാന ലോകത്തിൽ സമാധാനത്തിനു കാരണമാണു്.

ലോകരക്ഷകനെ ഉദ്ദേശിച്ചു ദീഘദശികൾ പ്രവചിച്ചിരുന്ന നാമങ്ങളിൽ ഏററം സ്പഷ്ടമായ ഒന്നാണ് "സമാധാനത്തിൻെറ രാജാവു്" എന്നുള്ളതു്. മിശിഹാതന്നെ തൻെറ ആഗമനോദ്ദേശത്തെക്കുറിച്ചു പ്രസ്താവിക്കയിൽ ഈ പ്രവചനത്തെ സ്ഥിരപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധ പതിക്കാതിരുന്നില്ല. അവിടുന്ന് അപ്പസ്തോലന്മാരോട് ഇങ്ങനെ അരുളിച്ചെയ്തു. "സമാധാനം" നിങ്ങൾക്കായി ഞാൻ വിട്ടിരിക്കുന്നു; എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നതു്. (യോഹ. 14. 27) അവിടുന്നു മനുഷ്യവഗ്ഗത്തിനു നൽകുവാൻ വന്ന സമാധാനം സാക്ഷാൽ ലോകം അതിൻെറ ആശ്രിതക്കു വാഗ്ദാനം ചെയ്യുന്ന സമാധാനത്തിൽനിന്നു വളരെ വ്യത്യാസപ്പെട്ടതാകുന്നു.

ആദ്യം തന്നെ, ലോകം നൽകുന്ന സമാധാനം ഓരോരുത്തൻേറയും മതതത്വങ്ങളെ സമ്മതിച്ചുകൊടുക്കുന്നതിനേ ആസ്പദമാക്കിയുള്ളതാണ്. അതു് എല്ലാ മതവിശ്വാസങ്ങളേയും ഒരേ നിലയിൽ വയ്ക്കുവാൻ ശ്രമിക്കുന്നു. ഇതുമൂലം വിവിധമതക്കാരിൽ ഏതെങ്കിലും ഒരു കൂട്ടർ സ്വീകരിച്ചിട്ടില്ലാത്ത എല്ലാ വകുപ്പിനേയും പരിത്യജിച്ചുള്ള ഒരു വിശ്വാസപ്രമാണത്തെ അതു നടപ്പിലാക്കുന്നു. അടുത്തതായി, ലോകം തരുന്ന സമാധാനം അനുസരണയുടേയും ഉടമസ്ഥതയുടേയും തത്വങ്ങളെ തള്ളിക്കളയുന്നു. എല്ലാ അധികാരത്തിൽനിന്നും സ്വതന്ത്രമായിരിക്കയും ലൌകികനന്മകളുടെ പുറകേ അനിയന്ത്രിതമായി പായുകയും ചെയ്യുന്നതിലാണ് പൂണ്ണസൗഭാഗ്യം സ്ഥിതി ചെയ്യുന്നതെന്നാണ് ലോകം കരുതുന്നതു്. ഇങ്ങനെയുള്ളവരേക്കുറിച്ചു പഴയകാലത്തു കള്ളദീഘദശികളെ സംബന്ധിച്ചു പ്രവാചകനായ ഏറമ്മിയാ പറഞ്ഞിട്ടുള്ളതു തന്നെ ന്യായമായി പറയാം. "സമാധാനമില്ലാതിരിക്കെ സമാധാനം, സമാധാനം, എന്നവർ പറഞ്ഞു." എന്തുകൊണ്ടെ

ന്നാൽ വിവിധ മതതത്വങ്ങളെ സമ്മതിച്ചുകൊടുക്കുന്നതിനെ അ സ്പദമാക്കിയുള്ള സമാധാനം കുഴപ്പമുണ്ടാക്കുയേ ചെയ്യുന്നുള്ളൂ. അതു് സത്യംതന്നെ ആയിരിക്കുന്ന ദൈവത്തിനു സ്വീകാര്യമായിരിക്കാൻ നിവൃത്തിയില്ല. കലഹവും സ്ഥിതിസമത്വവും മൂലതത്വമായിരിക്കുന്ന ഏതും ശണ്ഠയിലും യുദ്ധത്തിലും അവസാനിച്ചേ മതിയാവൂ.

എന്നാൽ വി. കുർബ്ബാന വഴിയായി മിശിഹാ നൽകുന്ന സമാധാനം ഇത്തരത്തിലുള്ളതല്ല. ക്രൂദാശ ചെയ്യപ്പെട്ട ഓസ്തിയിൽ അവിടുന്നുതന്നെ യഥാർത്ഥത്തിൽ സന്നിഹിതനാകുന്നു എന്ന സത്യത്തിനു നമ്മുടെ മനസ്സും ഹൃദയവും പരിപൂർണ്ണമായി അധീനപ്പെട്ടുത്തണമെന്നു കല്പിക്കുന്നു. ഇങ്ങനെ കല്പിച്ചുകൊണ്ടു നമ്മുടെ കർത്താവായ മിശിഹാ നമ്മുടെ ഹൃദയത്തിലും മനസ്സിലും ദൈവവചനവും നമ്മുടെ വിശ്വാസവും തമ്മിൽ പരിപൂർണ്ണമായ ഒരു സമീകരണം സംസ്ഥാപിക്കുന്നു. ക്രൂടാതെയും ന്യായമായ അധികാരത്തിനു കീഴ്വഴങ്ങണമെന്നും, നീതിവിരുദ്ധമായി ലൌകികവസ്തുക്കളെ തേടരുതെന്നും നമ്മോടു കല്പിച്ചുകൊണ്ടു് വ്യവസ്ഥിതിയുടെ പരിപൂർണ്ണശാന്തതയേ പ്രാപിച്ചുതരുന്നു. ഇതിലാണു് വി. ആഗസ്തീനോസിൻെറ മനോഹരമായ വിവരണംപോലെ യഥാർത്ഥ സമാധാനം അടങ്ങിയിരിക്കുന്നതു്.

*   *   *   *   *

നമ്മുടെ രക്ഷകൻ ലോകത്തിൽ സ്ഥാപിക്കുവാൻ വന്ന പൂർണ്ണവും യഥാർത്ഥവുമായ സമാധാനത്തിൻെറ ലബ്ധിക്കു വിരുദ്ധമായി നിൽക്കുന്നതു് പ്രത്യേകിച്ചു രണ്ടു സംഗതികളാണു്. ഒന്നാമത്തേതു് ആത്മാവിൻെറ അസ്വസ്ഥതതന്നെ. ഇതുളവാകുന്നതു് പുറമേ നിന്നുള്ള വിരുദ്ധതകൾ നമുക്കു വരുത്താറുള്ള മനക്കലക്കത്തിൽനിന്നും ശല്യത്തിൽ നിന്നുമാണു്. രണ്ടാമത്തേ സംഗതി മനസ്സിൻെറ അസ്ഥിരതയാകുന്നു. തന്നിഷ്ടമനുസരിച്ചുള്ള ലൌകികാഗ്രഹങ്ങളുടെ അനിയന്ത്രിതമായ വർദ്ധനത്തിൽ നിന്നാണു് ഇതിൻെറ ഉത്ഭവം.

ഒരു വശത്തുകൂടി നോക്കുമ്പോൾ ആത്മാവിനെ അനേകം ആകുലകരമായ തിന്മകൾ ചുററിയിരിക്കുന്നതായി അതു കാണുന്നു. തന്മൂലം അതു സമാധാനത്തിനേററം വലിയ ഉറപ്പു നൽകുന്ന മനസ്സിൻെറ സമനില ഉപേക്ഷിച്ചുകളയുവാൻ എളുപ്പ

മുണ്ട്. എന്തുകൊണ്ടെന്നാൽ അതു സ്വന്തഭാരത്തിൽതന്നെ ഉറപ്പായി നിലകൊള്ളാത്തപക്ഷം കൊടുങ്കാററിൽപെട്ട കപ്പൽപോലെ അങ്ങോട്ടുമിങ്ങോട്ടും ഉലഞ്ഞുകൊണ്ടിരിക്കും. മറുവശത്തുകൂടി നോക്കുമ്പോൾ നമ്മുടെ ഭാവനാശക്തി സുഖകാംക്ഷയുടെ പ്രേരണയോടുകൂടെ നമ്മുടെ മനസ്സിൽ അസംഖ്യം ദുഷ്ടവിചാരങ്ങളെ ഉളവാക്കാനിടയുണ്ട്. ഇവയെ അമർത്താനുള്ള മാർഗ്ഗം നമുക്കുണ്ടായിരിക്കണം. അല്ലാത്തപക്ഷം സൗഭാഗ്യം പ്രാപിക്കാൻ ഏതു പദ്ധതിയാണ് അനുകരിക്കേണ്ടതെന്നതിനെ സംബന്ധിച്ചു നാം സദാ ചഞ്ചലപ്പെട്ടുകൊണ്ടിരിക്കും.

എന്നാൽ മനസ്സിൻെറ പൂർണ്ണസമാധാനത്തിനു വിഘാതമായി നിൽക്കുന്ന രണ്ടു പ്രതിബന്ധങ്ങളേയും വി. കർബാന ശക്തിപൂർവ്വം ഹനിച്ചുകളയുന്നു. ആദ്യമായി, നമുക്ക് ഈ ലോകത്തിൽ ലഭിക്കാൻ പാടുള്ളതിൽ ഏററം വലിയ നിക്ഷേപമാണ് ഈ കൂദാശയിൽ അടങ്ങിയിരിക്കുന്നതു്; അതായതു്, മിശിഹാതന്നെ. നമുക്കു വളരെ വലിയ ഒരു നന്മ ലഭിക്കുമ്പോൾ നാം ചെറിയ തിന്മകളെ നിസ്സാരമായിക്കരുതുക സ്വാഭാവികമാണല്ലൊ. ഇങ്ങനെ ജീവിതത്തിൽ നമ്മെ സദാ ആവരണം ചെയ്തുകൊണ്ടിരിക്കുന്ന കഷ്ടാരിഷ്ടതകളെ വിസ്മരിക്കുന്നതിനു വി. കർബാന പര്യാപ്തമായിത്തീരുന്നു. രണ്ടാമതായി, നമ്മുടെ സ്നേഹരക്ഷകനായ മിശിഹായേപ്പോലുള്ള അത്ര വലിയ ഒരു നിക്ഷേപം ലഭിക്കുന്നതുകൊണ്ട് പരിമിതവും ക്ഷണികവുമായ നന്മകൾ സമ്പാദിക്കാനുള്ള നമ്മുടെ അഭിലാഷങ്ങൾക്കും ശാന്തി ഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ ലോകനാഥൻ തൻെറ സകല സ്വർഗ്ഗീയ സമ്പത്തോടുംകൂടെ ഹൃദയത്തിൽ എഴുന്നെള്ളി വസിക്കുന്ന ഒരാൾക്ക് വേറെ എന്താണ് ആഗ്രഹിക്കാനുള്ളതു്?

ഈ കൂദാശ ഐക്യത്തിൻെറ കൂദാശ ആയിരിക്കുന്നതുപോലെതന്നെ ഇതു് സമാധാനത്തിൻേറയും, വി. പൗലോസ് പറയുന്നതുപോലെ "സർവ്വജ്ഞാനത്തേയും കവിയുന്ന" (ഫീലി. 4. 7.) പരിപൂർണ്ണസമാധാനത്തിൻേറയും കൂദാശയാകുന്നു.

നമ്മുടെ ദൈവം സാക്ഷാൽ സമാധാനത്തിൻെറ ദൈവമാണ്. അവിടുന്ന് ഒരു കാര്യം ആഗ്രഹിക്കുന്നു; ഒരു കാര്യം അവിടുന്ന് അന്വേഷിക്കുന്നു.. അതു മറെറാന്നുമല്ല. നമ്മുടെ ഹൃദയത്തിൻെറ യഥാർത്ഥവും ശാശ്വതവുമായ സമാധാനമത്രേ. അ

വിട്ടുതോ ചിന്തകൾ നമുക്ക് "ദുരിതമല്ല, സമാധാനം" (ഏറ മ്യാ. 29. 4.) പ്രാപിച്ചുതരുന്നതിലത്രേ ബദ്ധശ്രദ്ധമായിരിക്കുന്നതു്.

*       *       *       *       *

വി. കുർബാനയെന്നതു് മിശിഹാ നമുക്കു വാഗ്ദാനം ചെയ്ത സ്വർഗ്ഗീയ സമാധാനത്തിൻെറ നിശ്ചിതമായ അച്ചാരവും വററാത്ത ഉറവയുമാകുന്നു. എങ്കിലും ഈ കൂദാശയിൽ മറഞ്ഞിരിക്കുന്ന ദിവ്യരക്ഷകൻ നമ്മേ പഠിപ്പിക്കുന്ന സമാധാനത്തിൻെറ പന്ഥാവിൽക്കൂടി നടക്കുന്നതിനു് എല്ലാ മനുഷ്യരും മനസ്സാകുന്നില്ല. പലരും ദൈവത്തോടും അയൽക്കാരോടുമുള്ള നമ്മുടെ സമാധാനത്തെ നിശ്ശേഷം ഹനിക്കുന്ന ചാവുദോഷത്തെ ഉപേക്ഷിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ലൌകിക വിചാരങ്ങളാലും, വ്യാപാരങ്ങളാലും, അതിവ ചിന്താകുലതയ്ക്കു സ്വമനസാ അധീനരായിപ്പോകുന്നു. അവർ ജീവിതാനത്ഥങ്ങളെ സ്വഭാവാതീതമായ വിശ്വാസത്തോടെ സ്വീകരിക്കുന്നില്ല. ഈ വിശ്വാസത്തിൻെറ പ്രഭയാണല്ലൊ ഭൌമിക വിഷയങ്ങൾക്കു സ്വർഗ്ഗീയകാന്തി നൽകുന്നതു്.

അവരുടെ ഹൃദയങ്ങളിൽ കൂദാശയുടെ വരപ്രസാദം സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും അവർ അതിൻെറ പ്രകാശത്തിനനുസരണമായി പ്രവത്തിക്കുന്നില്ല. അവർ അതിമോഹത്തിൻേറയും, അസൂയയുടേയും വികാരങ്ങൾക്കും, ധനം, മാനം, സുഖം എന്നിവയുടെ അഗ്രഹങ്ങൾക്കും കീഴ്പ്പെട്ടുകൊടുക്കുന്നു. ഉപവി എന്ന മനോഹരപുണ്യത്തിനെതിരായുള്ള ചിന്തകൾക്ക് അവർ ഹൃദയത്തിൽ സ്ഥലം നൽകുകപോലും ചെയ്യുന്നു. അവർ വിദ്വേഷത്തിൻേറയും പ്രതികാരത്തിൻേറയും വിചാരങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നില്ലെങ്കിലും നമ്മുടെ ദിവ്യരക്ഷകൻ കല്പിക്കുന്നതുപോലെ നമ്മുടെ ശത്രുക്കളോടു ഹൃദയപൂവ്വം ക്ഷമിക്കുന്നതിനുള്ള സന്നദ്ധത പ്രദശിപ്പിക്കുന്നില്ല.

കൂദാശയിൽ സ്ഥിതി ചെയ്യുന്ന സമാധാനത്തിൻെറ രാജാവു നിർദ്ദേശിച്ചിട്ടുള്ളതിൽനിന്നു വ്യത്യസ്തമായ മാഗ്ഗങ്ങളിലൂടെ സമാധാനം തേടാമെന്നു വിചാരിക്കുന്ന ക്രിസ്ത്യാനിയുടെ അവസ്ഥ സാക്ഷാൽ പരിതാപകരംതന്നെ. അവൻ എന്തു തന്നെ പറയട്ടെ, എന്തു തന്നെ പ്രവത്തിക്കട്ടെ, അവനു പൂർണ്ണസമാധാനം സിദ്ധിക്കുന്നതല്ല.

വി. കുർബാനയോടുള്ള യഥാർത്ഥഭക്തി മനുഷ്യരെ ദൈവത്തോടു യോജിപ്പിച്ചുകൊണ്ടും, അവരെ സഹോദരസ്നേഹത്തിന്റെ മാധുര്യമുള്ള ചങ്ങലയാൽ പരസ്പരം ബന്ധിച്ചുകൊണ്ടും, നന്മനസ്സുള്ളവർക്ക് ദൈവദൂതൻ ആശംസിച്ച അവർണ്ണനീയ സമാധാനത്തെ പ്രദാനം ചെയ്യുമെന്നുള്ളതു പ്രമാദരഹിതമത്രേ.

---

# അദ്ധ്യായം 25

## വി. കുർബാന പുതിയ നിയമത്തിലെ അത്യുൽകൃഷ്ടമായ ബലിയാകുന്നു.

ഒരു മനുഷ്യന് തന്റെ സ്രഷ്ടാവിനോടുള്ള കടമകളിൽ പ്രഥമവും സർവ്വപ്രധാനവുമായ ഒന്നാകുന്നു അവിടുത്തെ മഹത്വത്തിനും പ്രതാപത്തിനും യോജിച്ച ഒരു ബലി സമർപ്പിക്കയെന്നതു്. ദൈവമാണ് നമ്മുടെ കാരണക്കാരൻ. നമ്മുടെ പരമാന്ത്യവും അവിടുന്നുതന്നെ. തന്നിൽ മാത്രമേ നമുക്കു പരിപൂർണ്ണവും ശാശ്വതവുമായ സൗഭാഗ്യത്തിനായി ശരണപ്പെടാവൂ. എന്നാൽ ദൈവത്തിന്റെ അതിരററ മഹത്വത്തിനുള്ള ഈ പരമമായ ആരാധനയും അവിടുത്തെ അഭംഗമായ സഹായത്തിലുള്ള വിശ്വാസവും, ശരണവും, സൃഷ്ടികളും ദാസന്മാരുമെന്ന നിലയ്ക്കു് അവിടുത്തോടു പ്രദർശിപ്പിക്കുന്ന പരിപൂർണ്ണമായ അനുസരണയും നാം സാക്ഷിപ്പെടുത്തുന്നതു തന്റെ ഹൃദയത്തിനു പ്രസാദകരമായ ഒരു ബലി സമർപ്പിക്കുമ്പോഴാണ്.

ഇതുകൊണ്ടാണ് ലോകാരംഭം മുതൽ ദൈവത്തിന് പലതരം ജീവികളെ ബലി അർപ്പിക്കയും, തദ്വാരാ ആകാശത്തിന്റേയും ഭൂമിയുടേയും പ്രതാപമുള്ള കർത്താവായ അവിടുത്തോട് ബഹുമാനവും അനുസരണയും പ്രത്യക്ഷപ്പെടുത്തിപ്പോരുകയും ചെയ്തിട്ടുള്ളതായി നാം കാണുന്നതു്. പിന്നീട്, അതായതു്, മൂശയുടെ പ്രമാണകാലത്തു്, ദൈവംതന്നെ തനിക്കേററം പ്രസാദക-

രമായിട്ടുള്ളത് ഏതുതരം ബലിയാണെന്ന് വെളിപ്പെടുത്തുന്നതിനും, അവ സമർപ്പിക്കേണ്ട വിധവും സമ്പ്രദായവും നിർദ്ദേശിക്കുന്നതിനും തിരുമനസ്സായി.

ഇങ്ങനെ പഴയനിയമകാലത്ത് അനേക വിധത്തിലുള്ള ബലികളുണ്ടായിരുന്നു. അന്നു വിവിധ തരത്തിലുള്ള മൃഗങ്ങളെ കൊന്നു മൂശയുടെ പ്രമാണ വിധികൾ അനുസരിച്ചു ദിവസവും ബലി അർപ്പിച്ചിരുന്നു. ഈ ബലികളിൽ ചിലതു സമർപ്പിക്കപ്പെട്ടിരുന്നത് സർവ്വസൃഷ്ടികളും ദൈവത്തിനു നൽകാൻ കടപ്പെട്ടിരിക്കുന്ന പരമാരാധനയുടെ സാക്ഷ്യമായിട്ടായിരുന്നു. ഇങ്ങനെയുള്ള ബലിവസ്തുക്കളെ അഗ്നികൊണ്ടു ദഹിപ്പിച്ചിരുന്നതിനാൽ പ്രസ്തുത ബലികൾക്കു ദഹനബലി എന്നു പേരുണ്ടായി. ദൈവത്തിൽനിന്നു പ്രാപിച്ചിട്ടുള്ള നന്മകൾക്കു കൃതജ്ഞതയായി വേറൊരുതരം ബലികളെ സമർപ്പിച്ചിരുന്നു. അവസ്സു കൃതജ്ഞതാബലി എന്നായിരുന്നു പേർ. ഇനിയും, ചില ബലിസാധനങ്ങളെ പാപത്തിന്റെ പരിഹാരത്തിനായിട്ടും, വേറെ ചിലതിനെ ദൈവത്തിൽനിന്നു പ്രത്യേകാനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും അർപ്പിച്ചിരുന്നു. ഇവയിൽ ആദ്യത്തേതിന്റെ പേർ പാപപരിഹാര ബലിയെന്നും രണ്ടാമത്തേതിന്റേതു സമാധാന ബലിയെന്നുമായിരുന്നു.

എന്നാൽ ഈ ബലികൾക്കെല്ലാം പൊതുവായ ഒരുദ്ദേശമുണ്ടായിരുന്നു. അതു മറെറാന്നുമല്ല. മനുഷ്യരെയെല്ലാം ഒരു തരത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ ആദ്ധ്യാത്മിക പ്രകൃതിയിൽ പങ്കുകാരാക്കി അവിടുത്തെ സഖ്യം സുഹൃദതരമായി അനുഭവിപ്പിച്ച് അവരുടെ മനസ്സിനെ അവിടുത്തേ പക്കലേയ്ക്കു ക്രട്ടതലായി അടുപ്പിക്കയെന്നതുതന്നെ.

എന്നാൽ പഴയ നിയമത്തിലേ ബലികൾ എത്രതന്നെ പരിശുദ്ധമായിരുന്നാലും പുതിയനിയമത്തിൽ നമുക്കു അവയേക്കാൾ ഉൽകൃഷ്ടവും മഹത്തരവും വിശുദ്ധവുമായ ബലിയാണുള്ളത്. ദൈവത്തിനേററം പ്രസാദമുള്ളതാണ് ഈ ബലി. എന്തുകൊണ്ടെന്നാൽ ഇതു വി. കുർബാനയിലേ നമ്മുടെ ദിവ്യരക്ഷകന്റെ ബലിതന്നെയാണ്.

*　　*　　*　　*

പുതിയ നിയമത്തിലെ ഏക ബലിയായ കുരിശിലെ ബ

ലിയുടെ പ്രതിരൂപമായിരിക്കുന്നതിനും അതിനെ അറിയിക്കുന്നതിനുംവേണ്ടി അനന്തജ്ഞാനിയും പരമനന്മയുമായ ദൈവം പഴയ നിയമത്തിൽ വളരെയധികം ബലികൾ കല്പിച്ചിട്ടുണ്ടായിരുന്നു.

ലോകത്തിൻെറ പാപത്തിനുവേണ്ടി സത്യദൈവവും സത്യമനുഷ്യനുമായ മിശിഹാ ഗാഗുൽത്താമലമുകളിൽ ആത്മബലി അർപ്പിച്ചുകൊണ്ടു നിത്യപിതാവിനേററം പ്രസാദമുള്ള ഒരു കൃത്യമാണു് നിർവ്വഹിച്ചതു്. തൻമൂലം അവിടുത്തേ ദൃഷ്ടിയിൽ പഴയ ബലികൾക്കെല്ലാമുണ്ടായിരുന്ന യോഗ്യതയും അർത്ഥവും ഇല്ലാതായി. തന്നെയുമല്ല, അവിടുത്തേ പ്രസാദം മുഴുവൻ തൻെറ ഏക പുത്രൻെറ ബലിയായ ആ പരമബലിയിൽ കേന്ദ്രീകൃതമാകയും ചെയ്തു.

ഇക്കാരണത്താൽ കുരിശിലേ ബലി അതിമഹനീയവും രഹസ്യസംപൂർണ്ണവുമായ കുർബാനയെന്ന കർമ്മത്താൽ ലോകാവസാനംവരെ നിലനിൽത്തണമെന്നു അവിടുന്നു നിശ്ചയിച്ചു. ഇതിനായിട്ടത്രേ നമ്മുടെ പ്രിയ രക്ഷകനായ മിശിഹാ അന്തിമഭോജനത്തിൽ സ്വന്ത ശരീരവും രക്തവുമാകുന്ന മഹനീയ കൂദാശയും ബലിയും സ്ഥാപിച്ചതു്. ഈ ബലി അവിടുന്നു കുരിശുമരത്തിന്മേൽ അനുഭവിപ്പാനിരുന്ന മരണത്തെ സൂചിപ്പിക്കയും അതിൻെറ സ്ഥാനം വഹിക്കയും ചെയ്യു എന്ന കാരണത്താൽ തന്നെ ലോകാവസാനംവരെ നിലനിൽപ്പോരുകയും പുതിയനിയമത്തിലെ ഏക ബലിയായിത്തീരുകയും ചെയ്യേണ്ടതാവശ്യമായിരുന്നു.

ഇങ്ങനെ തിരുസ്സഭയിൽ ഇന്നു ഒരു ബലി മാത്രമേയുള്ളു. അതായതു്, മിശിഹാ കുരിശിന്മേൽ തന്നെത്തന്നെ സമർപ്പിച്ച ബലിയുടെ ഓർമ്മ നിലനിൽത്തുന്നതും, അതിൻെറ സ്ഥാനം വഹിക്കുന്നതും, അതിൽനിന്നു വിഭിന്നമല്ലാത്തതുമായ ആ ബലിതന്നെ. കുർബാനയും കുരിശിലേ ബലിയും രണ്ടും ഒന്നാകുന്നു. എന്നാൽ ഈ വ്യത്യാസം മാത്രമുണ്ടു്. അതായതു്, കുർബാനയെന്ന ബലി അർപ്പിക്കപ്പെടുന്നതു അൽത്താരകളിൽ രക്തം ചിന്താതെയും പുരോഹിതൻെറ ശുശ്രൂഷയാലുമാണു്. ഇങ്ങനെ മലാഖി ദീർഘദർശിയുടെ ഈ പ്രവചനം സാർത്ഥകമായിരിക്കുന്നു. "സൂര്യോദയം മുതൽ അസ്തമയംവരെ എൻെറ നാമം പുറജാതികളുടെ ഇടയിൽ വല്യതാകുന്നു. എല്ലാ സ്ഥലത്തും ബലിയുമുണ്ടു്: എൻെറ നാമത്തിനായി ഒരു നിർമ്മലയാഗം അർപ്പിക്കപ്പെടുകയും ചെയ്യു

ന്നു. എന്തുകൊണ്ടെന്നാൽ എൻെറ നാമം പുറജാതികളുടെ ഇട യിൽ വലുതാണ്. ഇങ്ങനെ സൈന്യങ്ങളുടെ കർത്താവ് അരുൾ ചെയ്യുന്നു" (മലാഖി. 1. 11.)

* * * *

ദിവ്യപൂജയെന്നതു് കുരിശിലേ ബലിയുടെ പുനഃപ്രദൎശന വും, അനുസ്മരണവും, പ്രായോഗികാനുഷ്ഠാനവുമാകയാൽ അതു തിരുസ്സഭയുടെ ആരാധനക്രമത്തിൽ പ്രഥമസ്ഥാനത്തേ അർഹി ക്കുന്നു എന്നുള്ളതു സ്പഷ്ടമാണല്ലൊ. അതു ദിവ്യമഹത്വത്തിനേ റററം പ്രസാദിച്ച കമ്മമാകയാൽ മനുഷ്യനു് ഏററം ഉപകാരപ്ര ദമാകുന്നു. അതാണു തിരുസ്സഭയുടേയും വ്യക്തികളുടേയും ജീവി തത്തിൽ ഏററം പ്രാധാന്യത്തെ അർഹിക്കുന്നതു്.

കുർബാനയുടെ ഉന്നതമായ വില, അതും കുരിശിലേ ബ ലിയും ഒന്നുതന്നെയാണെന്നുള്ള സംഗതിയിൽ സ്ഥിതി ചെയ്യുന്നു. നമ്മുടെ കർത്താവായ മിശിഹാ കുരിശിൽ ഒരു പ്രാവശ്യമേ മരി ച്ചൊള്ളു; എങ്കിലും അവിടുത്തേ മരണത്തിൻെറ യോഗ്യത, അ തിനെ നിത്യം നിലനിത്തുന്നതിനായി അവിടുന്നു സ്ഥാപിച്ച വി ശിഷ്ടവും അസാധാരണവുമായ ആ കമ്മത്തിൽ എന്നും നിലനി ല്ക്കുന്നു. തൻമൂലം കുർബാനയും കുരിശിലേ ബലിയും ഒന്നുത ന്നെയാണെന്നു പറയുന്നതിൽ തെററില്ല. കുർബാനയിൽ സംബ ന്ധിക്കുകയെന്നു പറഞ്ഞാൽ മിശിഹായുടെ ഗ്ലാഗുൽത്തായിലേ കു രിശുമരണത്തിൽ സംബന്ധിക്കുകയെന്നതുതന്നെ.

ഇതാണു്, ദിവ്യപൂജാൎപ്പണത്തോടു തിരുസ്സഭ സദാ വ ലിയ ആദരം പ്രദൎശിപ്പിക്കുയും, ഈ ദിവ്യകമ്മം നിർവഹിക്കു ന്നതിൽ പുരോഹിതന്മാരും അതിൽ നിവൃത്തിയുള്ളപ്പോളെല്ലാം പങ്കുകൊള്ളുന്നതിനു വിശ്വാസികളും ഉത്സാഹിക്കുയും ചെയ്യുന്ന തിൻെറ കാരണം.

ഹാ! ഇത്ര വലിയ ഉപകാരത്തിനുവേണ്ടി നമുക്കു ദൈ വത്തോടു കൃതജ്ഞത പ്രദൎശിപ്പിക്കുയും, ശരീരംകൊണ്ടും മനസ്സു കൊണ്ടും ഈ ദിവ്യവും ആരോഗ്യപ്രദവുമായ ബലിയിൽ ഭക്തിപൂ ൎവ്വം സംബന്ധിക്കുന്നതാണെന്നു ദൃഢപ്രതിജ്ഞ ചെയ്കയും ചെ യ്യാം.

# അദ്ധ്യായം 26

## ദിവ്യപൂജ ദൈവത്തിനു സമൎപ്പിക്കപ്പെടുന്ന പരിപൂൎണ്ണ ദഹനബലിയാകുന്നു.

മനുഷ്യനു ദൈവത്തോടുള്ള കടമകളിൽ ഏററം പ്രാധാന്യമേറിയ ഒന്നാകുന്നു തന്നെത്തന്നെ അവിടുത്തേ ദിവ്യമഹത്വത്തിന് എന്നേക്കുമായി പ്രതിഷ്ഠിച്ചുകൊണ്ട് ആദികാരണവും പരമാന്ത്യവുമായി അവിടുത്തേ അംഗീകരിക്കയെന്നതു്. ഇതു നാം ആന്തരികമായി നിൎവ്വഹിക്കുന്നതു് അവിടുത്തോടുള്ള നമ്മുടെ പരിപൂൎണ്ണമായ ആശ്രിതാവസ്ഥയെ സമ്മതിക്കയും, നമ്മെത്തന്നെയും നമുക്കുള്ളതെല്ലാററിനേയും നമ്മുടെ പരമകൎത്താവും നാഥനുമായ അവിടുത്തേയ്ക്കു അധീനപ്പെടുത്തുകയും ചെയ്യുമ്പോഴാണ്.

ദൈവത്തെ ആരാധിക്കയും, സൎവ്വവസ്തുക്കളിന്മേലും അവിടുത്തേയ്ക്കുള്ള പരമ കർത്തൃത്വത്തെ സമ്മതിക്കയും ചെയ്യാനുള്ള കടമ വ്യക്തികളെ മാത്രമല്ല, ജാതികളേയും സംബന്ധിക്കുന്നതാണ്. നമ്മുടെ ആദിമാതാപിതാക്കന്മാരും ഗോത്രപിതാക്കന്മാരും ഈ കൎത്തവ്യം നിൎവ്വഹിച്ചിരുന്നു. വിജാതീയർപോലും ഇതു മനസ്സിലാക്കി തദനുസരണം പ്രവൎത്തിച്ചിട്ടുണ്ട്. അവരുടെ ആരാധന അബദ്ധസമ്മിശ്രമായിരുന്നെങ്കിലും അതു ദൈവത്തെ വണങ്ങുന്നതിനും, അവിടുത്തോടുള്ള അവരുടെ പൂർണ്ണമായ അധീനതയെ രേഖപ്പെടുത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു. നമ്മുടെ കൎത്താവു തന്നെയും തന്റെ വിനീതമായ ജീവിതത്തിൽ പ്രാധാന്യമേറിയ ഈ ചുമതല ഉപേക്ഷിച്ചിരുന്നില്ല. പന്ത്രണ്ടു വയസ്സുള്ളപ്പോൾ അവിടുന്നു മാതാപിതാക്കന്മാരോടുകൂടെ മൂശയുടെ പ്രമാണം അനുസരിച്ചു ദൈവത്തേ ആരാധിക്കാൻ ഓർശ്ലെമിലേക്കു പോയതായി നമുക്കറിയാം. പരസ്യജീവിതകാലത്തും ഒരു പെസഹാത്തിരുനാളിലെങ്കിലും ഏതദുദ്ദേശാൎത്ഥം ഈശോ വിശുദ്ധ നഗരം സന്ദൎശിക്കാതിരുന്നിട്ടില്ലാ.

എന്നാൽ ഈദൃശമായ ഭൗതിക സമൎപ്പണങ്ങൾകൊണ്ടു മാത്രം ദൈവത്തെ തൃപ്തിപ്പെടുത്താൻ സാധിക്കുന്നതല്ലെന്നു നമ്മുടെ സ്നേഹമുള്ള രക്ഷകൻ നല്ലവണ്ണം അറിഞ്ഞിരുന്നു. തന്മൂ

ലം അയാൾ ലോകത്തിൽ പ്രവേശിക്കുമ്പോൾ പറയുന്നതായത്, ബലിയും വഴിപാടും നീ ഇഷ്ടപ്പെട്ടില്ല. എന്നാൽ എനിക്കായി നീ ഒരു ശരീരത്തെ സജ്ജീകരിച്ചു. പാപത്തിനുവേണ്ടിയുള്ള ഹോമബലികളും നിന്നെ പ്രസാദിപ്പിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു. ദൈവമേ, ഞാൻ നിൻെറ ഇഷ്ടം നിർവ്വഹിക്കേണ്ടതാകുന്നു എന്ന് എന്നെക്കുറിച്ചു പുസ്തകത്തിൻെറ ആദിയിൽ എഴുതപ്പെട്ടിട്ടുണ്ട്" (എബ്രാ. 10. 5. 7) ഇക്കാരണത്താൽ നമ്മുടെ ദിവ്യനാഥനായ മിശിഹാ കുരിശാകുന്ന അൾത്താരമേൽ സ്വപിതാവിന് അവിടുത്തെ ദിവ്യമഹത്വത്തിൽ പരിപൂർണ്ണദഹനബലിയാകാൻവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു.

* * * *

ദിവ്യരക്ഷകൻ കുരിശിന്മേൽ സമർപ്പിച്ച ആത്മബലി ദൈവത്തിനു ലോകത്തിൻെറ മേലുള്ള പരമാധികാരത്തിൻെറ പരിപൂർണ്ണസാക്ഷ്യവും, അവിടുത്തെ ദിവ്യമഹത്വത്തിനേററം പ്രസാദിച്ച തികഞ്ഞ ആരാധനയുമായിരുന്നു. എന്നാൽ ഈ കൃത്യം കാലാന്തംവരെ നിലനിർത്താൻവേണ്ടി മിശിഹാ പാവനതമമായ കുർബാനയെന്ന ബലി സ്ഥാപിച്ചു. ഈ ബലിയും കുരിശിലേ ബലിയും രണ്ടും യഥാർത്ഥത്തിൽ ഒന്നുതന്നെ. തന്മൂലം ദിവ്യപൂജ അർപ്പിക്കപ്പെടുമ്പോഴൊക്കയും ദൈവത്തിന് ഗാഗുൽത്തായിലെ ബലിപോലെ തന്നെ പ്രസാദമുള്ള ദഹനബലിയാകുന്നു സമർപ്പിക്കപ്പെടുന്നത്.

കുർബാനയെന്നത് അതുല്യമായവിധം അത്ര വിശിഷ്ടമായ ഒരു സ്ഥാപനമാണ്. ഇതിൻെറ കാരണം കുർബാനയും കാൽവരിയിലേ ബലിയും രണ്ടും ഒന്നാണെന്നുള്ളതാകുന്നു. ഈ ബലി ദൈവത്തിനേററം പ്രസാദകരമാകാനുള്ള കാരണവും ഇതുതന്നെ. തന്മൂലം പ്രസ്തുത ബലി സമർപ്പിക്കയോ അതിൽ പങ്കുകൊള്ളുകയോ ചെയ്യുന്നതുകൊണ്ട് ദൈവത്തെ ആരാധിക്കണമെന്നുള്ള കടമയേ സംബന്ധിച്ചിടത്തോളം നാം അതു് നിർവ്വഹിച്ചതായി സമാധാനപ്പെടാം.

നമ്മുടെ ദിവ്യരക്ഷകൻ കുരിശിന്മേൽ സ്വപിതാവിനു പരിപൂർണ്ണമായ ആത്മബലി സമർപ്പിച്ചു. ഇങ്ങനെ ചെയ്തുകൊണ്ട് അതുവരെയുള്ള അവിടുത്തെ വിനീതവും ഭക്തിപരവുമായ ആരാധനസ്സൂചകമായ പ്രവൃത്തികൾക്കെല്ലാം വിരാമമിട്ടു. സ്വന്തം

മരണമായിരുന്നു അവിടുത്തേ യാഗത്തിൻെറ അവസാന കൃത്യം. തന്മൂലം അവിടുത്തേ പീഡാനുഭവമെന്ന വലിയ രഹസ്യത്തിൻെറ പ്രതിരൂപവും സ്മാരകവുമായ കുർബാന അതിൻെറ ഉൽകൃഷ്ടമായ സൂചനയിൽ, നമ്മുടെ സ്നേഹമുള്ള രക്ഷകൻ തൻെറ മാതാവിൻെറ ഗർഭം മുതൽ രണ്ടു കള്ളന്മാരുടെ മദ്ധ്യേയുള്ള മരണംവരെ തന്നെത്തന്നെ സമർപ്പിച്ച ആ ദഹനബലിയെ അനുസ്മരിപ്പിക്കുന്നു.

* * * *

കുർബാനയെന്ന ബലിയുടെ യോഗ്യത വലുതാകുന്നു. എന്തുകൊണ്ടെന്നാൽ നമുക്കു ദൈവത്തിലുള്ള പരിപൂർണ്ണമായ ആശ്രയത്തെ സാക്ഷ്യപ്പെടുത്തുന്ന പരമാരാധനയുടെ പ്രവൃത്തിയാകുന്നു അതു്. തന്മൂലം അതിൻെറ യോഗ്യത സാക്ഷാൽ വലുതുതന്നെ. ഇതാണ് കടപ്പെട്ട ദിവസങ്ങളിലും ഞായറാഴ്ചകളിലുമെങ്കിലും എല്ലാ വിശ്വാസികളും കുർബാന കാണണമെന്നു തിരുസ്സഭ നിർബന്ധിക്കാനുള്ള കാരണം. ഭക്തിതീക്ഷ്ണതയുള്ള ആളുകൾ ഇടദിവസങ്ങളിലും കുർബാന കണ്ടു തങ്ങളുടെ നാഥനെ ആരാധിക്കുന്നതിൽ തല്പരന്മാരാകുന്നു.

എന്നാൽ ഭക്തിപ്രകടനം ദൈവമഹത്വത്തിന് കൂടുതൽ പ്രസാദമുള്ളതായിത്തീരുന്നതിന് ഓരോരുത്തനും കാൽവരിയിലേ ബലിവസ്തുവോടുകൂടി തന്നെ മുഴുവനും അവിടുത്തേക്കു സമർപ്പിക്കണം. പരിപൂർണ്ണമായ യാഗത്താൽ സകല വിചാരങ്ങളും, ആഗ്രഹങ്ങളും, വികാരങ്ങളും, ആകാംക്ഷകളും അവിടുത്തേക്കു പ്രതിഷ്ഠിച്ചുകൊണ്ടുവേണം ഇതു നിവ്വഹിക്കുവാൻ. ഇതും പോരാ, സ്വന്തം അസ്തിത്വത്തെത്തന്നെയും ക്രൂശിതനായ ദിവ്യരക്ഷകനോടൊന്നിച്ചു ദൈവത്തിനു സമർപ്പിക്കണം.

എന്നാൽ നമ്മിൽ ഇവയേക്കാൾ കൂടുതൽ വിലയുള്ളതും, നാം ഏററം വിലമതിക്കാനുള്ളതും നമ്മുടെ മനസ്സാണ്. ആകയാൽ അതിനെ നാം ഔദാര്യപൂർവ്വം ദൈവത്തിനു ബലി കഴിക്കുന്നതിനു ശ്രമിക്കണം. നമ്മേ സംബന്ധിച്ചുള്ള അവിടുത്തേ സകല നിശ്ചയങ്ങൾക്കും വിനയപൂർവ്വം അധീനപ്പെട്ടുകൊണ്ടും, പൈതൃകമായ അവിടുത്തേ കരങ്ങളിൽനിന്നു നമുക്കു ലഭിക്കുന്ന എല്ലാ അനത്ഥങ്ങളേയും സന്തോഷപൂർവ്വം സ്വീകരിച്ചുകൊണ്ടും, "ദൈവമേ, എൻെറ ഇഷ്ടമല്ല, നിൻെറ ഇഷ്ടം നിറവേറട്ടെ"

(ലൂക്കാ. 22. 42) എന്നു നമ്മുടെ ദിവ്യരക്ഷകനോടുകൂടെ പല പ്പോഴും പറഞ്ഞുകൊണ്ടും വേണം നാം ഇതു സാധിക്കുവാൻ.

ഇതിനും പുറമേ, കുർബാന കാണുമ്പോൾ നാം ഇപ്ര കാരം ഹൃദയപൂർവ്വം പ്രാർത്ഥിക്കയും വേണം. "കർത്താവേ വിനയ മുള്ള മനഃസ്ഥിതിയും, അനുതാപത്തോടുകൂടിയ ഹൃദയവുമുള്ളവ രായി ഞങ്ങൾ നിന്നാൽ സ്വീകരിക്കപ്പെടട്ടെ. ഞങ്ങൾ ഇന്നു നിനക്കു സമർപ്പിക്കുന്ന ഈ ബലി കർത്താവും ദൈവവുമായ നി നക്ക് ഏററം ഇഷ്ടമുള്ളതായിരിക്കട്ടെ."

കുർബാനയിൽ കർത്താവായ മിശിഹാ തന്നെത്തന്നെ സ്വപിതാവിനു സമർപ്പിക്കുന്നതു് ഭൂമിയിലായിരിക്കയിൽ അവിടു ന്ന് അദ്ദേഹത്തിനു നൽകിയ സകല സ്തുതിമഹത്വങ്ങളോടുകൂടെയാ ണ്. തൻമൂലം കുർബാന കാണുമ്പോൾ നമ്മുടെ ദഹനബലി പരിപൂർണ്ണവും ദിവ്യമഹത്വത്തിനേററം പ്രസാദമുള്ളതുമായിരി ക്കുന്നതിനു വേണ്ടി നമ്മുടെ സ്തുതികളേയും ആരാധനകളേയും അവിടുത്തേതിനോടുകൂടെ ചേർക്കണം.

---

# അദ്ധ്യായം 27

## വി. കുർബാന അതിവിശിഷ്ടമായ കൃത ജ്ഞതാബലിയാകുന്നു.

കുർബാന ദിവ്യമഹത്വത്തിനു സമർപ്പിക്കപ്പെടുന്ന പരി പൂർണ്ണമായ ദഹനബലിയാണെന്നു പറഞ്ഞുവല്ലൊ. അതു മനു ഷ്യൻ ദൈവത്തിൽനിന്നു പ്രാപിച്ചിട്ടുള്ള സകല അനുഗ്രഹങ്ങ ൾക്കും ശരിയായ കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനുള്ള ഉത്തമമാ ർഗ്ഗംകൂടെയാണ്. ഇക്കാരണത്താൽ ഇതിനെ കൃതജ്ഞതാബലി യെന്ന് വിളിക്കാം.

ദൈവം നമുക്കു നൽകിയിട്ടുള്ള അനേക നന്മകളെപ്പ ററി ചിന്തിച്ചാൽ അവിടുത്തോടു തദനുയോജ്യമായ കൃതജ്ഞത പ്രദർശിപ്പിക്കുവാൻ നാം എത്രയധികം കടപ്പെട്ടിരിക്കുന്നുവെന്ന്

നിഷ്പ്രയാസം ബോദ്ധ്യമാകും. നാം അഭ്യസിച്ചേ മതിയാവൂ എന്ന പ്രധാനപ്പെട്ട പുണ്യങ്ങളിൽ ഒന്നാണല്ലോ കൃതജ്ഞത. മൃഗങ്ങൾപോലും നന്ദി പ്രദശിപ്പിക്കാറുണ്ട്. അവ ചിലപ്പോൾ തങ്ങളുടെ ക്രൂരസ്വഭാവം മാററി ഉപകാരികളുടെ നേക്ക് കരുണ കാണിക്കുന്നതായിക്കാണാം. ആ സ്ഥിതിക്ക് ബുദ്ധിയുള്ളവനും സ്രഷ്ടാവിൽനിന്നു സമൃദ്ധിയായി നന്മകൾ പ്രാപിച്ചിട്ടുള്ളവനുമായ മനുഷ്യൻ എത്ര കൂടുതൽ കൃതജ്ഞതയുള്ളവനായിരിക്കണം.

നമ്മുടെ അസ്തിത്വം (being) തന്നെയും അതിൻെറ ആന്തരികവും ബാഹ്യവുമായ സകല ശക്തികളോടും (Faculties) കൂടെ നാം ദൈവത്തിൽനിന്നു പ്രാപിച്ചിട്ടുള്ളതാകുന്നു. അവിടുന്നു നമ്മുടെ ജീവിതകാലത്തു തൻെറ പൈതൃകമായ പരിപാലനയുടെ സംഖ്യയററ ലക്ഷ്യങ്ങൾ നമ്മുടെ മേൽ വഷിക്കുന്നതിന് ഒരിക്കലും മുടക്കം വരുത്തുന്നില്ല. എന്നാൽ അവിടുത്തേയ്ക്കു യഥായോഗ്യം കൃതജ്ഞത പ്രകടിപ്പിക്കാൻ നാം സാക്ഷാൽ അശക്തരത്രേ. അവിടുന്നു തന്നെ ഇതിനു പററിയ മാഗ്ഗം ഉപദേശിച്ചു തരേണ്ടിയിരിക്കുന്നു. ഈ മാഗ്ഗം യഥാത്ഥത്തിൽ നമുക്കു കുർബാനയെന്ന ബലിയിൽ ലഭിച്ചിട്ടുണ്ട്.

മനുഷ്യനു ദൈവത്തോടുള്ള കൃതജ്ഞതയെ പ്രത്യക്ഷപ്പെടുത്തുവാൻ പഴയനിയമത്തിൽ പലതരം ബലികൾ മൂശയുടെ പ്രമാണത്താൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇവ പ്രധാനമായി ഭൂമിയിലെ ഫലങ്ങളും മാവുംകൊണ്ടുള്ള സമപ്പണങ്ങളായിരുന്നു. അബ്രാഹം ശത്രുക്കളുടെമേൽ വിജയം പ്രാപിച്ചശേഷം ദൈവത്തിൻെറ പുരോഹിതനും സാലോമിൻെറ രാജാവുമായ മെൽക്കിസെദേക്ക് സമപ്പിച്ച അപ്പവും വീഞ്ഞുംകൊണ്ടുള്ള ബലി ദൈവദൃഷ്ടിയിൽ ഏററം പ്രസാദമുള്ളതായിരുന്നല്ലൊ. ഈ ബലി അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ ദിവ്യരക്ഷകനെതന്നെ ദൈവമഹത്വത്തിനേററം ഇഷ്ടമുള്ള കൃതജ്ഞതാബലിയായി സമപ്പിക്കുന്ന കുർബാനയുടെ തികഞ്ഞ ഛായയത്രെ.

കുർബാന ഇപ്പോൾ പഴയ നിയമത്തിലെ വിവിധ ബലികളുടെയെല്ലാം സ്ഥാനം സ്വീകരിച്ചിരിക്കുന്നു. നാം പുരോഹിതനോടു യോജിച്ചുകൊണ്ടു് ഈ ബലി അൾത്താരമേൽ സമപ്പിക്കുന്നെങ്കിൽ, ദൈവത്തോടു നാം പ്രദശിപ്പിക്കാൻ കടപ്പെട്ടിരി

ക്കുന്ന കൃതജ്ഞതയെ പൂർണ്ണമായി നിർവ്വഹിച്ചതായിക്കരുതാം. എന്തുകൊണ്ടെന്നാൽ ഇതിൻെറ വില അത്ര വലുതാകുന്നു.

* * * *

നമ്മോടേററമധികം വാത്സല്യമുള്ളവനും, പരമോപകാരിയുമായ ദൈവത്തിനനുയോജ്യമായ കൃതജ്ഞത പ്രദശിപ്പിക്കുന്നതിന് എത്രയും പൎയ്യാപ്തമായ മാൎഗ്ഗം രാജകീയ സങ്കീൎത്തകനായ ദാവീദ് വെളിപ്പെടുത്തിയിട്ടുണ്ട്. വി. കുർബാനയെ സൂചിപ്പിച്ചു പ്രസ്താവിക്കയിൽ ദൈവത്തിനു യോജിച്ച കൃതജ്ഞത പ്രദശിപ്പിക്കാൻ ദിവ്യബലി സമൎപ്പിക്കുന്നതിനേക്കാൾ പററിയ വഴി വേറെ ഇല്ലെന്നാണ് അദ്ദേഹത്തിൻെറ അഭിമതം. "കത്താവ് എനിക്കു ചെയ്തിട്ടുള്ള ഉപകാരങ്ങൾക്കു പകരം ഞാൻ എന്ത് അവിടുത്തേയ്ക്കു നൽകും" അദ്ദേഹം തന്നെ ഇതിനു മറുപടി പറയുന്നു. "ഞാൻ രക്ഷയുടെ കാസ്സായെടുത്തുകൊണ്ടു ദൈവത്തിൻെറ നാമത്തെ വിളിക്കും" (സങ്കീ. 115. 12. 13)

ഇത്ര വലിയ ഔദാൎയ്യമുള്ള കത്താവും രാജാവുമായ ദൈവത്തോടു നമുക്കുള്ള നന്ദി പ്രകാശിപ്പിക്കുന്നതിനു ദിവ്യപൂജയെന്ന അത്യുൽകൃഷ്ടമായ കൃതജ്ഞതാബലി ലഭിച്ചിരിക്കുന്നതിനാൽ നാം സാക്ഷാൽ സന്തോഷിക്കതന്നെ വേണം. അവിടുന്ന് അനേകം നന്മകൾ നമ്മുടെ മേൽ വഷിക്കുന്നുവെന്നു മാത്രമല്ല, ആ അനുഗ്രഹങ്ങൾക്കെല്ലാം യഥായോഗ്യം കൃതജ്ഞത പ്രദശിപ്പിക്കുന്നതിനുള്ള മാൎഗ്ഗവും നമ്മുടെ സൗകൎയ്യത്തിനു വച്ചിരിക്കുന്നു. ഇതിനു നാം അവിടുത്തേ നിസ്സീമ സ്നേഹത്തോടാണു കടപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ നമ്മുടെ ദിവ്യരക്ഷകൻ ഈ ക്രദാശ സ്ഥാപിച്ചതു പ്രധാനമായി ദൈവനന്മയെ അംഗീകരിക്കുന്നതിനും അവിടുത്തേ മഹത്വത്തിനു കൃതജ്ഞത സമൎപ്പിക്കുന്നതിനും വേണ്ടിയാണ്. ആകയാൽ ദിവ്യപൂജ അനുഷ്ഠിക്കകയോ, അതിൽ സംബന്ധിക്കുകയോ ചെയ്യുമ്പോൾ രക്തം ചിന്താത്തവിധം അൾത്താരമേൽ യാഗം ചെയ്യപ്പെടുന്ന മിശിഹാ നമ്മുടെ സ്വന്തം വസ്തുവെന്നപോലെ ആയിത്തീരുന്നു. നാം ആകട്ടെ, ദിവ്യരക്ഷകനെ പിതാവായ ദൈവത്തിനു സമൎപ്പിക്കയും ഇങ്ങനെ ദൈവത്തിൻെറ പൈതൃക പരിപാലനയ്ക്കു വീട്ടേണ്ട കൃതജ്ഞതയുടെ വലിയ കടം വീട്ടുകയും ചെയ്യുന്നു.

നമുക്കു ദൈവമഹത്വത്തോടുള്ള കൃതജ്ഞതയുടെ കട

ത്തെ എപ്രകാരം വീട്ടണമെന്ന നമ്മുടെ കത്താവുതന്നെ ദൃഷ്ടാന്തസഹിതം കാണിച്ചു തന്നിട്ടുണ്ട്. ഇതു് അന്തിമഭോജനവേളയിൽ അവിടുന്ന സ്വശരീരവും രക്തവും ക്രൂദാശ ചെയ്യുന്നതിനു മുൻപു കണ്ണുകളെ ആകാശത്തിലേക്കുയത്തി സ്വപിതാവിനു നന്ദിപറഞ്ഞപ്പോളായിരുന്നു.

* * * *

അൽത്താരയിലെ പരിശുദ്ധതമമായ ക്രൂദാശ അത്യുൽകൃഷ്ടമായവിധം സ്നേഹത്തിൻെറ ക്രൂദാശയാണ്. അതു ദൈവം മനുഷ്യക്ക് നൽകിയിട്ടുള്ള ദാനങ്ങളിൽ ഏററം ശ്രേഷ്ഠമാകുന്നു. ഇതുകൊണ്ടാണ് അതിനെ "ദിവ്യകാരുണ്യം" അതായതു് ദൈവത്തിൻെറ ദയാസമന്വിതമായ ദാനം എന്നു വിളിക്കുന്നതു്. നമുക്കു ദൈവത്തോടു നന്ദി പ്രകടിപ്പിക്കുന്നതിനുള്ള ഉത്തമ മാഗ്ഗമാണ് ഇതു്. തന്മൂലം നാം അവിടുത്തേയ്ക്കു ഹൃദയപൂവ്വം നന്ദി പറഞ്ഞുകൊണ്ടു് ഈ അത്ഭുതകരമായ ദാനത്തെ അംഗീകരിക്കണം.

എന്നാൽ നിർഭാഗ്യമേ, എത്രയോ ക്രിസ്ത്യാനികൾ ഈ ദിവ്യദാനത്തേ വിലമതിക്കുന്നതിനു പകരം അതിനെ അവഗണിക്കുകയും അങ്ങനെ ദാതാവിനെ കൃതഘ്നതാപൂവ്വം നിന്ദിക്കുകയും ചെയ്യുന്നു. നമ്മുടെ ആത്മാക്കളുടെ സ്വഗ്ഗീയാതിഥിയായ ദിവ്യരക്ഷകനെ സംബന്ധിച്ചു ബർസീറായുടെ ഈ വാക്കുകൾ അന്വത്ഥമായിരിക്കുന്നു: "അവിടുന്നു കൃതഘ്നരെ സൽക്കരിക്കയും, അവക്കു ഭക്ഷണപാനീയങ്ങൾ നൽകുകയും ചെയ്യും. ക്രൂരതലായി അവിടുന്നു അരോചകമായ വാക്കുകൾ കേൾക്കുകയും ചെയ്യും." എന്നാൽ ഈ നന്ദിഹീനതയുടെ ഫലങ്ങളെന്തെല്ലാമാണ്? പരിശുദ്ധാത്മാവുതന്നെ നമ്മോടു പറയുന്നു: "കൃതഘ്നരുടെ ശരണം വേനൽക്കാലത്തേ മഞ്ഞുപോലെ ഉരുകി ഉപയോഗമില്ലാത്ത വെള്ളംപോലെ ഒഴുകിപ്പോകും" (സുജ്ഞാനം 16. 29.)

ഇത്ര വലിയ നന്ദിഹീനത കണ്ടാൽ ഒരു നല്ല ക്രിസ്ത്യാനിയുടെ ഹൃദയം ഇളകാതിരിപ്പാൻ തരമില്ല. തൻമൂലം ദിവ്യകാരുണ്യത്തിൽ നമ്മുടെ കത്താവിനെ ആരാധിക്കുകയും, ഈ ഭക്തിയുടെ പ്രേഷിതനായിത്തീരുകയും, ഇത്ര വലിയ അനുഗ്രഹ

ത്തിനു ദൈവത്തോടു നന്ദി പ്രദർശിപ്പിക്കവാൻവേണ്ടി ഈ ദിവ്യ ക്രൂദാശയെ സ്തുതിച്ചു വണങ്ങുന്നതിനു സകല സൃഷ്ടികളേയും ക്ഷ ണിക്കുകയും, ഇങ്ങനെ ഈ കൃതഘ്നതയ്ക്കെല്ലാം അവൻ പരിഹാ രം ചെയ്യുകയും ചെയ്യാതിരിക്കയില്ല.

---

# അദ്ധ്യായം 28

## വി. കുർബാന പാപപ്പരിഹാരബലിയാകുന്നു.

നമ്മുടെ ആദിമാതാപിതാക്കന്മാർ പറുദീസായിലെ മുട ക്കപ്പെട്ട ഫലം ഭക്ഷിച്ചു ദൈവത്തോട് അനുസരണക്കേടു കാ ണിച്ച ക്ഷണം മുതൽ അവർ തങ്ങളേത്തന്നെയും തങ്ങളുടെ സ കല സന്താനപരമ്പരയേയും പാപകുററത്തു വിധേയരാക്കി. ഈ പാപംമൂലം സകല മനുഷ്യരും ഈ ലോകത്തിലേ വെളിച്ചം കാണുന്നതിനു മുമ്പുതന്നെ ദൈവകോപം സമ്പാദിക്കുന്നു. മാത്ര വുമല്ല, ഇതു് വിചാരത്താലും, വാക്കാലും, പ്രവൃത്തിയാലുമുള്ള അസംഖ്യം തെററുകൾക്ക് വഴി തുറന്നുകൊടുക്കുകയും, തൻമൂലം ദ്രോഹിക്കപ്പെട്ട ദൈവത്തിൻെറ നീതിപൂർവ്വകമായ കോപം ഉജ്ജ്വലിതമാകയും ചെയ്യുന്നു. നമ്മുടെ ദിവ്യരക്ഷകനും തൻെറ പരിശുദ്ധ മാതാവുമല്ലാതെ മററാരും പാപത്തിൽ നിന്നൊഴിവാ ക്കപ്പെട്ടിട്ടില്ല. പാപം സർവ്വപരിശുദ്ധനായ ദൈവത്തോടു മറു ത്തുള്ള മഹാപരാധം എന്ന നിലയ്ക്കു് ഈ ലോകത്തിലും പര ലോകത്തിലും ന്യായപൂർവ്വം ശിക്ഷിക്കപ്പെടുന്നു. ഈ ജീവിതത്തി ലേ ശിക്ഷ പലതരം പരീക്ഷകളും പരലോകത്തിലേതു നിത്യാ ഗ്നിയുമാണ്.

എന്നാൽ വിനയവും അനുതാപവുമുള്ള ഹൃദയത്തോടെ, ചെയ്ത തെററുകൾക്കുവേണ്ടി ദൈവമഹത്വത്തിനു നീതിപൂർവ്വക വും സമുചിതവുമായ പരിഹാരം ചെയ്യുന്നപക്ഷം കരുണയും ക്ഷമയും പ്രദർശിപ്പിക്കുന്നതാണെന്നു പാപാധീനനായ മനുഷ്യ നോടു ദൈവം വാഗ്ദാനം ചെയ്തു.

ഇതുകൊണ്ടാണ് പഴയനിയമത്തിൽ ഇസ്രായേൽ ജനങ്ങളോടു യാത്രാമദ്ധ്യേ പലതരം മൃഗങ്ങളെ ദൈവത്തിനു സമർപ്പിക്കണമെന്നാജ്ഞാപിക്കാൻ മൂശ അനുശാസിതനായിരുന്നത്. ഈ മൃഗങ്ങൾക്കു പാപപരിഹാരബലിസാധനങ്ങളെന്നായിരുന്നു പേർ. ഇവ ദൈവനീതിയെ ശാന്തമാക്കുന്നതിനും, മനുഷ്യനെ ദൈവത്തിന്റെ സ്നേഹബന്ധത്തിലേയ്ക്കു തിരിച്ചെടുക്കുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയായിരുന്നു.

എന്നാൽ ഈ ബലിവസ്തുക്കൾ കേവലം ഭൗതികങ്ങളായിരുന്നു. അതിനാൽ അവ ഗാഗുൽത്തായിലെ വലിയ ബലിവസ്തുവായ മിശിഹായുടെ പ്രാതിരൂപ്യം വഹിച്ചു എന്ന കാരണത്താൽ മാത്രമേ ദൈവദൃഷ്ടിയിൽ സ്വീകാര്യമായിരുന്നൊള്ളു. മിശിഹായോ നിത്യപിതാവിന്റെ യഥാർത്ഥ പുത്രനും, പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെ ആളും, നമ്മോടുള്ള സ്നേഹത്താൽ സ്വന്തശരീരത്തേയും രക്തത്തേയും, അതെ, ദൈവത്തിന്റെ ശരീരത്തേയും രക്തത്തേയും കുരിശാകുന്ന യാഗപീഠത്തിൽ ബലികഴിച്ചവനുമാണ്.

*　　　*　　　*　　　*

നമ്മുടെ ദിവ്യരക്ഷകൻ കുരിശിൽ അർപ്പിച്ച ബലിയ്ക്കു തനിയെ ലോകം മുഴുവന്റേയും പാപത്തിനു പരിഹാരം ചെയ്യാൻ തക്ക ശക്തിയുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ അത് ഒരു ദൈവിക ബലിസാധനത്തിന്റെ അർപ്പണമായിരുന്നു. തന്മൂലം അതു വഴിയായി, ദ്രോഹിക്കപ്പെട്ട മഹത്വമുള്ള ദൈവത്തിനു പരിപൂർണ്ണപരിഹാരം ചെയ്യപ്പെട്ടു. ഇതുകൊണ്ടാണു കുരിശിലേ ബലിക്കുശേഷം ഒരു പുതിയ ബലി സ്ഥാപിക്കാൻ പാടില്ലാഞ്ഞത്. ആ ബലി ആവർത്തിക്കുന്നതിനും നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അതു സകല പാപങ്ങൾക്കും മോചനം പ്രാപിക്കത്തക്കവണ്ണം അതിരററ ശക്തിയുള്ളതാകുന്നു.

എന്നാൽ ദൈവത്തെ ശാന്തതപ്പെടുത്തുക എന്നുള്ള അതിന്റെ ഫലം ലഭിക്കുന്നതിന് അതിനെ പ്രയോഗിക്കേണ്ടതാവശ്യമാണ്. ഇതിനാകുന്നു നമ്മുടെ ദിവ്യരക്ഷകൻ ദിവ്യപൂജ സ്ഥാപിച്ചത്. ഈ ദിവ്യബലി കുരിശിലെ ബലിയുടെ സജീവജ്ഞാപകവും പുനഃപ്രദർശനവുമാകയാൽ രണ്ടും ഒന്നുതന്നെ. ഇത് നമ്മുടെ കർത്താവായ മിശിഹായുടെ അതിരററ പരിഹാരഫ

ലങ്ങളെ നമുക്കായി പ്രയോഗിക്കുന്നതിനു സാക്ഷാൽ ഉപകരിക്കയും ചെയ്യുന്നു.

ഇങ്ങനെയാണ് ദിവ്യപൂജയിൽ നമ്മുടെ ദിവ്യരക്ഷകന്റെ, പീഡാനുഭവങ്ങളെല്ലാം ലോകരക്ഷയ്ക്കുവേണ്ടി ദൈവതൃഷ്ടിയിൽ ഒരു തരത്തിൽ പറഞ്ഞാൽ വീണ്ടും കൊണ്ടുവരപ്പെടുന്നതു്. ആകയാൽ പാപികൾ സന്തോഷിക്കാം— എന്തുകൊണ്ടെന്നാൽ വിശ്വാസത്തോടും ഭക്തിയോടുംകൂടി അവൻ കുർബാന കാണുമ്പോൾ നമ്മുടെ പ്രിയ രക്ഷകന്റെ സകല കഷ്ടാനുഭവങ്ങളും, പരിഹാരകൃത്യങ്ങളും, അവിടുത്തെ നിഷ്ഠുരമായ പീഡാനുഭവവും, മരണവും, അവന്റെ സകല അപരാധങ്ങൾക്കും അതിരുകവിഞ്ഞ പരിഹാരമെന്നോണം നിത്യപിതാവിന്റെ മുമ്പിൽ കാണിച്ചുകൊടുക്കുകയാകുന്നു ചെയ്യുന്നതു്. കുർബാനയെന്നതു് സാക്ഷാൽ മനുഷ്യനും സ്രഷ്ടാവും തമ്മിലുള്ള ശാശ്വതമൈത്രിയുടെ ലക്ഷ്യമായി തിരുസ്സഭയാകുന്ന ആകാശത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മഴവില്ലാണ്.

*  *  *  *

നമ്മുടെ ദിവ്യരക്ഷകൻ പുതിയ നിയമത്തിലേ ഈ പരിഹാരബലി സ്ഥാപിച്ച പ്രത്യേക സന്ദർഭം നോക്കിയാൽ മഹത്തായ ഈ ബലി അതിന്റെ സകല യോഗ്യതയും തന്റെ പീഡാനുഭവത്തിൽനിന്നും മരണത്തിൽനിന്നും പ്രാപിക്കണമെന്നായിരുന്നു അവിടുത്തെ മനസ്സും ഉദ്ദേശവും എന്നു് സ്പഷ്ടമായിക്കാണാം. എന്തുകൊണ്ടെന്നാൽ അന്തിമഭോജനത്തിൽ വച്ചാണല്ലൊ ദിവ്യകൂദാശ സ്ഥാപിച്ചതു്. പ്രസ്തുത ഭോജനം നടന്നതു് അവിടുത്തെ സന്താപകരമായ പീഡാനുഭവം ആരംഭിക്കുന്നതിനു് അല്പം മുമ്പു മാത്രമാണ്. മിശിഹായുടെ കുരിശുമരണമായിരുന്നു ഈ പീഡാനുഭവത്തിന്റെ പാരമ്യം. ആകയാൽ വിശ്വാസികൾ ഈ അപ്പത്തേ ഭക്ഷിക്കയും കാസായേ പാനം ചെയ്കയും ചെയ്യുമ്പോഴൊക്കെ അവർ "കർത്താവു വരുന്നതുവരെ അവിടുത്തെ മരണത്തെ പ്രഖ്യാപനം" ചെയ്യുമെന്നു (1. കൊറി. 2. 25) വി. പൗലോസ് അവരെ സ്പഷ്ടമായി അനുസ്മരിപ്പിക്കുന്നു. ഒരാൾ തന്നെ ഉദ്ദേശിച്ചു തന്റെ കൂട്ടുകാർ ചെയ്യുന്ന വിനീതകൃത്യങ്ങളേ, അഥവാ പ്രായശ്ചിത്ത കൃത്യങ്ങളെ ഓർത്തു അവരോടു അവരുടെ തെറ്റുകൾ ക്ഷമിക്ക സാധാരണമാണല്ലൊ.

ഇതുപോലെ തന്നെ ദൈവത്തിൻെറ കോപവും തൻെറ ഏകജാതൻെറ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും അമൂല്യസമൎപ്പണം വഴിയായി ശമിക്കുന്നു. കുർബാന എന്ന ബലിയിൽ രക്തം ചിന്താത്ത വിധത്തിലെങ്കിലും ഈ പീഡാനുഭവവും മരണവുമാണല്ലൊ പ്രത്യേകവിധം അനുസ്മരിപ്പിക്കപ്പെടുന്നതും, അഭിനയിക്കപ്പെടുന്നതും.

ഈ ബലി, ചാവുദോഷത്തിനധീനരായിട്ടുള്ളവൎക്ക് പാപസങ്കീൎത്തനത്തിൻെറ ആവശ്യത്തെ ഇല്ലാതാക്കുന്നില്ല. എന്നാൽ ഇതു് ആത്മാവിൽ നൽകുന്ന സമൃദ്ധിയായ വരപ്രസാദത്തിൻെറ ശക്തിയാൽ പാപദോഷങ്ങളെ കഴുകിക്കളയുന്നു എന്നു മാത്രമല്ല മനുഷ്യനെ പരിപൂർണ്ണ അനുതാപിയാക്കിത്തീൎക്കുകൂടെ ചെയ്യുന്നു. യഥാസമയം കുമ്പസാരിച്ചുകൊള്ളാമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ചെയ്യുന്ന ഈ പരിപൂൎണ്ണാനുതാപം ചാവുദോഷത്തെപ്പോലും ഹനിക്കുന്നതിനു പൎയ്യാപ്തമത്രെ.

---

# അദ്ധ്യായം 29

## കുർബാന ശക്തിയേറിയ പ്രാൎത്ഥനാബലിയാകുന്നു.

നാം ഭാഗ്യമോടെ പരമാന്ത്യം പ്രാപിക്കുന്നതിനു നമ്മേ ശക്തരാക്കുവാൻ ഈ ഭൗമിക തീൎത്ഥാടനകാലത്തു നമുക്ക് ആദ്ധ്യാത്മികവും ലൗകികവുമായ അനേകം അനുഗ്രഹങ്ങൾ ആവശ്യമുണ്ടു്. ഈ അനുഗ്രഹങ്ങളെല്ലാം കേവലം ദൈവത്തിൻെറ കാരുണ്യത്തേ ആശ്രയിച്ചാണിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ നാം പ്രതിദിനം എതിരിടേണ്ട അസംഖ്യ വിഷമതകളെ ജയിക്കുന്നതിനു ശക്തി നൽകുന്ന അതിസ്വാഭാവിക സഹായം നമുക്കു ലഭിക്കത്തക്കവണ്ണം നമ്മുടെ ജീവിതത്തിലേ സംഭവങ്ങളെ ക്രമപ്പെടുത്തുന്നതിനും, അരിഷ്ടതയിൽ നമ്മെ സഹായിക്കുന്നതിനും അവിടുത്തേയ്ക്കു മാത്രമേ സാധിക്കൂ.

എന്നാൽ നാം പുത്രന്മാക്കടുത്ത സ്നേഹത്തോടും യഥാൎത്ഥ വിശ്വാസത്തോടുംകൂടെ "അനുഗ്രഹങ്ങളിൽ ഉദാരനായ" ദൈവത്തിൽ ആശ്രയിക്കുമ്പോഴൊക്കെ അവിടുന്നു നമ്മേ ഉപേക്ഷിക്കുന്നില്ല. പക്ഷേ നമ്മുടെ അഭ്യൎത്ഥനകൾക്കു അവിടുത്തേ ഏകജാതനും നമ്മുടെ സ്നേഹമുള്ള കൎത്താവുമായ മിശിഹായുടെ ശുപാൎശകൂടെയുണ്ടായിരിക്കണം. സ്വപിതാവിനോടുള്ള അവിടുത്തേ പ്രാൎത്ഥനകളെല്ലാം സദാ സാധിച്ചുകൊണ്ടാണിരിക്കുന്നതു്; എന്നും സാധിക്കയും ചെയ്യും.

നമ്മുടെ ദിവ്യരക്ഷകൻ തൻെറ ജീവിതകാലത്തും, പീഡാനുഭവവേളയിലും, മരണസമയത്തും സ്വപിതാവിനോടു ചെയ്ത പ്രാൎത്ഥനകളും അഭ്യൎത്ഥനകളുമെല്ലാം ദിവ്യപൂജയിൽ ദൈവകരുണയുടെ സിംഹാസനത്തിൻ മുമ്പാകെ നവീകരിക്കപ്പെടുകയാണു് ചെയ്യുന്നതെന്നു പറയാം. മാത്രമല്ല, നമ്മുടെ അൾത്താരകളിൽ സ്ഥിതിചെയ്യുന്നതും, പ്രതിദിനം നിത്യപിതാവിനു സമൎപ്പിക്കപ്പെടുന്നതുമായ മിശിഹായുടെ ദിവ്യമനുഷ്യത്വം തന്നെ ദൈവകൃപയുടെ സിംഹാസനത്തിൻ പക്കൽ നികൃഷ്ടപാപികളായ നമുക്കുവേണ്ടിയുള്ള നിരന്തരവും, സജീവവും, ഫലപ്രദവുമായ അഭ്യൎത്ഥനയാകുന്നു. എന്തുകൊണ്ടെന്നാൽ ഈ ദിവ്യമനുഷ്യത്വം അവിടെ സ്ഥിതി ചെയ്യുന്നതു ഇപ്പോഴും ആണിപ്പഴുതുകൾ ഉള്ള മഹത്വപ്പെട്ട കരങ്ങളോടും പാദങ്ങളോടും പടയാളിയുടെ കുത്തേററുണ്ടായ മുറിവിൻെറ വടുവ് ഇപ്പോഴും കാണിച്ചുകൊണ്ടിരിക്കുന്ന സ്നേഹമുള്ള ഹൃദയത്തോടുംകൂടെയാണു്.

തന്മൂലം കുർബാനയെന്ന ബലി നമുക്കും ഇതരന്മാക്കും നിത്യരക്ഷയ്ക്കാവശ്യമായ ശാരീരികവും ആദ്ധ്യാത്മികവുമായ നന്മകളും അനുഗ്രഹങ്ങളും പ്രാപിക്കുന്നതിനുള്ള ഏററം ശക്തിയേറിയതും സുനിശ്ചിതവുമായ മാൎഗ്ഗമാകുന്നു. ഈ ബലി വഴിയായി നമുക്കു പ്രാപിക്കാവുന്ന ആദ്ധ്യാത്മിക ദാനങ്ങൾ വാചാമഗോചരമത്രെ.

* * * *

ഈ ജീവിതത്തിൽ നമ്മുടെ ആത്മാക്കളുടെ അഭിവൃദ്ധിക്കു ആശ്രയമായി നില്ക്കുന്ന ആവശ്യങ്ങളും സംഗതികളും അനേകമാണു്. നമ്മുടെ കാലടികളെ നയിക്കുന്നതിനു നമുക്കു അതി

സ്വാഭാവിക പ്രകാശം ആവശ്യമുണ്ട്. സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്ര യിൽ നമ്മേ സംരക്ഷിക്കുന്നതിനു ദിവ്യപ്രസാദവും ശക്തിയും കൂടിയേതീരൂ. നമ്മുടെ നിരന്തരയുദ്ധത്തിൽ നമ്മേ പ്രകാശിപ്പി ക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, സമാശ്വസിപ്പിക്കുന്ന തിനും, നമുക്കു പരിശുദ്ധാത്മാവിയുടെ സാക്ഷാത്തായ സഹായ വും ആവശ്യംതന്നെ.

കുർബാനയെന്ന ദിവ്യബലി ഭക്തനായ ഒരു ക്രിസ്ത്യാനി ക്ക് യഥാർത്ഥമായ ആത്മീയ ജീവിതം നയിക്കുന്നതിനും ലോകം, പിശാച്, ശരീരം എന്നിവയുടെ പരീക്ഷകളെ ജയിക്കുന്നതി നും, ജീവിതാനർത്ഥങ്ങളെ ക്ഷമയോടും ഹൃദയസന്തുഷ്ടിയോടും ദൈവേഷ്ടത്തിനു പൂർണ്ണമായി കീഴ്വഴങ്ങികൊണ്ടും സഹിക്കു ന്നതിനു വേണ്ട പ്രകാശവും ശക്തിയും പ്രാപിച്ചുകൊടുക്കുന്നു. അതു നല്ല യുദ്ധം ചെയ്യുന്നതിനും, ജീവിതാന്ത്യംവരെ പുണ്യപ രിശീലനത്തിൽ നിലനില്ക്കുന്നതിനുംവേണ്ടി അവൻെറ മനസ്സി ലും ഹൃദയത്തിലും ഒരു പുതിയ ശക്തി പ്രവേശിപ്പിക്കുന്നു. ഇ തിനും പുറമേ ഈ ദിവ്യബലി ലൗകിക നന്മകൾക്കും അനുഗ്രഹ ങ്ങൾക്കും കാരണമത്രേ. എന്നാൽ ഇവ നമുക്കു നിത്യരക്ഷ പ്രാ പിക്കുന്നതിനു എത്ര ഉപകരിക്കുമോ അത്രയ്ക്കു മാത്രമേ കാരണ മായിരിക്കയുള്ളു. എന്നാൽ കുർബാനയെന്ന ദിവ്യബലി വഴിയാ യി കാരുണ്യവാനായ കർത്താവിൽനിന്നു ലഭിക്കുമെന്നു നമുക്കു പ്ര തീക്ഷിക്കാവുന്ന ഒരു പ്രത്യേക നന്മയുണ്ട്. അതു മററൊന്നുമല്ല പരിശുദ്ധവും സൗഭാഗ്യകരവുമായ മരണമെന്ന അമൂല്യവരമ ത്രെ. ജീവിതകാലത്തു നിവൃത്തിയുള്ളപ്പോഴെല്ലാം ഭക്തിപൂർവ്വം കുർബാന കാണുകയോ, അതിനു സാധിക്കാത്തപക്ഷം മനസ്സു കൊണ്ടെങ്കിലും അതിൽ സംബന്ധിക്കുകയോ ചെയ്യുക പതിവു ള്ള ഭക്തരായ ആളുകൾ അവരുടെ മരണസമയത്തു ദിവ്യരക്ഷ കൻേറയും അവിടുത്തെ ദിവ്യമാതാവിൻെറയും സാന്നിദ്ധ്യത്താൽ സമാശ്വസിപ്പിക്കപ്പെടുകയും സന്തോഷിപ്പിക്കപ്പെടുകയും ചെയ്യു മെന്നു നമുക്കു ന്യായമായി വിശ്വസിക്കാം.

*  *  *  *

ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ പീഡകളെ ലഘൂ കരിപ്പെടുത്തുന്നതിനും കുർബാന ഏററം ഉപകരിക്കുന്നു. അതു് അ വരുടെ പാപങ്ങൾ അർഹിക്കുന്ന ദണ്ഡനത്തിനു വേഗം വിമോ

ചനം പ്രാപിച്ചുകൊടുക്കുകയും അങ്ങനെ പീഡയുടെ ആ സ്ഥലത്തുനിന്നുള്ള അവരുടെ മോചനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

ഈ ജീവിതം കഴിഞ്ഞുപോകുമ്പോൾ ഉത്തമമനസ്താപത്താൽ സകല പാപക്കറകളിൽനിന്നും വിശുദ്ധീകരിക്കപ്പെടാതിരിക്കയും തന്മൂലം ദൈവനീതിക്കു ഏതാനും കടം വീട്ടേണ്ടതായി ഉണ്ടായിരിക്കയും ചെയ്യുന്ന ആത്മാക്കൾ ശുദ്ധീകരസ്ഥലത്തിൽക്കിടന്ന് അവസാന പൈസവരെയും കൊടുത്തുതീക്കുന്നതുവരെ വേദനകൾ അനുഭവിക്കണമെന്നുള്ളതു വിശ്വാസസത്യമാണ്. ഈ വേദനകൾ സാക്ഷാൽ അതികഠിനംതന്നെ. എന്തുകൊണ്ടെന്നാൽ ആത്മാവ് അന്ധകാരത്തിന്റെ ആ സ്ഥലത്തു ബന്ധിക്കപ്പെടുന്നു എന്നു മാത്രമല്ല, അസംതൃപ്തമായ അഭിലാഷത്തിന്റെ വിഷയമായ ദൈവത്തിൻ പക്കൽ ചെന്നുചേരുന്നതിൽനിന്നു നിരോധിക്കപ്പെടുകകൂടെ ചെയ്യുന്നു. "ഹൃദയം നീരുറവക്കായി ദാഹിക്കുന്നപോലെ" (സങ്കീ. 41. 2.) ശുദ്ധീകരസ്ഥലത്തിൽ കിടക്കുന്ന ആത്മാവ് ദൈവത്തെ പ്രാപിക്കുവാൻ ദാഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്ന് ഏററം മഹത്വമുള്ളവനും, നല്ലവനും, സ്നേഹമുള്ളവനും, ആണെന്ന് അതിനറിയാം. ഈ തീക്ഷ്ണതയേറിയ അഭിവാഞ്ഛയാണ് അതിന്റെ ഏററം വലിയ പീഡ.

എന്നാൽ ഇങ്ങനെ ശുദ്ധീകരണസ്ഥലത്തു വേദനയനുഭവിക്കുന്ന ആത്മാക്കൾക്കു് മോചനം പ്രാപിച്ചു കൊടുക്കുന്നതിന് ഏററം ഫലപ്രദമായ ഒരു മാർഗ്ഗമാണ് ദിവ്യപൂജ. എന്തുകൊണ്ടെന്നാൽ അതു പാപപരിഹാരബലിയും സാദ്ധ്യബലിയുമാണ്. ഈ ബലിയിൽ മിശിഹായുടെ അതിരററ യോഗ്യതകളെ പ്രസ്തുത ആത്മാക്കൾക്കായി കാഴ്ചവയ്ക്കാം. മാത്രവുമല്ല ഈ ദിവ്യസാദൃശ്യങ്ങളിൽ സാക്ഷാൽ സന്നിഹിതനായിരിക്കയും, കൂദാശ വചനങ്ങളാൽ ബലി ചെയ്യപ്പെടുകയും ചെയ്യുന്ന മിശിഹാ തന്നെയും സ്വർഗ്ഗീയ പിതാവിനോടു വർണ്ണിക്കാൻ പാടില്ലാത്ത ദീർഘനിശ്വാസത്തോടെ തനിക്ക് ഏററം പ്രസാദമുള്ള പ്രസ്തുത ആത്മാക്കളെ അവരുടെ ബന്ധനത്തിൽനിന്നു വിമോചിക്കണമെന്നും, നീതിമാന്മാരുടെ സൗഭാഗ്യത്തെ നിത്യമായി അനുഭവിക്കുന്നതിന് അവിടുത്തെ സന്നിധിയിലേക്കു പ്രവേശിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

# അദ്ധ്യായം 30

## നാം എങ്ങനെയാണ് കുർബാന കാണേണ്ടതെന്നു്.

നമ്മുടെ കർത്താവായ മിശിഹാ ദുഃഖവെള്ളിയാഴ്ച കുരിശുമരണം വഴിയായി സമ്പാദിച്ച എല്ലാ ഫലവും പ്രയോജനവും ഓരോ കുർബാനയിലുമുണ്ടെന്നാണ് കത്തോലിക്കാ സഭ പഠിപ്പിക്കുന്നതു്. യാഥാർത്ഥ്യം ഇപ്രകാരമായിരിക്കെ ഒരുത്തമ ക്രിസ്ത്യാനിക്ക് കുർബാന സമയത്തുണ്ടായിരിക്കേണ്ട വിചാരങ്ങളെന്തെല്ലാമാണെന്ന് നിഷ്പ്രയാസം അനുമിക്കാമല്ലൊ.

ആദ്യമായി, അൾത്താരയിലേ ബലിയും കുരിശിലേ ബലിയും സാരാംശത്തിൽ ഒന്നുതന്നെയാണെന്ന് അയാൾ ചിന്തിക്കണം. മാത്രവുമല്ല, നമ്മുടെ പ്രിയ രക്ഷകൻ കുരിശുമരത്തിൽ തൂങ്ങിക്കിടന്ന് ആത്മാവിനെ നിത്യ പിതാവിൻെറ കരങ്ങളിൽ സമർപ്പിക്കയും അങ്ങനെ ലോകരക്ഷാർത്ഥം ആ ദിവ്യബലി പൂർത്തിയാക്കയും ചെയ്ത സന്ദർഭത്തിൽ അവിടെയുണ്ടായിരുന്ന പരിശുദ്ധ മറിയത്തോടും, വി. യോഹന്നാനോടും, മറിയം മഗ്ദലേനായോടും കൂടെ താനും കാൽവറിമുകളിൽ നിൽക്കുകയാണെന്നു സങ്കല്പിക്കണം.

ഇതിനും പുറമേ, ഒരു ഭക്തിയുള്ള ക്രിസ്ത്യാനി വിചാരിക്കേണ്ടതു്, മിശിഹാ നമ്മുടെ ശിരസ്സും തൻമൂലം താൻ അവിടുത്തെ അവയവവുമാകയാൽ താനും മിശിഹായും ഒന്നാണെന്നായിരിക്കണം. ഈ വിചാരത്താൽ അവൻ കുർബാന കാണുമ്പോൾ വിനയമുള്ള മനഃസ്ഥിതിയോടും അനുതാപമുള്ള ഹൃദയത്തോടും കൂടെ തന്നെത്തന്നെ പുരോഹിതൻ അൾത്താരമേൽ സമർപ്പിക്കുന്ന തിരുവോസ്തിയോടുകൂടെ സമർപ്പിക്കേണ്ടതാകുന്നു. മാത്രമല്ല, വിശ്വാസികൾ തന്നെ ഒരു രാജകീയ പൗരോഹിത്യമാകയാൽ (1. പത്രോ. 2. 9.) പുരോഹിതൻ ജനസമൂഹത്തിൻെറ നാമത്തിൽ ദിവ്യയജ്ഞത്തെ ദൈവത്തിനു സമർപ്പിക്കുമ്പോൾ അവൻ അയാളോടു യോജിക്കേണ്ടതാണ്.

അവസാനമായി, കുർബാനയിലേ ബലിസാധനം നമ്മു

ടെ ഭക്ഷണവും പാനീയവുമാകുന്നതിനുവേണ്ടി മിശിഹാ നൽകിയിട്ടുള്ള തൻെറ യഥാൎത്ഥ ശരീരവും രക്തവും തന്നെയാകയാൽ കുർബാന കാണുമ്പോൾ ക്രദാശസ്സൂട്ടത്തവിധം വി. കുർബാന സ്വീകരിക്കുന്നതിനു പ്രത്യേകം നിഷ്ഠവെയ്ക്കണം. എന്നാൽ ഇതിനു സാധിക്കാത്തപക്ഷം നമ്മുടെ കൎത്താവിനോട് അവിടുന്നു തൻെറ സകലവിധ ദാനങ്ങളോടുംകൂടെ നമ്മുടെ ഹൃദയത്തിൽ വന്നു വസിക്കണമെന്നും, അവിടെനിന്നും ഒരിക്കലും വേർപിരിയരുതെന്നും, പ്രാൎത്ഥിച്ചുകൊണ്ടു ആഗ്രഹത്താലെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കണം.

മേൽപ്രസ്താവിച്ച പ്രകാരമെല്ലാം പൂജകണ്ടാൽ അത് ആത്മാവിൽ വിശുദ്ധീകരണത്തിൻെറ അമൂല്യവും ശാശ്വതവുമായ ഫലം ഉളവാക്കാതിരിക്കയില്ല.

*　　*　　*　　*

കുർബാനയെന്നതു മനുഷ്യനു ദൈവത്തെ ആരാധിക്കുന്നതിനു ചെയ്യാവുന്നതിൽ ഏററം വലിയ കൃത്യമാകയാൽ അതു സമൎപ്പിക്കുന്നതും അതിൽ പങ്കുകൊള്ളുന്നതും വളരെ ഭക്തിയോടും വണക്കത്തോടുംകൂടെ ആയിരിക്കണം.

ഈ അത്യുന്നത ബലിയുടെ സമൎപ്പണത്തേ സംബന്ധിച്ചിടത്തോളം, സമൎപ്പിക്കപ്പെടുന്ന വസ്തുവിൻെറ പരിശുദ്ധതയ്ക്കും, ആൎക്കു സമൎപ്പിക്കുന്നുവോ ആ ദൈവത്തിൻെറ മഹത്വത്തിനും അനുയോജ്യമായ അനേകം ബാഹ്യാഡംബരങ്ങളാൽ അതിനെ മോടിപിടിപ്പിക്കുന്ന വിഷയത്തിൽ തിരുസ്സഭ പ്രത്യേകം ദൃഷ്ടി പതിച്ചിട്ടുണ്ട്. ഈ ഉദ്ദേശത്തോടെ അവൾ നമ്മുടെ കൎത്താവിൻെറ ജീവിതം, പീഡാനുഭവം, മരണം, ഉയിൎപ്പ്, പുനരുത്ഥാനം മുതലായവയിലെ വിവിധ സംഭവങ്ങളെ സൂചിപ്പിക്കുന്ന, സസൂക്ഷ്മവും ഭക്തിജനകവുമായ അനേകം ചടങ്ങുകളെ സ്ഥാപിച്ചിരിക്കുന്നു.

ഇങ്ങനെ ചെയ്തിരിക്കുന്നത് അവളുടെ സന്താനങ്ങളിൽ ഈ ദിവ്യബലിയേക്കുറിച്ചു വലിയ ബഹുമാനവും ഹൃദയപൂൎവ്വകമായ ഭക്തിയും ഉളവാക്കുന്നതിനുവേണ്ടിയാണ്. തന്മൂലം വിശ്വാസികൾ കുർബാന കാണുമ്പോൾ അവിടെ നിൎവ്വഹിക്കപ്പെടുന്ന സംപൂജ്യമായ കൎമ്മത്തിനനുയോജ്യമായവിധം വൎത്തിക്കേണ്ട

താവശ്യമാണ്. അല്പമായി, അവർ ആ ദിവ്യകർമ്മത്തേക്കുറിച്ചു പഠിച്ച് അതിലേ ഓരോ ഭാഗത്തിനും നമ്മുടെ കർത്താവിൻെറ ജീവിതം, മരണം ഉയിർപ്പ് എന്നിവയോടുള്ള സംബന്ധത്തെ തിരിച്ചറിയണം. മാത്രവുമല്ല, ബലിപീഠത്തിൽ വൈദികൻെറ കർമ്മങ്ങളെ അനുഗമിക്കുന്നതോടുകൂടിത്തന്നെ സ്നേഹത്തിൻേറയും, ആരാധനയുടേയും, ബഹുമാനത്തിൻേറയും, കൃതജ്ഞതയുടേയും, സമുചിതമായ പ്രകരണങ്ങളെ മനസ്സിൽ ഉളവാക്കുകയും, തദ്വാരാ, തങ്ങൾക്കും ആർക്കുവേണ്ടി അപേക്ഷിക്കുന്നുവോ അവർക്കും നിവൃത്തിയുള്ളടത്തോളം ഫലം സമ്പാദിക്കുകയും വേണം.

ശ്രദ്ധയോടും ഭക്തിയോടുംകൂടെ കുർബാന കാണാൻ ഉദ്യമിക്കുന്നവരുടെ നിത്യരക്ഷ സംപ്രാപ്തമായതായി നമുക്കു നിസ്സംശയം വിചാരിക്കാം. എന്തുകൊണ്ടെന്നാൽ ദൈവം അവർക്കു ലോകം, പിശാച്, ശരീരം എന്നിവയേ ജയിക്കുന്നതിനും, നിത്യജീവൻെറ തുറമുഖത്തു സുരക്ഷിതം ചെന്നുചേരുന്നതിനും ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും പ്രദാനം ചെയ്യുമെന്നു വിശ്വാസപൂർവ്വം പ്രതീക്ഷിക്കാവുന്നതാണ്.

*　　*　　*　　*　　*

ദൈവാരാധനയേ സംബന്ധിച്ച എല്ലാററിനേയും സംഗ്രഹിച്ചിരിക്കുന്ന പുതിയ നിയമത്തിലേ ഏക ബലിയാണ് കുർബാന. അതു് ദിവ്യരക്ഷകനായ മിശിഹായുടെ പീഡാനുഭവവും മരണവും നമുക്കായി സമ്പാദിച്ചിട്ടുള്ള സകല വരപ്രസാദങ്ങളേയും നമുക്കു പ്രാപിച്ചു തരുന്നു. ഇക്കാരണങ്ങളാൽ ഒരു വൈദികൻ തനിക്കു തീരെ നിവൃത്തിയില്ലാതെ വരുമ്പോഴല്ലാതെ ഒരു ദിവസമെങ്കിലും ഈ ദിവ്യബലി സമർപ്പിക്കാതിരിക്കയില്ല. ഇതുപോലെ തന്നെ ഭക്തനായ ഒരു കത്തോലിക്കനും ചില അസൗകര്യങ്ങൾ സഹിച്ചെങ്കിലും ദിവസവും കുർബാന കാണുന്നതിൽ നിഷ്ഠയുള്ളവനായിരിക്കും. ഇതിനും പുറമേ ലൗകികകാര്യങ്ങളിൽ മുഴുവനായി മുഴുകിയിരിക്കകൊണ്ടു സ്നേഹത്തിൻെറ ഈ ക്രൂദാശയെ വകവയ്ക്കാതെയിരിക്കയോ, അഥവാ വിദ്വേഷത്താൽ അതിനെ പൈശാചിക കോപത്തോടെ അവമാനിക്കയോ ചെയ്യുന്നവരുടെ മന്ദതയ്ക്കും നന്ദിഹീനതയ്ക്കും പരിഹാരമായി ഒരു ദിവസം ത

ന്നെ പല കുർബാന കണ്ടു കാഴ്ചവയ്ക്കുന്നതിൽ നിർബന്ധമുള്ളവ രുമില്ലാതില്ല.

എന്നാൽ ഭക്തിതീക്ഷ്ണതയുള്ള ഒരുത്തമ കത്തോലിക്കൻ ദിവസവും പള്ളിയിൽ ചെന്നു കുർബാന കാണുന്നതുകൊണ്ടുമാത്രം തൃപ്തനാകുന്നില്ല. പ്രത്യുത, അവൻ ദിവസത്തിൽ പല പ്രാവശ്യം, പ്രത്യേകിച്ച്, നാഴികമണിയടിക്കുന്ന ഓരോ സമയത്തും ലോകത്തിൻെറ ഏതെങ്കിലും ഭാഗത്തു സമപ്പിക്കപ്പെടുന്ന ബലിയുടെ ഫലത്തിൽ ആദ്ധ്യാത്മികമായി പങ്കുകൊള്ളണമെന്നുള്ള നിയോഗത്തെ നവീകരിക്കുന്നു. ഇങ്ങനെ അവൻ ദൈവത്തിൻെറ സ്തുതിയും മഹത്വവും വദ്ധിപ്പിക്കുകയും, സ്വന്തം നിത്യരക്ഷയ്ക്കുപകരിക്കുന്ന ദൈവികാനുഗ്രഹങ്ങളെ ധാരാളമായി സമ്പാദിക്കയും ചെയ്യുന്നു.

ശുഭം.

# വിഷയ വിവരം


അദ്ധ്യായം — പേജ്.

1. വി. കുർബാന ദൈവത്തിനു മനുഷ്യവർഗ്ഗത്തോടുള്ള ശാശ്വതസ്നേഹത്തിന്റെ അടയാളമാകുന്നു. 1
2. ദിവ്യകാരുണ്യസ്ഥാപനത്തേക്കുറിച്ചു പഴയനിയമത്തിലുള്ള മുന്നറിയിപ്പു്. 5
3. വി. കുർബാനയ്ക്കായുള്ള വിവിധനാമങ്ങൾ. 9
4. കുർബാനയുടെ ദൈവിക ലക്ഷണങ്ങൾ. 12
5. ദിവ്യകാരുണ്യസ്ഥാപനം. 16
6. "മിശിഹാ നമ്മോടുകൂടെ" 19
7. വസ്തുഭേദം. 23
8. വി. കുർബാനയിൽ മിശിഹാ മുഴുവനായും പൂർണ്ണനായും സ്ഥിതി ചെയ്യുന്നു. 26
9. വി. കുർബാന മറ്റെല്ലാ കൂദാശകളിലും ശ്രേഷ്ഠമാകുന്നു. 30
10. വി. കുർബാനയ്ക്കു നൽകേണ്ട ആരാധന. 34
11. വി. കുർബാനയുടെ സ്ഥാപനത്തിൽ ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യം. 37
12. കത്തോലിക്കാ പൗരോഹിത്യത്തിന്റെ മാഹാത്മ്യം. 41
13. വി. കുർബാന ദിവ്യപ്രസാദവരത്തിന്റെ വററാത്ത ഉറവയാകുന്നു. 45
14. ദിവ്യകാരുണ്യ സ്വീകരണം വിശ്വാസം, ശരണം, ഉപവി, എന്ന പുണ്യങ്ങളെ വർദ്ധിപ്പിക്കുന്നു. 49
15. വി. കുർബാന ഉപവിയുടെ തീക്ഷ്ണതയെ നമ്മിൽ സജീവമായി പാലിക്കുന്നതിനുള്ള മാർഗ്ഗമാകുന്നു. 53
16. വി. കുർബാന പാപത്തിനു പ്രത്യൗഷധമാകുന്നു. 57
17. വി. കുർബാന ആത്മാവിൽ ചെയ്യുന്ന വിസ്മയകരമായ ഫലം. 62

| അദ്ധ്യായം | | പേജ് |
|---|---|---|
| 18. | വി. കുർബാന തിരുസ്സഭയുടെ ജീവനാകുന്നു. | 66 |
| 19. | വി. കുർബാന പരിശുദ്ധ ജീവിതത്തിന്റെയും, ഭാഗ്യമരണത്തിന്റെയും, മഹിമയേറിയ ഉയിർപ്പിന്റെയും അച്ചാരമാകുന്നു. | 69 |
| 20. | വി. കുർബാന സ്വീകരിക്കാൻ ആത്മാവിൽ ചെയ്യേണ്ട ഒരുക്കം. | 72 |
| 21. | ദിവ്യകാരുണ്യ സ്വീകരണത്തിനുശേഷം കൃതജ്ഞത പ്രദർശിപ്പിക്കേണ്ടതിനെ സംബന്ധിച്ച്. | 76 |
| 22. | വി. കുർബാനയെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമാക്കണം. | 80 |
| 23. | വി. കുർബാന തിരുസ്സഭയിൽ ഐക്യത്തിന്റെ അച്ചാരമാകുന്നു. | 85 |
| 24. | വി. കുർബാന ലോകത്തിൽ സമാധാനത്തിനു കാരണമാണ്. | 89 |
| 25. | വി. കുർബാന പുതിയ നിയമത്തിലെ അത്യുൽകൃഷ്ട ബലിയാകുന്നു. | 93 |
| 26. | ദിവ്യപൂജ ദൈവത്തിനു സമർപ്പിക്കപ്പെടുന്ന പരിപൂർണ്ണ ദഹനബലിയാകുന്നു. | 97 |
| 27 | വി. കുർബാന അതിവിശിഷ്ടമായ കൃതജ്ഞതാബലിയാകുന്നു. | 100 |
| 28. | വി. കുർബാന പാപപ്പരിഹാരബലിയാകുന്നു. | 104 |
| 29. | വി. കുർബാന ശക്തിയേറിയ പ്രാർത്ഥനാബലിയാകുന്നു. | 107 |
| 30. | നാം എങ്ങനെയാണ് കുർബാന കാണേണ്ടതെന്ന്. | 111 |


---


PRINTED AND PUBLISHED FOR THE PROPRIETOR

BY REV. FR. CLEOPHAS T. O. C. D.

AT THE ST. JOSEPH'S PRESS

MANNANAM. 1954.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M-200 *Acc. No.* 14016

This book should be returned on or before the date last stamped below.

1 / MAR 1995
15 MAR 2001

M:200 14016

ദാക്ഷ്യപഞ്ചികൃംണ്ണഭേദി

ഭ്രക്തഹരഹസ്യം

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. [illegible]

Author [illegible]

Title [illegible]

gpura.org